# സീറോമലബാർ
# ആരാധനക്രമ പഞ്ചാംഗം
## (രണ്ടാം ഗണം)

## 2025–2026

Published by
Commision for Liturgy
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, Kerala, India

# അക്ഷരങ്ങളുടെയും അടയാളങ്ങളുടെയും വിവരണം

| | | |
|---|---|---|
| ✠ | : | കടമുള്ള ദിവസം |
| ക. | : | കന്യക |
| മ. | : | മല്പാൻ (വേദപാരംഗതൻ, വേദപാരംഗത) |
| മെ. | : | മെത്രാൻ |
| വ. | : | വന്ദകർ |
| വി. | : | വിശുദ്ധ |
| വേ. | : | വേദസാക്ഷി (രക്തസാക്ഷി) |
| പാ. | : | പാപ്പാ |
| പു. | : | പുരോഹിതൻ |
| പരി. | : | പരിശുദ്ധ |

| വർഷം | നോമ്പ് ഒന്നാം ഞായർ | ഉയിർപ്പു തിരുനാൾ | പന്തക്കുസ്താ തിരുനാൾ |
|---|---|---|---|
| 2026 | ഫെബ്രുവരി 15 | ഏപ്രിൽ 05 | മെയ് 24 |
| 2027 | ഫെബ്രുവരി 7 | മാർച്ച് 28 | മെയ് 16 |
| 2028 | ഫെബ്രുവരി 27 | ഏപ്രിൽ 16 | ജൂൺ 04 |
| 2029 | ഫെബ്രുവരി 11 | ഏപ്രിൽ 1 | മെയ് 20 |
| 2030 | മാർച്ച് 3 | ഏപ്രിൽ 21 | ജൂൺ 09 |

# പൊതുനിർദേശങ്ങൾ

1. 2021 ജനുവരി, 2023 ജൂൺ മാസങ്ങളിൽ സമ്മേളിച്ച സീറോമലബാർ മെത്രാന്മാരുടെ സിനഡിന്റെ തീരുമാനം അനുസരിച്ച് **'ആരാധനക്രമ പഞ്ചാംഗം: രണ്ടാം ഗണം'** തയ്യാറാക്കിയിരിക്കുന്നു.

2. ചില പ്രഘോഷണങ്ങൾ(വായനകൾ)ക്കുശേഷം ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നത് 1959-60 കളിൽ റോം നല്കിയ വായനകളുടെ (*Ordo* and *Supplementum*) പൂർണരൂപമാണ്.

3. പൗരസ്ത്യസുറിയാനി കലണ്ടറനുസരിച്ചുള്ള ആരാധനക്രമവത്സരവിഭജനമാണ് ഈ പഞ്ചാംഗത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതനുസരിച്ച് ആരാധനാവത്സരത്തെ ഒൻപത് കാലങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ കാലത്തിന്റെയും ചൈതന്യം സംക്ഷിപ്തമായി ഈ പഞ്ചാംഗത്തിൽ നല്കിയിട്ടുണ്ട്.

4. രക്ഷാചരിത്രത്തിലെ ദിവ്യരഹസ്യങ്ങളെ കേന്ദ്രീകരിച്ചാണ് ആരാധനാ വത്സരത്തിനു രൂപം നല്കിയിരിക്കുന്നത്. ഈശോയുടെ ജനനം (മംഗളവാർത്ത -പിറവിക്കാലങ്ങൾ), മാമോദീസ (ദനഹാക്കാലം), പീഡാനുഭവവും മരണവും (നോമ്പുകാലം), ഉയിർപ്പും സ്വർഗാരോഹണവും (ഉയിർപ്പുകാലം), പന്തക്കുസ്ത (ശ്ലീഹാക്കാലം), സഭയുടെ വളർച്ച (കൈത്താക്കാലം), രൂപാന്തരീകരണവും കുരിശിന്റെ പുകഴ്ചയും മിശിഹായുടെ പുനരാഗമനവും (ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ), സഭയുടെ മഹത്ത്വീകരണം (പള്ളിക്കൂദാശക്കാലം) എന്നിവയാണ് ആ രക്ഷാകരസംഭവങ്ങൾ.

   തത്ത്വത്തിൽ ഏഴാഴ്ചകളുടെ അടിസ്ഥാനത്തിലാണ് സീറോമലബാർ സഭയിൽ ഒമ്പത് കാലങ്ങളെ ക്രമീകരിച്ചിരിക്കുന്നത്. മംഗളവാർത്തക്കാലം, പള്ളിക്കൂദാശക്കാലം എന്നിവയ്ക്ക് നാല് ഞായറാഴ്ചകൾവീതവും, നോമ്പുകാലം ഉയിർപ്പുകാലം ശ്ലീഹാക്കാലം എന്നിവയ്ക്ക് ഏഴ് ആഴ്ചകൾവീതവും നിർബന്ധമാക്കിക്കൊണ്ടും, മറ്റെല്ലാകാലങ്ങൾക്കും തത്ത്വത്തിൽ ഏഴ് ആഴ്ചകൾ വീതം നല്കിക്കൊണ്ടും ഒമ്പത് കാലങ്ങളെ സജ്ജീകരിച്ചിരിക്കുന്നു. ഉയിർപ്പുതിരുനാളിന്റെയും, സെപ്തംബർ 14-ലെ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെയും അടിസ്ഥാനത്തിലാണ് ഞായറാഴ്ചകളെ ക്രമീകരിക്കുന്നത്. ക്രിസ്മസിനുമുമ്പ് (ഡിസംബർ 25) നാല് ഞായറാഴ്ചകൾ ലഭിക്കാനായി നവംബർ 27 മുതൽ ഡിസംബർ 3 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വരുന്ന ഞായറാഴ്ച മംഗളവാർത്തക്കാലം ആരംഭിക്കുന്നു. ക്രിസ്മസ് തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ വന്നാൽ ആ വർഷത്തിൽ പിറവിത്തിരുനാൾ കഴിഞ്ഞ് ദനഹായ്ക്കുമുമ്പ് ഒരു ഞായറാഴ്ച മാത്രമേ ലഭിക്കുകയുള്ളൂ. ഉയിർപ്പുതിരുനാൾ നേരത്തെ വരുകയോ വൈകി വരുകയോ ചെയ്യുന്നതനുസരിച്ച് ദനഹാക്കാലത്തിലെ ആഴ്ചകളുടെ എണ്ണം ഏഴിൽ നിന്നു കുറയുകയോ കൂടുകയോ ചെയ്യാം.

5. തിരുനാളുകൾ അവയുടെ പ്രാധാന്യമനുസരിച്ച് മൂന്നു ഗണങ്ങളായി തിരിച്ചിരിക്കുന്നു (അനുബന്ധം 1, 2 കാണുക): കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണ തിരുനാളുകൾ എന്നിവയാണവ. അതനുസരിച്ചാണ് തിരുനാൾ ദിവസങ്ങളിലെ വായനകൾ ക്രമീകരിച്ചിരിക്കുന്നത്.

- കർത്താവിന്റെ തിരുനാളുകളും രക്ഷാചരിത്രത്തിലെ പ്രധാനസംഭവങ്ങൾ അനുസ്മരിക്കുന്ന തിരുനാളുകളും ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആ ദിവസങ്ങളിൽ തിരുനാളുകളുടെ പ്രഘോഷണങ്ങൾ (വായനകൾ) ആ കാലത്തിന്റെ വായനകൾക്കു ശേഷം നല്കിയിരിക്കുന്നു.

- പ്രധാനപ്പെട്ട തിരുനാളുകളെ പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാളുകൾ, ഓർമത്തിരുനാളുകൾ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.
- സാധാരണ തിരുനാളുകളെ പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ളവയെന്നും തീയതി അനുസരിച്ചുള്ള സാർവത്രിക തിരുനാളുകൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

ഈ മൂന്നുഗണങ്ങളിലും ബോൾഡ് അക്ഷരത്തിൽ ചേർത്തിരിക്കുന്നവ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു.

6. ദനഹാത്തിരുനാൾ ഞായറാഴ്ചയാണെങ്കിൽ ആ ഞായറിനെ ദനഹാ ഒന്നാം ഞായർ ആയി കണക്കാക്കുന്നു. ദനഹാത്തിരുനാൾ ഞായർ മുതൽ വ്യാഴം ഉൾപ്പെടെയുള്ള ദിവസങ്ങളിലാണെങ്കിൽ, ആ ദിവസങ്ങൾ ഉൾപ്പെടുന്ന ആഴ്ചയെ ദനഹാ ഒന്നാം ആഴ്ചയായി പരിഗണിക്കുന്നു. (എന്നാൽ ദനഹാത്തിരുനാൾ വെള്ളിയാഴ്ചയാണെങ്കിൽ അതു കഴിഞ്ഞു വരുന്ന ശനിയാഴ്ച ദനഹാ ഒന്നാം ശനിയുടെ വായനകൾ തന്നെയാണ് സ്വീകരിക്കേണ്ടത്. തുടർന്നുള്ള ഞായർ ദനഹാ ഒന്നാം ഞായറായി കണക്കാക്കുന്നു).
7. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ വരുന്ന തിരുനാളുകൾ ആ ദിവസങ്ങളിൽത്തന്നെ നല്കിയിട്ടുണ്ട്. എന്നാൽ, അവ ലത്തീൻ കലണ്ടറനുസരിച്ച് ആഘോഷിച്ചുപോരുന്ന ദിവസങ്ങളിലും കൊടുത്തിട്ടുണ്ട്. (ഉദാ. സകല വിശുദ്ധരുടെയും തിരുനാൾ, വിശുദ്ധ പത്രോസ്-വിശുദ്ധ പൗലോസ് ശ്ലീഹന്മാർ, വിശുദ്ധ എസ്തപ്പാനോസ്). മംഗളവാർത്ത രണ്ടാം ഞായർ മംഗളവാർത്തത്തിരുനാളായി ആചരിക്കാവുന്നതാണ്.
8. സകല മരിച്ചവരുടെയും ഓർമ ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ചയോ നവംബർ രണ്ടാം തീയതിയോ ആചരിക്കാവുന്നതാണ്.
9. വലിയ നോമ്പിന്റെ ആദ്യദിവസമായ തിങ്കളാഴ്ചയാണ് അനുതാപ ശുശ്രൂഷയും അതോടനുബന്ധിച്ചുള്ള ഉപവാസവും മാംസവർജ്ജനവും നടത്തുക. ആവശ്യമുള്ള സ്ഥലങ്ങളിൽ രൂപതാദ്ധ്യക്ഷന്റെ തീരുമാനത്തിനു വിധേയമായി ഇവ നോമ്പിലെ മറ്റൊരു ദിവസത്തിലും നടത്താവുന്നതാണ്.
10. വലിയനോമ്പിലെ എല്ലാ ദിവസങ്ങളോടൊപ്പം ഇരുപത്തഞ്ചുനോമ്പ്, മൂന്നുനോമ്പ്, എട്ടുനോമ്പ്, പതിനഞ്ചുനോമ്പ് എന്നിവയും മാംസവർജ്ജന ദിവസങ്ങളായി ആചരിക്കുന്നത് അഭികാമ്യമാണ്.
11. സെപ്റ്റംബർ 14-നു ശേഷമുള്ള ഞായറിനെ സ്ലീവ ഒന്നാം ഞായറായി പരിഗണിക്കുന്നു. അതുവരെ ഏലിയാക്കാലത്തെ വായനകൾ തുടരുന്നു. എന്നാൽ, സ്ലീവാത്തിരുനാൾ ഞായറാഴ്ചയാണെങ്കിൽ അതിനെ സ്ലീവ ഒന്നാം ഞായറായി കണക്കാക്കുന്നു.
12. ഞായറാഴ്ചകൾക്കും പ്രധാനപ്പെട്ട മറ്റു ദിവസങ്ങൾക്കും നാലു പ്രഘോഷണങ്ങൾ (വായനകൾ) വീതം നല്കിയിട്ടുണ്ട്.

13. കൂദാശകൾക്കും തിരുനാളുകൾക്കും മറ്റു പ്രത്യേക സന്ദർഭങ്ങൾക്കും ഉപയോഗിക്കാവുന്ന പ്രഘോഷണങ്ങൾ (വായനകൾ) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

14. സീറോമലബാർ സഭാചരിത്രത്തിലെ സ്മരണീയമായ ചില സംഭവങ്ങളും അവയുടെ തീയതികളും അനുബന്ധം 4-ൽ കൊടുത്തിരിക്കുന്നു.

15. വലിയ നോമ്പാരംഭത്തിൽ അനുതാപശുശ്രൂഷ നടത്തുന്ന ദിവസവും പീഡാനുഭവ വെള്ളിയാഴ്ചയും ഉപവാസവും മാംസവർജ്ജനവും നടത്തേണ്ടതാണ്. വലിയ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉപവസിക്കുന്നത് അഭികാമ്യമാണ്.

16. ആണ്ടുവട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളും മാംസവർജ്ജന ദിവസങ്ങളാണ്. ക്രിസ്മസിനും ദനഹാത്തിരുനാളിനും ഇടയ്ക്കുള്ള വെള്ളിയാഴ്ചകളും ഉയിർപ്പുതിരുനാളിനുശേഷമുള്ള പ്രഥമവെള്ളിയാഴ്ചയും ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

17. പിറവിത്തിരുനാൾ (ഡിസംബർ 25), ദനഹ (ജനുവരി 6), വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ (ജൂൺ 29), മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (ജൂലൈ 3), നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം (ഉയിർപ്പ് ആറാം ഞായർ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച), പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15) എന്നീ പ്രധാനതിരുനാളുകൾ കടമുള്ള ദിവസങ്ങളാണ്. ഈ ദിവസങ്ങൾ ഒഴിവു ദിവസങ്ങളല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമങ്ങളിലും സംബന്ധിക്കേണ്ടതാണ്.

18. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ മൂന്ന് കൂദാശക്രമങ്ങളാണുള്ളത്: ഒന്നാമത്തെ കൂദാശക്രമം (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം) ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ ഉപയോഗിക്കുന്നു; രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നു നോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ നിർദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റു ദിവസങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

# പ്രഘോഷണഗ്രന്ഥങ്ങൾ (വിശുദ്ധഗ്രന്ഥവായനപ്പുസ്തകങ്ങൾ)

സീറോ മലബാർ സഭയിൽ ഇപ്പോൾ രണ്ടു ഗണം പ്രഘോഷണഗ്രന്ഥങ്ങൾ ഉണ്ട്: 1. ഒന്നാം ഗണം; 2. രണ്ടാം ഗണം.

വിശുദ്ധ കുർബാനയ്ക്കും മറ്റു കൂദാശകൾക്കുമുള്ള പ്രഘോഷണങ്ങൾ (വായനകൾ) പഴയനിയമത്തിന്റെയും ലേഖനത്തിന്റെയും സുവിശേഷത്തിന്റെയും മൂന്നു പ്രഘോഷണഗ്രന്ഥങ്ങളിലായി ക്രമീകരിച്ചിരിക്കുകയാണ്. ഓരോ പ്രഘോഷണഗ്രന്ഥത്തിനും മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് ആരാധനാകാലത്തിനനുസൃതമായ വായനകളും രണ്ടാം ഭാഗത്ത് നിശ്ചിത തീയതികളിലെ തിരുനാളുകൾക്കും അനുസ്മരണാദിനങ്ങൾക്കുമുള്ള വായനകളും മൂന്നാം ഭാഗത്ത് തിരുനാളുകൾക്കുള്ള ഐച്ഛിക വായനകളും പ്രത്യേക സന്ദർഭങ്ങൾക്കുള്ള വായനകളുമാണ് കൊടുത്തിരിക്കുന്നത്.

1. സുപ്ലെമെന്തും മിസ്തെരിയോരും നിർദേശിച്ചിട്ടുള്ള ഞായറാഴ്ചകളിലെയും തിരുനാളുകളിലെയും വായനകൾ പ്രഘോഷണഗ്രന്ഥം ഒന്നാം ഗണത്തിൽ പൂർണരൂപത്തിൽ കൊടുത്തിട്ടുണ്ട്. എന്നാൽ [ ] ഈ അടയാളത്തിൽ സൂചിപ്പിച്ചിരിക്കുന്ന വായനാഭാഗങ്ങൾ ഐച്ഛികങ്ങളാണ്.
2. ആഴ്ചയിലെ സാധാരണദിവസങ്ങളുടെ വായനകൾ എളുപ്പത്തിൽ തിരഞ്ഞെടുക്കേണ്ടതിനായി മംഗളവാർത്ത ഒന്നാം തിങ്കൾ, മംഗളവാർത്ത ഒന്നാം ചൊവ്വ എന്നിങ്ങനെ ആണ്ടുവട്ടത്തിലെ എല്ലാ ദിവസങ്ങൾക്കുമായി നിശ്ചയിച്ചിരിക്കുന്നു.
3. പഞ്ചാംഗത്തിൽ ഒരേ ദിവസംതന്നെ ആരാധനാകാലത്തിനനുസൃതമായ വായനയും നിശ്ചിതതീയതിയിലെ തിരുനാളിന്റെ വായനയും കൊടുത്തിട്ടുള്ളപ്പോൾ വായനകൾ പ്രഘോഷണഗ്രന്ഥങ്ങളിൽനിന്ന് യഥോചിതം തിരഞ്ഞെടുക്കാവുന്നതാണ്.
4. ദനഹക്കാലത്തിലെയും ഏലിയാ-സ്ലീവ-മൂശെക്കാലങ്ങളിലെയും ആഴ്ചകളുടെ എണ്ണം ഓരോ വർഷവും വ്യത്യസ്തമായി വരാനിടയുള്ളതിനാൽ കലണ്ടറിലുള്ള ആഴ്ചകളുടെ എണ്ണവും പ്രഘോഷണഗ്രന്ഥത്തിലുള്ള ആഴ്ചകളുടെ എണ്ണവും വ്യത്യസ്തമായേക്കാം. അതിനാൽ കലണ്ടറിലെ ചില അനുസ്മരണാദിനങ്ങളുടെ വായനകൾ പ്രഘോഷണ ഗ്രന്ഥത്തിലെ ഏത് ആഴ്ചയിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
5. പ്രഘോഷണഗ്രന്ഥങ്ങളിൽ *അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ* എന്ന ഗ്രന്ഥത്തിന് *ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ* എന്ന പേര് നല്കിയിട്ടുള്ളതിനാൽ കലണ്ടറിൽ '*ശ്ലീഹ*' എന്ന ചുരുക്കെഴുത്താണ് സ്വീകരിച്ചിട്ടുള്ളത്.
6. പി. ഒ. സി. ബൈബിളിലെ വായനകളാണ് പ്രഘോഷണഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ളതെങ്കിലും സിനഡിന്റെ നിശ്ചയപ്രകാരം സീറോമലബാർ സഭയുടെ ആരാധനക്രമഭാഷയ്ക്ക് ഇണങ്ങുംവിധം യേശു, ക്രിസ്തു, ജോസഫ്, അപ്പസ്തോലൻ, (...) എന്നീ പേരുകൾക്കു പകരം യഥാക്രമം ഈശോ, മിശിഹാ, യൗസേപ്പ്, ശ്ലീഹ, (...) എന്നിങ്ങനെയുള്ള പേരുകളാണ് പ്രഘോഷണഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ളത്.
7. പി. ഒ. സി. യുടെ പരിഷ്കരിച്ച ബൈബിളിൽ നിന്നുള്ള വായനകളാണ് പ്രഘോഷണഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ളത്.
8. പ്രഘോഷണഗ്രന്ഥങ്ങളിലെ വായനകൾ തിരഞ്ഞെടുക്കാൻവേണ്ടി പഞ്ചാംഗമോ വായനാഷീറ്റോ നോക്കേണ്ടതുണ്ട്.

# മംഗളവാർത്ത-പിറവിക്കാലങ്ങൾ (സൂവാറ-യൽദാ)

സീറോമലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്തക്കാലത്തോടുകൂടിയാണ്. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലങ്ങൾ. തിരുപ്പിറവിക്കുമുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലങ്ങളിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നു.

ഈശോയിൽ പൂർത്തിയാകുന്ന രക്ഷാകരപ്രവൃത്തി ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണ്. സുറിയാനി ഭാഷയിൽ 'സൂവാറാ' എന്നാണ് മംഗളവാർത്തക്കാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സൂവാറാ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാലത്തിന്റെ പേര്.

രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നു ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ യോഹന്നാൻ മാംദാനയുടെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗള സംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരരഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടന്ന് ചെയ്ത ഉടമ്പടി, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ മംഗളവാർത്തക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകരചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നല്കുന്നത് ഈ കാലത്തിലാണ്.

ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവും ബാല്യകാലവും പിറവിക്കാലത്തിലെ പ്രധാനചിന്താവിഷയങ്ങളാകുന്നു.

ഈ കാലത്തിന്റെ കേന്ദ്രമായ ഈശോയുടെ ജനനം പഴയനിയമ പ്രതീക്ഷകളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണമാണ്. ഹാവാവഴി വന്ന പാപം നീക്കിക്കളയാൻ പുത്രൻതമ്പുരാൻ പരിശുദ്ധ കന്യാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച സംഭവമാണ് ഈ കാലത്തിലെ വലിയ സദ്വാർത്ത. മിശിഹായുടെ മനുഷ്യാവതാരത്തിലാണ് 'അമ്മനുവേൽ' അനുഭവം മനുഷ്യനു സംജാതമായത്. ഈശോയുടെ മനുഷ്യാവതാരം മനുഷ്യനെ പറുദീസാനുഭവത്തിലേക്കു നയിക്കുന്നു.

പിറവിത്തിരുനാളിനുശേഷമുള്ള രണ്ടാഴ്ചകളിൽ, ഈശോയുടെ മനുഷ്യാവതാരത്തോടു ബന്ധപ്പെട്ടതും പരസ്യജീവിതത്തിനു മുമ്പുള്ളതുമായ സമസ്തസംഭവങ്ങ

ളും പ്രഘോഷിക്കപ്പെടുന്നു. നമ്മുടെ അനുദിനജീവിതത്തിൽ അവതീർണനാകുന്ന മിശിഹായെ നാമും അന്വേഷിച്ചു കണ്ടെത്തണമെന്നതാണ് ജ്ഞാനികൾ നമുക്കു നല്കുന്ന പാഠം. ദൈവവുമായി യഥാർഥ ബന്ധത്തിലായിരിക്കുമ്പോൾ മാത്രമേ യഥാർഥ ആരാധന സാധ്യമാകുകയുള്ളൂ എന്ന് ദൈവാലയത്തിലായിരിക്കുന്ന ബാലനായ ഈശോ നമ്മെ പഠിപ്പിക്കുന്നു.

മിശിഹായെ ലോകത്തിനു വെളിപ്പെടുത്തിയ മനുഷ്യവ്യക്തികളിൽ പ്രഥമസ്ഥാനീയ എന്ന നിലയിൽ, പരിശുദ്ധ കന്യകാമറിയത്തെ മംഗളവാർത്തക്കാലത്തിൽ തിരുസഭ സവിശേഷമായി വണങ്ങുന്നു. ദൈവമാതാവായ കന്യകാമറിയത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന ബുധനാഴ്ചകളിൽനിന്നു വ്യത്യസ്തമായി, മംഗളവാർത്ത അവസാന വെള്ളിയാഴ്ച അതായത്, ദനഹായ്ക്കു മുമ്പുള്ള വെള്ളിയാഴ്ചയാണ് ഈശോയുടെ അമ്മയായ മറിയത്തിന്റെ 'ദൈവമാതൃത്വത്തിരുനാൾ'. മിശിഹായെ ലോകത്തിനു വെളിപ്പെടുത്തിയ വിശുദ്ധരുടെ ഓർമയാചരിക്കുന്ന ദനഹാക്കാലത്തെ വെള്ളിയാഴ്ചകളോടു ബന്ധപ്പെടുത്തിയാണ് ദൈവമാതൃത്വതിരുനാൾ മംഗളവാർത്തക്കാലത്തെ അവസാന വെള്ളിയാഴ്ച ആഘോഷിക്കുന്നത്.

സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയനിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നല്കണമെന്നും മംഗളവാർത്ത-പിറവിക്കാലങ്ങളിലെ വിശുദ്ധഗ്രന്ഥവായനകളും പ്രാർഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

•••

# മംഗളവാർത്തക്കാലം

## 2025 നവംബർ

**30 ഞാ** ✠ **മംഗളവാർത്ത ഒന്നാം ഞായർ**
*ഇന്നു മുതൽ ഓശാന ഞായർ വരെ മാർ തെയദോറിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു. (ഇരുപത്തഞ്ച് നോമ്പാരംഭം)*
ഉത്പ 17:1-5; 15-19 ഇസഹാക്കിനെക്കുറിച്ചുള്ള അറിയിപ്പ്.
മലാ 2:17-3:5 എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു.
ഹെബ്രാ 11:1-12 വിശ്വാസംമൂലം അനുഗൃഹീതരായവർ.
ലൂക്ക 1:5-20 സഖറിയായ്ക്ക് അറിയിപ്പ്.

## 2025 ഡിസംബർ

**1 തി** **മംഗളവാർത്ത ഒന്നാം തിങ്കൾ**
റോമാ 4:1-12 അബ്രാഹം നീതീകരണത്തിന് മാതൃക.
മത്താ 7:21-27 യഥാർഥശിഷ്യൻ.

**2 ചൊ** **മംഗളവാർത്ത ഒന്നാം ചൊവ്വ**
റോമാ 4:13-21 അബ്രാഹത്തിന്റെ സന്തതികൾക്കു കൃപ.
യോഹ 1:1-8 യോഹന്നാൻ, ദൈവം അയച്ച മനുഷ്യൻ.

**3 ബു** **മംഗളവാർത്ത ഒന്നാം ബുധൻ**
കൊളോ 1:24-29 മഹത്ത്വത്തിന്റെ പ്രതീക്ഷയായ മിശിഹാ നിങ്ങളിലുണ്ട്.
യോഹ 5:31-36 യോഹന്നാൻ സത്യത്തിനു സാക്ഷ്യം നല്കി.
**വിശുദ്ധ ഫ്രാൻസിസ് സേവ്യർ**
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു.

**4 വ്യാ** **മംഗളവാർത്ത ഒന്നാം വ്യാഴം**
റോമാ 9:30-33 വിശ്വസിക്കുന്നവർക്ക് ലജ്ജിക്കേണ്ടി വരികയില്ല.
ലൂക്കാ 1:21-25 ഏലീശ്വായുടെ അപമാനം നീക്കുന്ന കർത്താവ്.

**5 വെ** **മംഗളവാർത്ത ഒന്നാം വെള്ളി**
*ആദ്യവെള്ളി*
യാക്കോ 1:22-27 വചനമനുസരിച്ച് പ്രവർത്തിക്കുക.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

**6 ശ** **മംഗളവാർത്ത ഒന്നാം ശനി**
1 യോഹ 4:7-12 ദൈവസ്നേഹത്തിന്റെ പ്രത്യക്ഷീകരണം.
യോഹ 3:16-21 മനുഷ്യാവതാരലക്ഷ്യം.
**വിശുദ്ധ അംബ്രോസ് മെ. (ഡിസംബർ 7)**
നിയ 7:1-11 ദൈവം തിരഞ്ഞെടുത്ത വിശുദ്ധജനം.
പ്രഭാ 15:1-6 നീതിമാന്റെ സമ്മാനം.
2 തിമോ 4:1-8 നീതിയുടെ കിരീടം.
ലൂക്കാ 14:25-33 ശിഷ്യത്വത്തിന്റെ വില.

7 ഞാ ✠ മംഗളവാർത്ത രണ്ടാം ഞായർ
ഉത്പ 3:8-24 ഹാവായോടുള്ള രക്ഷാവാഗ്ദാനം.
ജറെ 33:14-26 ദാവീദിന് ഒരു ശാഖ ഞാൻ മുളപ്പിക്കും.
വെളി 5:1-5 യൂദാവംശത്തിൽനിന്നുള്ള സിംഹവും ദാവീദിന്റെ വേരുമായവൻ.
ലൂക്കാ 1:26-38 പരിശുദ്ധ മറിയത്തോടുള്ള മംഗളവാർത്ത.

8 തി മംഗളവാർത്ത രണ്ടാം തിങ്കൾ
റോമാ 1:1-7 മിശിഹാ ദാവീദിന്റെ പുത്രനും ദൈവപുത്രനും.
മത്താ 22:41-46 മിശിഹാ ദാവീദിന്റെ പുത്രനും കർത്താവും.
പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
ഏശ 7:10-16 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
ഹെബ്രാ 1:1-3 + 2:16-18 ദൈവപുത്രൻ
ലൂക്കാ 1: 46-55 (മത്താ 1:1-17 + ലൂക്കാ 1:46-55) മറിയത്തിന്റെ സ്തോത്രഗീതം.

9 ചൊ മംഗളവാർത്ത രണ്ടാം ചൊവ്വ
*പഴേപറമ്പിൽ മാർ ലൂയീസ് മെത്രാന്റെ ചരമം (1919)*
എഫേ 3:1-13 സുവിശേഷത്തിന്റെ ശുശ്രൂഷകൻ.
ലൂക്കാ 1:39-45 മറിയം ഏലീശ്വായെ സന്ദർശിക്കുന്നു.

10 ബു മംഗളവാർത്ത രണ്ടാം ബുധൻ
എഫേ 3:14-21 മിശിഹായുടെ സ്നേഹത്തിന്റെ ആഴം.
ലൂക്കാ 1:46-56 മറിയത്തിന്റെ സ്തോത്രഗീതം.

11 വ്യാ മംഗളവാർത്ത രണ്ടാം വ്യാഴം
1 യോഹ 5:13-20 മിശിഹാ സത്യദൈവവും നിത്യജീവനും.
ലൂക്കാ 1:67-75 ദാവീദിന്റെ ഭവനത്തിൽ രക്ഷയുടെ കൊമ്പ്.

12 വെ മംഗളവാർത്ത രണ്ടാം വെള്ളി
റോമാ 12:9-21 തിന്മയെ നന്മകൊണ്ട് കീഴടക്കുക.
ലൂക്കാ 6:27-36 നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുക.

13 ശ മംഗളവാർത്ത രണ്ടാം ശനി
കൊളോ 1:12-19 സൃഷ്ടികൾക്കുമുമ്പുള്ള ആദ്യജാതൻ.
യോഹ 8:48-58 മിശിഹാ അബ്രാഹത്തിനു മുമ്പേയുള്ളവൻ.
കുരിശിന്റെ വിശുദ്ധ യോഹന്നാൻ (ഡിസംബർ 14)
1 കോറി 2:1-10 രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനം.
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

14 ഞാ ✠ മംഗളവാർത്ത മൂന്നാം ഞായർ
ഉത്പ 21:1-12 ഇസഹാക്കിന്റെ ജനനം.
ഏശ 40:1-11 കർത്താവിന് വഴിയൊരുക്കുവിൻ.
1 കോറി 1:26-31 ദൈവത്തിന്റെ തിരഞ്ഞെടുപ്പ്.
ലൂക്ക 1:57-66 യോഹന്നാൻ മാംദാനായുടെ ജനനം

15 തി മംഗളവാർത്ത മൂന്നാം തിങ്കൾ
എഫേ 1:3-14 രക്ഷാപദ്ധതിയെ സംബന്ധിച്ച സ്തുതിഗീതം.
ലൂക്കാ 1:67; 76-80 സഖറിയായുടെ സ്തുതിപ്പ്.

**16 ചൊ** **മംഗളവാർത്ത മൂന്നാം ചൊവ്വ**
2 കോറി 3:1-11 ഉടമ്പടിയുടെ ശുശ്രൂഷകർ.
മത്താ 11:7-15 സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും വലിയവൻ.

**17 ബു** **മംഗളവാർത്ത മൂന്നാം ബുധൻ**
1 പത്രോ 2:1-10 നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവർ.
മർക്കോ 3:31-35 ഈശോയുടെ അമ്മയും സഹോദരരും.

**18 വ്യാ** **മംഗളവാർത്ത മൂന്നാം വ്യാഴം**
1 കോറി 10:23-33 എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുക.
ലൂക്കാ 7:30-35 ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതിമത്കരിക്കപ്പെടുന്നു.
**മൈലാപ്പൂരിലെ അദ്ഭുതസ്ലീവ**
പുറ 17:4-6 പാറയിൽനിന്നുള്ള ജലം.
ശ്ലീഹ 2:29-36 (2:14-36) നിങ്ങൾ കുരിശിൽ തറച്ച മിശിഹായെ ദൈവം ഉയിർപ്പിച്ചു.
എഫേ 2:14-22 കുരിശുവഴി അനുരഞ്ജനവും സമാധാനവും.
യോഹ 14:1-6 മിശിഹാ പിതാവിലേക്കുള്ള വഴി.

**19 വെ** **മംഗളവാർത്ത മൂന്നാം വെള്ളി**
*മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919)*
റോമാ 2:1-9 ദൈവത്തിന്റെ ന്യായവിധി.
ലൂക്കാ 6:37-42 അന്യരെ വിധിക്കരുത്.

**20 ശ** **മംഗളവാർത്ത മൂന്നാം ശനി**
ഗലാ 4:12-20 മിശിഹാ നമ്മിൽ ഉരുവാകുംവരെ കഠിന വേദനയനുഭവിക്കുന്ന ശ്ലീഹാ.
യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.

**21 ഞാ** **✠ മംഗളവാർത്ത നാലാം ഞായർ**
*സീറോ-മലബാർ ഹയരാർക്കിയുടെ സ്ഥാപനം (1923)*
പുറ 34:1-9 ദൈവം മൂശെയ്ക്കു പ്രത്യക്ഷപ്പെടുന്നു.
സഖ 2:7-13 ദൈവം തന്റെ ജനത്തിന്റെകൂടെ വസിക്കുന്നു.
വെളി 21:1-7 ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ.
മത്താ 1:18-25 അമ്മനുവേലിനെക്കുറിച്ചുള്ള അറിയിപ്പ്.

**22 തി** **മംഗളവാർത്ത നാലാം തിങ്കൾ**
ഗലാ 3:15-20 മിശിഹാ വാഗ്ദാനത്തിന്റെ പൂർത്തീകരണം.
യോഹ 7:37-42 ബെത്‌ലഹെമിൽനിന്നു വരാനിരിക്കുന്ന മിശിഹാ.

**23 ചൊ** **മംഗളവാർത്ത നാലാം ചൊവ്വ**
തീത്തോ 2:11-3:2 ഭരണാധിപരോടുള്ള കടമകൾ.
ലൂക്കാ 2:1-5 യൗസേപ്പ് പേരെഴുതിക്കാൻ ദാവീദിന്റെ നഗരത്തിലേക്ക്.

**24 ബു** **മംഗളവാർത്ത നാലാം ബുധൻ**
റോമാ 9:1-5 പിതാക്കന്മാരുടെ വംശത്തിൽനിന്ന് മിശിഹാ.

മർക്കോ 6:1-6 മിശിഹാ മറിയത്തിന്റെ മകൻ.

**25 വ്യാ** **✠ നമ്മുടെ കർത്താവിശോമിശിഹായുടെ പിറവിത്തിരുനാൾ**
*(പിറവിത്തിരുനാൾ കർമ്മക്രമം കാണുക)*
*കടമുള്ള ദിവസം.*
ഏശ 7:10-16; 9:1-3; 6-7 കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും.
മിക്ക 4:1-3 + 5:1-5, 8-9 വരാനിരിക്കുന്ന രാജാവ്
ഗലാ 3:15-4:6 മിശിഹായിൽ എല്ലാവരും ദൈവമക്കൾ.
ലൂക്കാ 2:1-20 ഈശോയുടെ ജനനം.

**26 വെ** **പിറവി ഒന്നാം വെള്ളി**
ഹെബ്രാ 1:1-4 ദൈവമഹത്ത്വത്തിന്റെ പ്രതിഫലനവും
ദൈവസത്തയുടെ പ്രതിരൂപവും.
യോഹ 1:14-18 പിതാവുമായി ഗാഢബന്ധം പുലർത്തുന്ന
ദൈവം തന്നെയായ ഏകജാതൻ.
**വിശുദ്ധ എസ്തപ്പാനോസ്**
*ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ നാമഹേതുകദിനം.*
ശ്ലീഹ 6:8-10 + 7:54-60 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം.
മത്താ 10:16-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപെടും.

**27 ശ** **പിറവി ഒന്നാം ശനി**
1 കോറി 1:4-9 വചനത്തിലും ജ്ഞാനത്തിലും സമ്പന്നനാക്കുന്നവൻ.
ലൂക്കാ 2:36-40 ജ്ഞാനത്തിലും പ്രായത്തിലും വളർന്ന ഈശോ.
**വിശുദ്ധ യോഹന്നാൻ ശ്ലീഹാ**
*വടക്കേൽ മാർ ജോൺ, നെല്ലിക്കുന്നേൽ മാർ ജോൺ,*
*പനംതോട്ടത്തിൽ മാർ ജോൺ എന്നീ മെത്രാന്മാരുടെ*
*നാമഹേതുകദിനം.*
പുറ 33:12-23 (33:9-23) കർത്താവ് ജനത്തോടുകൂടെ.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തനു സമ്മാനം ലഭിക്കും.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽ നിന്ന് ആരു
നമ്മെ വേർപെടുത്തും?
യോഹ 21:20-24 ഈശോയും വത്സലശിഷ്യനും.

**28 ഞാ** **✠പിറവി ഒന്നാം ഞായർ**
ഉത്പ 18:1-8 അബ്രാഹം ദൈവദൂതന്മാരെ സത്ക്കരിക്കുന്നു.
ഏശ 11:1-12 ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള.
റോമാ 15:7-13 ജനതകൾക്ക് കർത്താവിൽ പ്രത്യാശ.
മത്താ 2:1-12 ജ്ഞാനികളുടെ സന്ദർശനം.
**കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**
ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.
ജറെ 31:15-17 റാമായിൽനിന്ന് വിലാപസ്വരം.
ഹെബ്രാ 11:32-38 (11:3-10 + 11:32-12:2)
വിശ്വാസത്തെപ്രതി രക്തം ചിന്തിയവർ.
മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

**തിരുക്കുടുംബം**
ഉത്പ 1:26–28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
പ്രഭാ 3:1–9 മാതാപിതാക്കന്മാരോടുള്ള കടമകൾ.
കൊളോ 3:18–21 കർത്താവിൽ നയിക്കപ്പെടുന്ന കുടുംബ ജീവിതം.
മത്താ 2:13–14, 19–23 ഈജിപ്തിലേക്കു
പലായനം ചെയ്യുന്ന തിരുക്കുടുംബം.

**29 തി** **പിറവി ഒന്നാം തിങ്കൾ**
ഹെബ്രാ 11:23–28 മൂശെയെ സംരക്ഷിക്കുന്നു.
മത്താ 2:13–18 പലായനം, ശിശുവധം.

**30 ചൊ** **പിറവി ഒന്നാം ചൊവ്വ**
റോമാ 8:14–17 ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ.
മത്താ 2:19–23 ഈശോ ഈജിപ്തിൽനിന്ന് നസ്രസിലേക്ക്.

**31 ബു** **പിറവി ഒന്നാം ബുധൻ**
റോമാ 8:31–39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര്
എന്നെ വേർപെടുത്തും?
ലൂക്കാ 2:25–35 നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും.
**വർഷാവസാനം**
ലേവ്യ 6:1–7 കർത്താവിനോട് അവിശ്വസ്തത കാണിക്കുന്നവൻ
കുറ്റകാരനായിരിക്കും;
അവൻ പാപപരിഹാരം ചെയ്യണം.
ജ്ഞാനം 5:7–10, 14–16 നീതിമാൻമാർ എന്നേക്കും ജീവിക്കും;
അവരുടെ പ്രതിഫലം കർത്താവിന്റെ പക്കലുണ്ട്.
1 തിമോ 6:6–12 വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുക.

ലൂക്കാ 13:6-9 ഫലം പുറപ്പെടുവിക്കുന്നവരാകാം.

## 2026 ജനുവരി

**1 വ്യാ പിറവി ഒന്നാം വ്യാഴം**

1 യോഹ 4:12-16 പിതാവ് തന്റെ പുത്രനെ ലോകരക്ഷകനായി അയച്ചു.
യോഹ 10:31-38 ഈശോ മനുഷ്യനായി പിറന്ന ദൈവപുത്രൻ.

**നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം)**

ഉത്പ 17:1-14 (17:1-27) അബ്രാഹത്തിന്റെ നാമകരണവും പരിച്ഛേദനത്തിനുള്ള ആഹ്വാനവും.
ഏശ 43:1-7 (42:18-43:13) കർത്താവ് നിന്നെ പേരുചൊല്ലി വിളിക്കുന്നു.
ഫിലി 2:5-11 (ഗലാ 5:1-6 + ഫിലി 2:5-11) ഈശോയെന്ന നാമം എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം.
മത്താ 1:18-25 + ലൂക്കാ 2:21 അവന് ഈശോ എന്ന പേരു നല്കി.

**വർഷാരംഭം**

പുറ 23: 14-17 ദൈവത്തിന്റ ബഹുമാനത്തിനായി വർഷം തോറും തിരുനാൾ ആഘോഷിക്കുക.
ഏശ 52:7-12 ഭൂമിയുടെ എല്ലാ അതിർത്തികളും ദൈവത്തിൽ നിന്നുള്ള രക്ഷ കാണും.
എഫേ 4:17-24 പുതിയ സൃഷ്ടിയാവുക.
മത്താ 6:25-34 ദൈവത്തിൽ ആശ്രയിക്കുക.

**2 വെ പിറവി ഒന്നാം വെള്ളി**

*ആദ്യവെള്ളി*

ഹെബ്രാ 1:1-4 ദൈവമഹത്ത്വത്തിന്റെ പ്രതിഫലനവും ദൈവസത്തയുടെ പ്രതിരൂപവും.
യോഹ 1:14-18 പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതൻ.

**ദൈവമാതൃത്വത്തിരുനാൾ**

പുറ 15:11-21 മിരിയാം ദൈവത്തെ സ്തുതിക്കുന്നു.
ശ്ലീഹ 1: 12-14 മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ശ്ലീഹന്മാർ.
റോമാ 16:17-20, 25-27 ദിവ്യരഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവം.
ലൂക്കാ 1:39-45 കർത്താവിന്റെ അമ്മയും സ്ത്രീകളിൽ അനുഗ്രഹീതയും.

**3 ശ പിറവി ഒന്നാം ശനി**

1 കോറി 1:4-9 വചനത്തിലും ജ്ഞാനത്തിലും സമ്പന്നനാക്കുന്നവൻ.
ലൂക്കാ 2:36-40 ജ്ഞാനത്തിലും പ്രായത്തിലും വളർന്ന ഈശോ.

**വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പു.**

ഉത്പ 12:1-4 ദൈവം അബ്രാമിനെ വിളിക്കുന്നു.
ഏശ 44:1-4 നിന്റെ മക്കളുടെമേൽ ഞാൻ അനുഗ്രഹം വർഷിക്കും.
1 പത്രോ 4:12-19 ദൈവഹിതമനുസരിച്ച് ജീവിക്കുക.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾക്കനുസൃതമായ ജീവിതം.

**4 ഞാ ✠പിറവി രണ്ടാം ഞായർ**

പുറ 34:28-35 ദൈവത്തോടുകൂടെയായിരിക്കുന്ന മൂശെ.
1 സാമു 3:1-10 സാമുവൽ ദൈവാലയത്തിൽ.
റോമാ 11:33-12:2 യഥാർഥമായ ആരാധന.
ലൂക്ക 2:22-24; 41-52 ഈശോ ദൈവാലയത്തിൽ.

**5 തി** **പിറവി രണ്ടാം തിങ്കൾ**
1 യോഹ 5:1-5 മിശിഹായിൽ വിശ്വസിക്കുന്നവർ ദൈവപുത്രർ.
യോഹ 5:19-23 പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്ന പുത്രൻ.

ഉദയം, പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർഥം വരുന്ന പദമാണ് 'ദനഹാ'. 'ദനഹാ'ക്കാലത്തിൽ, യോർദാൻ നദിയിൽവച്ച് ഈശോയുടെ മാമോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്കരണമാണ് അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു: 'ഇവൻ എന്റെ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്താ 3:7). പരിശുദ്ധ ത്രിത്വ രഹസ്യം ഈശോമിശിഹായുടെ മാമോദീസായിൽ വെളിവാക്കപ്പെട്ടു.

ജനുവരി ആറാം തീയതി ആഘോഷിക്കുന്ന കർത്താവിന്റെ 'ദനഹാ' ത്തിരുനാളിനെ കേരളത്തിന്റെ വടക്കൻഭാഗങ്ങളിൽ 'പിണ്ടികുത്തി'പ്പെരുന്നാളെന്നും തെക്കൻ ഭാഗങ്ങളിൽ 'രാക്കുളി'പ്പെരുന്നാളെന്നും വിളിക്കാറുണ്ട്. 'ലോകത്തിന്റെ പ്രകാശ'മായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനുചുറ്റും പ്രദക്ഷിണംവെച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽനിന്നാണ് 'പിണ്ടികുത്തി'പ്പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമോദീസായെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി നമ്മുടെ പൂർവികർ നടത്തിയിരുന്ന ആചാരക്കുളി (ritual bath) യിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമമായിരുന്നു അത്.

മിശിഹായുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലത്തെ പ്രഘോഷണങ്ങളെല്ലാം അവിടത്തെ വ്യക്തിത്വത്തിലേക്കാണ് നമ്മെ ആനയിക്കുന്നത്. പരസ്യജീവിതത്തിലെ സുപ്രധാനസംഭവമെന്ന നിലയിൽ ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പും ദനഹാക്കാലത്തെ ധ്യാനവിഷയമാണ്.

മിശിഹാ പാപികളെ തേടിവന്നവനാണെന്നും പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്നും ദൈവപുത്രനായ മിശിഹാ വഴിയാണ് രക്ഷയും പാപങ്ങളിൽ നിന്നുള്ള മോചനവുമെന്നും ഈ കാലത്തിൽ സഭ നമ്മെ പഠിപ്പിക്കുന്നു. ഈശോ നിയമത്തിന്റെ പൂർത്തീകരണമാണെന്നും ജീവന്റെ അപ്പമാണെന്നും ഇടയനില്ലാത്ത ആടുകളുടെ ഇടയിലേക്കു ശ്ലീഹന്മാരെ അയയ്ക്കുന്ന കരുണാനിധിയും നല്ലവനുമായ ഇടയനാണെന്നുമുള്ള അറിവും അനുഭവവുമാണ് ഈ കാലത്തിലെ പ്രഘോഷണങ്ങളിലൂടെ നമുക്കു ലഭിക്കുന്നത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു.

അമ്മയുടെ ഉദരത്തിൽ ആയിരുന്നപ്പോൾമുതൽ ഈശോയുടെ മഹത്ത്വം അനുഭവിച്ചറിയുകയും അവിടത്തെ മാമോദീസാ വേളയിൽ ഈശോയുടെ മഹത്ത്വത്തിന്റെ സാക്ഷ്യം സ്വർഗത്തിൽ നിന്ന് സ്വീകരിക്കുകയും ചെയ്ത യോഹന്നാൻ മാംദാനയെ ദനഹാക്കാലത്തെ ആദ്യവെള്ളിയാഴ്ചയിൽ സഭ അനുസ്മരിക്കുന്നു തുടർന്നുള്ള വെള്ളിയാഴ്ചകളിൽ, മിശിഹായുടെ ദൈവമഹത്ത്വം സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് അവിടത്തെ ധീരസാക്ഷികളായിത്തീർന്ന വിശുദ്ധരെയാണ് ഓർമിക്കുന്നത്. ദനഹാക്കാലത്തിലെ അവസാന വെള്ളി, ഉത്ഥാനത്തിന്റെ പ്രത്യാശയിൽ പുലരുന്ന സകല മരിച്ചവരുടെയും തിരുനാളാണ്.

ഉയിർപ്പുതിരുനാളിനുമുമ്പ്, നോമ്പുകാലത്തിന് ഏഴ് ആഴ്ചകൾ വരത്തക്കവിധം ക്രമീകരിക്കേണ്ടതിനാൽ ദനഹാക്കാലത്തിൽ ആഴ്ചകളുടെ എണ്ണം വ്യത്യസ്തമായി വരാറുണ്ട് (പൊതുക്രമം നമ്പർ 4, 6 കാണുക). അനുതാപ ചൈതന്യം നിറഞ്ഞ നോമ്പുകാലത്തിലേക്കു കടക്കുന്നതിനു മുന്നോടിയായി പതിനെട്ടു ദിവസംമുമ്പ് ആചരിക്കുന്ന മൂന്നുനോമ്പും ഈ കാലത്തിന്റെ മറ്റൊരു സവിശേഷതയാണ്.

ഈശോയുടെ മാമോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**6 ചൊ ✠നമ്മുടെ കർത്താവിന്റെ ദനഹാത്തിരുനാൾ**

*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഇന്ന് ഉപയോഗിക്കുന്നു. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.*
*മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം (1999).*
പുറ 19:16-25 ദൈവം പ്രത്യക്ഷപ്പെടുന്നു.
ജോയേ 2:28-32 അടയാളങ്ങളിലൂടെ വെളിപ്പെടുത്തുന്ന ദൈവം.
2 തിമോ 1:6-10 കൃപാവരം പ്രത്യക്ഷീഭവിച്ചിരിക്കുന്നു.
മർക്കോ 1:1-11 ഈശോയുടെ മാമോദീസാ.

**7 ബു ദനഹാ ഒന്നാം ബുധൻ**

2 തിമോ 3:10-17 മിശിഹായിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവർ പീഡിപ്പിക്കപ്പെടും.
ലൂക്കാ 4:23-30 പ്രവാചകൻ സ്വദേശത്ത് അവഗണിക്കപ്പെടുന്നു.

**8 വ്യാ ദനഹാ ഒന്നാം വ്യാഴം**

*ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം (1951).*
ഫിലി 1:12-18 എല്ലാവിധവും മിശിഹായെ പ്രഘോഷിക്കുക.
യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.

**9 വെ ദനഹാ ഒന്നാം വെള്ളി (വിശുദ്ധ യോഹന്നാൻ മാംദാന)**

*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു.*
2 സാമു 12:1-10 ആ മനുഷ്യൻ നീ തന്നെ.
ജറെ 1:4-10; 16-19 പിഴുതെറിയാനും ഇടിച്ചുതകർക്കാനും.

ശ്ലീഹ 12:1-11 യാക്കോബിന്റെ രക്തസാക്ഷിത്വം.
മത്താ 14:1-12 യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം.

**10 ശ** **ദനഹാ ഒന്നാം ശനി**
*കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തായുടെ ചരമം (1956)*
വെളി 4:1-8 സർവശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ
ലൂക്കാ 7:18-23 വരാനിരിക്കുന്നവൻ നീ തന്നെയോ?

**11 ഞാ** **✠ ദനഹാ രണ്ടാം ഞായർ**
*മേജർ ആർച്ചുബിഷപ്പ് തട്ടിൽ മാർ റാഫേൽ*
*മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (2024).*
പുറ 3:9-16 ആയിരിക്കുന്നവൻ ഞാൻ ആകുന്നു.
പ്രഭാ 18:1-14 ദൈവത്തിന്റെ മഹത്ത്വം.
വെളി 1:4-8 ആയിരിക്കുന്നവനും വരാനിരിക്കുന്നവനും.
യോഹ 8:21-30 ഞാൻ ഉന്നതത്തിൽനിന്നുള്ളവനാകുന്നു.

**12 തി** **ദനഹാ രണ്ടാം തിങ്കൾ**
എഫേ 1:15-23 മിശിഹാ മഹോന്നതൻ.
യോഹ 3:31-36 മിശിഹാ ഉന്നതത്തിൽനിന്നു വന്നവൻ.

**13 ചൊ** **ദനഹാ രണ്ടാം ചൊവ്വ**
1 യോഹ 3:1-10 പിശാചിനെ നശിപ്പിക്കാൻവന്ന മിശിഹാ.
മർക്കോ 1:21-28 പിശാചുബാധിതൻ ഏറ്റുപറയുന്നു.

**14 ബു** **ദനഹാ രണ്ടാം ബുധൻ**
വെളി 19:5-10 ദൈവത്തിനു മഹത്ത്വം നല്കാം.
യോഹ 2:1-12 ഈശോയുടെ മഹത്ത്വത്തിന്റെ വെളിപ്പെടൽ.
**വിശുദ്ധ ദേവസഹായം വേ.**
റോമാ 9:30-33 വിശ്വസിക്കുന്നവർക്ക് ലജ്ജിക്കണ്ടിവരികയില്ല.
യോഹ 10:31-39 ഈശോ മനുഷ്യനായി പിറന്ന ദൈവപുത്രൻ.

**15 വ്യാ** **ദനഹാ രണ്ടാം വ്യാഴം**
1 കോറി 6:12-20 മനുഷ്യന്റെ മഹത്ത്വം.
യോഹ 2:13-25 ദൈവാലയശുദ്ധീകരണം.

**16 വെ** **ദനഹാ രണ്ടാം വെള്ളി,**
**(വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ)**
പുറ 19:1-8 കർത്താവിന്റെ വചനങ്ങൾ അറിയിക്കുന്ന മൂശെ.
ശ്ലീഹ 10:34-43 പത്രോസിന്റെ പ്രസംഗം.
ഗലാ 1:11-24 ശ്ലീഹായാകാനുള്ള വിളി.
യോഹ 21:15-19 ഉത്ഥിതൻ പത്രോസിനു നല്കിയ ദൗത്യം.

**17 ശ** **ദനഹാ രണ്ടാം ശനി**
ഫിലി 2:5-11 ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യനായ ദൈവം.
മത്താ 11:25-30 ഞാൻ ശാന്തശീലനും വിനീതഹൃദയനും.

**18 ഞാ** **✠ ദനഹാ മൂന്നാം ഞായർ**
നിയ 31:1-8 ജോഷ്വായെ തിരഞ്ഞെടുക്കുന്നു.
ഏശ 41:8-16 ഞാൻ നിന്നെ തിരഞ്ഞെടുത്തു.

ഫിലി 3:4-16 തിരഞ്ഞെടുക്കപ്പെട്ടവന്റെ മനോഭാവം.
മർക്കോ 3:7-19 ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ്.
**സഭൈക്യവാരം തുടങ്ങുന്നു.**
എഫേ 4:1-6 ഐക്യത്തിനുള്ള ആഹ്വാനം.
യോഹ 17:6-11 നമ്മെപ്പോലെ അവരും ഒന്നാകണം.

**19 തി** **ദനഹാ മൂന്നാം തിങ്കൾ**
1 കോറി 2:1-7 ദൈവജ്ഞാനത്തിന്റെ പ്രഘോഷകൻ.
മർക്കോ 6:7-13 ശ്ലീഹന്മാരെ അയയ്ക്കുന്നു.

**20 ചൊ** **ദനഹാ മൂന്നാം ചൊവ്വ**
2 കോറി 2:12-17 മിശിഹായെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ പരിമളം.
മത്താ 4:12-17 ഇരുളിലിരുന്ന ജനത്തിനു പ്രകാശം.
**വിശുദ്ധ സെബസ്ത്യാനോസ് വേ.**
*വടക്കേൽ മാർ സെബാസ്റ്റ്യൻ, എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ,*
*വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യൻ,*
*പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യൻ എന്നീ*
*മെത്രാന്മാരുടെ നാമഹേതുകദിനം.*
നിയ 32:37-43 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
ഏശ 49:1-4 എന്റെ അവകാശം കർത്താവ്.
2 തിമോ 2:1-5 മിശിഹായുടെ നല്ല പടയാളിയെപ്പോലെ
കഷ്ടപ്പാടുകൾ സഹിക്കുക.
മത്താ 10:24-33 നിർഭയം സാക്ഷ്യം വഹിക്കുക.

**21 ബു** **ദനഹാ മൂന്നാം ബുധൻ**
1 യോഹ 2:7-11 യഥാർഥപ്രകാശം ഉദിച്ചിരിക്കുന്നു.
യോഹ 9:1-11 അന്ധന് കാഴ്ച നല്കുന്ന മിശിഹാ.

**22 വ്യാ** **ദനഹാ മൂന്നാം വ്യാഴം**
ശ്ലീഹ 3:19-26 മിശിഹായെക്കുറിച്ച് മൂശെയുടെ സാക്ഷ്യം.
യോഹ 5:39-47 വിശുദ്ധ ലിഖിതങ്ങൾ പരിശോധിക്കുവിൻ.

**23 വെ** **ദനഹാ മൂന്നാം വെള്ളി (വിശുദ്ധ സുവിശേഷകന്മാർ)**
ഉത്പ 2:5-17 പറുദീസായിലെ നാലു നദികൾ.
എസെ 1:1, 4-14 എസെക്കിയേലിനു ദൈവദർശനം.
വെളി 4:1-11 സുവിശേഷകരുടെ പ്രതീകങ്ങൾ.
ലൂക്കാ 8:4-15 ദൈവവചനമാകുന്ന വിത്ത്.

**24 ശ** **ദനഹാ മൂന്നാം ശനി**
റോമാ 10:5-13 എല്ലാവർക്കുംവേണ്ടിയുള്ള രക്ഷാസന്ദേശം.
മർക്കോ 1:40-45 കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു.
**വിശുദ്ധ ഫ്രാൻസിസ് സാലസ്**
എഫേ 3:8-13 വിജാതീയരുടെ അപ്പസ്തോലൻ.
യോഹ 15:9-17 എന്റെ സ്നേഹത്തിൽ നിലനില്ക്കുക.

**25 ഞാ** **✠ ദനഹാ നാലാം ഞായർ**
ഉത്പ 29:1-14 യാക്കോബ് ലാബാന്റെ കിണറിനരികിൽ.
2 രാജാ 17:24-28 സമരിയാക്കാരുടെ ഉത്ഭവം.
ഹെബ്രാ 6:1-12 രക്ഷാകരമായ ഗുണങ്ങൾ നിങ്ങളിലുണ്ട്.

യോഹ 4:1-26 ഈശോ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ.
**സഭൈക്യവാരം അവസാനിക്കുന്നു.**
**വിശുദ്ധ പൗലോസിന്റെ മാനസാന്തരം**
പുറ 3:1-14 മൂശെയെ വിളിക്കുന്ന ദൈവം.
ശ്ലീഹ 9:1-22 സാവൂളിന്റെ മാനസാന്തരം.
1 കോറി 15:1-10 അകാലജാതന് ഈശോ പ്രത്യക്ഷപ്പെട്ടു.
മത്താ 20:1-16 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ.

**26 തി** **ദനഹാ നാലാം തിങ്കൾ (മൂന്നു നോമ്പ് തിങ്കൾ)**
*ഇന്ത്യൻ റിപ്പബ്ലിക് ദിനം.*
*മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം (1914).*
നിയ 30:1-6 കർത്താവു നിങ്ങളോടു കാരുണ്യം കാണിക്കും.
യോനാ 3:1-10 നിനെവെയുടെ മാനസാന്തരം.
യൂദാ 1:20-25 കർത്താവിന്റെ കാരുണ്യത്തെ ഉറ്റുനോക്കുവിൻ. (P. 93)
മത്താ 9:9-13 പാപികളെ തേടിവന്ന മിശിഹാ. (P. 101)
**വിശുദ്ധ തിമോത്തേയോസ്, വിശുദ്ധ തീത്തൂസ്**
2 സാമു 22:2-4 കർത്താവ് എന്റെ വിമോചകൻ.
ജ്ഞാനം 7:28-8:3 ജ്ഞാനികളെ സ്നേഹിക്കുന്ന ദൈവം.
1 തിമോ 6:11-16 വിശ്വാസത്തിനുവേണ്ടി പോരാടുക.
മത്താ 16:24-27 മിശിഹായുടെ ശിഷ്യൻ സഹിക്കണം.

**27 ചൊ** **ദനഹാ നാലാം ചൊവ്വ (മൂന്നു നോമ്പ് ചൊവ്വ)**
2 ദിന 6:24-30 ദൈവാലയത്തിൽ വന്ന് പാപം ഏറ്റുപറയുക.
ബാറൂ 1:15-22 തെറ്റുകൾ ഏറ്റുപറയുന്നു.
യാക്കോ 5:13-20 പാപങ്ങൾ ഏറ്റുപറയുക. (P. 94)
യോഹ 1:29-34 പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. (P. 102)

**28 ബു** **ദനഹാ നാലാം ബുധൻ (മൂന്നു നോമ്പ് ബുധൻ)**
ഉത്പ 29:15-30 യാക്കോബിന്റെ സ്നേഹം.
ഹോസി 14:1-9 അനുതാപവും നവജീവനും.
1 പത്രോ 4:1-11 സ്നേഹം നിരവധി പാപങ്ങളെ മായ്ക്കുന്നു. (P. 95)
ലൂക്കാ 7:36-50 കൂടുതലായി സ്നേഹിച്ചവൾ. (P. 102)
**വിശുദ്ധ തോമസ് അക്വീനാസ്**
1 രാജാ 3:5-12 സോളമന് ജ്ഞാനവും വിവേകവും നല്കുന്നു.
ജ്ഞാനം 7:7-14 പ്രാർഥിക്കുന്നവന് ജ്ഞാനം ലഭിക്കും.
1 കോറി 1:18-25 കുരിശിന്റെ ഭോഷത്തം.
മത്താ 5:13-16 ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.

**29 വ്യാ** **ദനഹാ നാലാം വ്യാഴം (മൂന്നു നോമ്പുകഴിഞ്ഞുള്ള വ്യാഴം)**
*സീറോ-മലബാർസഭയെ മേജർ ആർക്കി*
*എപ്പിസ്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും*
*എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത*
*മാർ ആന്റണി പടിയറയെ ആദ്യത്തെ മേജർ*
*ആർച്ചുബിഷപ്പായി നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം (1993).*
എസെ 33:10-16 കർത്താവിന്റെ സന്തോഷം.
മിക്കാ 7:8-9, 18-20 ഞാൻ കർത്താവിന്റെ രക്ഷ ദർശിക്കും.
3 യോഹ 1:1-8 ശ്ലീഹായുടെ സന്തോഷം.

ലൂക്കാ 15:1-10 അനുതപിക്കുന്നവരെക്കുറിച്ചു സ്വർഗത്തിൽ സന്തോഷം.

**30 വെ** **ദനഹാ നാലാം വെള്ളി (വിശുദ്ധ എസ്തപ്പാനോസ് വേ.)**
ഉത്പ 4:1-12 കായേനും ആബേലും.
1 രാജാ 21:1-13 നാബോത്തിനെ കല്ലെറിഞ്ഞു കൊല്ലുന്നു.
ശ്ലീഹ 6:8-15, 7:1-2a; 51-60 എസ്തപ്പാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നു.
ലൂക്കാ 23:33-43 പിതാവേ, ഇവരോടു ക്ഷമിക്കണമേ.
**ലോകസമാധാനദിനം**
എഫേ 2:14-22 മിശിഹാ നമ്മുടെ സമാധാനം.
യോഹ 14:27-31 മിശിഹാ നല്കുന്ന സമാധാനം.

**31 ശ** **ദനഹാ നാലാം ശനി**
എഫേ 4:25-32 പരസ്പരം ക്ഷമിക്കുവിൻ.
മത്താ 6:5-15 സഹോദരരോടു ക്ഷമിക്കുക.
**വിശുദ്ധ ജോൺ ബോസ്കോ**
*പുത്തൂർ മാർ ബോസ്കോ മെത്രാന്റെ നാമഹേതുകദിനം.*
ഫിലി 4:4-9 എന്നിൽനിന്നു കേട്ടത് നിങ്ങൾ ചെയ്യുക.
മത്താ 18:1-5 ശിശുക്കളെ എന്റെ നാമത്തിൽ സ്വീകരിക്കുക.

# 2026 ഫെബ്രുവരി

**1 ഞാ** **✠ ദനഹാ അഞ്ചാം ഞായർ**
ലേവ്യ 4:13-21 ബലിയർപ്പണത്തിലൂടെ പാപമോചനം.
ദാനി 9:1-9 പാപമോചനം അങ്ങയുടേതാണ്.
കൊളോ 1:12-19 പുത്രൻവഴി രക്ഷയും പാപമോചനവും.
മർക്കോ 2:1-12 പാപം മോചിക്കുന്ന മിശിഹാ.

**2 തി** **ദനഹാ അഞ്ചാം തിങ്കൾ**
*ആലഞ്ചേരി മാർ ജോർജ്ജ് മെത്രാന്റെ അഭിഷേകം (1997)*
കൊളോ 2:16-19 സാബത്തുകളുടെ പേരിൽ ആരും നിങ്ങളെ കുറ്റപ്പെടുത്താതിരിക്കട്ടെ.
മത്താ 12:1-8 മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവ്.
**നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം**
**(പരിശുദ്ധ കന്യാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)**
ലേവ്യ 12:1-8 മാതാക്കളുടെ ശുദ്ധീകരണം.
ഏശ 42:1-7 കർത്താവിന്റെ ദാസൻ.
റോമാ 9:30-10:4 നിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ.
ലൂക്കാ 2:22-38 ഈശോ ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്നു.

**3 ചൊ** **ദനഹാ അഞ്ചാം ചൊവ്വ**
*പുളിക്കൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2020).*
ശ്ലീഹ 5:12-20 ശ്ലീഹന്മാർവഴി അദ്ഭുതങ്ങളും അടയാളങ്ങളും.
മത്താ 12:9-14 സാബത്തിൽ നന്മചെയ്യുന്നവൻ.

**4 ബു** **ദനഹാ അഞ്ചാം ബുധൻ**
ഗലാ 3:7-14 നിയമംവഴി ഒരുവനും നീതീകരിക്കപ്പെടുന്നില്ല.
യോഹ 5:1-18 സാബത്തിൽ രോഗശാന്തി.
**വിശുദ്ധ ജോൺ ബ്രിട്ടോ പു.**
1 കോറി 9:19-23 ഞാൻ എല്ലാവർക്കും എല്ലാമായി.
യോഹ 15:18-25 എന്നെപ്രതി ലോകം നിങ്ങളെ വെറുക്കും.

**5 വ്യാ** **ദനഹാ അഞ്ചാം വ്യാഴം**
റോമാ 2:25-29 ആന്തരികതയുടെ പ്രാധാന്യം.
മത്താ 12:15-21 നീതിയെ വിജയത്തിലെത്തിക്കുന്ന ദൈവദാസൻ.

**6 വെ** **ദനഹാ അഞ്ചാം വെള്ളി (ഗ്രീക്കു സഭാപിതാക്കന്മാർ)**
*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു.*
*ആദ്യവെള്ളി*
*പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം (1982).*
1 രാജാ 4:29-34 സോളമന്റെ ജ്ഞാനം.
ജ്ഞാനം 7:22-30 ജ്ഞാനത്തിന്റെ മഹത്ത്വം.
1 കോറി 1:18-29 വിളിക്കപ്പെട്ടവർക്ക് മിശിഹാ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ്.
യോഹ 12:20-26 ഗ്രീക്കുകാർ ഈശോയെ തേടിവരുന്നു.
**സുറിയാനി സഭാപിതാക്കന്മാർ**
സുഭാ 4:1-13 ജ്ഞാനസമ്പാദനം അഭികാമ്യം.
ദാനി 2:14-23 ജ്ഞാനവും ശക്തിയും നല്കുന്ന ദൈവം.

2 കോറി 4:1-6 ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവ്.
മത്താ 5:13-19 ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.
**ഇടവകമധ്യസ്ഥന്റെ തിരുനാൾ**
പുറ 4:10-17 അഹറോന്റെ നിയമനം.
ഏശ 49:6-10 നിന്നെ ജനത്തിന് ഉടമ്പടിയായി നല്കിയിരിക്കുന്നു.
2 കോറി 6:1-13 മിശിഹായുടെ സഹപ്രവർത്തകർ.
യോഹ 15:1-8 തായ്ത്തടിയോടു ചേർന്നുനില്ക്കുക.

**7 ശ** **ദനഹാ അഞ്ചാം ശനി**
റോമാ 13:8-14 സ്നേഹം നിയമത്തിന്റെ പൂർത്തീകരണം.
ലൂക്കാ 10:25-37 ദൈവസ്നേഹവും പരസ്നേഹവും.

**8 ഞാ** **✠ ദനഹാ ആറാം ഞായർ**
*ഇലവനാൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (1997)*
പുറ 20:1-17 പത്തു പ്രമാണങ്ങൾ.
എസെ 11:14-21 പുതിയ ഹൃദയം പുതിയചൈതന്യം.
കൊളോ 3:5-14 മിശിഹായിൽ നവജീവിതം.
മത്താ 5:17-26 ഈശോ നിയമത്തിന്റെ പൂർത്തീകരണം.

**9 തി** **ദനഹാ ആറാം തിങ്കൾ**
*അറയ്ക്കൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2001).*
*മഠത്തിക്കണ്ടത്തിൽ മാർ ജോർജ്ജ് മെത്രാന്റെ അഭിഷേകം (2013)*
കൊളോ 2:16-19 ക്രിസ്തുവിൽ പൂർണ്ണതയും യാഥാർത്ഥ്യവും
മത്താ 12:1-8 മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവ്.

**10 ചൊ** **ദനഹാ ആറാം ചൊവ്വ**
ശ്ലീഹ 5:12-20 ശ്ലീഹന്മാർവഴി അദ്ഭുതങ്ങളും അടയാളങ്ങളും.
മത്താ 12:9-14 സാബത്തിൽ നന്മ ചെയ്യുന്നവൻ.

**11 ബു** **ദനഹാ ആറാം ബുധൻ**
ഗലാ 3:7-14 നിയമംവഴി ഒരുവനും നീതീകരിക്കപ്പെടുന്നില്ല.
യോഹ 5:1-18 സാബത്തിൽ രോഗശാന്തി.
**ലൂർദ്ദുമാതാവ് (രോഗീദിനം)**
വെളി 12:1-6 സൂര്യനെ ഉടയാടയാക്കിയ സ്ത്രീ.
യോഹ 2:1-11 ഈശോ പറയുന്നത് ചെയ്യുവിൻ.

**12 വ്യാ** **ദനഹാ ആറാം വ്യാഴം**
റോമാ 2:25-29 ആന്തരികതയുടെ പ്രാധാന്യം.
മത്താ 12:15-21 നീതിയെ വിജയത്തിലെത്തിക്കുന്ന ദൈവദാസൻ.

**13 വെ** **ദനഹാ ആറാം വെള്ളി (സകല മരിച്ചവരുടെയും തിരുനാൾ)**
*പവ്വത്തിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1972).*
*പുത്തൂർ മാർ ബോസ്കോ മെത്രാന്റെ അഭിഷേകം (2010).*
നിയ 30:15-20 ജീവനോ മരണമോ തിരഞ്ഞെടുക്കുക. (P. 64)
സുഭാ 15:19-25 വിവേകിയുടെ വഴി പാതാളത്തെ വിട്ടകലുന്നു. (P. 65)
വെളി 20:11-15 മരിച്ചവരുടെ വിധി. (P. 91)
യോഹ 5:19-29 നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായി പുറത്തുവരും. (P. 98)

**14 ശ ദനഹാ ആറാം ശനി**

വെളി 7:11-17 ജീവജലത്തിന്റെ ഉറവയിലേക്ക് നയിക്കും.
യോഹ 7:32-39 മിശിഹാ ജീവജലത്തിന്റെ ഉറവ.

# നോമ്പുകാലം

## (സൗമാ റമ്പാ)

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണ് രക്ഷാകര കർമങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണമായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾവരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞുനോക്കൽ' എന്നൊക്കെയാണ്. 'സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു' എന്നാണ് ഈ പദംകൊണ്ട് ഉദ്ദേശിക്കുന്നത്.

നോമ്പുകാലം നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ചയാണ് പാതി നോമ്പ് ആചരിക്കുന്നത്. ജീവിതത്തിലെ പോരായ്മകൾ പരിഹരിച്ചു ഈശോയുടെ പെസഹാ രഹസ്യങ്ങളോടു താദാത്മ്യപ്പെടാനും നോമ്പിന്റെ ചൈതന്യത്തിൽ കൂടുതൽ നിഷ്ഠയോടെ ജീവിക്കാനും ഓർമിപ്പിക്കുന്ന വേളയാണ് പാതിനോമ്പു ബുധൻ.

ദ്രവ്യാസക്തി പാപകാരണമാകുന്നുവെന്നും ദൈവദാനമായ സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും അങ്ങനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വന്തമാക്കണമെന്നും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. സർവവും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ച ശ്ലീഹന്മാരെപ്പോലെ ദൈവത്തെ സമ്പത്തായി സ്വീകരിക്കുന്നവനാണ് യഥാർഥ ശിഷ്യൻ എന്ന ഉൾക്കാഴ്ചയും ഈ കാലം നമുക്കു നല്കുന്നുണ്ട്. മാനസാന്തരം, ധർമദാനം, പ്രാർഥന, ഉപവാസം എന്നിവയിലൂടെ ആർജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണവിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാനമാണ്; അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം നമ്മെ പഠിപ്പിക്കുന്നു.

പാപം ഏറ്റുപറയുമ്പോഴാണ് രക്ഷ കരഗതമാകുന്നത്. പാപത്തിന്റെ ചെളിപുരണ്ട പുറങ്കുപ്പായം ഊരി ദൂരെയെറിയുന്നവർക്കു മാത്രമേ മിശിഹായെ അനുഗമിക്കാനാവൂ. നമ്മുടെ വിശുദ്ധീകരണമാണ് ദൈവഹിതമെന്ന് വ്യക്തമാക്കുന്നതോടൊപ്പം ഈശോമിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പണത്താലാണ് നമ്മുടെ വിശുദ്ധീകരണം സാധ്യമാകുന്നതെന്നും സഭ ഉദ്ബോധിപ്പിക്കുന്നു.

ഇച്ഛിക്കാത്ത തിന്മ ചെയ്യാൻ ശരീരം നമ്മെ പ്രേരിപ്പിക്കുമ്പോൾ പാപം ചെയ്യാതെ ജീവിക്കുക എന്നത് വലിയ സഹനമാണ്. പുണ്യ പൂർണതയ്ക്കുവേണ്ടിയുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. നമുക്ക് ഉണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസവളർച്ചയ്ക്കും മിശിഹായോട് ഐക്യപ്പെടുന്നതിനും സഹായകമാകുന്നു. മിശിഹായുടെ സഹനത്തോടു വിശ്വാസപൂർവം ചേർന്നുനില്ക്കുമ്പോഴാണ് ഉത്ഥാനാനുഭവത്തിലേക്കു പ്രവേശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

**15 ഞാ** **✠നോമ്പ് ഒന്നാം ഞായർ**
*ഇന്ന് പാതിരാമുതൽ നോമ്പാരംഭം.*
*(നാളെ ഉപവാസദിനം).*
*നാളെ മുതൽ ഉയിർപ്പുവരെ വിവാഹാഘോഷം മുടക്ക്.*
പുറ 24:12-18 മൂശെ നാല്പതുദിവസം സീനായ്മലയിൽ.
പ്രഭാ 2:1-11 കർത്താവിൽ ആശ്രയിച്ച് പ്രലോഭനങ്ങളെ നേരിടുക.
ഹെബ്രാ 2:10-18 പരീക്ഷിക്കപ്പെടുന്നവരെ
സഹായിക്കാൻ കഴിവുള്ളവൻ.
ലൂക്കാ 4:1-13 മിശിഹായുടെ നാല്പതുദിവസത്തെ ഉപവാസം.

**16 തി** **നോമ്പ് ഒന്നാം തിങ്കൾ**
**നോമ്പാരംഭം (ഉപവാസദിനം) വിഭൂതി**
ഉത്പ 3:1-13 ആദവും ഹവ്വായും പരീക്ഷിക്കപ്പെടുന്നു.
ജ്ഞാനം 12:16-20 അനുതാപം നല്കുന്ന ദൈവം.
റോമാ 12:1-8 മനസ്സിന്റെ നവീകരണംവഴി രൂപാന്തരീകരണം.
മത്താ 21:28-32 പശ്ചാത്തപിച്ച് പിതാവിന്റെ ഇഷ്ടം നിറവേറ്റിയ പുത്രൻ
**OR**
ഉത്പ 3:1-19 / ഉത്പ 1:1-19.
യോന 3:1-10 / ജോഷ്വ 1:1-15
റോമാ 12:1-15 / റോമാ 1:16-25 / 1 യോഹ 3:1-10
മത്താ 5:1-12 / മത്താ 5:17-26.

**17 ചൊ** **നോമ്പ് ഒന്നാം ചൊവ്വ**
*നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ മെത്രാന്റെ ചരമം (2021).*
1 രാജാ 8:41-50 അനുതപിച്ച് പ്രാർഥിക്കുക.
നെഹെ 8:17-9:3 ജനം പാപം ഏറ്റുപറയുന്നു.
ശ്ലീഹ 8:14-25 അനുതാപത്തിലൂടെയും പ്രാർഥനയിലൂടെയും
കൈവരുന്ന ദൈവദാനം.
മർക്കോ 9:14-29 പ്രാർഥനയുടെയും ഉപവാസത്തിന്റെയും പ്രാധാന്യം.

**18 ബു** **നോമ്പ് ഒന്നാം ബുധൻ**
മലാ 2:1-9 പുരോഹിതന്മാർക്കു താക്കീത്.
ശ്ലീഹ 5:1-11 അനനിയായും സഫീറായും.
യാക്കോ 4:1-10 ലൗകികതൃഷ്ണ ദൈവത്തോടുള്ള ശത്രുത.
മത്താ 18:1-10 ഇടർച്ച നല്കുന്നവനു ദുരിതം.

**19 വ്യാ** **നോമ്പ് ഒന്നാം വ്യാഴം**
1 മക്ക 2:49-61 മത്താത്തിയാസിന്റെ അന്ത്യശാസനം.
ജോബ് 23:8-14 പരീക്ഷിച്ചുകഴിയുമ്പോൾ ഞാൻ
സ്വർണംപോലെ പ്രകാശിക്കും.
1 തെസ 2:17-3:5 ഞങ്ങളുടെ പ്രതീക്ഷയും സന്തോഷവും
പ്രശംസയുടെ കിരീടവും നിങ്ങളാണ്.
ലൂക്കാ 22:24-30 എന്റെ പരീക്ഷകളിൽ
എന്നോടൊപ്പം നിന്നവരാണു നിങ്ങൾ.

**20 വെ** **നോമ്പ് ഒന്നാം വെള്ളി**
*പാറേക്കാട്ടിൽ മാർ ജോസഫ് കർദ്ദിനാളിന്റെ ചരമം (1987)*
പ്രഭാ 44:19-23 പരീക്ഷിക്കപ്പെട്ടപ്പോൾ വിശ്വസ്തത തെളിയിച്ചവർ.

ജറെ 17:5-10 ഹൃദയത്തെ പരീക്ഷിക്കുന്നവൻ.
യാക്കോ 1:12-18 പരീക്ഷകളെ അതിജീവിക്കുന്നവന് ജീവന്റെ കിരീടം.
ലൂക്കാ 22:39-46 പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർഥിക്കുക.

**21 ശ** **നോമ്പ് ഒന്നാം ശനി**
2 കോറി 2:5-11 അപരാധിക്കു മാപ്പ്.
ലൂക്കാ 15:11-24 ധൂർത്തപുത്രന്റെ ഉപമ.

**22 ഞാ** **✠ നോമ്പ് രണ്ടാം ഞായർ**
ഉല്പ 13:1-13 സമ്പത്ത് ഉപേക്ഷിച്ച് ദൈവത്തിലാശ്രയിക്കുന്നവൻ.
പ്രഭാ 31:1-11 സമ്പത്തിന്റെ ഉപയോഗം.
1 തിമോ 6:3-10 ദ്രവ്യാഗ്രഹം മൂലപാപം.
ലൂക്കാ 19:1-10 സക്കേവൂസിന്റെ മാനസാന്തരം.

**23 തി** **നോമ്പ് രണ്ടാം തിങ്കൾ**
യാക്കോ 2:1-9 ധനികരോടും ദരിദ്രരോടും വേണ്ട സമീപനം.
ലൂക്കാ 16:19-31 ധനവാനും ലാസറും.
**വിശുദ്ധ പൊലിക്കാർപ്പ് മെ.**
പുറ 3:1-6 ദൈവം മൂശെയെ വിളിക്കുന്നു.
ദാനി 3:19-26 മൂന്നു യുവാക്കന്മാരുടെ കീർത്തനം.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
ലൂക്കാ 11:43-52 പ്രവാചകന്മാർ പീഡിപ്പിക്കപ്പെടും.

**24 ചൊ** **നോമ്പ് രണ്ടാം ചൊവ്വ**
യാക്കോ 5:1-6 ധനികർക്കെതിരെ മുന്നറിയിപ്പ്.
ലൂക്കാ 18:18-30 സമ്പത്തും ശിഷ്യത്വവും.

**25 ബു** **നോമ്പ് രണ്ടാം ബുധൻ**
1 തിമോ 6:17-21 ബുദ്ധിശൂന്യമായ ധനമോഹം.
ലൂക്കാ 12:13-21 ധനികന്റെ വ്യർഥസുരക്ഷിതത്വം.
**വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ ക.**
ഉത്പ 22:1-13 അബ്രാഹത്തിന്റെ ബലി.
2 മക്ക 7:1-11 അമ്മയും ഏഴു സഹോദരന്മാരും.
2 കോറി 4:7-15 ഈശോയ്ക്കു വേണ്ടി പീഡസഹിക്കുക.
മത്താ 10:16-25 സുവിശേഷത്തിന് സാക്ഷ്യം വഹിക്കുക.

**26 വ്യാ** **നോമ്പ് രണ്ടാം വ്യാഴം**
റോമാ 8:1-6 ആത്മാവിൽ മനസ്സുവയ്ക്കുക.
മത്താ 6:19-24 നിക്ഷേപം എവിടെയോ അവിടെയായിരിക്കും ഹൃദയം.

**27 വെ** **നോമ്പ് രണ്ടാം വെള്ളി**
നിയ 8:11-18 സമ്പത്ത് ദൈവദാനം.
പ്രഭാ 29:1-2; 10-13 കടവും ദാനധർമവും.
യാക്കോ 1:9-11; 4:13-16 ദരിദ്രനും ധനവാനും.
ലൂക്കാ 14:7-14 സ്ഥാനമാനങ്ങളുടെയും സമ്പത്തിന്റെയും വിനിയോഗം.

**28 ശ** **നോമ്പ് രണ്ടാം ശനി**
ഫിലി 3:4-11 മിശിഹായെപ്രതി സകലതും നഷ്ടപ്പെടുത്തി.
ലൂക്കാ 5:1-11 സർവവും ഉപേക്ഷിച്ച് മിശിഹായെ അനുഗമിച്ചവർ.

# 2026 മാർച്ച്

**1 ഞാ** **✠ നോമ്പ് മൂന്നാം ഞായർ**
നിയ 15:7-15 ഉദാരമായി ദാനംചെയ്യുക.
തോബി 12:6-15 ഉപവാസം, ദാനധർമം, പ്രാർഥന, നീതി.
2 കോറി 8:9-15 കഴിവനുസരിച്ചു ദാനംചെയ്യുക.
മത്താ 6:1-8; 16-18 ധർമദാനം, പ്രാർഥന, ഉപവാസം.

**2 തി** **നോമ്പ് മൂന്നാം തിങ്കൾ**
ഫിലി 4:10-20 ദൈവം നിങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുതരും.
മർക്കോ 9:33-41 മിശിഹായുടെ നാമത്തിൽ ചെയ്യുന്ന പ്രവൃത്തിക്ക് പ്രതിഫലം.

**3 ചൊ** **നോമ്പ് മൂന്നാം ചൊവ്വ**
2 കോറി 9:1-5 സമ്മർദം കൂടാതെയുള്ള ഉദാരദാനം.
മർക്കോ 12:38-44 വിധവയുടെ നാണയത്തുട്ടുകൾ.

**4 ബു** **നോമ്പ് മൂന്നാം ബുധൻ**
2 കോറി 9:6-10 ഏറെ വിതയ്ക്കുന്നവൻ ഏറെ കൊയ്യും.
ലൂക്കാ 6:32-38 കൊടുക്കുവിൻ നിങ്ങൾക്കും കിട്ടും.

**5 വ്യാ** **നോമ്പ് മൂന്നാം വ്യാഴം**
യാക്കോ 2:10-17 പ്രവൃത്തിരഹിതമായ വിശ്വാസം നിർജീവം.
മത്താ 7:21-28 സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുക.

**6 വെ** **നോമ്പ് മൂന്നാം വെള്ളി**
*ആദ്യവെള്ളി*
സുഭാ 8:12-21 എന്നെ സ്നേഹിക്കുന്നവരെ ഞാൻ സമ്പന്നരാക്കി.
ആമോ 5:1-7 കർത്താവിനെ അന്വേഷിക്കുവിൻ.
2 കോറി 9:11-15 ഉദാരശീലരാകാൻവേണ്ടി സമ്പന്നരാക്കപ്പെട്ടവർ.
ലൂക്കാ 12:29-34 ദൈവരാജ്യം അന്വേഷിക്കുവിൻ.

**7 ശ** **നോമ്പ് മൂന്നാം ശനി**
2 കോറി 6:14-7:1 ദൈവത്തിന്റെ ആലയം.
ലൂക്കാ 8:42b-48 രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു.

**8 ഞാ** **✠ നോമ്പ് നാലാം ഞായർ**
ഉത്പ 19:1-7, 10-11 സോദോമിന്റെ പാപം.
2 സാമു 12:1-7; 13-17 ദാവീദിന്റെ അനുതാപം.
2 തിമോ 2:22-26 വിശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിക്കുക.
മത്താ 5:27-32 വിശുദ്ധി പാലിക്കുക.

**9 തി** **നോമ്പ് നാലാം തിങ്കൾ**
പുറ 19:9-15 ജനത്തെ ശുദ്ധീകരിക്കുക.
എസെ 22:6-15 നിന്റെ അശുദ്ധി ഞാൻ തുടച്ചുമാറ്റും.
2 പത്രോ 1:1-9 ലൗകികദുരാശകളിൽനിന്ന് ഓടിയകലുക.
മർക്കോ 7:14-23 മനുഷ്യനെ അശുദ്ധനാക്കുന്നവ.

**10 ചൊ** **നോമ്പ് നാലാം ചൊവ്വ**
പുറ 3:1-6 നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്.
പ്രഭാ 4:11-18 ജ്ഞാനത്തെ സേവിക്കുന്നവൻ

പരിശുദ്ധനായവനെ സേവിക്കുന്നു.
ഹെബ്രാ 12:14–17 വിശുദ്ധി പ്രാപിക്കാതെ
കർത്താവിനെ കാണാൻ സാധിക്കയില്ല.
ലൂക്കാ 11:33–41 പ്രകാശമുള്ളവരായിരിക്കുക.

**11 ബു** **നോമ്പ് നാലാം ബുധൻ**
**പാതിനോമ്പ്**
1 രാജാ 19:19–21 ഏലീഷാ ഏലിയായെ അനുഗമിക്കുന്നു.
ജോബ് 22:23–30 നിന്റെ കരങ്ങളുടെ നൈർമല്യംമൂലം നീ രക്ഷിക്കപ്പെടും.
വെളി 3:1–6 ധവളവസ്ത്രധാരികൾ എന്റെകൂടെ നടക്കും.
മർക്കോ 10:46–52 പുറങ്കുപ്പായം ദൂരെയെറിഞ്ഞ് ഈശോയെ അനുഗമിച്ചു.

**12 വ്യാ** **നോമ്പ് നാലാം വ്യാഴം**
പുറ 29:31–37 പാപപ്പരിഹാരബലി അർപ്പിക്കുക.
2 മക്ക 1:24–29 ഇസ്രായേൽ മക്കളെ പവിത്രീകരിക്കണമേ.
1 തെസ 4:1–8 ഇതാണു ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം.
ലൂക്കാ 5:12–16 കുഷ്ഠരോഗിയെ ശുദ്ധനാക്കുന്നു.

**13 വെ** **നോമ്പ് നാലാം വെള്ളി**
പുറ 28:40–43 അഹറോനെയും പുത്രന്മാരെയും വിശുദ്ധീകരിക്കുക.
സുഭാ 20:5–9 പാപത്തിൽനിന്നു ശുദ്ധി നേടിയിരിക്കുന്നവൻ.
ഹെബ്രാ 10:1–10 ഈശോമിശിഹായുടെ ശരീരത്തിന്റെ
ഏകസമർപ്പണത്താൽ നമുക്കു വിശുദ്ധീകരണം.
യോഹ 17:9–19 അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

**14 ശ** **നോമ്പ് നാലാം ശനി**
വെളി 3:14–22 അനുതപിക്കുക, ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു.
ലൂക്കാ 24:44–49 പാപമോചനത്തിനായുള്ള അനുതാപം പ്രസംഗിക്കപ്പെടും.

**15 ഞാ** **✠ നോമ്പ് അഞ്ചാം ഞായർ**
ഉത്പ 4:8–16 കായേന്റെ അനുതാപം.
1 സാമു 24:1–8 ക്ഷമിക്കുന്ന സ്നേഹം.
1 യോഹ 1:5–10 പാപം ഏറ്റുപറയുമ്പോൾ രക്ഷ.
യോഹ 8:1–11 പാപിനിക്ക് രക്ഷ.

**16 തി** **നോമ്പ് അഞ്ചാം തിങ്കൾ**
എഫേ 4:1–6 ആത്മാവിന്റെ ഐക്യം നിലനിറുത്തുക.
ലൂക്കാ 17:1–6 പശ്ചാത്തപിക്കുന്നവനോടു ക്ഷമിക്കുക.

**17 ചൊ** **നോമ്പ് അഞ്ചാം ചൊവ്വ**
1 പത്രോ 3:8–12 പ്രതികാരം ചെയ്യാതെ അനുഗ്രഹിക്കുവിൻ.
മത്താ 5:38–48 ശത്രുക്കളെ സ്നേഹിക്കുക.

**18 ബു** **നോമ്പ് അഞ്ചാം ബുധൻ**
*പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (2023).*
1 തെസ 5:12–18 സമൂഹജീവിതം.
മത്താ 18:15–20 സഹോദരരോടുള്ള ഉത്തരവാദിത്വം.

**19 വ്യാ** **നോമ്പ് അഞ്ചാം വ്യാഴം**
1 കോറി 13:1–8, 12–13 സ്നേഹം ക്ഷമിക്കുന്നു.
മത്താ 18:21–35 സഹോദരരോടു ഹൃദയപൂർവം ക്ഷമിക്കുക.

**വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**
*പെരുന്തോട്ടം മാർ ജോസഫ്, പാംപ്ലാനി മാർ ജോസഫ് എന്നീ മെത്രാപ്പോലീത്താമാരുടെയും പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, കുന്നത്ത് മാർ ജോസഫ്, കല്ലറങ്ങാട്ട് മാർ ജോസഫ്, പൊരുന്നേടം മാർ ജോസ്, പണ്ടാരശ്ശേരി മാർ ജോസഫ്, അരുമച്ചാടത്ത് മാർ ജോസഫ്, ചിറ്റൂപറമ്പിൽ മാർ ജോസ്, കൊല്ലംപറമ്പിൽ മാർ ജോസഫ്, പുത്തൻവീട്ടിൽ മാർ ജോസ്, കൊടകല്ലിൽ മാർ ജോസഫ്, കല്ലുവേലിൽ മാർ ജോസ്, പുളിക്കൽ മാർ ജോസ്, സ്രാമ്പിക്കൽ മാർ ജോസഫ്, തച്ചാപറമ്പത്ത് മാർ ജോസഫ് എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*
ഏശ 41:8-16 യാക്കോബേ, ഞാൻ നിന്നെ തിരഞ്ഞെടുത്തു.
ശ്ലീഹ 19:11-20 (19:8-20) കർത്താവിന്റെ ശക്തി പൗലോസിലൂടെ.
2 കോറി 10:3-11 (10:3-18) ആത്മീയ സമരായുധങ്ങൾ.
മത്താ 1:18-25 നീതിമാനായ യൗസേപ്പ്.

**20 വെ** **നോമ്പ് അഞ്ചാം വെള്ളി**
സംഖ്യ 29:1-6 കോലാടിനെ പാപപ്പരിഹാരബലിയായി അർപ്പിക്കണം.
എസ്രാ 8:31-35 ഇസ്രായേലിന്റെ ദൈവത്തിനുള്ള ബലികൾ.
ഹെബ്രാ 9:23-28 മിശിഹാ അനേകരുടെ പാപങ്ങൾ വഹിച്ചു ബലിയർപ്പിക്കപ്പെട്ടു.
മത്താ 20:20-28 മോചനദ്രവ്യമായി സ്വജീവൻ അർപ്പിക്കാൻ വന്നവൻ.

**21 ശ** **നോമ്പ് അഞ്ചാം ശനി**
1 കോറി 2:1-8 മഹത്ത്വത്തിന്റെ കർത്താവിനെ അവർ ക്രൂശിക്കുമായിരുന്നില്ല.
മത്താ 17:1-9 ഈശോയുടെ തേജസ്കരണം; രൂപാന്തരീകരണം

**22 ഞാ** **✠ നോമ്പ് ആറാം ഞായർ**
നിയ 8:1-10 സഹനം കർത്താവിന്റെ ശിക്ഷണം.
2 മക്ക 6:18-31 വിശ്വാസത്തിനുവേണ്ടിയുള്ള സഹനം.
1 പത്രോ 4:12-19 സഹനം മിശിഹായോടുള്ള ഐക്യം.
മർക്കോ 8:31-9:1 സഹനം രക്ഷാകരം.

**23 തി** **നോമ്പ് ആറാം തിങ്കൾ**
*മേജർ ആർച്ച് ബിഷപ്പ് പടിയറ മാർ ആന്റണി മെത്രാപ്പോലീത്തായുടെ ചരമം (2000).*
*നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ നാമഹേതുകദിനം.*
1 പത്രോ 2:18-23 നന്മ ചെയ്തിട്ട് കഷ്ടതകൾ സഹിക്കുക.
മത്താ 12:15-21 ഈശോ ദൈവദാസൻ.

**24 ചൊ** **നോമ്പ് ആറാം ചൊവ്വ**
കൊളോ 1:24-29 മിശിഹായുടെ മൗതികശരീരമായ സഭ.
യോഹ 15:18-27 എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും.

**25 ബു** **നോമ്പ് ആറാം ബുധൻ**
*ചിറയത്ത് മാർ ആന്റണി മെത്രാന്റെ അഭിഷേകം (2006)*
റോമാ 8:31-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര് എന്നെ വേർപെടുത്തും.
മത്താ 10:17-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ ജീവിക്കും.

**മംഗളവാർത്തത്തിരുനാൾ**
പുറ 15:11-21 (15:1-21 + മിക്കാ 6:1-5 + ജറെ 31:13-17)
ഇസ്രായേലിനെ നയിക്കുന്ന ദൈവം.
ശ്ലീഹ 1:11-14 പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുന്ന ശിഷ്യർ.
ഹെബ്രാ 1:1-13 (1:1-13 + 2:16-18) സ്വപുത്രനിലൂടെ സംസാരിച്ച ദൈവം.
ലൂക്കാ 1:26-38 രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.

**26 വ്യാ** **നോമ്പ് ആറാം വ്യാഴം**
2 തിമോ 1:6-14 സുവിശേഷത്തെപ്രതിയുള്ള ക്ലേശങ്ങൾ സഹിക്കുക.
മർക്കോ 10:32-34 സഹനവും ഉത്ഥാനവും: മൂന്നാം പ്രവചനം.

**27 വെ** **നോമ്പ് ആറാം വെള്ളി (നാല്പതാം വെള്ളി)**
1 രാജാ 17:17-24 ഏലിയാ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു.
ശ്ലീഹ 9:36-42 ശെമയോൻ തബീത്തായെ ഉയിർപ്പിക്കുന്നു.
റോമാ 5:12-17 ഈശോമിശിഹാവഴി ജീവൻ.
യോഹ 11:32-44 ലാസറിനെ ഉയിർപ്പിക്കുന്നു.

**28 ശ** **നോമ്പ് ആറാം ശനി**
*പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം (1995).*
2 കോറി 2:14-17 ഞങ്ങൾ മിശിഹായുടെ പരിമളം.
യോഹ 12:1-11 ബെഥാനിയായിലെ തൈലാഭിഷേകം.

**29 ഞാ** **✠നോമ്പ് ഏഴാം ഞായർ (ഓശാന ഞായർ)**
(*ഓശാന ഞായർ കർമ്മക്രമം കാണുക*).
പുറ 15:1-3, 11-15, 20-21 മൂശെയുടെ കീർത്തനം.
ഏശ 62:10-12 + 63:1-4 ഇതാ, നിന്റെ രക്ഷകൻ വരുന്നു.
ഗലാ 4:12-20 ഈശോമിശിഹായെ എന്നപോലെ നിങ്ങൾ എന്നെ സ്വീകരിച്ചു.
OR (റോമ 11:13-24)
ലൂക്കാ 19:28-40 ഈശോയുടെ ജറുസലേം പ്രവേശനം.

**30 തി** **നോമ്പ് ഏഴാം തിങ്കൾ**
*ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ*
*പള്ളിക്കൂദാശകാലം അവസാനംവരെ*
**മാർ അദ്ദായി - മാർ മാറിയുടെ കൂദാശക്രമം ഉപയോഗിക്കുന്നു.**
1 രാജാ 9:1-9 കല്പന പാലിക്കാതിരുന്നാൽ
ഈ ആലയം നാശകൂമ്പാരമാകും.
വിലാ 2:1-7 ഇസ്രായേലിന്റെ മഹത്ത്വം ഇല്ലാതാക്കുന്നു.
റോമാ 11:17-24 ഒലിവുമരം നല്കുന്ന പാഠം.
ലൂക്കാ 19:41-48 ജറുസലേമിന്റെ നാശത്തെപ്പറ്റി പ്രവചനം.

**31 ചൊ** **നോമ്പ് ഏഴാം ചൊവ്വ**
ഉത്പ 37:5-24 യൗസേപ്പിനെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്നു.
2 ദിന 24:17-22 സഖറിയായെ ദൈവാലയാങ്കണത്തിൽവച്ചു കൊല്ലുന്നു.
ഹെബ്രാ 13:10-16 പട്ടണത്തിനു വെളിയിൽവച്ചു പീഡ സഹിച്ച ഈശോ.
ലൂക്കാ 20:9-19 അവർ അവനെ മുന്തിരിത്തോട്ടത്തിനു
പുറത്തുകൊണ്ടുപോയി കൊന്നുകളഞ്ഞു.

# 2026 ഏപ്രിൽ

**1 ബു** **നോമ്പ് ഏഴാം ബുധൻ**
*മേജർ ആർച്ച്ബിഷപ്പ് വിതയത്തിൽ മാർ വർക്കി*
*മെത്രാപ്പോലീത്തായുടെ ചരമം (2011).*
*ഇന്നു മുതൽ വലിയ ശനിയാഴ്ചവരെ ത്രികാലജപം*
*'മിശിഹാ നമ്മെ പ്രതി...' ചൊല്ലുന്നു.*
ഉത്പ 45:3-15 ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത്.
ജറെ 20:7-13 ജറെമിയായുടെ സഹനവും
ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നിയും.
2 കോറി 5:1-10 ശാരീരികഭവനത്തിന്റെ നാശവും
നിത്യജീവിതത്തിലുള്ള പ്രത്യാശയും.
യോഹ 12:20-36 ഗോതമ്പുമണി നിലത്തുവീണ് അഴിയണം.

**2 വ്യാ** **✠ നോമ്പ് ഏഴാം വ്യാഴം (പെസഹാവ്യാഴം)**
*വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ചരമം (2005)*
*(പെസഹാവ്യാഴം കർമ്മക്രമം കാണുക).*
*ഇന്ന് പള്ളികളിൽ ഒരു കുർബാന മാത്രം.*
*കുർബാനയ്ക്കു പുറമേ രോഗികൾക്കുമാത്രം വിശുദ്ധ കുർബാന നല്കുന്നു.*
പുറ 12:1-14, 21-28 ഇസ്രായേൽ പെസഹാ ആചരിക്കുന്നു.
എസെ 45:18-25 ഒന്നാം മാസം പതിന്നാലാം ദിവസം.
1 കോറി 5:6-8; 11:23-30 കർത്താവിന്റെ അത്താഴത്തിന്റെ അനുസ്മരണം.
ലൂക്കാ 22:7-13 + യോഹ 13:1-15 + ലൂക്കാ 22:15-21 പെസഹാഭക്ഷണം.

**3 വെ** **നോമ്പ് ഏഴാം വെള്ളി (പീഡാനുഭവവെള്ളി)**
*ആദ്യവെള്ളി*
*(പീഡാനുഭവവെള്ളി കർമ്മക്രമം കാണുക).*
*ഇന്ന് ഉപവാസദിനം*
ഉത്പ 22:1-19 ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങുന്ന അബ്രാഹം.
ഏശ 53:1-12 ബലിയ്ക്കായുള്ള കുഞ്ഞാടിനെപ്പോലെ
കൊണ്ടുപോകപ്പെട്ടവൻ.
ശ്ലീഹ 8:26-39 മിശിഹായുടെ മരണം പ്രവചനപൂർത്തീകരണം.
ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 22:13-23 +
മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-42
കർത്താവിന്റെ പീഡാനുഭവം.

**4 ശ** **നോമ്പ് ഏഴാം ശനി (വലിയ ശനി)**
*കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ ചരമം (1995).*
*വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ മെത്രാപ്പോലീത്തായുടെ ചരമം (2006).*
*(വലിയ ശനി കർമ്മക്രമം കാണുക).*
*ഇന്നു മുതൽ പന്തക്കുസ്താതിരുനാൾവരെ ത്രികാലജപം*
*'സ്വർല്ലോകരാജ്ഞി' ചൊല്ലുന്നു.*
നിയ 34:1-9 മൂശെയുടെ മരണവും സംസ്കാരവും.
യോനാ 1:1-17 യോനാ മത്സ്യത്തിന്റെ ഉദരത്തിൽ.
ഹെബ്രാ 6:1-8 മാമോദീസാ സ്വീകരിച്ചവർ വീഴാതിരിക്കട്ടെ.
മത്താ 27:62-66 കല്ലറയ്ക്കു കാവൽ.

# ഉയിർപ്പുകാലം

## (ഖ്യംത)

ഉയിർപ്പുതിരുനാൾമുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർഥനകളിലും ഗീതങ്ങളിലും ഉള്ളത്.

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയിർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരുനാൾ. നിഖ്യാ സൂനഹദോസിന്റെ (325) കാലംമുതൽ, സാർവത്രികസഭയിൽ ഈ തിരുനാൾ ആഘോഷിക്കുന്നത്, മാർച്ച് 21-ാം തീയതി കഴിഞ്ഞു വരുന്ന പൂർണചന്ദ്രദിനത്തിനു (വെളുത്ത വാവ്) ശേഷമുള്ള ആദ്യഞായറാഴ്ചയാണ്.

ഉത്ഥാനംമുതൽ പന്തക്കുസ്താവരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ സഭ അനുസ്മരിക്കുന്നു. പൗരസ്ത്യ സഭകൾ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. ഉയിർപ്പിന്റെ എട്ടാം ദിനമായ പുതുഞായർ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനദിനമാണ്. ഉയിർപ്പു കാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമോദീസ സ്വീകരിച്ച ''പുതുക്രിസ്ത്യാനി''കളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചു കൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമോദീസ നല്കുക ഉചിതമായിരിക്കും.

സഭയെ നയിക്കാൻ ശെമയോൻ കേപ്പായെയും മറ്റു ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും ചുമതലപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ, ലോകാവസാനം വരെ തന്റെ ശ്ലീഹന്മാരോടും പിൻഗാമികളോടും തന്റെ ജനത്തോടും കൂടെയുണ്ട് എന്ന സദ്വാർത്തയും ഈ കാലം നമുക്കു നല്കുന്നു.

ഉയിർപ്പുകഴിഞ്ഞ് 40-ാം ദിവസം 'കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ' ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ, സ്വർഗരാജ്യ പ്രവേശനവുമായി അഭേദ്യം ബന്ധപ്പെട്ടുനില്ക്കുന്ന നിത്യജീവനും ഉയിർപ്പും ഈ കാലത്തിലെ വിചിന്തന വിഷയങ്ങളാണ്. നിത്യജീവൻ പ്രാപിക്കാൻ ഏകരക്ഷകനായ മിശിഹായുടെ അടുക്കലേക്കാണ് പോകേണ്ടത് എന്ന സത്യവും ഈ കാലത്തിൽ പ്രഘോഷിക്കപ്പെടുന്നു. സ്വർഗാരോഹണത്തോടനുബന്ധിച്ച് ഈശോ ശിഷ്യന്മാർക്കു നല്കിയ നിർദേശമനുസരിച്ച് സദാസമയവും ദൈവാലയത്തിൽ പ്രാർഥിക്കുന്ന ശിഷ്യരെയും സഭ നമുക്കു പരിചയപ്പെടുത്തുന്നു. സ്വർഗവും ഭൂമിയും സന്ധിക്കുന്ന കർത്താവിന്റെ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താനുഭവത്തിനായി കാത്തിരിക്കാനാണ് സഭാ മാതാവ് നമ്മോടും ആവശ്യപ്പെടുന്നത്.

**5 ഞാ** **✠നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ**
*നെല്ലിക്കുന്നേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2018).*
ഏശ 60:1-7 കർത്താവിന്റെ മഹത്ത്വം ജറുസലമിൽ.
1 സാമു 2:1-10 കർത്താവിൽ ആനന്ദിക്കുവിൻ.
റോമാ 5:20-6:23 മിശിഹായുടെ മരണോത്ഥാനങ്ങളിലുള്ള പങ്കുചേരൽ.
മത്താ 28:1-6 ഈശോയുടെ ഉത്ഥാനം.

**ഉയിർപ്പ് ഒന്നാം ഞായർ**
എസെ 37:1-10 അവർ ജീവൻ പ്രാപിച്ചു.
യോനാ 2:1-10 മത്സ്യം യോനായെ കരയിലേക്കു ഛർദ്ദിച്ചു.
ശ്ലീഹ 2:22-28 ദൈവം മിശിഹായെ ഉയിർപ്പിച്ചു.
യോഹ 20:1-10 ശൂന്യമായ കല്ലറ.

**6 തി ഉയിർപ്പ് ഒന്നാം തിങ്കൾ**
*പോത്തനാമുഴി മാർ എമ്മാനുവേൽ മെത്രാന്റെ ചരമം (2003)*
ജ്ഞാനം 6:12-19 പ്രഭാതത്തിലുണർന്ന് ജ്ഞാനം തേടുക.
ജറെ 31:10-14 ഞാൻ അവരുടെ വിലാപം ആഹ്ലാദമാക്കി മാറ്റും.
1 കോറി 15:23-28 ആദ്യഫലമായി മിശിഹാ ഉയിർത്തെഴുന്നേറ്റു.
യോഹ 20:11-23 ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങൾ.

**7 ചൊ ഉയിർപ്പ് ഒന്നാം ചൊവ്വ**
*ഞരളക്കാട്ട് മാർ ജോർജ് മെത്രാന്റെ അഭിഷേകം (2010).*
1 ദിന 22:7-13 അവന്റെ കാലത്തു ശാന്തിയും സമാധാനവും.
സഖ 8:11-17 ഞാൻ സമാധാനം വിതയ്ക്കും.
കൊളോ 1:15-22 മിശിഹായുടെ സഹനവും മരണവുംവഴി സമാധാനം.
യോഹ 14:25-31 ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു.

**8 ബു ഉയിർപ്പ് ഒന്നാം ബുധൻ**
*ഇഞ്ചനാനിയിൽ മാർ റെമീജിയൂസ് മെത്രാന്റെ അഭിഷേകം (2010)*
ഉത്പ 28:10-19 ബഥേലിൽ ദൈവം യാക്കോബിനു പ്രത്യക്ഷപ്പെടുന്നു.
തോബി 12:15-22 പ്രാധാനമാലാഖയായ റഫായേൽ സ്വയം വെളിപ്പെടുത്തുന്നു.
ശ്ലീഹ 9:1-15 സാവൂളിന് ഈശോ പ്രത്യക്ഷപ്പെടുന്നു.
ലൂക്കാ 24:13-35 എമ്മാവൂസിലേക്കു പോയവർക്കു ദർശനം.

**9 വ്യാ ഉയിർപ്പ് ഒന്നാം വ്യാഴം**
പുറ 33:7-11 സ്നേഹിതനോടെന്നപോലെ മൂശെയോട് സംസാരിക്കുന്ന കർത്താവ്.
ഏശ 40:27-31 തളർന്നവന് ബലം നല്കുന്ന ദൈവം.
വെളി 1:10-18 മരിച്ചവനെങ്കിലും ഞാൻ ജീവിക്കുന്നവനാകുന്നു.
ലൂക്കാ 24:36-43 നിങ്ങൾ ഭയപ്പെടേണ്ട.

**10 വെ ഉയിർപ്പ് ഒന്നാം വെള്ളി**
**വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും തിരുനാൾ)**
*തട്ടിൽ മാർ റാഫേൽ മെത്രാന്റെ അഭിഷേകം (2010).*
ദാനി 3:14-28 തീച്ചൂളയിലെ മൂന്നു യുവാക്കന്മാർ.
ശ്ലീഹ 6:8-15 + 7:54-60 എസ്തപ്പാനോസിനെ വധിക്കുന്നു.
ഹെബ്രാ 11:1-6. 32-39 പൂർവികരുടെ വിശ്വാസം.
ലൂക്കാ 12:1-9 ഈശോയെ അംഗീകരിച്ചു പറയുന്നവരെ ഈശോ അംഗീകരിച്ചുപറയും.

**11 ശ ഉയിർപ്പ് ഒന്നാം ശനി**
*ആലപ്പാട്ട് മാർ പോൾ മെത്രാന്റെ അഭിഷേകം (2010)*
2 കോറി 3:4-11 പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ.
ലൂക്കാ 24:44-48 നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്.

**12 ഞാ** **✠ ഉയിർപ്പ് രണ്ടാം ഞായർ**
*വാണിയക്കിഴക്കേൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2000)*
ലേവ്യ 26:1-13 ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്.
ഏശ 44:1-8 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
1 യോഹ 1:1-4 വചനത്തിന്റെ സാക്ഷികൾ.
യോഹ 20:24-31 തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം.

**13 തി** **ഉയിർപ്പ് രണ്ടാം തിങ്കൾ**
ഹെബ്രാ 10:19-25 വിശ്വാസത്തിന്റെ പ്രതീക്ഷയോടെ അടുത്തുചെല്ലാം.
മത്താ 8:1-4 മനസ്സുണ്ടെങ്കിൽ നിനക്ക് എന്നെ ശുദ്ധനാക്കാൻ കഴിയും.

**14 ചൊ** **ഉയിർപ്പ് രണ്ടാം ചൊവ്വ**
*ചക്യത്ത് മാർ തോമസ് മെത്രാന്റെ അഭിഷേകം (1998).*
റോമാ 3:27-31 വിശ്വസിക്കുന്ന എല്ലാവർക്കും നീതിമത്കരണം.
മത്താ 8:5-13 ശതാധിപന്റെ വിശ്വാസം.

**15 ബു** **ഉയിർപ്പ് രണ്ടാം ബുധൻ**
റോമാ 4:13-25 സാധ്യതയില്ലാതിരിക്കെ വിശ്വസിച്ച അബ്രാഹം.
മത്താ 9:18-26 നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.

**16 വ്യാ** **ഉയിർപ്പ് രണ്ടാം വ്യാഴം**
*മറ്റം മാർ അബ്രാഹം മെത്രാന്റെ ചരമം (2019)*
റോമാ 5:1-5 വിശ്വാസത്താൽ കൃപയിലേക്കു പ്രവേശനം.
മത്താ 15:21-28 കാനാൻകാരിയുടെ വലിയ വിശ്വാസം.

**17 വെ** **ഉയിർപ്പ് രണ്ടാം വെള്ളി**
*അത്തിക്കളം മാർ ജയിംസ് മെത്രാന്റെ അഭിഷേകം (2018)*
യാക്കോ 5:13-20 വിശ്വാസത്തോടെയുള്ള പ്രാർഥന.
ലൂക്കാ 5:17-26 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു.

**18 ശ** **ഉയിർപ്പ് രണ്ടാം ശനി**
*കണ്ണൂക്കാടൻ മാർ പോളി മെത്രാന്റെ അഭിഷേകം (2010)*
ഗലാ 2:15-21 ദൈവപുത്രനിലുള്ള ശ്ലീഹായുടെ വിശ്വാസം.
യോഹ 9:35-41 ദൈവപുത്രനിൽ വിശ്വസിക്കുക.

**19 ഞാ** **✠ ഉയിർപ്പ് മൂന്നാം ഞായർ**
പുറ 3:1-12 ആട്ടിടയനായ മൂശെയെ വിളിക്കുന്നു.
എസെ 34:20-26 ഞാൻ ഒരു ഇടയനെ നിയമിക്കും.
എഫേ 4:7-16 കൃപാവരങ്ങളുടെ വൈവിധ്യം.
യോഹ 21:15-19 പത്രോസ് അജപാലകൻ.

**20 തി** **ഉയിർപ്പ് മൂന്നാം തിങ്കൾ**
*എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ മെത്രാന്റെ*
*അഭിഷേകം (2002)*
1 യോഹ 2:1-6 ഈശോമിശിഹായെന്ന മധ്യസ്ഥൻ.
യോഹ 17:20-26 ഈശോ
പിതാവിനും മനുഷ്യർക്കും ഇടയിലുള്ള മധ്യസ്ഥൻ.

**21 ചൊ** **ഉയിർപ്പ് മൂന്നാം ചൊവ്വ**
1 തിമോ 1:18-19; 2:1-7 എല്ലാവർക്കുംവേണ്ടി പ്രാർഥിക്കണം.
ലൂക്കാ 22:24-32 നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം.

**22 ബു** **ഉയിർപ്പ് മൂന്നാം ബുധൻ**
കൊളോ 3:12-17 കൃതജ്ഞതയോടെ പ്രവർത്തിക്കുവിൻ.
ലൂക്കാ 1:46-56 ദൈവസ്തുതി പാടി ശുശ്രൂഷിക്കുന്ന മറിയം.

**23 വ്യാ** **ഉയിർപ്പ് മൂന്നാം വ്യാഴം**
*തറയിൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (2017)*
എഫേ 6:1-9 കർത്താവിനെന്നപോലെ ശുശ്രൂഷ ചെയ്യുക.
മത്താ 20:17-28 ശുശ്രൂഷിക്കപ്പെടാനല്ല; ശുശ്രൂഷിക്കാൻ.

**24 വെ** **ഉയിർപ്പ് മൂന്നാം വെള്ളി**
*പുന്നക്കോട്ടിൽ മാർ ജോർജ്ജ് (1977), കരോട്ടെമ്പ്രയിൽ മാർ ഗ്രിഗറി (1983) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
2 തിമോ 2:22-26 കർത്താവിന്റെ ദാസൻ കലഹപ്രിയനാകരുത്.
മത്താ 24:45-51 വിവേകിയും വിശ്വസ്തനുമായ ഭൃത്യൻ.
**വിശുദ്ധ ഗീവർഗ്ഗീസ് വേ.**
*മേജർ ആർച്ച് ബിഷപ്പ് എമെരിത്തുസ് കർദിനാൾ ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, വലിയമറ്റം മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, മാർ ജോർജ്ജ് രാജേന്ദ്രൻ, മഠത്തിക്കണ്ടത്തിൽ മാർ ജോർജ്ജ് എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*
ദാനി 6:12-25 ദാനിയേൽ സിംഹക്കുഴിയിൽ.
ശ്ലീഹ 12:1-5 (12:1-23) യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം.
2 കോറി 12:1-10 (12:1-14) സഹനങ്ങളിൽ സന്തോഷിക്കുക.
മത്താ 10:37-42 (10:37-42+16:24-27+19:29-30) മിശിഹായെ പ്രതി ജീവൻ നഷ്ടപ്പെടുത്തുക.

**25 ശ** **ഉയിർപ്പ് മൂന്നാം ശനി**
വെളി 3:15-22 എന്റെ സ്വരംകേട്ട് വാതിൽ തുറക്കുന്നവന്റെയടുക്കൽ ഞാൻ വരും.
യോഹ 10:14-16, 22-30 എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു.
**വിശുദ്ധ മർക്കോസ് സുവിശേഷകൻ**
ഉത്പ 41:39-45 യൗസേപ്പ് ഈജിപ്തിന്റെ അധിപൻ.
എസെ 1:10-14 എസെക്കിയേലിന്റെ ദർശനം.
2 തിമോ 4:6-18 സുവിശേഷപ്രഘോഷണത്തിന് പൗലോസിനെ സഹായിക്കുന്ന മർക്കോസ്.
മർക്കോ 16:15-20 ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുവിൻ.

**26 ഞാ** **✠ ഉയിർപ്പ് നാലാം ഞായർ (ലോകദൈവവിളി പ്രാർഥനാദിനം)**
*കുണ്ടുകുളം മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1998)*
ജോഷ്വാ 1:1-9 കർത്താവ് നിന്റെകൂടെയുണ്ട്.
2 ദിന 15:1-7 കർത്താവിനോടു ചേർന്നിരുന്നാൽ കർത്താവു നമ്മോടുകൂടെ.
2 കോറി 13:5-10 ഈശോമിശിഹാ നിങ്ങളിലുണ്ട്.
മത്താ 28:16-20 ലോകാവസാനംവരെ ഞാൻ നിങ്ങളോടു കൂടെയുണ്ട്.

**27 തി** **ഉയിർപ്പ് നാലാം തിങ്കൾ**
വെളി 21:1-7 ദൈവം മനുഷ്യരുടെയിടയിൽ വസിക്കുന്നു.
യോഹ 14:15-24 പരിശുദ്ധത്രിത്വം വിശ്വാസികളിൽ വസിക്കും.

**28 ചൊ** **ഉയിർപ്പ് നാലാം ചൊവ്വ**
1 കോറി 3:18-23 നിങ്ങൾ മിശിഹായുടേതാകുന്നു.
മർക്കോ 3:13-19 മിശിഹായോടുകൂടെയായിരിക്കാനുള്ള വിളി.

**29 ബു** **ഉയിർപ്പ് നാലാം ബുധൻ**
ഫിലി 1:21-25 മിശിഹായോടുകൂടെ ആയിരിക്കാൻ ആഗ്രഹിക്കുന്ന ശ്ലീഹാ.
യോഹ 1:35-42 അവർ അവനോടുകൂടെ അവിടെ താമസിച്ചു.
**സിയന്നായിലെ വിശുദ്ധ കത്രീന ക.**
1 യോഹ 1:5-2:2 പാപം മായിക്കുന്ന മിശിഹാ.
മത്താ 11:25-30 രഹസ്യവും നിഗൂഢവുമായ ജ്ഞാനം.

**30 വ്യാ** **ഉയിർപ്പ് നാലാം വ്യാഴം**
കൊളോ 1:24-29 മഹത്ത്വത്തിന്റെ പ്രതീക്ഷയായ മിശിഹാ നിങ്ങളിലുണ്ട്.
യോഹ 6:52-59 എന്റെ ശരീരം ഭക്ഷിക്കുന്നവനിൽ ഞാൻ വസിക്കുന്നു.

# 2026 മെയ്

**1 വെ ഉയിർപ്പ് നാലാം വെള്ളി**
*ആദ്യവെള്ളി*
*ആനിക്കുഴിക്കാട്ടിൽ മാർ മാത്യു മെത്രാന്റെ ചരമം (2020), വലിയമറ്റം മാർ ജോർജ്ജ് (1988), താഴത്ത് മാർ ആൻഡ്രൂസ് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
2 കോറി 5:14-20 മിശിഹായിൽ ജീവിക്കുന്നവൻ പുതിയ സൃഷ്ടി.
യോഹ 3:1-12 ജലത്താലും അരൂപിയാലും ജനിക്കുക.
**തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്**
ഉത്പ 3:17-19, 23-24 നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം നേടുക.
ജ്ഞാനം 9:10-18 അദ്ധ്വാനം കൂടാതെ ഒന്നും സാധ്യമല്ല.
കൊളോ 3:14-17 എല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്യുക.
മത്താ 13:53-58 തച്ചന്റെ മകനായ ഈശോ.

**2 ശ ഉയിർപ്പ് നാലാം ശനി**
*കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2004)*
റോമാ 11:25-32 ദാനവും വിളിയും പിൻവലിക്കാത്ത ദൈവം.
മത്താ 18:10-14 നശിച്ചുപോയതിനെ രക്ഷിക്കാൻ വന്നവൻ.
**വിശുദ്ധ അത്തനേഷ്യസ് മെ.**
2 സാമു 22:1-7 ദാവീദിന്റെ വിജയകീർത്തനം.
പ്രഭാ 45:1-5 മൂശെ മഹത്വത്തിൽ മാലാഖമാർക്കു സമൻ.
2 കോറി 4:5-14 മൺപാത്രങ്ങളിലെ നിധി.
മത്താ 10:23-28 മിശിഹായെപ്രതി നിന്ദിക്കപ്പെടുന്നവർ.
**വിശുദ്ധ പീലിപ്പോസ്, വിശുദ്ധ യാക്കോബ് ശ്ലീഹന്മാർ (മെയ് 3)**
പുറ 15:1-6 മൂശെയുടെ കീർത്തനം.
ജ്ഞാനം 5:1-7 പീഡകളുടെ മുമ്പിൽ ആത്മധൈര്യത്തോടെ.
1 കോറി 9:16-23 സുവിശേഷം പ്രസംഗിക്കുക ക്രൈസ്തവദൗത്യം.
യോഹ 14:1-6 (14:1-14) വഴിയും സത്യവും ജീവനുമായ ഈശോ.

**3 ഞാ ✠ ഉയിർപ്പ് അഞ്ചാം ഞായർ (മാർ അദ്ദായി)**
പുറ 4:27-31 അഹറോൻ മൂശെയുടെ സഹായത്തിനെത്തുന്നു.
തോബി 5:1-10, 17-23 തോബിയാസിന്റെ സഹയാത്രികൻ.
ശ്ലീഹ 12:24-13:3 സാവൂളും ബർണബാസും മർക്കോസും.
ലൂക്കാ 10:1-12 എഴുപതുശിഷ്യരെ ഈരണ്ടുപേരായി അയയ്ക്കുന്നു.

**4 തി ഉയിർപ്പ് അഞ്ചാം തിങ്കൾ**
*അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട് മെത്രാന്റെ ചരമം (1918).*
2 കോറി 12:5-10 നിനക്ക് എന്റെ കൃപ മതി.
ലൂക്കാ 9:1-6 യാത്രയ്ക്ക് വടിയോ സഞ്ചിയോ അപ്പമോ പണമോ എടുക്കരുത്.

**5 ചൊ ഉയിർപ്പ് അഞ്ചാം ചൊവ്വ**
ഫിലി 2:19-30 പൗലോസിനോടൊപ്പം സുവിശേഷജോലി ചെയ്യുന്നവർ.
ലൂക്കാ 8:1-8 ഈശോയെ അനുഗമിച്ച സ്ത്രീകൾ.

**6 ബു ഉയിർപ്പ് അഞ്ചാം ബുധൻ**
ഫിലി 4:10-20 എന്നെ ശക്തനാക്കുന്നവനിലൂടെ

എല്ലാം ചെയ്യാൻ എനിക്കു സാധിക്കും.
ലൂക്കാ 17:5-10 വിശ്വാസത്തിന്റെ ശക്തിയാലുള്ള ശുശ്രൂഷ.
**വിശുദ്ധ ഡൊമിനിക് സാവിയോ**
1 യോഹ 2:14-17 ദൈവവചനം നിങ്ങളിൽ വസിക്കുന്നു.
മർക്കോ 10:13-16 ദൈവരാജ്യം ശിശുക്കൾക്ക്.

**7 വ്യാ** **ഉയിർപ്പ് അഞ്ചാം വ്യാഴം**
1 കോറി 15:1-11 ഞാൻ എന്തായിരിക്കുന്നുവോ
അതു ദൈവകൃപയാലാകുന്നു.
ലൂക്കാ 9:57-62 ദൈവരാജ്യപ്രഘോഷണത്തിനു വിളിക്കപ്പെടുന്നവർ.

**8 വെ** **ഉയിർപ്പ് അഞ്ചാം വെള്ളി**
1 കോറി 3:1-9 ശ്ലീഹായുടെയും സഹപ്രവർത്തകരുടെയും ദൗത്യം.
മത്താ 13:24-30 കളകളുടെ ഉപമ.

**9 ശ** **ഉയിർപ്പ് അഞ്ചാം ശനി**
റോമാ 11:11-16 ജനതകൾ രക്ഷയിലേക്ക്.
ലൂക്കാ 7:1-10 ജനതകളും വിശ്വാസത്തിലേക്ക്.

**10 ഞാ** **✠ ഉയിർപ്പ് ആറാം ഞായർ**
*അടുത്ത വ്യാഴാഴ്ച നമ്മുടെ കർത്താവിന്റെ*
*സ്വർഗ്ഗാരോഹണത്തിരുനാൾ.*
ഉത്പ 9:8-17 നോഹയുമായുള്ള ഉടമ്പടി.
2 രാജാ 2:1-15 ഏലിയാ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നു.
റോമാ 8:1-11 ശരീരങ്ങളുടെ ഉയിർപ്പ്.
യോഹ 5:19-29 വിശ്വസിക്കുന്നവൻ ഉയിർപ്പിക്കപ്പെടും.

**11 തി** **ഉയിർപ്പ് ആറാം തിങ്കൾ**
റോമാ 3:21-26 ഈശോമിശിഹാവഴിയുള്ള പരിത്രാണം.
യോഹ 4:27-30, 39-42 ഈശോമിശിഹാ ലോകരക്ഷകൻ.

**12 ചൊ** **ഉയിർപ്പ് ആറാം ചൊവ്വ**
റോമാ 6:19-23 ദൈവത്തിന്റെ ദാസന്മാരുടെ പ്രതിഫലം.
യോഹ 5:36-47 നിത്യജീവൻ പ്രാപിക്കാൻ മിശിഹായുടെ പക്കൽ ചെല്ലണം.

**13 ബു** **ഉയിർപ്പ് ആറാം ബുധൻ**
ശ്ലീഹ 20:7-12 എവുത്തിക്കോസ് ജീവൻ പ്രാപിക്കുന്നു.
മർക്കോ 5:21-24, 35-43 ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നു.

**14 വ്യാ** **ഉയിർപ്പ് ആറാം വ്യാഴം**
**നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം**
*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും*
*കടമുള്ള ദിവസവുമാണ്.*
ഉത്പ 5:18-24 ഹെനോക്ക് എടുക്കപ്പെട്ടു.
ശ്ലീഹ 1:1-14 ഈശോയുടെ സ്വർഗാരോഹണം.
ഹെബ്രാ 10:1-14 ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ ഈശോ.
മർക്കോ 16:9-20 ഈശോയുടെ സ്വർഗാരോഹണം.
**വിശുദ്ധ മത്തിയാസ് ശ്ലീഹാ**
1 സാമു 16:4-13 (16:1-13) ദാവീദിന്റെ അഭിഷേകം.
ശ്ലീഹ 1:15-26 മത്തിയാസിന്റെ തിരഞ്ഞെടുപ്പ്.

1 കോറി 1:26–30 ഭോഷന്മാരെ തിരഞ്ഞെടുക്കുന്ന ദൈവം.
മത്താ 11:25–30 ക്ലേശിതർക്കാശ്രയമായ മിശിഹാ.

**15 വെ** **ഉയിർപ്പ് ആറാം വെള്ളി**
*പൊരുന്നേടം മാർ ജോസ് മെത്രാന്റെ അഭിഷേകം(2004)*
വെളി 5:1–14 അറക്കപ്പെട്ട നിലയിൽ നില്ക്കുന്ന കുഞ്ഞാട്.
യോഹ 1:35–39 ദൈവത്തിന്റെ കുഞ്ഞാട്.
**വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുന്നാൾ**
പുറ 23:14–16 സംഭരണ തിരുന്നാൾ ആഘോഷിക്കണം
ജോയേ 2: 21–29 മെതിക്കളങ്ങളിൽ ധാന്യം നിറയും
റോമാ 11: 25–32 ദാനവും വിളിയും പിൻവലിക്കാത്ത ദൈവം
മത്താ 18: 10–14 വഴി തെറ്റിപോയതിനെ സംരക്ഷിക്കാൻ വന്ന ദൈവം

**16 ശ** **ഉയിർപ്പ് ആറാം ശനി**
*ആലപ്പാട്ട് മാർ ജോയി മെത്രാന്റെ നാമഹേതുകദിനം.*
ഹെബ്രാ 8:1–6 മിശിഹാ പുതിയനിയമ മധ്യസ്ഥൻ.
യോഹ 17:9–19 ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നു.

**17 ഞാ** **✠ ഉയിർപ്പ് ഏഴാം ഞായർ**
ഉത്പ 28:10–19 സ്വർഗവും ഭൂമിയും സന്ധിക്കുന്ന സ്ഥലം.
മിക്കാ 4:1–5 കർത്താവിന്റെ ആലയം.
1 പത്രോ 1:3–9 പ്രത്യാശയോടെ കാത്തിരിക്കുന്നവർ.
ലൂക്കാ 24:44–53 ദൈവാലയത്തിൽ സദാസമയവും പ്രാർഥിച്ചിരിക്കുന്ന ശിഷ്യർ.

**18 തി** **ഉയിർപ്പ് ഏഴാം തിങ്കൾ**
1 തിമോ 2:1–7 എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുക.
ലൂക്കാ 18:1–8 നിരന്തരം പ്രാർഥിക്കുക.

**19 ചൊ** **ഉയിർപ്പ് ഏഴാം ചൊവ്വ**
റോമാ 8:26–30 ആത്മാവ് നമുക്കുവേണ്ടി പ്രാർഥിക്കുന്നു.
ലൂക്കാ 18:9–14 പ്രാർഥിക്കുമ്പോൾ ഉണ്ടാകേണ്ട മനോഭവം.

**20 ബു** **ഉയിർപ്പ് ഏഴാം ബുധൻ**
*സീറോ-മലബാർ സഭയുടെ പ്രഥമ സിനഡിന്റെ ഉദ്ഘാടനം (1993), പ്രഥമ മേജർ ആർച്ച്ബിഷപ്പ് പടിയറ മാർ ആന്റണി മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (1993).*
*പെരുന്തോട്ടം മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2002).*
റോമാ 8:12–17 പിതാവേ എന്നു വിളിക്കാൻ നമ്മെ മക്കളാക്കുന്ന ആത്മാവ്.
ലൂക്കാ 11:1–4 ഈശോ പഠിപ്പിച്ച പ്രാർഥന.

**21 വ്യാ** **ഉയിർപ്പ് ഏഴാം വ്യാഴം**
ശ്ലീഹ 10:44–48 പ്രാർഥിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു.
മത്താ 7:7–14 നന്മകൾ നല്കുന്ന പിതാവ്.

**22 വെ** **ഉയിർപ്പ് ഏഴാം വെള്ളി**
എഫേ 6:14–20 ആത്മാവിൽ സദാ പ്രാർഥനാനിരതരായിരിക്കുവിൻ.
യോഹ 4:19–24 ആത്മാവിലും സത്യത്തിലുമുള്ള ആരാധന.

**23 ശ** **ഉയിർപ്പ് ഏഴാം ശനി**

2 കോറി 1:17-22 ഈശോമിശിഹാ
നമുക്ക് തന്റെ ആത്മാവിനെ നല്കിയിരിക്കുന്നു.
ലൂക്കാ 11:5-13 ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നല്കും.

## ശ്ലീഹാക്കാലം

പന്തക്കുസ്താത്തിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണ് 'ശ്ലീഹാക്കാലം' എന്നപേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നല്കുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽജനം വിളവെടുപ്പിനോടനുബന്ധപ്പെടുത്തി 'പന്തക്കുസ്താ'ത്തിരുനാൾ ആഘോഷിച്ചിരുന്നതായി പഴയനിയമത്തിൽ വായിക്കുന്നു. 'പന്തക്കുസ്ത' എന്ന പദത്തിന്റെ അർത്ഥം 'അമ്പത്' എന്നാണ് - അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോടനുബന്ധിച്ചുള്ള ആദ്യഫലസമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നീടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ദൈവജനമായിത്തീർന്നതിന്റെ ഓർമയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയനിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർഥം നല്കപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണ് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി 'ഉദ്ഘാടനം' ചെയ്യപ്പെട്ടത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. 'ശ്ലീഹാ' എന്ന പദത്തിന്റെ അർഥം തന്നെ ''അയയ്ക്കപ്പെട്ടവൻ'' എന്നാണ്. മാമോദീസായും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും ''അയയ്ക്കപ്പെട്ടവർ'' ആണെന്ന വസ്തുത ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ശ്ലീഹാക്കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച 'സ്വർണവെള്ളി' എന്നാണ് അറിയപ്പെടുന്നത്. ഈശോയുടെ നാമത്തിൽ മുടന്തനു ലഭിച്ച സൗഖ്യം, തിരുനാമത്തിൽ ചോദിക്കുന്നതെന്തും നല്കപ്പെടും എന്ന ഉറപ്പുനല്കുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, ലോകംമുഴുവനിലും രക്ഷയുടെ സന്ദേശം അറിയിക്കുകയെന്നത് ദൈവജനത്തിന്റെ ഉത്തരവാദിത്വമാണ്. ശ്ലീഹന്മാരെപ്പോലെ പ്രേഷിതരായിത്തീരാൻ ഈ കാലം നമ്മെ പ്രചോദിപ്പിക്കുന്നു. മിശിഹായാൽ അയയ്ക്കപ്പെട്ട നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്ന പ്രഖ്യാപനം, വിശ്വാസികളായ നമുക്കോരോരുത്തർക്കുമുള്ള ആഹ്വാനമാണ്. അയയ്ക്കപ്പെടുന്നവനു സംരക്ഷണം നല്കുന്ന ദൈവത്തെ ഈ കാലം നമുക്കു വെളിപ്പെടുത്തിത്തരുന്നു.

സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കപ്പെടുന്നവർ വചന കേന്ദ്രീകൃത ജീവിതം നയിക്കണം എന്ന് ഓർമിപ്പിക്കുന്നു. വചനമായ ദൈവത്തിന് നിർഭയം സാക്ഷ്യം നല്കേണ്ടതിന്റെ ആവശ്യകത ഈ കാലം ഊന്നിപ്പറയുന്നു. ഗോതമ്പുമണി മണ്ണിൽ വീണഴിയുമ്പോഴാണ് ഫലം പുറപ്പെടുവിക്കുന്നത്. അതിനാൽ, ധീരതയോടെ പ്രേഷിത ദൗത്യം നിർവഹിക്കണമെന്നും സഹനംവഴി നാം ജീവൻ നേടുമെന്നും ഈശോ നമ്മെ ഓർമിപ്പിക്കുന്നു. ഏതു സാഹചര്യത്തിലും മിശിഹായ്ക്കു സാക്ഷ്യം നല്കുകയെന്നതാണ് എല്ലാ ക്രൈസ്തവരുടെയും പ്രഥമദൗത്യം.

പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്, മാമോദീസ സ്വീകരിച്ച

ഓരോ വ്യക്തിയിലും വസിക്കുകയും അവിടത്തെ കൃപയും ഫലങ്ങളും അവരിൽ വർഷിക്കുകയും ചെയ്യുന്നു. മിശിഹാ പഠിപ്പിച്ച കാര്യങ്ങൾ ഓരോനിമിഷവും അനുസ്മരിക്കുകയും അവിടത്തെ കല്പനകൾ പാലിക്കുകയും ചെയ്യണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം അത്യന്താപേക്ഷിതമാണ്. നമ്മിലുള്ള ദൈവാത്മാവിനെ പാപംവഴി നഷ്ടപ്പെടുത്തിയാൽ നാശമായിരിക്കും ഫലം എന്ന് ഈ കാലം ഓർമിപ്പിക്കുന്നു.

തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റി സഞ്ചരിച്ച്, പുതിയ സഭാസമൂഹങ്ങൾക്കു രൂപംകൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്, അവിടുത്തെ നിരന്തരസഹായത്താൽ, നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

**24 ഞാ** **✠ ശ്ലീഹാ ഒന്നാം ഞായർ (പന്തക്കുസ്താത്തിരുനാൾ)**
*ഇന്നുമുതൽ ത്രികാലജപം 'കർത്താവിന്റെ മാലാഖ' ചൊല്ലുന്നു.*
ഉത്പ 2:1-8 ആദത്തിൽ ജീവശ്വാസം നിശ്വസിച്ചു.
ജോബ് 33:2-4 + 34:14-15 ദൈവചൈതന്യം എന്നെ സൃഷ്ടിച്ചു.
ശ്ലീഹ 2:1-21 പരിശുദ്ധാത്മാവിന്റെ ആഗമനം.
യോഹ 20:19-23 ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നു.

**25 തി** **ശ്ലീഹാ ഒന്നാം തിങ്കൾ**
ഗലാ 3:10-14 പരിശുദ്ധറൂഹായാകുന്ന വാഗ്ദാനം.
യോഹ 16:5-15 പരിശുദ്ധറൂഹാ സഹായകനും ഗുരുനാഥനും.

**26 ചൊ** **ശ്ലീഹാ ഒന്നാം ചൊവ്വ**
*ആർച്ചുബിഷപ്പ് ഭരണികുളങ്ങര*
*മാർ കുര്യാക്കോസിന്റെ അഭിഷേകം (2012)*
1 കോറി 12:4-11, 28-31 ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും
ആത്മാവ് ഒന്നുതന്നെ.
ലൂക്കാ 19:11-27 താലന്തുകൾ വർധിപ്പിക്കുക.

**27 ബു** **ശ്ലീഹാ ഒന്നാം ബുധൻ**
റോമാ 12:3-13 ആത്മാവിൽ ജ്വലിക്കുന്നവരായി
കർത്താവിനെ സേവിക്കുവിൻ.
ലൂക്കാ 1:39-45 മറിയം ഏലീശ്വായെ സന്ദർശിക്കുന്നു.

**28 വ്യാ** **ശ്ലീഹാ ഒന്നാം വ്യാഴം**
റോമാ 15:7-13 ദൈവകാരുണ്യത്തിന് സ്തുതി.
ലൂക്കാ 10:17-22 ഈശോ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് സ്തുതിക്കുന്നു.

**29 വെ** **ശ്ലീഹാ ഒന്നാം വെള്ളി**
**സ്വർണവെള്ളി**
*ഈ ദിവസം രണ്ടു വായനകൾ മാത്രമേ*
*നടത്തുന്നുള്ളുവെങ്കിൽ ലേഖനത്തിനു പകരം*
*ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള വായന*
*എടുക്കുന്നതാണ് അഭിലഷണീയം.*
*മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജിന്റെ*
*സ്ഥാനാരോഹണം (2011).*

തോബി 11:1-17 തോബിത്ത് സുഖം പ്രാപിക്കുന്നു.
ഏശ 35:1-10 മുടന്തൻ മാനിനെപ്പോലെ കുതിച്ചുചാടും.
ശ്ലീഹ 3:1-10 മുടന്തനെ സുഖപ്പെടുത്തുന്നു.
യോഹ 16:19-24 ഈശോയുടെ നാമത്തിൽ ചോദിക്കുന്നതു നല്കപ്പെടും.

**30 ശ** **ശ്ലീഹാ ഒന്നാം ശനി**
റോമാ 14:1-9 ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവർ.
മർക്കോ 13:9-13 പരിശുദ്ധാത്മാവ് നിങ്ങളിലൂടെ സംസാരിക്കും.
**പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം (മെയ് 31)**
റോമാ 12:9-16 അനുഗ്രഹങ്ങൾ പങ്കുവയ്ക്കണം.
ലൂക്കാ 1:39-45 കന്യകാമറിയം ഏലീശ്വയെ സന്ദർശിക്കുന്നു.

**31 ഞാ** **✠ ശ്ലീഹാ രണ്ടാം ഞായർ**
*പനംതോട്ടത്തിൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2023)*
പുറ 19:1-8 കർത്താവു കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം.
എസെ 2:1-7 എസെക്കിയേലിന്റെ ദൗത്യം.
1 തിമോ 1:12-19 ശ്ലീഹായാകാൻ സാധിച്ചതിനു കൃതജ്ഞത.
യോഹ 11:1-16 നമുക്കും അവനോടുകൂടെ പോയി മരിക്കാം.
**പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ**
ഉത്പ 18:1-8 അബ്രാഹം ദൈവദൂതന്മാരെ സത്ക്കരിക്കുന്നു.
ഏശ 48:12-17 പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവം.
റോമാ 5:1-5 പരിശുദ്ധാത്മാവിലൂടെ ചൊരിയപ്പെട്ടിരിക്കുന്ന ദൈവസ്നേഹം.
യോഹ 16:12-15 സത്യാത്മാവിലൂടെ പൂർണത.

# 2026 ജൂൺ

1 തി **ശ്ലീഹാ രണ്ടാം തിങ്കൾ**
*മുണ്ടാടൻ മാർ ശ്രേഷ്യൻ മെത്രാന്റെ നാമഹേതുകദിനം.*
റോമാ 8:31-39 ദൈവസ്നേഹത്തിൽനിന്ന് വേർപെടുകയില്ല.
മർക്കോ 3:13-19 മിശിഹായോടുകൂടെ ആയിരിക്കുവാനുള്ള വിളി.
**വിശുദ്ധ ജസ്റ്റിൻ**
ഉത്പ 18:23-32 ദുഷ്ടരെ ശിക്ഷിക്കുന്ന ദൈവം.
ജ്ഞാനം 10:9-14 ദുരിതങ്ങളിൽ രക്ഷിക്കുന്ന ജ്ഞാനം.
1 കോറി 1:18-25 കുരിശ് ദൈവത്തിന്റെ ശക്തി.
ലൂക്കാ 12:2-8 ഭയംകൂടാതെ സാക്ഷ്യം നല്കുക.

2 ചൊ **ശ്ലീഹാ രണ്ടാം ചൊവ്വ**
*ധന്യൻ കുര്യാളശ്ശേരി മാർ തോമ്മാ മെത്രാന്റെ ചരമം (1925).*
വെളി 18:1-8 ബാബിലോണിന്റെ പതനം.
മർക്കോ 8:34-38 ലോകംമുഴുവൻ നേടിയാലും
ആത്മാവു നശിച്ചാൽ എന്തു ഫലം?

3 ബു **ശ്ലീഹാ രണ്ടാം ബുധൻ**
ഹെബ്രാ 10:11-18 മിശിഹായുടെ ഏകബലി.
ലൂക്കാ 14:25-35 മിശിഹായ്ക്കുവേണ്ടി സർവവും ഉപേക്ഷിക്കുക

4 വ്യാ **ശ്ലീഹാ രണ്ടാം വ്യാഴം**
**പരിശുദ്ധ കുർബാനയുടെ തിരുനാൾ**
ഉത്പ 14:17-20 മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു.
മലാ 1:6-11 നിരന്തരം അർപ്പിക്കപ്പെടുന്ന ബലി.
1 കോറി 11:23-30 എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ.
മത്താ 26:17-29 പരിശുദ്ധകുർബാനയുടെ സ്ഥാപനം.

5 വെ **ശ്ലീഹാ രണ്ടാം വെള്ളി**
*ആദ്യവെള്ളി*
ഹെബ്രാ 10:32-39 വളരെ പ്രതിഫലം ലഭിക്കാനിരിക്കുന്ന ആത്മധൈര്യം.
മർക്കോ 10:23-31 മിശിഹായെ അനുഗമിക്കുന്നവർക്കുള്ള പ്രതിഫലം.

6 ശ **ശ്ലീഹാ രണ്ടാം ശനി**
2 കോറി 3:1-6 ഞങ്ങളുടെ ശിപാർശക്കത്ത് നിങ്ങൾതന്നെ.
യോഹ 10:31-42 ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു.

7 ഞാ **✠ ശ്ലീഹാ മൂന്നാം ഞായർ**
പുറ 23:20-26 എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു.
യോനാ 4:1-11 യോനായുടെ പ്രേഷിതദൗത്യം.
റോമാ 15:14-21 സുവിശേഷം പ്രസംഗിക്കുക.
ലൂക്കാ 9:1-6 ശ്ലീഹന്മാരെ അയയ്ക്കുന്നു.

8 തി **ശ്ലീഹാ മൂന്നാം തിങ്കൾ**
റോമാ 1:1-7 ശ്ലൈഹികസ്ഥാനം സുവിശേഷപ്രഘോഷണത്തിന്.
ലൂക്കാ 4:14-22 ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കപ്പെട്ടവൻ.
**വിശുദ്ധ മറിയം ത്രേസ്യ ക.**
ഉത്പ 12:1-4 അബ്രാമിനെ ദൈവം വിളിക്കുന്നു.
പ്രഭാ 2:1-6 കർത്താവിൽ ആശ്രയിക്കുക.

ഗലാ 2:19-21 മിശിഹായോടുകൂടെ ക്രൂശിക്കപ്പെടുക.
മത്താ 25:31-40 ദൈവസ്നേഹം പരസ്നേഹപ്രവൃത്തികളിലൂടെ പ്രകടമാക്കുക.

**9 ചൊ** **ശ്ലീഹാ മൂന്നാം ചൊവ്വ**

നരിക്കുളം മാർ എഫ്രേം മെത്രാന്റെ നാമഹേതുക ദിനം
ശ്ലീഹ 19:11-20 പൗലോസ്ശ്ലീഹാ ചെയ്ത അദ്ഭുതങ്ങൾ.
മത്താ 17:14-21 അപസ്മാരം ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു.

**മാർ അപ്രേം**

നിയ 26:16-19 നിങ്ങൾ വിശുദ്ധ ജനം.
പ്രഭാ 45:1-5 മൂശെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്ക് പാത്രമായി.
റോമാ 5:1-5 നീതിമത്കരണത്തിന്റെ ഫലങ്ങൾ.
മത്താ 5:13-20 നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.

**10 ബു** **ശ്ലീഹാ മൂന്നാം ബുധൻ**

വെളി 3:14-22 നിനക്കു കാഴ്ച ലഭിക്കാൻ കണ്ണിൽ ലേപം പൂശുക.
യോഹ 9:1-11 പോയി ശീലോഹാക്കുളത്തിൽ കഴുകുക.

**11 വ്യാ** **ശ്ലീഹാ മൂന്നാം വ്യാഴം**

*മങ്കുഴിക്കരി മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1994).*

കൊളോ 2:8-17 അധികാരത്തിന്റെ പൂർണത മിശിഹായിലാണ്.
മർക്കോ 3:1-12 കൈ ശോഷിച്ചവന് സൗഖ്യം.

**വിശുദ്ധ ബർണ്ണബാസ്**

1 ദിന 16:8-12 കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കുക.
ശ്ലീഹ 11:21-26 (11:1-3, 21-26) ബർണ്ണബാസിന്റെ പ്രേഷിതപ്രവർത്തനങ്ങൾ.
ഗലാ 2:1-10 ബർണ്ണബാസ് പൗലോസിനോടുകൂടെ.
മത്താ 10:16-22 മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നവർക്ക് പീഡകൾ.

**12 വെ** **ശ്ലീഹാ മൂന്നാം വെള്ളി (ഈശോയുടെ തിരുഹൃദയതിരുനാൾ)**

ഉത്പ 22:9-14 അബ്രാഹത്തിന്റെ ബലിയർപ്പണം.
ഏശ 52:13-53:9 അവൻ നമുക്കുവേണ്ടി മുറിവേല്പിക്കപ്പെട്ടു.
ഹെബ്രാ 10:19-24 ശരീരമാകുന്ന തിരശ്ശീലയിലൂടെ ജീവന്റെ പുതുവഴി.
യോഹ 19:31-37 കുത്തിപ്പിളർക്കപ്പെട്ട ഹൃദയം.

**13 ശ** **ശ്ലീഹാ മൂന്നാം ശനി**
**(പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയതിരുനാൾ)**

ഉത്പ 17:15-22 ഇസഹാക്കിനെക്കുറിച്ചുള്ള അറിയിപ്പ്.
ഏശ 7:10-16 കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും.
ഹെബ്രാ 4:12-16 ദൈവത്തിന്റെ വചനം സജീവവും പ്രവർത്തനിരതവും.
ലൂക്കാ 2:41-52 ബാലനായ യേശു ദേവാലയത്തിൽ.

**പാദുവായിലെ വിശുദ്ധ അന്തോണീസ്**

*ആർച്ച് ബിഷപ്പ് കരിയിൽ മാർ ആന്റണി, ചിറയത്ത് മാർ ആന്റണി, പാണേങ്ങാടൻ മാർ പ്രിൻസ് ആന്റണി, നീലങ്കാവിൽ മാർ ടോണി എന്നിവരുടെ നാമഹേതുകദിനം.*

1 കോറി 2:1-10 ജ്ഞാനം ആത്മാവിന്റെ ദാനം.
ലൂക്കാ 10:1-9 ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവിൻ.

**14 ഞാ** **✠ ശ്ലീഹാ നാലാം ഞായർ**

*കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ ചരമം (2017).*

പുറ 20:1-17 പത്തു കല്പനകൾ.
എസ 3:1-11 വചനത്തിന്റെ ശക്തിയാലുള്ള പ്രഘോഷണം.
റോമാ 10:5-15 സുവിശേഷം പ്രസംഗിക്കുന്നവരുടെ
പാദങ്ങൾ എത്രയോ സുന്ദരം.
യോഹ 6:60-69 നിത്യജീവന്റെ വചസ്സുകൾ.

**15 തി** **ശ്ലീഹാ നാലാം തിങ്കൾ**
2 തിമോ 3:10-17 മനുഷ്യൻ വിശുദ്ധഗ്രന്ഥത്താൽ പൂർണനാകുന്നു.
മർക്കോ 4:10-20 വിതക്കാരന്റെ ഉപമയുടെ വിശദീകരണം.

**16 ചൊ** **ശ്ലീഹാ നാലാം ചൊവ്വ**
ഹെബ്രാ 8:7-13 എന്റെ നിയമം അവരുടെ മനസ്സുകളിൽ ഞാൻ സ്ഥാപിക്കും.
യോഹ 6:41-46 ദൈവം എല്ലാവരെയും പഠിപ്പിക്കും.

**17 ബു** **ശ്ലീഹാ നാലാം ബുധൻ**
എഫേ 6:10-20 ശ്ലീഹാ സുവിശേഷത്തിന്റെ സന്ദേശവാഹകൻ.
യോഹ 14:21-24 ഈ വചനം എന്റേതല്ല; പിതാവിന്റേതാണ്.

**18 വ്യാ** **ശ്ലീഹാ നാലാം വ്യാഴം**
*പെരുമറ്റം മാർ ജോൺ മെത്രാന്റെ ചരമം (2011).*
*കൊച്ചുപുരയ്ക്കൽ മാർ പീറ്റർ മെത്രാന്റെ അഭിഷേകം (2020).*
ശ്ലീഹ 5:12-20 ജീവന്റെ വചനം പ്രസംഗിക്കുവിൻ.
യോഹ 17:1-8 നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തു.

**19 വെ** **ശ്ലീഹാ നാലാം വെള്ളി**
യാക്കോ 1:19-27 വചനത്തിന്റെ യഥാർഥ ശ്രോതാക്കൾ.
ലൂക്കാ 6:46-49 ദൈവവചനത്തിനനുസൃതം പ്രവർത്തിക്കുന്നവൻ.

**20 ശ** **ശ്ലീഹാ നാലാം ശനി**
വെളി 3:7-13 എന്റെ വചനം നീ കാത്തു.
യോഹ 5:19-24 വചനം കേൾക്കുന്നവനു നിത്യജീവൻ.

**21 ഞാ** **✠ ശ്ലീഹാ അഞ്ചാം ഞായർ**
പുറ 7:1-6 മൂശെയും അഹറോനും ഫറവോയുടെ മുൻപിൽ.
ജറെ 11:18-23 ജറമിയായ്ക്കെതിരേ ഗൂഢാലോചന.
2 കോറി 4:7-18 മിശിഹായിൽ ശ്ലീഹായുടെ സഹനം.
മത്താ 10:16-33 ഭയപ്പെടാതെ സാക്ഷ്യം നല്കുവിൻ.

**22 തി** **ശ്ലീഹാ അഞ്ചാം തിങ്കൾ**
1 പത്രോ 2:18-25 കഷ്ടതകൾ സന്മനസ്സോടെ സഹിക്കുക.
യോഹ 15:18-27 ശിഷ്യരെയും ലോകം പീഡിപ്പിക്കും.
**വിശുദ്ധ ജോൺ ഫിഷർ, വിശുദ്ധ തോമസ് മൂർ**
1 പത്രോ 4:12-19 മിശിഹായോടൊപ്പം സഹിക്കുക.
മത്താ 10:16-22 അവസാനംവരെ സഹിച്ചു നില്ക്കുന്നവർ രക്ഷപ്പെടും.

**23 ചൊ** **ശ്ലീഹാ അഞ്ചാം ചൊവ്വ**
2 തെസ 1:3-10 ദൈവരാജ്യത്തിനുവേണ്ടി പീഡകൾ.
യോഹ 16:1-7 നിങ്ങൾക്ക് ഇടർച്ചയുണ്ടാകരുത്.

**24 ബു** **ശ്ലീഹാ അഞ്ചാം ബുധൻ**
1 പത്രോ 3:13-19 മിശിഹാ നമുക്കുവേണ്ടി മരിച്ചു.

യോഹ 12:20-28 ഗോതമ്പുമണി മണ്ണിൽ വീണ് അഴിയണം.
**വിശുദ്ധ യോഹന്നാൻ മാംദാനയുടെ ജനനം**
2 സാമു 12:1-10 നാഥാൻ പ്രവാചകന്റെ ശകാരം
ജറെ 1:4-10, 16-19 ഉദരത്തിൽ രൂപപ്പെടുത്തുന്നതിനുമുമ്പേ നിന്നെ ഞാൻ അറിഞ്ഞു.
ഗലാ 4:1-7 നീ ദാസനല്ല പുത്രനാണ്.
ലൂക്കാ 1:57-66 യോഹന്നാൻ മാംദാനയുടെ ജനനം.

**25 വ്യാ** **ശ്ലീഹാ അഞ്ചാം വ്യാഴം**
2 കോറി 10:1-6 പൗലോസിന്റെ ധീരമായ ന്യായവാദം.
ലൂക്കാ 13:31-35 ധീരതയോടെ ദൗത്യം നിർവഹിക്കുക.

**26 വെ** **ശ്ലീഹാ അഞ്ചാം വെള്ളി**
ഫിലി 1:27-30 സുവിശേഷത്തിലുള്ള വിശ്വാസത്തിനായി പോരാടുക.
ലൂക്കാ 12:4-12 ഭയപ്പെടാതെ മിശിഹായെ അംഗീകരിച്ചുപറയുക.

**27 ശ** **ശ്ലീഹാ അഞ്ചാം ശനി**
റോമാ 8:18-25 വെളിപ്പെടാനിരിക്കുന്ന മഹത്ത്വം.
ലൂക്കാ 21:12-19 സഹനംവഴി നിങ്ങൾ ജീവൻ നേടും.
**വിശുദ്ധ ഇരണേവൂസ് മെ. (ജൂൺ 28)**
പുറ 28:28-30 വിശുദ്ധസ്ഥലത്ത് ശുശ്രൂഷചെയ്യുന്ന പുരോഹിതൻ.
മലാ 2:4-7 പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം.
2 തിമോ 3:14-17 വിശുദ്ധ ലിഖിതങ്ങൾ പ്രബോധനത്തിനും ശാസനത്തിനും.
യോഹ 14:26-30 എല്ലാം പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ്.

**28 ഞാ** **✠ ശ്ലീഹാ ആറാം ഞായർ**
ലേവ്യ 8:1-13 അഹറോന്റെയും പുത്രന്മാരുടെയും അഭിഷേകം.
ഏശ 6:1-8 ഇതാ, ഞാൻ; എന്നെ അയച്ചാലും.
1 കോറി 1:26-31 ദൈവവിളി.
മത്താ 9:27-38 വിളവിന്റെ നാഥനോടു പ്രാർഥിക്കുവിൻ.

**29 തി** **ശ്ലീഹാ ആറാം തിങ്കൾ**
*കണ്ണൂക്കാടൻ മാർ പോളി, ആലപ്പാട്ട് മാർ പോൾ, കൊച്ചുപുരയ്ക്കൽ മാർ പീറ്റർ എന്നീ മെത്രാന്മാരുടെ നാമഹേതുക ദിനം.*
ശ്ലീഹ 1:15-26 ശ്ലീഹന്മാർ പ്രാർഥിച്ചശേഷം മത്തിയാസിനെ തിരഞ്ഞെടുക്കുന്നു.
ലൂക്കാ 6:12-19 മിശിഹാ പ്രാർഥിച്ചശേഷം ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു.

**വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ**

*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.*
2 രാജാ 4:16-21, 32-37 (4:8-37) ഷൂനാംകാരിയുടെ പുത്രനു ജീവൻ.
ശ്ലീഹ 9:36-42 പത്രോസ് പ്രവർത്തിച്ച അത്ഭുതം.
2 കോറി 11:21b-33 (10:1-7 + 11:21b-33) മിശിഹായെ പ്രതിയുള്ള സഹനങ്ങളിൽ അഭിമാനിക്കുന്ന പൗലോസ് ശ്ലീഹ.
യോഹ 21:15-19 (മത്താ 16:13-19 + യോഹ 21:15-19) എന്റെ ആടുകളെ മേയ്ക്കുക.

**30 ചൊ** **ശ്ലീഹാ ആറാം ചൊവ്വ**

2 തെസ 2:13-17 വിശ്വാസികൾക്കുവേണ്ടിയുള്ള ശ്ലീഹായുടെ പ്രാർഥന.
യോഹ 17:9-19 ഈശോ ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നു.

## 2026 ജൂലൈ

**1 ബു ശ്ലീഹാ ആറാം ബുധൻ**
*അങ്ങാടിയത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (2001)*
2 കോറി 3:4-11 ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ.
ലൂക്കാ 1:26-38 മറിയം മിശിഹായുടെ അമ്മയാകാൻ വിളിക്കപ്പെട്ടവൾ.

**2 വ്യാ ശ്ലീഹാ ആറാം വ്യാഴം**
എഫേ 3:14-21 സഭയ്ക്കുവേണ്ടിയുള്ള പ്രാർഥന.
യോഹ 17:20-26 ഈശോ വിശ്വാസികൾക്കുവേണ്ടി പ്രാർഥിക്കുന്നു.

**3 വെ ✠ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**
*ആദ്യവെള്ളി*
*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്.*
*ഇലവനാൽ മാർ തോമസ്, ചക്യത്ത് മാർ തോമസ്,*
*തുരുത്തിമറ്റം മാർ തോമസ്, തറയിൽ മാർ തോമസ്,*
*പാടിയത്ത് മാർ തോമസ് എന്നീ മെത്രാന്മാരുടെ*
*നാമഹേതുകദിനം.*
*നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ അഭിഷേകം (1990).*
ഉത്പ 2:8-17 ദൈവം മനുഷ്യനെ സൃഷ്ടിച്ച്
ഏദെൻതോട്ടത്തിൽ പാർപ്പിക്കുന്നു.
സുഭാ 4:10-18 കല്പനകൾ പാലിച്ച് ജീവനിൽ പ്രവേശിക്കുക.
എഫേ 2:19-22 ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറ.
യോഹ 20:24-29 മിശിഹായെ കർത്താവും ദൈവവുമായി
ഏറ്റുപറയുന്ന തോമാശ്ലീഹാ.

**4 ശ ശ്ലീഹാ ആറാം ശനി**
ശ്ലീഹ 6:1-7 ഏഴു ശുശ്രൂഷകരുടെ തിരഞ്ഞെടുപ്പ്.
ലൂക്കാ 8:1-8 ഈശോയെ അനുഗമിച്ച സ്ത്രീകൾ.

**5 ഞാ ✠ ശ്ലീഹാ ഏഴാം ഞായർ**
സംഖ്യ 11:16-18, 24-30 എഴുപതു നേതാക്കന്മാർക്ക് അരൂപിയെ ലഭിക്കുന്നു.
1 സാമു 16:14-23 ദൈവാത്മാവിനെ നഷ്ടപ്പെടുത്തിയ സാവൂൾ.
ഗലാ 5:16-26 ആത്മാവിന്റെ ഫലങ്ങൾ.
യോഹ 14:15-20, 25-26 ഈശോയുടെ പ്രാർഥനയാൽ പിതാവ്
അയയ്ക്കുന്ന സഹായകൻ.

**6 തി ശ്ലീഹാ ഏഴാം തിങ്കൾ**
എഫേ 1:3-14 പരിശുദ്ധാത്മാവിനാൽ മിശിഹായിൽ മുദ്രിതർ.
മത്താ 3:4-12 പരിശുദ്ധാത്മാവിനാൽ മാമോദീസാ നല്കുന്നവൻ.

**7 ചൊ ശ്ലീഹാ ഏഴാം ചൊവ്വ**
തീത്തോ 3:1-7 മാമോദീസാ സ്വീകരിച്ചവരുടെ കടമകൾ.
യോഹ 3:1-12 ജലത്താലും ആത്മാവിനാലുമുള്ള ജനനം.

**8 ബു ശ്ലീഹാ ഏഴാം ബുധൻ**
1 കോറി 12:1-11 ഈശോ കർത്താവാണെന്നുപറയാൻ

ശക്തനാക്കുന്ന പരിശുദ്ധാത്മാവ്.
മർക്കോ 3:20-30 ദൈവാത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല.

**9 വ്യാ** **ശ്ലീഹാ ഏഴാം വ്യാഴം**
*താരാമംഗലം മാർ അലക്സ് മെത്രാന്റെ നാമഹേതുകദിനം.*
ഹെബ്രാ 3:7-19 പരിശുദ്ധാത്മാവിന്റെ സ്വരത്തിന് ചെവികൊടുക്കുക.
മത്താ 16:1-12 ഈശോയെ പരീക്ഷിക്കുന്ന ഫ്രീശരും സദുക്കായരും.

**10 വെ** **ശ്ലീഹാ ഏഴാം വെള്ളി**
**കർത്താവിന്റെ എഴുപതുശിഷ്യന്മാർ**
*പഴയാറ്റിൽ മാർ ജയിംസ് മെത്രാന്റെ ചരമം (2016).*
പുറ 24:1-11 ഇസ്രായേൽശ്രേഷ്ഠന്മാരായ എഴുപതുപേർ.
ഏശ 50:4-10 കർത്താവ് എന്നെ ശിഷ്യനെയെന്നപോലെ അഭ്യസിപ്പിച്ചു.
2 കോറി 6:1-10 സമ്പൂർണമായ ശുശ്രൂഷ.
ലൂക്കാ 10:1-12, 17-20 എഴുപതു ശിഷ്യന്മാർ.

**11 ശ** **ശ്ലീഹാ ഏഴാം ശനി**
*ലവീഞ്ഞ് മാർ ചാൾസ് മെത്രാന്റെ ചരമം (1913).*
റോമാ 14:13-19 ദൈവരാജ്യമെന്നത് പരിശുദ്ധാത്മാവിലുള്ള സന്തോഷമാണ്.
യോഹ 16:16-24 എടുത്തുകളയപ്പെടാത്ത സന്തോഷം.
**നർസിയായിലെ വിശുദ്ധ ബനഡിക്ട്**
ഉത്പ 17:1-8 അബ്രാഹവുമായി ഉടമ്പടി.
ജ്ഞാനം 9:1-12 ജ്ഞാനത്തിനുവേണ്ടിയുള്ള പ്രാർഥന.
റോമാ 8:12-17 ജഡികരായി ജീവിച്ചാൽ മരിക്കും.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചു കൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണമായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന ഈ കാലത്തെ ''കൈത്താക്കാലം'' എന്നു വിളിക്കുന്നു. ''കൈത്ത'' എന്ന പദത്തിന്റെ അർഥം''വേനൽ'' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. സഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണ് കൈത്താക്കാലം. സാധാരണയായി, ഏഴ് ആഴ്ചകളാണ് ഈ കാലത്തിലുള്ളത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിത പ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരു പിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലം ചൂടുന്നതിനെയാണ് ഈ കാലം ഓർമിപ്പിക്കുന്നത്.

ശ്ലീഹാക്കാലത്തെയും ഏലിയാ-സ്ലീവ-മൂശെ കാലങ്ങളെയും ബന്ധിപ്പിക്കുന്ന കൈത്താക്കാലം സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുകയും രക്ഷകന്റെ രണ്ടാം വരവിനുവേണ്ടിയുള്ള നമ്മുടെ ഒരുക്കത്തിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ ദിനമാണ്. 'നൂസർദേൽ' അഥവാ 'ദൈവത്തിന്റെ തിരുനാൾ' എന്നും ഇതിനു പേരുണ്ട്. സ്വന്തം ചുടുനിണത്താൽ സഭാതരുവിനെ നനച്ചുവളർത്തുകയും ധീരമായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധരെയും രക്തസാ

ക്ഷികളെയുമാണ് ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. സ്വജീവൻ മിശിഹാനാഥനുവേണ്ടി ഹോമിച്ച നിസിബിസിലെ മാർ യാക്കോബിനെ ഒന്നാമത്തെ വെള്ളിയാഴ്ചയും മാർ അദ്ദായിയുടെ ശിഷ്യനും പേർഷ്യൻ സഭയുടെ സ്ഥാപകനുമായ മാർ മാറിയെ രണ്ടാമത്തെ വെള്ളിയാഴ്ചയും വിശുദ്ധ ശ്മോനിയെയും ഏഴുമക്കളെയും (2 മക്ക 7) അഞ്ചാമത്തെ വെള്ളിയാഴ്ചയും 'ഉത്ഥാനഗീതം' രചിച്ചുവെന്നു കരുതപ്പെടുന്ന പാത്രിയാർക്കീസ് വിശുദ്ധ ശെമയോൻ ബർസാബയെയും (എ.ഡി. 323-341) സഹരക്തസാക്ഷികളെയും ആറാമത്തെ വെള്ളിയാഴ്ചയും സഭ ഓർക്കുകയും അവരുടെ ജീവിതമാതൃക അനുകരിക്കാൻ വിശ്വാസികളെ ക്ഷണിക്കുകയും ചെയ്യുന്നു.

മിശിഹായോടു ചേർന്നുനില്ക്കുമ്പോഴാണ് സഭാതരുവിനു വളരാനും സത്ഫലങ്ങൾ നല്കാനും സാധിക്കുന്നത്. സഭാതനയരായ നമ്മിൽ നിന്നും നന്മയുടെ ഫലങ്ങൾക്കായി കർത്താവു ക്ഷമാപൂർവം കാത്തിരിക്കുകയാണ്. നല്ലഫലങ്ങൾ പുറപ്പെടുവിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തങ്ങളെക്കുറിച്ച് ഈ കാലത്തെ വായനകൾ നമുക്കു മുന്നറിയിപ്പുതരുന്നു.

രക്ഷയുടെ പേടകമായി നിലകൊള്ളുന്ന സഭയ്ക്കെതിരേ അന്ധകാര ശക്തികൾ ആഞ്ഞടിച്ചാലും സഭയുടെ മണവാളനായ മിശിഹാ അമരക്കാരനായിരുന്നുകൊണ്ട് സഭയെ സംരക്ഷിച്ച് അവളെ സ്വർഗീയ ഓറെശ്ലെമിലേക്ക് നയിക്കും. അതിനാൽ, സഭയിൽ അഭയം തേടുന്നവർ ഭയപ്പെടേണ്ടതില്ലെന്ന പ്രത്യാശ ഈ കാലം നമുക്കു നല്കുന്നു. ലോകവും അതിലുള്ള സമസ്തവും നശിപ്പിക്കപ്പെടും; എന്നാൽ, കർത്താവിലുള്ള വിശ്വാസമാകുന്ന യഥാർഥനിക്ഷേപം നിലനില്ക്കും. അതിനാൽ, ലൗകികമായതിൽ കുടുങ്ങാതെ സ്വർഗത്തിൽ നിക്ഷേപം സൂക്ഷിക്കാൻ കൈത്താക്കാലം ഉദ്ബോധിപ്പിക്കുന്നു.

**നിസിബിസിലെ യാക്കോബ്:**

നിസിബിസിലെ ഒരു മലയിലാണു താപസചൈതന്യത്തോടുകൂടെ യാക്കോബ് താമസിച്ചിരുന്നത്. യാക്കോബിൽ വിളങ്ങിയിരുന്ന വിശുദ്ധിമൂലം അനേകർ അദ്ദേഹത്തെ തേടിയെത്തി. ഒടുവിൽ നിസിബിസിലെ ആദ്യമെത്രാനായി എ.ഡി. 308-ൽ അദ്ദേഹം നിയമിതനായി. തന്റെ പഠനങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും സഭയെ പടുത്തുയർത്തിയ യാക്കോബ് നിസിബിസിൽ മനോഹരമായ ഒരു ദൈവാലയവും ദൈവശാസ്ത്രകലാലയവും സ്ഥാപിച്ചു. തന്റെ ഗുരുവായ മാർ യാക്കോബ് സഭയ്ക്കു നല്കിയ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് നിസിബിയൻ ഗീതത്തിൽ മാർ അപ്രേം ഇപ്രകാരമെഴുതുന്നു. 'അദ്ദേഹം അവളെ ജനിപ്പിക്കുകയും അവളുടെ ശൈശവത്തിൽ അവൾക്കു പാല് നല്കുകയും ചെയ്തു' (നിസിബിയൻ ഗീതങ്ങൾ, 14, 6).

**മാർ മാറി:**

പൗരസ്ത്യസുറിയാനി സഭയിൽ കൈത്താക്കാലം രണ്ടാം വെള്ളിയാഴ്ചയാണ് മാർ മാറിയുടെ ഓർമ ആചരിക്കുന്നത്. ക്രൈസ്തവസഭകളിലെ ഏറ്റവും പുരാതനമായ കൂദാശക്രമം മാർ അദ്ദായി-മാർ മാറി എന്നീ ശ്ലീഹന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്. സുവിശേഷപ്രഘോഷണത്തിനായി ഈശോ തിരഞ്ഞെടുത്ത എഴുപതു ശ്ലീഹന്മാരിൽ (ലൂക്കാ 10,1) മാർ അദ്ദായിയും മാർ മാറിയും ഉണ്ടായിരുന്നതായി പാരമ്പര്യമുണ്ട്. മാർ അദ്ദായിയുടെ ശിഷ്യനായിരുന്ന മാർ മാറി ഏദേസ്സായിലാണു പ്രേഷിതപ്രവർത്തനം നടത്തിയത്. *മാർ മാറിയുടെ നടപടികൾ* എന്ന അപ്പോക്രിഫൽഗ്രന്ഥം അഞ്ചാം നൂറ്റാണ്ടിലാണു എഴുതപ്പെട്ടത്. ആദ്യനൂറ്റാണ്ടുകളിലെ സഭയെപ്പറ്റിയും മാർ മാറിയുടെ പ്രേഷിതപ്രവർത്തനങ്ങളെപ്പറ്റിയും

ഈ ഗ്രന്ഥത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നു.

**മർത്ത് ശ്മോനിയുടെയും അവളുടെ ഏഴു മക്കളും:**

പൗരസ്ത്യസുറിയാനി സഭയിൽ കൈത്താക്കാലം അഞ്ചാമത്തെ വെള്ളിയാഴ്ചയാണ് സഹദാമാരായ മർത്ത് ശ്മോനിയുടെയും അവളുടെ ഏഴു മക്കളുടെയും സ്മരണ സഭ ആഘോഷിക്കുന്നത്. മക്കബായരുടെ രണ്ടാം പുസ്തകം ഏഴാം അധ്യായത്തിൽ വിവരിക്കുന്ന ഈ അമ്മയുടെയും മക്കളുടെയും ചരിത്രം ഏകദൈവത്തിലുള്ള വിശ്വാസത്തിനുവേണ്ടി ജീവൻ നല്കാനുള്ള തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുന്നു. യഹൂദർക്ക് നിഷിദ്ധമായിരുന്ന പന്നിമാംസം ഭക്ഷിക്കാൻ അന്തിയോക്കസ് എപ്പിഫാനസ് രാജാവിനാൽ നിർബന്ധിക്കപ്പെട്ട ഈ അമ്മയും മക്കളും അതിന് തയ്യാറാവാതിരുന്നതിനാൽ ക്രൂരപീഡനങ്ങൾക്ക് ഏല്പിക്കപ്പെട്ടു. ധീരമാതാവായ ശ്മോനിയുടെ കൺമുമ്പിൽ തങ്ങളുടെ വിശ്വാസത്തിൽ നിന്ന് അണുവിട മാറാതെ മൂത്തവൻ മുതൽ ഇളയവൻവരെ ജീവനർപ്പിച്ച് രക്തസാക്ഷികളായി. മിശിഹായ്ക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്നവരെങ്കിലും വിശ്വാസത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ തങ്ങൾ മരിച്ചാലും ജീവിക്കുമെന്ന ദൃഢവിശ്വാസം പ്രകാശിപ്പിച്ച അവർ രക്തസാക്ഷിത്വംവഴി മാമ്മോദീസായും ദൈവചൈതന്യംവഴി സഭയുടെ വിശ്രുതസഹദാമാരുമായിത്തീർന്നു. മക്കബായരുടെ പുസ്തകത്തിൽ നാം വായിക്കുന്ന ഈ യഹൂദവനിതയും ഏഴുമക്കളും സഭയ്ക്ക് എന്നും പ്രിയപ്പെട്ടവരും അമൂല്യരുമാണ്. സുറിയാനി സഭാപിതാക്കന്മാരായ അഫ്രാത്തും മാർ അപ്രേമും, അന്ത്യോക്യായിലെ മാർ യാക്കോബും, സാരൂഗിലെ മാർ യാക്കോബും ഈ അമ്മയേയും മക്കളേയും തങ്ങളുടെ കൃതികളിൽ കീർത്തിക്കുന്നു.

**ശിമയോൻ ബാർസബായും സഹരക്തസാക്ഷികളും:**

പൗരസ്ത്യസുറിയാനി സഭയിൽ കൈത്താക്കാലം ആറാം വെള്ളിയാഴ്ചയാണ് മാർ ശെമയോൻ ബർസബായുടെയും സഹരക്ത സാക്ഷികളുടെയും ഓർമത്തിരുനാൾ ആഘോഷിക്കുന്നത്. സെലൂഷ്യാ-സ്റ്റെസിഫോണിലെ, 'പാത്രിയാർക്കീസ്' എന്ന നാമധാരിയായ പ്രഥമ കാതോലിക്കോസിന്റെ ആർച്ചുഡീക്കനായിരുന്നു ശെമയോൻ ബർസബാ. എ.ഡി. 327 ൽ - 'പാത്രിയാർക്കീസിന്റെ' പിൻഗാമിയായി അദ്ദേഹം സ്ഥാനമേറ്റു. ആരാധനക്രമപരിഷ്കർത്താക്കളിൽ ഒന്നാമനായി ഗണിക്കപ്പെടുന്ന മാർ ശെമയോനാണ് 'ഉത്ഥാനഗീതം' രചിച്ചതെന്നു കരുതപ്പെടുന്നു. സഭാവിശ്വാസികളെ ഏകദൈവവിശ്വാസത്തിൽനിന്നു പിന്തിരിപ്പിച്ച് സൂര്യദേവനെ ആരാധിക്കാൻ പേർഷ്യൻ ചക്രവർത്തിയായിരുന്ന സാപ്പോർ രണ്ടാമൻ ശിമയോൻ ബാർസബായെയും സഹ രക്തസാക്ഷികളെയും നിർബന്ധിച്ചു. എന്നാൽ, മാർ ശെമയോന്റെ നേതൃത്വത്തിൽ സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന മെത്രാന്മാരും വൈദികരും ഉൾപ്പെടുന്ന നൂറോളം പേരെ എ. ഡി 341 - ലെ പെസഹാവ്യാഴാഴ്ച രാജാവിന്റെ പടയാളികൾ വധിച്ചു. എന്നാൽ, പിറ്റേന്ന് പീഡാനുഭവവെള്ളിയാഴ്ചയാണ് മാർ ശെമയോനെ അവർ വധിച്ചത്. ഇപ്രകാരം സത്യവിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ശിമയോൻ ബാർസബായെയും സഹരക്തസാക്ഷികളെയും സഭയുടെ വിളവെടുപ്പുകാലമായ കൈത്താക്കാലത്ത് അനുസ്മരിക്കുന്നു.

**12 ഞാ** **✠കൈത്താ ഒന്നാം ഞായർ:**
**പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ)**
ഉത്പ 35:23-29 യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാർ.
ജോഷ്വാ 4:1-9 പന്ത്രണ്ടു സ്മാരകശിലകൾ.
വെളി 21:9-21 കുഞ്ഞാടിന്റെ പന്ത്രണ്ടു ശ്ലീഹന്മാർ.

മത്താ 10:1-15 പന്ത്രണ്ടു ശ്ലീഹന്മാർ.

**13 തി** **കൈത്താ ഒന്നാം തിങ്കൾ**
എഫേ 2:11-22 ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനം.
മത്താ 16:13-20 കേപ്പാമേൽ സഭ പണിയപ്പെടും.

**14 ചൊ** **കൈത്താ ഒന്നാം ചൊവ്വ**
ഗലാ 1:10-16 ശ്ലീഹായാകാനുള്ള വിളി.
യോഹ 4:31-38 അയച്ചവന്റെ ഇഷ്ടം നിറവേറ്റുക.

**15 ബു** **കൈത്താ ഒന്നാം ബുധൻ**
1 തിമോ 4:12-16 വിശ്വാസികൾക്കു മാതൃകയായിരിക്കുക.
ലൂക്കാ 12:41-48 വിശ്വസ്തനായ കാര്യസ്ഥൻ.
**വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റാ**
*ആർച്ച്ബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ നാമഹേതുകദിനം*
ദാനി 3:25-45 തീച്ചൂളയിൽനിന്ന് ദൈവകീർത്തനം.
ശ്ലീഹ 6:8-15 (6:8-7:10) മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന എസ്തപ്പാനോസ്.
ഹെബ്രാ 11:3-10 (11:3-10, 32-40 + 12:1-2) പിതാക്കന്മാരുടെ വിശ്വാസം.
മത്താ 10:16-33 മനുഷ്യരുടെ മുമ്പിൽ മിശിഹായ്ക്കു സാക്ഷ്യം.

**16 വ്യാ** **കൈത്താ ഒന്നാം വ്യാഴം**
വെളി 14:1-5 കുഞ്ഞാടും അനുയായികളും.
യോഹ 21:20-25 ഈശോ സ്നേഹിച്ച ശിഷ്യൻ.
**കർമ്മലമാതാവ്**
1 രാജാ 18:41-46 പ്രാർഥനവഴി ഏലിയാ മഴ പെയ്യിക്കുന്നു.
ഏശ 35:1-4 കാർമ്മലിന്റെ പ്രതാപം.
2 കോറി 1:3-7 സഹനത്തിൽ സമാശ്വാസം.
ലൂക്കാ 11:24-28 ഭാഗ്യവതിയായ മറിയം.

**17 വെ** **കൈത്താ ഒന്നാം വെള്ളി**
**നിസ്സിബിസിലെ മാർ യാക്കോബ്**
പുറ 3:1-10 മൂശെയെ വിളിക്കുന്നു.
ഏശ 41:8-16 വിദൂരദിക്കുകളിൽനിന്ന് യാക്കോബിനെ വിളിച്ചു.
ഗലാ 1:6-10 മിശിഹായുടെ ദാസൻ.
ലൂക്കാ 1:67, 76-80 ഇസ്രായേലിനു വെളിപ്പെടുന്നതുവരെ മരുഭൂമിയിലായിരുന്നവൻ.

**18 ശ** **കൈത്താ ഒന്നാം ശനി**
ഫിലി 1:19-26 മിശിഹാ എന്റെ ശരീരത്തിൽ മഹത്ത്വപ്പെടും.
യോഹ 11:1-16 നമുക്കും അവനോടുകൂടെ പോയി മരിക്കാം.

**19 ഞാ** **✠ കൈത്താ രണ്ടാം ഞായർ**
നിയ 28:1-14 ദൈവവചനം പാലിക്കുന്നവന് അനുഗ്രഹം.
പ്രഭാ 10:19-25 കർത്താവിനോട് ചേർന്നുനില്ക്കുന്നവൻ ബഹുമാനിക്കപ്പെടും.
റോമാ 11:17-24 ഒലിവുമരം നല്കുന്ന പാഠം.
യോഹ 15:1-8 മുന്തിരിച്ചെടിയും ശാഖകളും.

**20 തി** **കൈത്താ രണ്ടാം തിങ്കൾ**
കൊളോ 1:1-8 സുവിശേഷം വിശ്വാസികളിൽ

ഫലം പുറപ്പെടുവിക്കുന്നു.
യോഹ 15:9–17 ഫലം പുറപ്പെടുവിക്കുവാനുള്ള നിയോഗം.

**21 ചൊ** **കൈത്താ രണ്ടാം ചൊവ്വ**
2 പത്രോ 3:8–13 കർത്താവു നമുക്കുവേണ്ടി ക്ഷമാപൂർവം കാത്തിരിക്കുന്നു.
മത്താ 20:1–16 മുന്തിരിത്തോട്ടത്തിലെ വേലക്കാർ.

**22 ബു** **കൈത്താ രണ്ടാം ബുധൻ**
1 തെസ 5:12–22 എല്ലാത്തിനും നന്ദി പറയുവിൻ.
ലൂക്കാ 17:11–19 പത്തു കുഷ്ഠരോഗികൾ.

**വിശുദ്ധ മഗ്ദലേന മറിയം**
റോമാ 8:35–39 മിശിഹായുടെ സ്നേഹത്തിൽനിന്ന്
ആര് നമ്മെ വേർപെടുത്തും?
യോഹ 20:1–18 മഗ്ദലേനമറിയം ഉത്ഥിതനെ പ്രഘോഷിക്കുന്നു.

**23 വ്യാ** **കൈത്താ രണ്ടാം വ്യാഴം**
ഗലാ 6:6–10 നന്മ ചെയ്യുന്നതിൽ മടുപ്പു തോന്നാതിരിക്കുക.
മത്താ 21:18–22 അത്തിമരത്തിന് ശാപം.

**24 വെ** **കൈത്താ രണ്ടാം വെള്ളി മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി**
പുറ 29:38–46 അനുദിനബലികൾ.
ശ്ലീഹ 2:37–42 ആദിമ ക്രൈസ്തവസമൂഹം.
1 കോറി 3:5–11 ദൈവകൃപയനുസരിച്ച് അടിസ്ഥാനമിട്ടവൻ.
യോഹ 14:1–11 ഈശോ പിതാവിങ്കലേക്കുള്ള വഴി.

**25 ശ** **കൈത്താ രണ്ടാം ശനി**
റോമാ 15:30–33 പ്രാർത്ഥനവഴി നിങ്ങൾ എന്നോടൊപ്പം അധ്വാനിക്കുവിൻ.
മത്താ 7:7–11 പ്രാർത്ഥിക്കുന്നവർക്ക് നന്മകൾ നല്കപ്പെടും.
**വിശുദ്ധ യാക്കോബ് ശ്ലീഹാ**
*മനത്തോടത്ത് മാർ ജേക്കബ്, അങ്ങാടിയത്ത് മാർ ജേക്കബ്,*
*മുരിക്കൻ മാർ ജേക്കബ്, അത്തിക്കളം മാർ ജയിംസ്,*
*പട്ടേരിൽ മാർ ജെയിംസ് എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
പുറ 24:12–18 മൂശെ സീനായ് മലയിൽ.
ശ്ലീഹ 11:27–12:3 യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം.
1 കോറി 4:6–15 മിശിഹായുടെ ശ്ലീഹന്മാർ.
മത്താ 20:20–28 (20:20–34) ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാൻ.
**വിശുദ്ധ യോവാക്കിം, വിശുദ്ധ അന്നാ (ജൂലൈ 26)**
1 സാമു 2:1–10 (2:1–18) ഹന്നായുടെ കീർത്തനം.
ഏശ 54:1–8 പുതിയ ജറുസലം.
ഹെബ്രാ 11:8–12 അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 1:1–16 ഈശോയുടെ വംശാവലി.

**26 ഞാ** **✠ കൈത്താ മൂന്നാം ഞായർ**
*കോട്ടയം രൂപതയുടെ അധ്യക്ഷനായിരുന്ന തറയിൽ*
*മാർ തോമസ് മെത്രാന്റെ ചരമം (1975).*
റൂത്ത് 1:6–18 വിശ്വസ്തതയോടെയുള്ള ശുശ്രൂഷ.
പ്രഭാ 33:7–13 സൃഷ്ടിയിലെ വ്യതിരിക്തത.
റോമാ 12:3–8 ശുശ്രൂഷകളിലെ വൈവിധ്യം.

ലൂക്കാ 10:38-42 മർത്തായും മറിയവും.

**27 തി** **കൈത്താ മൂന്നാം തിങ്കൾ**
തീത്തോ 2:1-10 വ്യത്യസ്ത ജീവിതാവസ്ഥയിലുള്ളവർക്കുള്ള ഉപദേശം.
മത്താ 7:12-20 സുവർണ്ണനിയമം.

**28 ചൊ** **കൈത്താ മൂന്നാം ചൊവ്വ**
1 കോറി 7:1-7 ക്രിസ്തീയവിവാഹം.
മത്താ 19:3-12 വിവാഹം, ബ്രഹ്മചര്യം.
**വിശുദ്ധ അൽഫോൻസാ ക.**
നിയ 28:8-12 ഇസ്രായേൽ കർത്താവിന്റെ ഓഹരി.
ഏശ 53:10-12 സഹിക്കുന്നവർ സ്വർഗത്തിന്നവകാശികൾ.
ഗലാ 2:19-21 മിശിഹായോടുകൂടി ക്രൂശിക്കപ്പെടുക.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയണം.

**29 ബു** **കൈത്താ മൂന്നാം ബുധൻ**
റോമാ 12:14-21 എല്ലാവരുടെയും ദൃഷ്ടിയിൽ
ഉത്കൃഷ്ടമായത് ചെയ്യുവിൻ.
യോഹ 13:1-15 മിശിഹായുടെ മാതൃക.
**വിശുദ്ധ മർത്താ**
1 യോഹ 4:7-16 സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും.
യോഹ 11:17-26 (11:3-26) ഉത്ഥാനവും ജീവനുമായ ഈശോ

**30 വ്യാ** **കൈത്താ മൂന്നാം വ്യാഴം**
1 തിമോ 6:1-6 പരസ്പരമുള്ള ബഹുമാനം.
മത്താ 21:28-32 ഭിന്നസ്വഭാവക്കാരായ പുത്രന്മാർ.

**31 വെ** **കൈത്താ മൂന്നാം വെള്ളി**
റോമാ 15:1-6 നാം ബലഹീനരുടെ ദൗർബല്യങ്ങൾ വഹിക്കണം.
മത്താ 18:21-35 കഠിനഹൃദയനായ അധമർണ്ണൻ.
**വിശുദ്ധ ഇഗ്നേഷ്യസ് ലയോള**
1 കോറി 10:31-11:1 എല്ലാം ദൈവമഹത്ത്വത്തിന്.
ലൂക്കാ 14:25-33 മിശിഹായുടെ ശിഷ്യൻ സ്വയം ത്യജിക്കണം.

# 2026 ആഗസ്റ്റ്

**1 ശ** **കൈത്താ മൂന്നാം ശനി**
**(പതിനഞ്ചുനോമ്പാരംഭം)**
റോമാ 13:1-7 ക്രിസ്ത്യാനികളും ഭരണാധികാരികളും.
മത്താ 17:24-27 ദൈവാലയനികുതി.
**വിശുദ്ധ അൽഫോൻസ് ലിഗോരി**
റോമാ 8:1-11 ആത്മാവിലുള്ള ജീവിതം.
മർക്കോ 12:28-33 നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല.

**2 ഞാ** **✠ കൈത്താ നാലാം ഞായർ**
നിയ 6:1-9 കാനാൻ ദേശത്തെ കല്പനകൾ.
എസെ 3:16-21 എസെക്കിയേലിന്റെ ദൗത്യം.
2 തെസ 2:13-17 ദൈവരാജ്യത്തിനുവേണ്ടിയുള്ള സഹനം.
മത്താ 13:44-52 ദൈവരാജ്യത്തിന്റെ വളർച്ച.

**3 തി** **കൈത്താ നാലാം തിങ്കൾ**
എഫേ 1:15-20 നിങ്ങളുടെ ആന്തരികനേത്രങ്ങളെ
അവൻ പ്രകാശിപ്പിക്കട്ടെ.
മർക്കോ 8:22 -30 അന്ധനു കാഴ്ച.

**4 ചൊ** **കൈത്താ നാലാം ചൊവ്വ**
*മുക്കുഴി മാർ ലോറൻസ് മെത്രാന്റെ അഭിഷേകം (1999).*
1 കോറി 1:10-17 ഭിന്നതയുണ്ടാക്കാതെ സുവിശേഷം പ്രചരിപ്പിക്കുക.
യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.
**വിശുദ്ധ ജോൺ മരിയ വിയാനി**
1 സാമു 21:1-6 ദാവീദിന് വിശുദ്ധയപ്പം കൊടുക്കുന്ന പുരോഹിതൻ.
എസെ 36:22-27 പാപമാലിന്യങ്ങളിൽ നിന്നും വിശുദ്ധീകരിക്കുന്ന ദൈവം.
2 കോറി 1:3-7 മിശിഹായുടെ സഹനത്തിൽ പങ്കാളിത്തം.
മത്താ 9:35-10:1 ജനത്തോട് അനുകമ്പ തോന്നിയ ഈശോ.

**5 ബു** **കൈത്താ നാലാം ബുധൻ**
ഗലാ 3:19-25 രക്ഷാചരിത്രത്തിൽ നിയമത്തിന്റെ സ്ഥാനം.
ലൂക്കാ 10:25-37 നല്ല സമരിയാക്കാരൻ.

**6 വ്യാ** **നമ്മുടെ കർത്താവീശോ മിശിഹായുടെ രൂപാന്തരീകരണം**
പുറ 19:1-8 + 20:18-21 സീനായ് ഉടമ്പടി.
ശ്ലീഹ 1:15-26 മത്തിയാസിന്റെ തിരഞ്ഞെടുപ്പ്.
ഹെബ്രാ 12:18-29 ജീവിക്കുന്ന ദൈവത്തിന്റെ നഗരത്തിലാണ് നാം.
മത്താ 17:1-9 കർത്താവിന്റെ രൂപാന്തരീകരണം.
**കൈത്താ നാലാം വ്യാഴം**
*ജീരകത്തിൽ മാർ പൗളിനോസ് മെത്രാന്റെ ചരമം (1990).*
ഹെബ്രാ 12:18-29 നാം ഇളക്കമില്ലാത്ത രാജ്യം പ്രാപിച്ചിരിക്കുന്നു.
ലൂക്കാ 17:20-33 ദൈവരാജ്യം നിങ്ങളിൽത്തന്നെ.

**7 വെ** **കൈത്താ നാലാം വെള്ളി**
*ആദ്യവെള്ളി*
റോമാ 14:13-23 ഇടർച്ച ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ.

മർക്കോ 9:42-50 ഇടർച്ച നല്കുന്നവനു ദുരിതം.

**8 ശ** **കൈത്താ നാലാം ശനി**
*കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ നാമഹേതുകദിനം.*
റോമാ 2:17-24 നിങ്ങൾവഴി ദൈവത്തിന്റെ നാമം നിന്ദിക്കപ്പെട്ടിരിക്കുന്നു.
മത്താ 15:10-20 അന്ധരെ നയിക്കുന്ന അന്ധരായ മാർഗദർശികൾ.
**വിശുദ്ധ ഡൊമിനിക് പു.**
1 കോറി 2:1-10 നിഗൂഢമായ ദൈവികജ്ഞാനം.
ലൂക്കാ 9:57-62 നീ പോയി ദൈവരാജ്യം പ്രസംഗിക്കുക.

**9 ഞാ** **✠ കൈത്താ അഞ്ചാം ഞായർ**
ലേവ്യ 16:20-28 തിന്മയ്ക്കുള്ള പരിഹാരം.
ഏശ 14:1-15 തിന്മയുടെ പതനം.
യൂദാ 1:8-13 പൈശാചികതന്ത്രങ്ങളെ തിരിച്ചറിയുക.
ലൂക്കാ 11:14-26 അന്തഃഛിദ്രമുള്ള ഭവനം നശിക്കും.

**10 തി** **കൈത്താ അഞ്ചാം തിങ്കൾ**
*മുക്കുഴി മാർ ലോറൻസ് മെത്രാന്റെ നാമഹേതുകദിനം.*
വെളി 12:7-12 സർപ്പത്തിന്റെ പതനം.
ലൂക്കാ 8:26-39 പിശാചുബാധിതനെ സുഖപ്പെടുത്തുന്നു.

**11 ചൊ** **കൈത്താ അഞ്ചാം ചൊവ്വ**
1 യോഹ 3:1-10 ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.
യോഹ 8:37-47 ദൈവത്തിൽനിന്നുള്ളവൻ ദൈവവചനം ശ്രവിക്കുന്നു.
**വിശുദ്ധ ക്ലാര ക.**
നിയ 17:2-9 ദൈവത്തിന്റെ സ്വന്തമായ വിശുദ്ധ ജനം.
ഏശ 62:1-5 കർത്താവിന്റെ സംരക്ഷണത്തിൽ മഹത്ത്വമണിയുന്ന ജനത.
ഫിലി 3:8-14 മിശിഹായെപ്രതി എല്ലാം ഉപേക്ഷിക്കുക.
മത്താ 19:27-29 നൂറിരട്ടി പ്രതിഫലം.

**12 ബു** **കൈത്താ അഞ്ചാം ബുധൻ**
1 തെസ 4:1-8 ദൈവഹിതം ജീവിതവിശുദ്ധീകരണം.
മത്താ 21:12-17 ദൈവാലയശുദ്ധീകരണം.

**13 വ്യാ** **കൈത്താ അഞ്ചാം വ്യാഴം**
1 തെസ 3:6-13 സമാധാനത്തിന്റെ ദൈവം
നിങ്ങളെ പൂർണമായി വിശുദ്ധീകരിക്കട്ടെ.
മർക്കോ 1:40-45 കുഷ്ഠരോഗിയെ ശുദ്ധമാക്കുന്നു.

**14 വെ** **കൈത്താ അഞ്ചാം വെള്ളി വിശുദ്ധ ശ്മോനിയും ഏഴു മക്കളും**
2 മക്ക 7:1-6, 20-23, 41 അമ്മയും ഏഴു മക്കളും.
ദാനി 6:1-17 ദാനിയേൽ സിംഹക്കുഴിയിൽ.
2 കോറി 6:1-10 മരിക്കുന്നവരെപ്പോലെയെങ്കിലും ഞങ്ങൾ ജീവിക്കുന്നു.
യോഹ 16:25-33 ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.
**വിശുദ്ധ മാക്സിമില്യൻ കോൾബേ പു.**
1 പത്രോ 3:14-17 നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക.
ലൂക്കാ 9:23-26 മിശിഹായെപ്രതി ജീവൻ ത്യജിക്കുക.

**15 ശ** **✠പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം**
*പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1973).*

*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.*
പുറ 15:11-18 മൂശെയുടെ കീർത്തനം.
ശ്ലീഹ 1:6-14 മറിയത്തോടു ചേർന്ന്
പരിശുദ്ധാത്മാവിനെ പാർത്തിരിക്കുന്ന സഭ.
റോമാ 16:17-27 (16:1-27) നല്ല കാര്യങ്ങളിൽ അറിവുള്ളവരായിരിക്കുക.
യോഹ 2:1-12 (യോഹ 2:1-12 + മത്താ 12:46-50 + 13:53-57 + ലൂക്കാ 11:27-28)
ഈശോ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ.
**ഇന്ത്യൻ സ്വാതന്ത്ര്യദിനം**

**16 ഞാ** **✠കൈത്താ ആറാം ഞായർ**
ഉത്പ 8:1-11 സഭയുടെ പ്രതിരൂപമായ നോഹയുടെ പേടകം.
ഉത്തമ 6:1-4 ദൈവവും മണവാട്ടിയായ ഇസ്രായേലും.
വെളി 21:9-14 സ്വർഗീയ ജറുസലേമാകുന്ന സഭ.
യോഹ 6:16-24 സഭയാകുന്ന നൗകയെ സംരക്ഷിക്കുന്ന മിശിഹാ.

**17 തി** **കൈത്താ ആറാം തിങ്കൾ**
എഫേ 5:22-33 മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിന്റെ സംരക്ഷകനും.
മത്താ 16:13-20 പാതാളവാതിലുകൾ സഭയ്ക്കെതിരെ
പ്രബലപ്പെടുകയില്ല.

**18 ചൊ** **കൈത്താ ആറാം ചൊവ്വ**
ശ്ലീഹ 4:32-37 എല്ലാവരിലും കൃപ സമൃദ്ധമായി ഉണ്ടായിരുന്നു.
ലൂക്കാ 12:22-34 ദൈവപരിപാലനയിൽ ആശ്രയിക്കുക

**19 ബു** **കൈത്താ ആറാം ബുധൻ**
എഫേ 4:1-6 ആത്മാവിന്റെ ഐക്യം നിലനിറുത്തുക.
യോഹ 21:1-12 ഭാരം ഉണ്ടായിട്ടും വല കീറിയില്ല.

**20 വ്യാ** **കൈത്താ ആറാം വ്യാഴം**
2 കോറി 3:12-18 കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്.
യോഹ 8:31-38 സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

**21 വെ** **കൈത്താ ആറാം വെള്ളി**
**വിശുദ്ധ ശെമയോൻ ബർസാബയും സഹരക്തസാക്ഷികളും**
ഏശ 50:4-10 കർത്താവിന്റെ ദാസൻ.
ശ്ലീഹ 20:17-24 ദൈവത്തിന്റെ കൃപയുടെ
സുവിശേഷത്തിനു സാക്ഷ്യം നൽകാൻ.
2 കോറി 6:1-10 ഞങ്ങൾ എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാർ.
യോഹ 15:18-21; 16:1-4 എന്നെ പീഡിപ്പിച്ചുവെങ്കിൽ
നിങ്ങളെയും പീഡിപ്പിക്കും.
**വിശുദ്ധ പത്താം പീയൂസ് മാർപാപ്പ**
1 രാജാ 19:3-8 ഏലിയായെ സംരക്ഷിക്കുന്ന ദൈവം.
സുഭാ 9:1-5 സ്വന്തം ഭോഷത്തം നാശത്തിലേക്ക്.
1 തെസ 2:2-4 സുവിശേഷം ഭരമേല്ക്കാൻ യോഗ്യരെന്ന്
ദൈവം അംഗീകരിച്ചവർ.

യോഹ 21:15-19 എന്റെ ആടുകളെ മേയിക്കുക.

**22 ശ** **കൈത്താ ആറാം ശനി**
1 കോറി 12:12-27 നിങ്ങൾ മിശിഹായുടെ ശരീരവും അതിലെ അവയവങ്ങളും.
മത്താ 18:15-20 നിങ്ങളുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

**23 ഞാ** **✠ കൈത്താ ഏഴാം ഞായർ**
*ഇരിമ്പൻ മാർ ജോസഫ് മെത്രാന്റെ ചരമം (1997)*
ഉത്പ 6:13-22 ലോകം മുഴുവൻ അധർമ്മം കൊണ്ടു നിറഞ്ഞിരിക്കുന്നു.
ജറെ 32:36-41 എന്നോടുള്ള ഭക്തി ഞാൻ അവരുടെ
ഹൃദയത്തിൽ നിക്ഷേപിക്കും.
യാക്കോ 4:1-10 ഭൗതികതയ്ക്കെതിരേ മുന്നറിയിപ്പ്.
മത്താ 6:19-24 സ്വർഗത്തിൽ നിക്ഷേപം സൂക്ഷിക്കുക.

**24 തി** **കൈത്താ ഏഴാം തിങ്കൾ**
1 കോറി 9:24-27 സമ്മാനം ലഭിക്കാൻ തക്കവണ്ണം ഓടുവിൻ.
മർക്കോ 12:28-34 ദൈവരാജ്യത്തിലേക്കുള്ള സുവർണനിയമം.
**വിശുദ്ധ ബർത്തലോമിയോ ശ്ലീഹാ**
നിയ 18:15-19 മൂശെയെപ്പോലെ ഒരു പ്രവാചകൻ.
ഏശ 22:15-22 തിന്മ ചെയ്ത ഷെബ്നായ്ക്ക് താക്കീത്.
1 കോറി 12:27-31 നാം മിശിഹായുടെ ശരീരം.
ലൂക്കാ 6:12-19 ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു.

**25 ചൊ** **കൈത്താ ഏഴാം ചൊവ്വ**
2 പത്രോ 1:1-11 നിത്യരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് പരിശ്രമിക്കുക.
ലൂക്കാ 12:13-21 ഭോഷനായ ധനികൻ.

**26 ബു** **കൈത്താ ഏഴാം ബുധൻ**
1 യോഹ 3:11-18 സഹായമർഹിക്കുന്നവനെ സഹായിക്കുക.
ലൂക്കാ 16:19-31 ധനവാനും ദരിദ്രനും.

**27 വ്യാ** **കൈത്താ ഏഴാം വ്യാഴം**
1 കോറി 6:1-11 അനീതി പ്രവർത്തിക്കുന്നവർ
ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല.
ലൂക്കാ 6:27-36 നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.

**28 വെ** **കൈത്താ ഏഴാം വെള്ളി**
2 കോറി 9:6-15 സഹായപ്രവർത്തനങ്ങൾവഴി അനുഗ്രഹങ്ങൾ.
മത്താ 19:13-24 സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും.
**വിശുദ്ധ അഗസ്റ്റിൻ**
നിയ 10:12-17 പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക.
ജ്ഞാനം 7:10-14 ജ്ഞാനത്തെ സ്നേഹിക്കുക.
2 കോറി 5:14-21 ദൈവത്തോട് രമ്യതപ്പെടുക.
മത്താ 5:13-19 ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

**29 ശ** **കൈത്താ ഏഴാം ശനി**
ഫിലെ 1:8-20 എന്നെ എന്നതുപോലെ അയാളെ സ്വീകരിക്കുക.
മത്താ 10:5-15 ശിഷ്യരെ സ്വീകരിക്കുന്നവർക്ക്

സ്വർഗരാജ്യത്തിൽ പ്രതിഫലം.

**വിശുദ്ധ എവുപ്രാസ്യ ക.**

ഉത്പ 12:1–4 അബ്രാമിനെ ദൈവം വിളിക്കുന്നു.
പ്രഭാ 2:1–6 കർത്താവിൽ ആശ്രയിക്കുക.
1 തെസ 4:1–8 പ്രസാദകരമായ ജീവിതം.
മർക്കോ 10:35–45 ഒന്നാമൻ ഏവരുടെയും ദാസൻ.

## ഏലിയാ- സ്ലീവാ-മൂശെ കാലങ്ങൾ

ഏലിയാ-സ്ലീവാ-മൂശെ കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോദ്ധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചു പോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണ്. രൂപാന്തരപ്പെട്ട സമയത്ത് മൂശെയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ-സ്ലീവാ-മൂശെ കാലങ്ങൾ രൂപപ്പെട്ടതിനു കാരണം.

സെപ്റ്റംബർ 14-നു ശേഷമുള്ള ഞായറിനെ സ്ലീവ ഒന്നാം ഞായറായി പരിഗണിക്കുന്നു. അതുവരെ ഏലിയാക്കാലത്തെ വായനകൾ തുടരുന്നു. എന്നാൽ, സ്ലീവാത്തിരുനാൾ (വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ) ഞായറാഴ്ചയാണെങ്കിൽ അതിനെ സ്ലീവ ഒന്നാം ഞായറായി കണക്കാക്കുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമദ്ധ്യത്തിൽ മഹത്വപൂർണമായി പ്രത്യക്ഷപ്പെടുമെന്ന് ഈശോ പറഞ്ഞിട്ടുള്ള അടയാളം (മത്താ 24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാരാജ്ഞി കുരിശു കണ്ടെത്തിയ സംഭവവും ഈ കാലത്തെ പ്രാർഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനുമീതെ തന്റെ വടി നീട്ടിക്കൊണ്ട് മൂശെ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിയതു പോലെ, സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചു.

സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നല്കിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങാൻ ഈ കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നു. ജഡത്തിന്റെ ആഗ്രഹങ്ങൾ ആത്മാവിനെതിരാണ് എന്ന അവബോധത്തിൽ, തിന്മ വർജിച്ച് പശ്ചാത്താപത്തിന്റെ മാർഗത്തിൽ ചരിച്ചില്ലെങ്കിൽ നശിക്കുമെന്ന മുന്നറിയിപ്പാണ് സഭാ മാതാവു നമുക്കു നല്കുന്നത്.

കർത്താവിന്റെ ദിനം ആസന്നമായതിനാൽ, ഉണർന്നിരുന്ന് അവിടത്തെ ശുശ്രൂഷി

ക്കാനും ഏകാഗ്രത, വിശ്വസ്തത, വിവേകം, സമചിത്തത, ഉത്തമശുശ്രൂഷ, നിരന്തര പ്രാർഥന എന്നിവയിലൂടെ വിവേകമതികളായ കന്യകമാരെപ്പോലെ നിത്യജീവൻ അവകാശപ്പെടുത്താനും സഭ നമ്മെ ക്ഷണിക്കുന്നു.

രക്ഷ പകർന്നുതരാൻ കുരിശിൽ ഉയർത്തപ്പെട്ട ഈശോമിശിഹായുടെ പഴയനിയമപ്രതീകമാണ് മൂശെ ഉയർത്തിയ പിച്ചളസർപ്പം. കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നവൻ രക്ഷയുടെ അടയാളമായ കുരിശിലും സഹനത്തിലും അഭിമാനംകൊള്ളുന്നു. കുരിശിൽ മരിച്ച് ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിച്ചവനെ അനുഗമിക്കുന്നവരും കുരിശു വഹിക്കണം എന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. സഹനവും മരണവും മഹത്ത്വപ്രവേശനത്തിന് അനിവാര്യമാണെന്ന തിരിച്ചറിവാണ് ഈ കാലത്തിലെ പ്രഘോഷണങ്ങളിലൂടെ നമുക്കു ലഭിക്കുന്നത്.

പീഡാസഹനവും മരണവും സ്വീകരിച്ച് ദൈവഹിതം പൂർത്തിയാക്കിയ മിശിഹായുടെ മഹത്ത്വത്തിന്റെ വെളിപ്പെടലാണ് കാൽവരിയിലെ കുരിശിൽ സംഭവിച്ചത്. തന്റെ മരണോത്ഥാനങ്ങളിലൂടെയും സ്വർഗാരോഹണത്തിലൂടെയും മഹിമയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹായാണ് ലോകാവസാനത്തിൽ വിധിയാളനായി ആഗതനാകുന്നത്. കുരിശുമരണത്തോളം സ്വയം താഴ്ത്തിയതുവഴി ദൈവത്താൽ ഉയർത്തപ്പെട്ട മിശിഹായോടുകൂടെ വിനയഭാവത്തോടെ സഹിക്കാനും അവിടത്തോടൊപ്പം മഹത്ത്വത്തിൽ പ്രവേശിക്കാനും ഈ കാലം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

മരണം, അന്ത്യവിധി തുടങ്ങിയവയാണ് മൂശെക്കാലത്തെ വിചിന്തനവിഷയങ്ങൾ. അവസാനംവരെ സഹിച്ചു നില്ക്കുന്നവൻ രക്ഷ പ്രാപിക്കും എന്ന ആശ്വാസവചനവും ഈശോ ഇവിടെ നല്കുന്നുണ്ട്. ഫലം തരാത്തവയെ വെട്ടിക്കളയുമെങ്കിലും തടസ്സങ്ങളെ അതിജീവിക്കുന്ന വിശ്വാസം ഫലമണിയുമെന്നും സഹനങ്ങളെ വിശ്വാസത്തോടെ നേരിടുന്നവർ സമാശ്വാസവും സന്തോഷവും പ്രാപിക്കുമെന്നും സഭ പഠിപ്പിക്കുന്നു.

**30 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ ഒന്നാം ഞായർ**
**ഏലിയാ ഒന്നാം ഞായർ**
പുറ 34:28-35 മൂശെയുടെ മുഖം പ്രകാശപൂരിതം.
2 ദിന 5:11-14 കർത്താവിന്റെ തേജസ്സ് ദൈവാലയത്തിൽ.
1 കോറി 15:35-50 സ്വർഗീയശരീരങ്ങളുടെ തേജസ്സ് ഒന്ന്.
മർക്കോ 9:2-13 ഈശോയുടെ രൂപാന്തരീഭാവം.

**31 തി** **ഏലിയാ ഒന്നാം തിങ്കൾ**
1 കോറി 2:9-15 നിഗൂഢവും രഹസ്യവുമായ ദൈവജ്ഞാനം.
ലൂക്കാ 23:33-43 നിന്റെ രാജ്യത്തിൽ എന്നെ ഓർക്കണമേ.

# 2026 സെപ്തംബർ

**1 ചൊ ഏലിയാ ഒന്നാം ചൊവ്വ**
*എട്ടുനോമ്പാരംഭം*
1 യോഹ 1:1-7 മിശിഹാ ജീവനും പ്രകാശവും.
യോഹ 8:12-20 ഈശോ ലോകത്തിന്റെ പ്രകാശം.

**2 ബു ഏലിയാ ഒന്നാം ബുധൻ**
1 കോറി 6:12-20 നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയം.
മത്താ 5:27-32 വ്യഭിചാരം ചെയ്യരുത്.

**3 വ്യാ ഏലിയാ ഒന്നാം വ്യാഴം**
*കരോട്ടെമ്പ്രയിൽ മാർ ഗ്രിഗറി മെത്രാന്റെ നാമഹേതുകദിനം.*
ഫിലി 3:17-21 അവൻ നമ്മുടെ ശരീരത്തെ രൂപാന്തരപ്പെടുത്തും.
മത്താ 18:1-5 സ്വർഗരാജ്യത്തിലെ വലിയവൻ.

**4 വെ ഏലിയാ ഒന്നാം വെള്ളി**
*ആദ്യവെള്ളി*
1 കോറി 15:12-22 മിശിഹായിൽ മരിച്ചവരുടെ ഉയിർപ്പ്.
യോഹ 11:17-27 ഞാൻ ആകുന്നു ഉത്ഥാനവും ജീവനും.

**5 ശ ഏലിയാ ഒന്നാം ശനി**
1 കോറി 15:50-58 ശരീരത്തിനു രക്തത്തിനും
ദൈവരാജ്യം അവകാശപ്പെടുത്തുക സാധ്യമല്ല.
മത്താ 22:23-33 മരിച്ചവരുടെ ഉത്ഥാനം.
**കൊൽക്കൊത്തയിലെ വിശുദ്ധ തെരേസ ക.**
യാക്കോ 2:14-17 പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവം.
മത്താ 25:31-40 എളിയ സഹോദരരിൽ ഈശോയെ കാണണം.

**6 ഞാ ✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ രണ്ടാം ഞായർ**
**ഏലിയാ രണ്ടാം ഞായർ**
*ചിറ്റിലപ്പിള്ളി മാർ പോൾ മെത്രാന്റെ ചരമം (2020)*
നിയ 18:14-22 മൂശെയെപ്പോലെ ഒരു പ്രവാചകനെ ഞാൻ ഉയർത്തും.
പ്രഭാ 48:1-11 ഏലിയായുടെ പ്രവർത്തനങ്ങൾ.
ഹെബ്രാ 11:23-29 മൂശെയുടെ വിശ്വാസം.
മത്താ 17:9-13 ഏലിയായുടെ ആഗമനം.

**7 തി ഏലിയാ രണ്ടാം തിങ്കൾ**
ഗലാ 5:19-26 ജഡത്തിന്റെ പ്രവൃത്തികളും ആത്മാവിന്റെ ഫലങ്ങളും.
ലൂക്കാ 3:7-14 യോഹന്നാൻ മാംദാനായുടെ പ്രസംഗം.

**8 ചൊ ഏലിയാ രണ്ടാം ചൊവ്വ**
*വടക്കേൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (1998).*
റോമാ 2:1-11 ദൈവത്തിന്റെ ന്യായവിധി.
മത്താ 12:38-42 നിനെവേക്കാർ ഈ തലമുറയെ കുറ്റം വിധിക്കും.
**പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**
ഉത്പ 17:15-22 (17:1-27) അവൾ ജനതകളുടെ മാതാവ്.
ഏശ 43:1-7 (42:18-43:13) ഇസ്രായേലിന്റെ തിരിച്ചുവരവ്.
വെളി 12:1-6 സൂര്യനെ ഉടയാടയാക്കിയ സ്ത്രീ.
മത്താ 1:1-16 ഈശോയുടെ വംശാവലി.

**9 ബു** **ഏലിയാ രണ്ടാം ബുധൻ**
യാക്കോ 3:1-12 നാവിന്റെ ശക്തി.
മത്താ 12:33-37 വ്യർഥമായ ഓരോ വചനത്തിനും വിധിദിവസം കണക്കുകേൾപ്പിക്കേണ്ടിവരും.

**10 വ്യാ** **ഏലിയാ രണ്ടാം വ്യാഴം**
*കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1786).*
ഗലാ 5:13-18 ജഡത്തിന്റെ ആഗ്രഹങ്ങൾ ആത്മാവിനെതിരാണ്.
ലൂക്കാ 21:29-38 മുന്നറിയിപ്പുകൾ.

**11 വെ** **ഏലിയാ രണ്ടാം വെള്ളി**
*ചിറ്റൂപറമ്പിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2010).*
2 തിമോ 3:1-9 അവസാനനാളുകൾ കഷ്ടപ്പാടുകളുടെ കാലം.
മത്താ 24:1-14 യാതനകളുടെ ആരംഭം.

**12 ശ** **ഏലിയാ രണ്ടാം ശനി**
വെളി 2:1-7 നീ പശ്ചാത്തപിക്കുക.
ലൂക്കാ 13:1-5 അനുതപിക്കുകയില്ലെങ്കിൽ നിങ്ങളും നശിക്കും.
**വിശുദ്ധ ജോൺ ക്രിസോസ്തോം (സെപ്തംബർ 13)**
എഫേ 4:1-7, 11-13 ശുശ്രൂഷകൾ സഭയെ പണിതുയർത്താൻ.
മർക്കോ 4:1-9 വിതയ്ക്കപ്പെട്ട വചനം.

**13 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ മൂന്നാം ഞായർ**
**ഏലിയാ മൂന്നാം ഞായർ**
സംഖ്യ 24:15-24 ബാലാമിന്റെ പ്രവചനം.
സഖ 14:1-9 കർത്താവിന്റെ ദിനം.
1 കോറി 7:29-35 സമയം പരിമിതമാണ്,
കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കുക.
മത്താ 24:32-44 ഉണർന്നിരിക്കുവിൻ.

**14 തി** **ഏലിയ മൂന്നാം തിങ്കൾ (വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ)**
സംഖ്യ 21:4-9 പിച്ചളസർപ്പം.
ഏശ 42:13-17 (42:13-43:12) ദൈവത്തിന്റെ വിജയം.
1 കോറി 1:18-25 (1:18-31) കുരിശ് ദൈവിക ശക്തിയുടെ അടയാളം.
ലൂക്കാ 24:13-27 (24:13-35) മിശിഹാ സഹനത്തിലൂടെ മഹത്ത്വത്തിലേക്ക്.

**15 ചൊ** **ഏലിയാ മൂന്നാം ചൊവ്വ**
*കൊടകല്ലിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2015)*
*തോട്ടുങ്കൽ മാർ ക്ലെമന്റ് മെത്രാന്റെ ചരമം (1991)*
വെളി 3:14-22 മന്ദോഷ്ണരാകരുത്.
മർക്കോ 11:12-14, 20-26 അത്തിമരത്തെ ശപിക്കുന്നു.

**16 ബു** **ഏലിയാ മൂന്നാം ബുധൻ**
*മാർ ജോർജ്ജ് രാജേന്ദ്രൻ മെത്രാന്റെ അഭിഷേകം (2012).*
വെളി 22:10-19 ജീവന്റെ വൃക്ഷം.
മത്താ 25:1-13 വിവേകമതികൾ അകത്തു പ്രവേശിക്കും.

**17 വ്യാ** **ഏലിയാ മൂന്നാം വ്യാഴം**
*തൂങ്കുഴി മാർ ജേക്കബ് മെത്രാപ്പോലീത്തായുടെ ചരമം (2025)*
*കൊല്ലംപറമ്പിൽ മാർ ജോസഫ് (സി.എം.ഐ)*
*മെത്രാന്റെ അഭിഷേകം (2013).*

1 തിമോ 4:1-11 ഈശോമിശിഹായുടെ ഉത്തമശുശ്രൂഷകരാകുക.
മർക്കോ 13:32-37 സദാ ജാഗരൂകത.

**18 വെ** **ഏലിയാ മൂന്നാം വെള്ളി**
1 പത്രോ 5:5-11 സമചിത്തതയോടെ ഉണർന്നിരിക്കുവിൻ.
ലൂക്കാ 22:39-46 പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ.

**19 ശ** **ഏലിയാ മൂന്നാം ശനി**
*കല്ലുവേലിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2015).*
എഫേ 6:10-18 ജാഗരൂകതയോടെ സദാ പ്രാർഥിക്കുവിൻ.
ലൂക്കാ 12:35-40 ജാഗരൂകരായ ഭൃത്യന്മാർ.

**20 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ നാലാം ഞായർ**
**സ്ലീവാ ഒന്നാം ഞായർ**
സംഖ്യ 21:1-9 പിച്ചളസർപ്പം.
സഭ 10:8-12 അവിടത്തെ നാമത്തിൽ അവർ അഭിമാനം കൊള്ളും.
ഗലാ 6:11-18 കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസിക്കാൻ ഇടയാകാതിരിക്കട്ടെ.
മത്താ 10:34-42 കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോജിച്ചവനല്ല.

**21 തി** **സ്ലീവാ ഒന്നാം തിങ്കൾ**
*പുത്തൻവീട്ടിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2013).*
മൂലക്കാട്ട് മാർ മാത്യു, അറയ്ക്കൽ മാർ മാത്യു, വാണിയക്കിഴക്കേൽ മാർ മാത്യു, നെല്ലിക്കുന്നേൽ മാർ മാത്യു എന്നിവരുടെ നാമഹേതുകദിനം
2 കോറി 10:1-6 ഞങ്ങളുടെ സമരായുധങ്ങൾ ശാരീരികമല്ല.
ലൂക്കാ 18:31-34 സഹനവും ഉത്ഥാനവും; മൂന്നാം പ്രവചനം.
**വിശുദ്ധ മത്തായി ശ്ലീഹാ**
1 ദിന 29:10-19 കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവൻ.
എസെ 1:1-14 എസെക്കിയേലിന്റെ ദൈവദർശനം
ഹെബ്രാ 11:23-26 മിശിഹായെപ്രതി സഹിക്കണം.
മത്താ 9:9-13 ലേവിയെ ശിഷ്യനാക്കുന്ന ഈശോ.

**22 ചൊ** **സ്ലീവാ ഒന്നാം ചൊവ്വ**
കൊളോ 2:6-15 പാപങ്ങളുടെ പ്രമാണപത്രത്തെ അവൻ കുരിശിൽ തറച്ചു.
യോഹ 3:13-21 ഈശോ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.

**23 ബു** **സ്ലീവാ ഒന്നാം ബുധൻ**
ഹെബ്രാ 12:1-3 കുരിശിലെ പീഡകൾ സഹിച്ച ഈശോ.
ലൂക്കാ 24:13-35 എമ്മാവൂസിലേക്കു പോയവരോടൊപ്പം ഈശോയും യാത്ര ചെയ്തു.

**24 വ്യാ** **സ്ലീവാ ഒന്നാം വ്യാഴം**
എഫേ 2:11-22 ഈശോ കുരിശുമൂലം ശത്രുത അവസാനിപ്പിച്ചു.
യോഹ 11:45-57 ജനത്തിനുവേണ്ടിയുള്ള ഈശോയുടെ മരണം.

**25 വെ** **സ്ലീവാ ഒന്നാം വെള്ളി**
ശ്ലീഹ 4:1-12 മൂലക്കല്ലായ മിശിഹായിൽ മാത്രമേ രക്ഷയുള്ളു.
ലൂക്കാ 20:9-19 പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ
കല്ല് പ്രധാന മൂലക്കല്ലായിത്തീർന്നു.

**26 ശ** **സ്ലീവാ ഒന്നാം ശനി**
ഫിലി 3:17-21 മിശിഹായുടെ കുരിശിന്റെ ശത്രുക്കൾ.
മത്താ 16:21-27 കുരിശിനെ നിരസിക്കുന്നവൻ സാത്താൻ.
**വിശുദ്ധ വിൻസെന്റ് ഡി പോൾ പു. (സെപ്തംബർ 27)**
*നെല്ലായിപറമ്പിൽ മാർ വിൻസെന്റ് മെത്രാന്റെ നാമഹേതുകദിനം.*
നിയ 24:10-18 ദരിദ്രനോട് കാണിക്കേണ്ട കാരുണ്യം.
ഏശ 42:1-9 കർത്താവിന്റെ ദാസൻ.
1 കോറി 1:26-31 ദൈവം നമ്മെ തെരഞ്ഞെടുത്തു.
മത്താ 9:35-38 നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ച ഈശോ

**27 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ അഞ്ചാം ഞായർ**
**സ്ലീവാ രണ്ടാം ഞായർ**
*ആലപ്പാട്ട് മാർ ജോയി മെത്രാന്റെ അഭിഷേകം (2014).*
ഉത്പ 9:8-17 മഴവില്ല് ഉടമ്പടിയുടെ അടയാളം.
ദാനി 7:9-14 വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രൻ.
1 കോറി 1:18-25 കുരിശിന്റെ സന്ദേശം.
മത്താ 24:29-36 മനുഷ്യപുത്രന്റെ അടയാളം.

**28 തി** **സ്ലീവാ രണ്ടാം തിങ്കൾ**
1 കോറി 10:1-13 നില്ക്കുന്നുവെന്നു വിചാരിക്കുന്നവൻ
വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ.
മത്താ 24:15-28 യുഗാന്തത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ.

**29 ചൊ** **സ്ലീവാ രണ്ടാം ചൊവ്വ**
*മേജർ ആർച്ച്ബിഷപ്പ് തട്ടിൽ മാർ റാഫേൽ*
*മെത്രാപ്പോലീത്തായുടെ നാമഹേതുകദിനം.*
1 യോഹ 2:18-29 മിശിഹായുടെ വൈരികൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.
യോഹ 7:25-31, 40-43 ഇവനാണു മിശിഹാ.
**പ്രധാന മാലാഖാമാരായ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ**
പുറ: 23:20-26 മാർഗ ദർശിയായ ദൂതൻ
തോബി 12:6-15 സുഖപ്പെടുത്താൻ ദൈവം അയച്ച മാലാഖ
വെളി 12:7-12 മിഖായേലും ദൂതന്മാരും.
യോഹ 1:43-51 മാലാഖമാർ കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും.

**30 ബു** **സ്ലീവാ രണ്ടാം ബുധൻ**
വെളി 19:11-15 തിന്മ ചെയ്യുന്നവർക്കു ശിക്ഷ.
ലൂക്കാ 12:54-59 വഴിയിൽ വച്ചുതന്നെ ശത്രുവിനോടു രമ്യപ്പെടുക.
**വിശുദ്ധ ജെറോം**
നിയ 7:6-11 (7:1-11) നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 24:12-17 കർത്താവിന്റെ ഓഹരിയിൽ വേരുറച്ച ജ്ഞാനം.
2 തിമോ 3:12-17 വിശുദ്ധജീവിതം ദൈവാഭിലാഷം.
മത്താ 13:44-52 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ.

# 2026 ഒക്ടോബർ

**1 വ്യാ** **സ്ലീവാ രണ്ടാം വ്യാഴം**
*തുരുത്തിമറ്റം മാർ തോമസ് (2006), മുരിക്കൻ മാർ ജേക്കബ് (2012) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
1 കോറി 5:9-13;6:9-11 അനീതിപ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല.
ലൂക്കാ 17:20-25 ദൈവരാജ്യം നിങ്ങളിൽത്തന്നെ
**വിശുദ്ധ കൊച്ചുത്രേസ്യ ക.**
*ഇഞ്ചനാനിയിൽ മാർ റെമിജീയൂസ് മെത്രാന്റെ നാമഹേതുകദിനം.*
നിയ 32:8-12 കർത്താവിന്റെ ഓഹരി.
ഏശ 66:12-18 (66:12-24) അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന ദൈവം.
എഫേ 3:14-19 മിശിഹായുടെ സ്നേഹം നമ്മുടെ ശക്തി.
മത്താ 18:1-5 ശിശുക്കളെപ്പോലെയാവുക.

**2 വെ** **സ്ലീവാ രണ്ടാം വെള്ളി**
*ആദ്യവെള്ളി*
2 പത്രോ 3:1-7 ആകാശവും ഭൂമിയും അഗ്നിക്കിരയാകും.
ലൂക്കാ 17:26-35 മനുഷ്യപുത്രന്റെ ആഗമനം.
**കാവൽമാലാഖമാർ**
ശ്ലീഹ 12:6-11 കർത്താവ് തന്റെ ദൂതനെ അയച്ച് എന്നെ രക്ഷിച്ചിരിക്കുന്നു.
മത്താ 18:10-14 ഇവരുടെ ദൂതന്മാർ നിരന്തരം ദൈവത്തെ കാണുന്നു.

**3 ശ** **സ്ലീവാ രണ്ടാം ശനി**
2 പത്രോ 3:10-13 പുതിയ ആകാശവും പുതിയ ഭൂമിയും.
മത്താ 4:12-17 സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.
**വിശുദ്ധ ഫ്രാൻസിസ് അസ്സീസി പു. (ഒക്ടോബർ 4)**
നിയ 15:7-11 ദരിദ്രരെ സഹായിക്കുക.
ഏശ 6:1-7 ഏശയ്യായുടെ ദൈവദർശനം.
ഗലാ 6:14-17 മിശിഹായെപ്രതി ലോകത്തിന് ക്രൂശിക്കപ്പെടുക.
മത്താ 11:25-30 ക്ലേശിതർക്കാശ്രയമായ ഈശോ.

**4 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ ആറാം ഞായർ**
**സ്ലീവാ മൂന്നാം ഞായർ**
*കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ അഭിഷേകം* (1984)
ഉത്പ 41:37-45 ജോസഫ് ഈജിപ്തിന്റെ അധിപൻ.
പ്രഭാ 47:2-3, 8-11 ദാവീദിനെ ഉയർത്തിയ ദൈവം.
ഹെബ്രാ 1:1-4 ഉന്നതത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായവൻ.
യോഹ 12:27-36 മനുഷ്യപുത്രൻ ഉയർത്തപ്പെടും.

**5 തി** **സ്ലീവാ മൂന്നാം തിങ്കൾ**
1 യോഹ 4:1-6 നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ.
യോഹ 3:31-36 ഉന്നതത്തിൽനിന്നു വന്നവൻ.

**6 ചൊ** **സ്ലീവാ മൂന്നാം ചൊവ്വ**
*കുന്നത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1999)*
ഹെബ്രാ 2:5-10 പുത്രൻ താഴ്ത്തപ്പെടുന്നതും ഉയർത്തപ്പെടുന്നതും.
ലൂക്കാ 14:7-11 സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

**7 ബു** **സ്ലീവാ മൂന്നാം ബുധൻ**

ഫിലി 1:19-26 മിശിഹാ എന്റെ ശരീരത്തിൽ മഹത്ത്വപ്പെടും.
യോഹ 13:31-35 മനുഷ്യപുത്രൻ മഹത്ത്വപ്പെട്ടിരിക്കുന്നു.

**ജപമാലരാജ്ഞി**

ശ്ലീഹ 1:12-14 ഈശോയുടെ അമ്മയായ മറിയത്തോടൊപ്പം പ്രാർഥനയിൽ.
ലൂക്കാ 1:26-31 കൃപ നിറഞ്ഞവളേ സ്വസ്തി.

**8 വ്യാ** **സ്ലീവാ മൂന്നാം വ്യാഴം**

ഫിലി 2:5-11 ദൈവം അവനെ അത്യധികം ഉയർത്തി.
യോഹ 17:1-8 നിന്റെ പുത്രനെ നീ മഹത്ത്വപ്പെടുത്തണമേ.

**9 വെ** **സ്ലീവാ മൂന്നാം വെള്ളി**

*ദൈവദാസൻ കാവുകാട്ട് മാർ മാത്യു മെത്രാപ്പോലീത്തായുടെ ചരമം (1969).*
*സ്രാമ്പിക്കൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2016).*
*കൊല്ലംപറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2022).*
*പാടിയത്ത് മാർ തോമസ് മെത്രാന്റെ അഭിഷേകം (2022)*

റോമാ 8:12-17 മിശിഹായോടുകൂടെ സഹിച്ചാൽ മിശിഹായോടുകൂടെ മഹത്ത്വം.
യോഹ 17:9-19 എനിക്കു തന്നിട്ടുള്ളവയിൽ ഞാൻ മഹത്ത്വപ്പെടുന്നു.

**10 ശ** **സ്ലീവാ മൂന്നാം ശനി**

2 കോറി 3:12-18 കർത്താവിന്റെ മഹത്ത്വം ദർശിക്കുന്നവരുടെ രൂപാന്തരപ്പെടൽ.
യോഹ 17:20-26 എന്റെ മഹത്ത്വം വിശ്വാസികളും കാണണം.

## മൂശെക്കാലം

**11 ഞാ** **✠ ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ ഏഴാം ഞായർ**

**മൂശെ ഒന്നാം ഞായർ**

പുറ 20:18-21 ജനം ഭയന്നു വിറയ്ക്കുന്നു.
ജോയേ 2:1-11 കർത്താവിന്റെ ദിനം.
ഹെബ്രാ 10:19-25 കർത്താവിന്റെ ദിനം അടുത്തുവരുന്നതനുസരിച്ച് നാം അന്യോന്യം ഉത്തേജിപ്പിക്കണം.
മത്താ 25:31-46 അന്ത്യവിധി.

**12 തി** **മൂശെ ഒന്നാം തിങ്കൾ**

1 കോറി 15:29-34 മരിച്ചവർ ഉയിർക്കും.
യോഹ 5:24-29 മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുന്ന സമയം വരുന്നു.

**13 ചൊ** **മൂശെ ഒന്നാം ചൊവ്വ**

റോമാ 3:1-8 ദൈവം എപ്പോഴും വിശ്വസ്തൻ.
ലൂക്കാ 15:11-32 നഷ്ടപ്പെട്ട പുത്രന്റെ ഉപമ.

**14 ബു** **മൂശെ ഒന്നാം ബുധൻ**

ഹെബ്രാ 12:25-29 നമുക്കു കൃപയെ മുറുകെപ്പിടിക്കാം.
മർക്കോ 13:24-31 മനുഷ്യപുത്രന്റെ ആഗമനം.

**15 വ്യാ** **മൂശെ ഒന്നാം വ്യാഴം**
1 പത്രോ 1:13-21 നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ.
മത്താ 15:1-9 ഹൃദയപരിശുദ്ധിയാണ് പ്രധാനം.
**ആവിലായിലെ വിശുദ്ധ ത്രേസ്യ ക.**
നിയ 11:13-17 കർത്താവിന്റെ കല്പനകൾ പാലിക്കുക.
ഏശ 61:10-11 ഞാൻ കർത്താവിൽ ആനന്ദിക്കും.
കൊളോ 2:20-3:4 മിശിഹായോടൊപ്പം ഉയിർപ്പിക്കപ്പെടും.
യോഹ 14:18-24 സ്നേഹവും ദൈവൈക്യവും.

**16 വെ** **മൂശെ ഒന്നാം വെള്ളി**
1 തെസ 5:1-11 കർത്താവിന്റെ ദിനം കാത്തിരിക്കുവിൻ.
മത്താ 24:43-51 നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ.
**വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ പു.**
ഉത്പ 12:1-4 ദൈവം അബ്രാമിനെ വിളിക്കുന്നു.
ഏശ 44:1-4 നിന്റെ മക്കളുടെമേൽ ഞാൻ അനുഗ്രഹം വർഷിക്കും.
1 പത്രോ 4:12-19 ദൈവഹിതമനുസരിച്ചു ജീവിക്കുക.
യോഹ 10:1-15 ഞാൻ നല്ല ഇടയനാണ്.

**17 ശ** **മൂശെ ഒന്നാം ശനി**
2 പത്രോ 3:14-18 നമ്മുടെ കർത്താവിന്റെ ക്ഷമ നമ്മുടെ രക്ഷയ്ക്കുവേണ്ടി.
ലൂക്കാ 14:15-24 അത്താഴവിരുന്നിന്റെ ഉപമ.
**അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് മെ.**
2 സാമു 22:31-35 തന്നിൽ ആശ്രയിക്കുന്നവരുടെ പരിചയായ കർത്താവ്.
ജ്ഞാനം 3:1-6 നീതിമാന്റെ ആത്മാവ് ദൈവകരങ്ങളിൽ.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന്
ഒന്നും നമ്മെ വേർപെടുത്തരുത്.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയുക.
**വിശുദ്ധ ലൂക്കാ സുവിശേഷകൻ (ഒക്ടോബർ 18)**
തോബി 12:6-15 ദൈവത്തിന്റെ പ്രവർത്തികൾ മഹത്വപൂർവ്വം
വെളിപ്പെടുത്തുക.
പ്രഭാ 38:1-9 വൈദ്യനും രോഗശാന്തിയും.
കൊളോ 4:10-15 (4:10-15 + 2 കോറി 8:16-24)
പൗലോസിനോടൊപ്പം ലൂക്കാ സുവിശേഷം പ്രസംഗിക്കുന്നു.
ലൂക്കാ 10:1-9 എഴുപത് ശിഷ്യന്മാർ.

**18 ഞാ** **✠ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ എട്ടാം ഞായർ**
**മൂശെ രണ്ടാം ഞായർ**
*കരിയിൽ മാർ ആന്റണി മെത്രാന്റെ അഭിഷേകം (2015).*
ഉത്പ 19:23-29 അബ്രാഹത്തെയും ലോത്തിനെയും രക്ഷിക്കുന്ന ദൈവം.
മലാ 4:1-6 കർത്താവിന്റെ ദിനം ആസന്നം.
1 തെസ 4:13-18 ക്രൈസ്തവരുടെ പ്രത്യാശ.
ലൂക്കാ 21:20-28 നിങ്ങളുടെ രക്ഷ അടുത്തിരിക്കുന്നു.
**മിഷൻ ഞായർ**
പുറ 3:1-14 മൂശെയെ അയക്കുന്ന ദൈവം.
ഏശ 61:1-6, 10-11 അവിടന്ന് എന്നെ അയച്ചിരിക്കുന്നു.
1 കോറി 9:13-18 സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം.
മത്താ 10:1-15 ഈശോ പന്ത്രണ്ട് ശ്ലീഹൻമാരെ അയയ്ക്കുന്നു.

**19 തി** **മൂശെ രണ്ടാം തിങ്കൾ**
ഫിലി 4:1-9 കർത്താവു സമീപസ്ഥനായിരിക്കുന്നു.
ലൂക്കാ 21:29-36 ദൈവരാജ്യം സമീപിച്ചിരിക്കുന്നു.

**20 ചൊ** **മൂശെ രണ്ടാം ചൊവ്വ**
വെളി 14:6-13 ദൈവവിധി പ്രഖ്യാപിക്കപ്പെടുന്നു.
മത്താ 3:1-12 ഫലം കായ്ക്കാത്ത വൃക്ഷം വെട്ടി തീയിൽ എറിയപ്പെടും.

**21 ബു** **മൂശെ രണ്ടാം ബുധൻ**
യാക്കോ 1:12-18 നിങ്ങൾക്കു മാർഗഭ്രംശം ഭവിക്കരുത്.
ലൂക്കാ 15:1-10 നഷ്ടപ്പെട്ട ആടും നാണയവും.

**22 വ്യാ** **മൂശെ രണ്ടാം വ്യാഴം**
*വടക്കേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2009).*
ഫിലി 2:12-18 രക്ഷയ്ക്ക് ഉതകുന്ന പ്രവൃത്തികൾ ചെയ്യുവിൻ.
ലൂക്കാ 13:22-30 രക്ഷ പ്രാപിക്കുന്നവർ.
**വിശുദ്ധ ജോൺ പോൾ രണ്ടാമൻ**
വെളി 21:1-8 ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ.
യോഹ 21:4-14 (21:4-17) വള്ളത്തിന്റെ വലത്തുവശത്തേക്കു വലയിടുക.

**23 വെ** **മൂശെ രണ്ടാം വെള്ളി**
എഫേ 2:1-10 അവന്റെ കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്.
യോഹ 12:44-50 ലോകത്തെ രക്ഷിക്കാൻ വന്ന ഈശോ.

**24 ശ** **മൂശെ രണ്ടാം ശനി**
*നരികുളം മാർ എഫ്രേം മെത്രാന്റെ അഭിഷേകം (2014).*
ഫിലി 1:27-2:4 ദൈവത്തിൽനിന്നുള്ള രക്ഷയുടെ അടയാളം.
ലൂക്കാ 9:49-56 നിങ്ങൾക്ക് എതിരല്ലാത്തവൻ നിങ്ങളുടെ ഭാഗത്താണ്.

**25 ഞാ** **✠ഏലിയാ- സ്ലീവാ-മൂശെക്കാലങ്ങൾ ഒമ്പതാം ഞായർ**
**മൂശെ മൂന്നാം ഞായർ**
*അറുമച്ചാടത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2007)*
*തച്ചാപറമ്പത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2025)*
നിയ 11:1-7 കർത്താവിന്റെ ശിക്ഷാനടപടികൾ.
ജ്ഞാനം 6:1-10 ദൈവം പ്രതാപവാനായി വരും.
1 തെസ 5:12-24 ആത്മാവിനെ നിർവീര്യമാക്കരുത്.
മത്താ 12:22-32 പരിശുദ്ധ റൂഹായ്ക്കെതിരേ സംസാരിക്കുന്നവന് മാപ്പു ലഭിക്കില്ല.

**26 തി** **മൂശെ മൂന്നാം തിങ്കൾ**
2 തെസ 2:1-12 യുഗാന്തത്തിന്റെ അടയാളങ്ങൾ.
മത്താ 24:1-8 ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ.

**27 ചൊ** **മൂശെ മൂന്നാം ചൊവ്വ**
2 കോറി 11:12-15 വ്യാജശ്ലീഹന്മാരും കപടഭൃത്യന്മാരും.
മത്താ 24:23-28 വ്യാജമിശിഹാമാരും വ്യാജപ്രവാചകന്മാരും.

**28 ബു** **മൂശെ മൂന്നാം ബുധൻ**
*പണ്ടാരശ്ശേരി മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2006).*
2 പത്രോ 2:1-10 വ്യാജപ്രബോധകർക്കുള്ള ശിക്ഷ.
മർക്കോ 13:1-8; 21-23 പലരും എന്റെ നാമത്തിൽ വന്ന് അനേകരെ വഞ്ചിക്കും.

**വിശുദ്ധ ശിമയോൻ, വിശുദ്ധ യൂദാ തദേവൂസ് ശ്ലീഹന്മാർ**
പുറ 15:11-13 വിശുദ്ധിയിൽ മഹത്ത്വപൂർണ്ണനായ കർത്താവ്.
ജ്ഞാനം 10:15-21 ജ്ഞാനം മൂകരുടെ വായ് തുറക്കും.
എഫേ 6:10-17 സത്യംകൊണ്ട് അരമുറുക്കി ഉറച്ചുനില്ക്കുക.
യോഹ 15:18-25 മിശിഹാ നമ്മെ തിരഞ്ഞെടുത്തു.

**29 വ്യാ** **മൂശെ മൂന്നാം വ്യാഴം**
*പാണേങ്ങാടൻ മാർ പ്രിൻസ് മെത്രാന്റെ അഭിഷേകം (2015).*
യൂദാ 1:8-16 വ്യാജപ്രബോധകരുടെ ജീവിതരീതി.
ലൂക്കാ 11:37-44 പ്രീശർക്കു ദുരിതം.

**30 വെ** **മൂശെ മൂന്നാം വെള്ളി**
2 കോറി 12:14-15; 19-21 അനുതപിക്കാത്തവരെക്കുറിച്ചുള്ള ശ്ലീഹായുടെ ഭയം.
ലൂക്കാ 11:45-54 പ്രീശർക്കും നിയമജ്ഞർക്കും ദുരിതം.

**31 ശ** **മൂശെ മൂന്നാം ശനി**
1 കോറി 3:10-17 അഗ്നിയാൽ പരിശോധിക്കപ്പെടുന്ന ദിവസം.
മത്താ 13:34-43 കളകൾ അഗ്നിക്കിരയാകും.
**സകല വിശുദ്ധരുടെ തിരുനാൾ (നവംബർ 1)**
1 യോഹ 3:1-3 ദൈവം പ്രത്യക്ഷനാകുമ്പോൾ നമ്മൾ അവിടുത്തെ കാണും.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

# 2026 നവംബർ

## പള്ളിക്കൂദാശക്കാലം

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശ ക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജെറുസലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നല്കുന്ന കാലഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗ്ഗീയ മഹത്ത്വരഹസ്യത്തിൽ പൂർത്തിയാകും വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

**1 ഞാ** **✠പള്ളിക്കൂദാശ ഒന്നാം ഞായർ**
*ചിറപ്പണത്ത് മാർ സ്റ്റീഫൻ (2016), നെല്ലായിപറമ്പിൽ മാർ വിൻസെന്റ് (2019), താരാമംഗലം മാർ അലക്സ് (2022) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
പുറ 33:1-11 സമാഗമകൂടാരം.
ഏശ 40:21-31 ജനത്തിന് ആശ്വാസം.
ഹെബ്രാ 9:1-14 മിശിഹാ മനുഷ്യനിർമിതമല്ലാത്ത കൂടാരത്തിൽ പ്രവേശിച്ചു.
മത്താ 25:1-13 ഒരുങ്ങിയിരിക്കുന്നവർ മണവറയിൽ പ്രവേശിക്കും.

**2 തി** **പള്ളിക്കൂദാശ ഒന്നാം തിങ്കൾ**
2 കോറി 4:13-18 ക്ഷണികമായ ഞെരുക്കങ്ങൾ അതുല്യമായ നിത്യമഹത്ത്വം തയ്യാറാക്കുന്നു.
യോഹ 16:16-24 നിങ്ങളുടെ സന്തോഷം പൂർണമാകും.
**സകല മരിച്ചവരുടെ ഓർമ്മ**
എസെ 37:1-14 കർത്താവ് നിങ്ങളെ ജീവിപ്പിക്കും.
2 മക്ക 12:38-45 മരിച്ചവർ ഉയിർക്കുമെന്ന് പ്രതീക്ഷ.
1 കോറി 15:51-58 അവസാനം മരണവും ഇല്ലാതാകും.
യോഹ 11:17-27 ഉത്ഥാനവും ജീവനുമായ ഈശോ.

**3 ചൊ** **പള്ളിക്കൂദാശ ഒന്നാം ചൊവ്വ**
2 കോറി 5:1-5 സ്വർഗീയഭവനത്തിൽ വസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
ലൂക്കാ 15:11-24 പിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുചെല്ലുന്ന പുത്രൻ.

**4 ബു** **പള്ളിക്കൂദാശ ഒന്നാം ബുധൻ**
1 പത്രോ 5:1-4 ദൈവത്തിന്റെ അജഗണത്തെ പാലിക്കുന്നവന് മഹത്ത്വത്തിന്റെ വാടാത്ത കിരീടം.
യോഹ 21:15-19 ദൈവത്തിന്റെ അജഗണത്തെ മേയ്ക്കുക.

**5 വ്യാ** **പള്ളിക്കൂദാശ ഒന്നാം വ്യാഴം**
*പട്ടേരിൽ മാർ ജെയിംസ് മെത്രാന്റെ അഭിഷേകം (2025)*
എഫേ 3:1-6 ജനതകളും വാഗ്ദാനത്തിന്റെ പങ്കാളികൾ.
മത്താ 8:5-13 ശതാധിപന്റെ ദാസനു സൗഖ്യം.

**വിശുദ്ധ സഖറിയ, വിശുദ്ധ ഏലീശ്വാ**
കൊളോ 1:21-23 വിശ്വാസ സ്ഥിരത.
ലൂക്കാ 1:5-25 സഖറിയായ്ക്കും ഏലീശ്വായ്ക്കും കർത്താവിന്റെ കരുണ.

**6 വെ** **പള്ളിക്കൂദാശ ഒന്നാം വെള്ളി**
*ആദ്യവെള്ളി*
*ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം (1973).*
*മുണ്ടാടൻ മാർ ഗ്രേഷ്യൻ മെത്രാന്റെ അഭിഷേകം (1977)*
എഫേ 6:1-9 സത്പ്രവൃത്തികൾക്ക് കർത്താവിൽനിന്ന് പ്രതിഫലം.
മത്താ 21:28-32 പശ്ചാത്തപിച്ച് വിശ്വസിക്കുന്നവർക്കുള്ള പ്രതിഫലം.

**7 ശ** **പള്ളിക്കൂദാശ ഒന്നാം ശനി**
റോമാ 12:9-18 പരിപൂർണസ്നേഹം.
ലൂക്കാ 10:25-37 സ്നേഹം നിത്യജീവൻ അവകാശമാക്കാനുള്ള മാർഗം.

**8 ഞാ** **✠പള്ളിക്കൂദാശ രണ്ടാം ഞായർ**
*പാംപ്ലാനി മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2017).*
പുറ 6:1-8 വാഗ്ദാനംചെയ്ത ദേശം.
ഏശ 49:1-7 എന്റെ അവകാശം കർത്താവിൽ.
1 പത്രോ 1:3-7 സ്വർഗത്തിൽ ഒരുക്കിയിരിക്കുന്ന അക്ഷയമായ അവകാശം.
മത്താ 19:23-30 പന്ത്രണ്ടു സിംഹാസനങ്ങളിൽ
ഉപവിഷ്ടരാകുന്ന ശ്ലീഹന്മാർ.

**9 തി** **പള്ളിക്കൂദാശ രണ്ടാം തിങ്കൾ**
കൊളോ 1:12-20 മിശിഹാ സഭയുടെ ശിരസ്സ്.
മത്താ 16:13-20 പത്രോസിന്റെ വിശ്വാസപ്രഖ്യാപനം.

**10 ചൊ** **പള്ളിക്കൂദാശ രണ്ടാം ചൊവ്വ**
2 പത്രോ 1:12-21 പ്രവാചകന്മാരും ശ്ലീഹന്മാരും സാക്ഷികൾ.
ലൂക്കാ 9:28-36 ഈശോയുടെ രൂപാന്തരീകരണം.

**11 ബു** **പള്ളിക്കൂദാശ രണ്ടാം ബുധൻ**
വെളി 19:1-10 കുഞ്ഞാടിന്റെ വിവാഹവിരുന്നിന്
ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ.
മത്താ 22:1-14 വിവാഹവിരുന്ന്.

**12 വ്യാ** **പള്ളിക്കൂദാശ രണ്ടാം വ്യാഴം**
*വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യൻ*
*മെത്രാന്റെ അഭിഷേകം (2017).*
2 കോറി 11:1-4 ഞാൻ നിങ്ങളെ മിശിഹായ്ക്കു
വിവാഹനിശ്ചയം ചെയ്തിരിക്കുന്നു.
യോഹ 3:22-30 മണവാട്ടി ഉള്ളവനാണ് മണവാളൻ.

**13 വെ** **പള്ളിക്കൂദാശ രണ്ടാം വെള്ളി**
2 കോറി 12:1-5 ശ്ലീഹായുടെ സ്വർഗീയദർശനം.
യോഹ 3:31-36 സ്വർഗീയൻ സ്വർഗീയകാര്യങ്ങൾ സംസാരിക്കുന്നു.

**14 ശ** **പള്ളിക്കൂദാശ രണ്ടാം ശനി**
വെളി 22:1-5 അവർ അവന്റെ മുഖം കണ്ടുകൊണ്ടിരിക്കും.
മത്താ 19:13-14 ആരാണു വലിയവൻ?

**15 ഞാ** **✠പള്ളിക്കൂദാശ മൂന്നാം ഞായർ**
ഉത്പ 29:15-30 യാക്കോബ് റാഹേലിനുവേണ്ടി പണിയെടുക്കുന്നു.
പ്രഭാ 11:20-27 കർത്തവ്യങ്ങൾ നിഷ്ഠയോടെ ചെയ്യുക.
2 തെസ 3:6-15 അലസതകൂടാതെ ജോലി ചെയ്യുവിൻ.
മത്താ 25:14-30 ഭരമേല്പിച്ച താലന്തുകൾ.

**16 തി** **പള്ളിക്കൂദാശ മൂന്നാം തിങ്കൾ**
*സീറോ മലബാർ ഹയരാർക്കി സ്ഥാപനപരസ്യം (1924).*
1 കോറി 13:1-10 ഉത്കൃഷ്ടവരങ്ങൾ.
മർക്കോ 12:28-34 ഏറ്റവും പ്രധാനമായ കല്പന.

**17 ചൊ** **പള്ളിക്കൂദാശ മൂന്നാം ചൊവ്വ**
1 കോറി 4:1-5 കാര്യസ്ഥന്മാർ വിശ്വസ്തരായിരിക്കണം.
ലൂക്കാ 16:1-13 എല്ലാ കാര്യങ്ങളിലും വിശ്വസ്തരായിരിക്കുക.

**18 ബു** **പള്ളിക്കൂദാശ മൂന്നാം ബുധൻ**
*നീലങ്കാവിൽ മാർ ടോണി മെത്രാന്റെ അഭിഷേകം (2017).*
1 കോറി 6:1-11 ദുഷ്ടർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല.
ലൂക്കാ 16:13-17 ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ബലപ്രയോഗം ആവശ്യം.

**19 വ്യാ** **പള്ളിക്കൂദാശ മൂന്നാം വ്യാഴം**
*പാലാത്തറ മാർ സൈമൺ സ്റ്റോക്കിന്റെ ചരമം (2022).*
കൊളോ 1:3-11 നല്ല ഫലങ്ങൾ പുറപ്പെടുവിക്കുക.
മത്താ 13:10-23 ഫലം പുറപ്പെടുവിക്കുന്നവരാകുക.

**20 വെ** **പള്ളിക്കൂദാശ മൂന്നാം വെള്ളി**
ഹെബ്രാ 12:4-13 പരിശീലനം നേടിയവർ സമാധാനത്തിന്റെയും നീതിയുടെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നു.
യോഹ 15:1-8 എന്നിൽ വസിക്കുന്നവൻ വളരെ ഫലം പുറപ്പെടുത്തും.

**21 ശ** **പള്ളിക്കൂദാശ മൂന്നാം ശനി**
*വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1986).*
2 തിമോ 4:1-8 ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി.
യോഹ 17:1-8 നീ എന്നെ ഏല്പിച്ച ജോലി ഞാൻ പൂർത്തിയാക്കി.
**മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനം.**
പുറ 6:6-13 മൂശെയെ അയക്കുന്നു.
ഏശ 41:8-16 ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും.
എഫേ 2:14-22 മിശിഹാ വഴി പിതാവിന്റെ പക്കലേക്കു പ്രവേശനം.
യോഹ 14:1-14 ഈശോ വഴിയും സത്യവും ജീവനും.
**പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണം**
റോമാ 8:26-30 ദൈവപദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്കു അവിടന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നു.
ലൂക്കാ 1:46-55 മറിയത്തിന്റെ സ്തോത്രഗീതം.

**22 ഞാ** **✠പള്ളിക്കൂദാശ നാലാം ഞായർ**
**മിശിഹായുടെ രാജത്വത്തിരുനാൾ**
*വട്ടക്കുഴി മാർ മാത്യു മെത്രാന്റെ ചരമം (2016)*
*പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2017).*
ഉത്പ 14:17-24 പുരോഹിതനായ മൽക്കിസ്ദെക്ക്.
1 സാമു 8:1-9 രാജാവായ കർത്താവിനെ തിരസ്കരിച്ച ഇസ്രായേൽ.

വെളി 19:11-16 രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും.
യോഹ 18:33-37 മിശിഹാ രാജാവ്.

**23 തി** **പള്ളിക്കൂദാശ നാലാം തിങ്കൾ**
എഫേ 2:14-22 മിശിഹാവഴി പിതാവിന്റെ പക്കലേക്കു പ്രവേശനം.
യോഹ 14:1-14 ഈശോ വഴിയും സത്യവും ജീവനും.

**24 ചൊ** **പള്ളിക്കൂദാശ നാലാം ചൊവ്വ**
1 പത്രോ 2:1-10 നിങ്ങൾ ഒരു ജനം, വിശുദ്ധജനം.
യോഹ 10:7-16 ഒരാട്ടിൻകൂട്ടവും ഒരിടയനുമാകും.

**25 ബു** **പള്ളിക്കൂദാശ നാലാം ബുധൻ**
എഫേ 1:3-12 രക്ഷാപദ്ധതിയെ സംബന്ധിച്ച സ്തുതിഗീതം.
ലൂക്കാ 1:46-55 മാതാവിന്റെ സ്തോത്രഗീതം.

**26 വ്യാ** **പള്ളിക്കൂദാശ നാലാം വ്യാഴം**
ഹെബ്രാ 13:9-16 ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല.
ലൂക്കാ 10:17-21 നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുക.

**27 വെ** **പള്ളിക്കൂദാശ നാലാം വെള്ളി**
വെളി 7:9-12 ദൈവദൂതന്മാരും വലിയ ജനാവലിയും.
മർക്കോ 12:18-27 അവർ സ്വർഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും.

**28 ശ** **പള്ളിക്കൂദാശ നാലാം ശനി**
*മനത്തോടത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (1992)*
വെളി 21:22-27 കർത്താവും കുഞ്ഞാടും അവിടത്തെ ദൈവാലയം.
യോഹ 4:19-26 ആത്മാവിലും സത്യത്തിലുമുള്ള ആരാധന.
**വിശുദ്ധ അന്ത്രയോസ് ശ്ലീഹാ (നവംബർ 29)**
താഴത്ത് മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തയുടെ നാമഹേതുക ദിനം
ഉത്പ 28:10-17 യാക്കോബിന്റെ സ്വപ്നം.
സഖ 8:20-23 കർത്താവിന്റെ പ്രീതിക്കായി പ്രാർഥിക്കാം.
റോമാ 10:9-18 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ ശ്രേഷ്ഠം.
മത്താ 4:18-22 അന്ത്രയോസിനെ വിളിക്കുന്നു.

## മംഗളവാർത്തക്കാലം

**29 ഞാ** **✠ മംഗളവാർത്ത ഒന്നാം ഞായർ**
*ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾവരെ വിവാഹാഘോഷം മുടക്ക്.*
*ഇന്നുമുതൽ ഓശാന ഞായർവരെ മാർ തെയദോറിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നു.*
ഉത്പ 17:15-22 (17:1-27) ഇസഹാക്കിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.
ഏശ 43:1-7, 10-11 (42:18 - 43:13) ഇസ്രായേലിന് രക്ഷ.
എഫേ 5:21-6:4 (5:21-6:9) കുടുംബം രക്ഷയുടെ വേദി.
ലൂക്കാ 1:5-25 (1:1-25) യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.

**30 തി** **മംഗളവാർത്ത ഒന്നാം തിങ്കൾ**
ഗലാ 3:9-14 നീതിമാൻ വിശ്വാസംമൂലം ജീവിക്കും.
ലൂക്കാ 9:37-43[a] വിശ്വാസമില്ലാത്ത വഴിപിഴച്ച തലമുറ.

# 2026 ഡിസംബർ

**1 ചൊ** **മംഗളവാർത്ത ഒന്നാം ചൊവ്വ**
*ഇരുപത്തഞ്ച് നോമ്പാരംഭം*
റോമാ 13:8-14 നിദ്ര വിട്ടുണരുവിൻ.
ലൂക്കാ 1:18-20 ദൂതന്റെ വാക്കുകൾ സഖറിയ വിശ്വസിച്ചില്ല

**2 ബു** **മംഗളവാർത്ത ഒന്നാം ബുധൻ**
1 കോറി 1:4-9 വിളിച്ച ദൈവം വിശ്വസ്തനാണ്.
യോഹ 8:26-30 ഈശോ പിതാവിനാൽ അയയ്ക്കപ്പെട്ടവൻ.

**3 വ്യാ** **മംഗളവാർത്ത ഒന്നാം വ്യാഴം**
1 തിമോ 4:11-16 വിശുദ്ധിയിൽ മാതൃകയായിരിക്കുക.
മത്താ 24:45-51 ജാഗരൂകരായിരിക്കുവിൻ.
**വിശുദ്ധ ഫ്രാൻസിസ് സേവ്യർ**
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു.

**4 വെ** **മംഗളവാർത്ത ഒന്നാം വെള്ളി**
*ആദ്യവെള്ളി*
കൊളോ 3:1-10 ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ.
മത്താ 13:12-17 നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ.

**5 ശ** **മംഗളവാർത്ത ഒന്നാം ശനി**
ഗലാ 3:1-9 വിശ്വാസംവഴി നീതീകരണം.
ലൂക്കാ 9:57-62 ശിഷ്യത്വത്തിലെ സമ്പൂർണ്ണ സമർപ്പണം.

**6 ഞാ** **✠ മംഗളവാർത്ത രണ്ടാം ഞായർ**
സംഖ്യ 22:20-35 (22:20-23:2) ബാലാമിന് ദൂതൻ നല്കുന്ന അറിയിപ്പ്.
ഏശ 43:25-44:5 (43:14-44:5) ഇസ്രായേലിന് രക്ഷയെക്കുറിച്ചുള്ള അറിയിപ്പ്.
കൊളോ 4:2-6 (4:2-18) സഭയുടെ
സുവിശേഷപ്രഘോഷണത്തിൽ പങ്കുചേരുക.
ലൂക്കാ 1:26-38 (1:26-56) ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത.

**7 തി** **മംഗളവാർത്ത രണ്ടാം തിങ്കൾ**
എഫേ 4:13-16 മിശിഹായിലേക്ക് വളരുവിൻ.
യോഹ 14:11-14 വിശ്വസിക്കുന്നവന് ഒന്നും അസാധ്യമല്ല.
**വിശുദ്ധ അംബ്രോസ് മെ.**
നിയ 7:1-11 ദൈവം തിരഞ്ഞെടുത്ത വിശുദ്ധജനം.
പ്രഭാ 15:1-6 നീതിമാന്റെ സമ്മാനം.
2 തിമോ 4:1-8 നീതിയുടെ കിരീടം.
ലൂക്കാ 14:25-33 ശിഷ്യത്വത്തിന്റെ വില.

**8 ചൊ** **മംഗളവാർത്ത രണ്ടാം ചൊവ്വ**
1 തെസ 5:5-11 പകലിന്റെ മക്കൾ.
ലൂക്കാ 10:21-24 ദൈവികവെളിപാട് സ്വീകരിക്കുന്നവർ.

**പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)**
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
ഏശ 7:10-16 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
ഹെബ്രാ 1:1-3 + 2:16-18 ദൈവപുത്രൻ
ലൂക്കാ 1: 46-55 (മത്താ 1:1-17 + ലൂക്കാ 1:46-55)
മറിയത്തിന്റെ സ്തോത്രഗീതം.

**9 ബു** **മംഗളവാർത്ത രണ്ടാം ബുധൻ**
*പഴേപറമ്പിൽ മാർ ലൂയീസ് മെത്രാന്റെ ചരമം (1919)*
എഫേ 1:3-12 മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ.
ലൂക്കാ 1:34-38 ഇതാ കർത്താവിന്റെ ദാസി.

**10 വ്യാ** **മംഗളവാർത്ത രണ്ടാം വ്യാഴം**
റോമാ 12:9-18 സഹോദരതുല്യം സ്നേഹിക്കുവിൻ.
ലൂക്കാ 1:39-45 ഏലീശ്വായെ സന്ദർശിക്കുന്നു.

**11 വെ** **മംഗളവാർത്ത രണ്ടാം വെള്ളി**
2 കോറി 8:11-15 കാരുണ്യപ്രവൃത്തികൾ ചെയ്യുവിൻ.
ലൂക്കാ 1:46-56 മറിയത്തിന്റെ സ്തോത്രഗീതം.

**12 ശ** **മംഗളവാർത്ത രണ്ടാം ശനി**
ഹെബ്രാ 3:12-19 ദൈവത്തിൽ നിന്നും അകലരുത്.
ലൂക്കാ 11:33-36 വെളിച്ചത്തെ ഇരുളാക്കരുത്.

**13 ഞാ** **✠ മംഗളവാർത്ത മൂന്നാം ഞായർ**
ഉത്പ 18:1-10 (18:1-19) ദൈവം അബ്രാഹത്തിനു
നല്കിയ വാഗ്ദാനമുറപ്പിക്കുന്നു.
ന്യായ 13:2-7, 24 (13:2-24) സാംസന്റെ ജനനം.
എഫേ 3:1-13 (3:1-21) മിശിഹാരഹസ്യത്തിനു സാക്ഷ്യം
വഹിക്കാൻ വിളിക്കപ്പെട്ട പൗലോസ്.
ലൂക്കാ 1:57-66 (1:57-80) യോഹന്നാൻ മാംദാനയുടെ ജനനം.

**14 തി** **മംഗളവാർത്ത മൂന്നാം തിങ്കൾ**
1 കോറി 5:1-8 അസന്മാർഗ്ഗികത ഉപേക്ഷിക്കുവിൻ
ലൂക്കാ 6:43-45 നല്ല ഫലം നല്കുന്ന വൃക്ഷമാവുക.
**കുരിശിന്റെ വിശുദ്ധ യോഹന്നാൻ**
1 കോറി 2:1-10 രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനം.
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

**15 ചൊ** **മംഗളവാർത്ത മൂന്നാം ചൊവ്വ**
എഫേ 2:1-10 രക്ഷ ദൈവത്തിന്റെ ദാനം.
മത്താ 3:1-6 സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.

**16 ബു** **മംഗളവാർത്ത മൂന്നാം ബുധൻ**
1 തെസ 2:13-17 ദൈവവചനത്തോടുള്ള വിശ്വസ്തത.
ലൂക്കാ 16:10-13 ദൈവത്തോട് വിശ്വസ്തരായിരിക്കുവിൻ.

**17 വ്യാ** **മംഗളവാർത്ത മൂന്നാം വ്യാഴം**
ഗലാ 3:26-29 മിശിഹായെ ധരിച്ചിരിക്കുന്നവർ.
ലൂക്കാ 1:67-79 സഖറിയായുടെ പ്രവചനഗീതം.

**18 വെ** **മംഗളവാർത്ത മൂന്നാം വെള്ളി**
കൊളോ 1:10-16 മിശിഹായ്ക്ക് പ്രീതിജനകമായ ജീവിതം നയിക്കുവിൻ.
മർക്കോ 1:1-8 എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു.
**മൈലാപ്പൂരിലെ അദ്ഭുതസ്ലീവ**
പുറ 17:4-6 പാറയിൽനിന്നുള്ള ജലം.
ശ്ലീഹ 2:29-36 (2:14-36) നിങ്ങൾ കുരിശിൽ തറച്ച
മിശിഹായെ ദൈവം ഉയിർപ്പിച്ചു.
എഫേ 2:14-22 കുരിശുവഴി അനുരഞ്ജനവും സമാധാനവും.
യോഹ 14:1-6 മിശിഹാ പിതാവിലേക്കുള്ള വഴി.

**19 ശ** **മംഗളവാർത്ത മൂന്നാം ശനി**
*മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919).*
ഗലാ 1:11-17 ദൈവകൃപയാൽ വിളിക്കപ്പെട്ടവർ.
യോഹ 3:31-36 ഉന്നതത്തിൽനിന്നുള്ളവൻ എല്ലാവർക്കുമുപരിയാണ്.

**20 ഞാ** **✠ മംഗളവാർത്ത നാലാം ഞായർ**
ഉത്പ 24:50-67 ദൈവിക പദ്ധതിപ്രകാരം
ഇസഹാക്ക് റബേക്കയെ സ്വീകരിക്കുന്നു.
1 സാമൂ 1:1-18 (1:1-28) സാമുവലിന്റെ ജനനത്തിലുള്ള ദൈവിക ഇടപെടൽ.
എഫേ 5:5-21 കർത്താവിന്റെ അഭീഷ്ടം തിരിച്ചറിയുവിൻ.
മത്താ 1:18-24 ഈശോയുടെ ജനനത്തിലുള്ള ദൈവിക ഇടപെടൽ.

**21 തി** **മംഗളവാർത്ത നാലാം തിങ്കൾ**
*സീറോ-മലബാർ ഹയരാർക്കിയുടെ സ്ഥാപനം (1923).*
എഫേ 6:18-20 നിരന്തരം പ്രാർഥിക്കുവിൻ.
യോഹ 1:1-5 ആദിയിൽ വചനം ഉണ്ടായിരുന്നു.

**22 ചൊ** **മംഗളവാർത്ത നാലാം ചൊവ്വ**
ഗലാ 4:1-7 സ്ത്രീയിൽനിന്ന് ഭൂജാതനായ ദൈവപുത്രൻ.
യോഹ 1:6-13 വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവൻ.

**23 ബു** **മംഗലവാർത്ത നാലാം ബുധൻ**
എഫേ 4:17-24 മിശിഹായിൽ നവജീവിതം.
യോഹ 1:43-51 നഥാനയേൽ ഈശോയെ കണ്ടുമുട്ടുന്നു.

**24 വ്യാ** **മംഗലവാർത്ത നാലാം വ്യാഴം**
റോമാ 9:6-16 ഒരിക്കലും പരാജയപ്പെടാത്ത ദൈവവചനം
മത്താ. 5:17-20 ഉടമ്പടിയുടെ പൂർത്തീകരണമായ മിശിഹാ.

**25 വെ** **✠ നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ**
*(പിറവിത്തിരുനാൾ കർമ്മക്രമം കാണുക)*
*കടമുള്ള ദിവസം.*
ഏശ 7:10-16 + 9:1-3, 6-7 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
മിക്ക 4:1-3 + 5:1-5, 8-9 വരാനിരിക്കുന്ന രാജാവ്.
ഗലാ 3:15-4:6 മിശിഹായിൽ എല്ലാവരും ദൈവമക്കൾ.
ലൂക്കാ 2:1-20 ഈശോയുടെ ജനനം.

**26 ശ** **പിറവി ഒന്നാം ശനി**
1 യോഹ 2:26-29 നിങ്ങൾ അവനിൽ വസിക്കുവിൻ.
യോഹ 1:19-29 നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേയുണ്ട്.

**വിശുദ്ധ എസ്തപ്പാനോസ്**
*ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ നാമഹേതുകദിനം.*
ശ്ലീഹ 6:8-10 + 7:54-60 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം.
മത്താ 10:16-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപെടും.
**വിശുദ്ധ യോഹന്നാൻ ശ്ലീഹാ (ഡിസംബർ 27)**
*വടക്കേൽ മാർ ജോൺ, നെല്ലിക്കുന്നേൽ മാർ ജോൺ,*
*പനംതോട്ടത്തിൽ മാർ ജോൺ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
പുറ 33:12-23 (33:9-23) കർത്താവ് ജനത്തോടുകൂടെ.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തനു സമ്മാനം ലഭിക്കും.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽ നിന്ന്
ആരു നമ്മെ വേർപെടുത്തും?
യോഹ 21:20-24 ഈശോയും വത്സലശിഷ്യനും.

**27 ഞാ** **✠ പിറവി ഒന്നാം ഞായർ**
ഉത്പ 21 :9-21(21:1 - 21) ദാസിയുടെ മകനെയും സംരക്ഷിക്കുന്ന ദൈവം.
1സാമു 1 :21-28 (1:19-28) സാമുവൽ കർത്താവിനു സമർപ്പിക്കപ്പെടുന്നു.
ഗലാ 4:21-5:1 മിശിഹായിലുള്ള സ്വാതന്ത്ര്യത്തിൽ ഉറച്ചു നില്ക്കുവിൻ.
മത്താ 2:1-12 (2:1-23) ജ്ഞാനികളുടെ സന്ദർശനം.
**തിരുക്കുടുംബം**
ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
പ്രഭാ 3:1-9 മാതാപിതാക്കന്മാരോടുള്ള കടമകൾ.
കൊളോ 3:18-21 കർത്താവിൽ നയിക്കപ്പെടുന്ന കുടുംബ ജീവിതം.
മത്താ 2:13-14, 19-23 ഈജിപ്തിലേക്കു പലായനം
ചെയ്യുന്ന തിരുക്കുടുംബം.

**28 തി** **പിറവി ഒന്നാം തിങ്കൾ**
1 യോഹ 3:1-17 സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്.
യോഹ 8:12-19 ഈശോ ലോകത്തിന്റെ പ്രകാശം
**കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**
ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.
ജറെ 31:15-17 റാമായിൽനിന്ന് വിലാപസ്വരം.
ഹെബ്രാ 11:32-38 (11:3-10 + 11:32-12:2)
വിശ്വാസത്തെപ്രതി രക്തം ചിന്തിയവർ.
മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

**29 ചൊ** **പിറവി ഒന്നാം ചൊവ്വ**
2 കോറി 1:18-22 നാം മിശിഹായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.
യോഹ 13:31b-35 പരസ്നേഹം മിശിഹായുടെ ശിഷ്യന്റെ അടയാളം.

**30 ബു** **പിറവി ഒന്നാം ബുധൻ**
കൊളോ 3:12-17 ഈശോയുടെ വചനങ്ങൾ നിങ്ങളിൽ വസിക്കട്ടെ.
മത്താ 2:1-12 ജ്ഞാനികളുടെ സന്ദർശനം.

**31 വ്യാ** **പിറവി ഒന്നാം വ്യാഴം**
ഹെബ്രാ 5:11-14 നന്മതിന്മകളെ വിവേചിച്ചറിയുക.
മത്തായി 12: 43-45

## വർഷാവസാനം

ലേവ്യ 6:1-7 കർത്താവിനോട് അവിശ്വസ്തത കാണിക്കുന്നവൻ കുറ്റകാരനായിരിക്കും;
അവൻ പാപപരിഹാരം ചെയ്യണം.
ജ്ഞാനം 5:7-10, 14-16 നീതിമാൻമാർ എന്നേക്കും ജീവിക്കും;
അവരുടെ പ്രതിഫലം കർത്താവിന്റെ പക്കലുണ്ട്.
1 തിമോ 6:6-12 വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുക.
ലൂക്കാ 13:6-9 ഫലം പുറപ്പെടുവിക്കുന്നവരാകാം.

# അനുബന്ധം 1
# സീറോമലബാർ ആരാധനാവത്സര തിരുനാളുകൾ

ക്രൈസ്തവസഭകളിൽ കാലികചക്രം (Temporal Cycle) വിശുദ്ധാത്മകചക്രം (Sanctoral Cycle) എന്നിങ്ങനെ രണ്ടു വിധത്തിലാണ് ആരാധനാവത്സരം ക്രമീകരിച്ചിരിക്കുന്നത്. മിശിഹായുടെ രക്ഷാകരസംഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന ആരാധനാവത്സരത്തിലെ ഒൻപതുകാലങ്ങളുടെ ചൈതന്യവുമായി ബന്ധപ്പെടുത്തി ക്രൈസ്തവജീവിതം നയിക്കുന്നതിന് പ്രേരിപ്പിക്കുന്നതാണ് കാലികചക്രം (Temporal Cycle). വിശുദ്ധരുടെ തിരുനാളുകളെ അടിസ്ഥാനമാക്കി ക്രമീകരിച്ചിരിക്കുന്നതാണ് വിശുദ്ധാത്മകചക്രം (Sanctoral Cycle). ഇത്, ദിവസതിരുനാളുകൾ (Movable feasts), തീയതി തിരുനാളുകൾ (Fixed feasts) എന്നിങ്ങനെ രണ്ടു വിധത്തിലാണ് എല്ലാസഭകളിലും പ്രാവർത്തികമാക്കിയിട്ടുള്ളത്. അടിസ്ഥാനപരമായി കാലികചക്രമാണെങ്കിലും, വിശുദ്ധാത്മകചക്രത്തിന്റെ സവിശേഷതകളും സീറോമലബാർ സഭയുടെ ആരാധനാവത്സരത്തിൽ കാണാൻ കഴിയും.

കർത്താവിന്റെ തിരുനാളുകളേക്കാൾ പ്രാധാന്യം വിശുദ്ധരുടെ തിരുനാളുകൾക്കു കൊടുക്കാൻ പാടില്ല എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം എല്ലാ സഭാ പാരമ്പര്യങ്ങളുടെയും അടിസ്ഥാനതത്വമാണ്. തന്മൂലം, കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കാറില്ലായെന്നത് ശ്രദ്ധേയമാണ്.

ആരാധനാവത്സര കാലഘട്ടങ്ങളോടും അവയുടെ ചൈതന്യത്തോടും ചേർന്നുപോകുന്ന രീതിയിലും പ്രാധാന്യമുള്ള തിരുനാളുകൾ വേർതിരിച്ചറിയത്തക്ക വിധത്തിലുമാണ് വിവിധ തിരുനാളുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഈ പഞ്ചാംഗത്തിൽ 111 തിരുനാളുകളാണു ചേർത്തിട്ടുള്ളത്. അവയെ കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണ തിരുനാളുകൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. സാധാരണ തിരുനാളുകളെ പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ളവയെന്നും പൊതുവായവയെന്നും വേർതിരിച്ചിരിക്കുന്നു.

കാലികചക്ര (Temporal Cycle) ത്തോടു വിശുദ്ധരുടെ തിരുനാളുകളും ചേർക്കുന്ന രീതിയാണ് പൗരസ്ത്യസഭകൾക്കുള്ളത്. കർത്താവിന്റെ ദിവസമായ ഞായറാഴ്ച കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ദിവസമായിട്ടാണ് വെള്ളിയാഴ്ചയെ കണക്കാക്കുന്നത്. അതുകൊണ്ട്, പെസഹാരഹസ്യത്തിനു സാക്ഷ്യംവഹിച്ച് ജീവിതവിജയം നേടിയ വിശുദ്ധരെ ഒറ്റയ്ക്കും ഗണമായും വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നു. പ്രധാനമായും ദനഹാ, ശ്ലീഹ, കൈത്ത കാലങ്ങളിലെ വെള്ളിയാഴ്ചകളിലാണ് വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നത്. ഈശോയുടെ പരസ്യജീവിതം, ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ, സഭയുടെ വളർച്ച എന്നിവയോടു ബന്ധപ്പെടുത്തിയാണ് ഈ ക്രമീകരണം സ്വീകരിച്ചിരിക്കുന്നത്. സഭയുടെ പാരമ്പര്യത്തിനും തനിമയ്ക്കും ചേർന്നവിധം ആചരിക്കേണ്ട തിരുനാളുകൾ മറ്റു ചില വെള്ളിയാഴ്ചകളിൽ ചേർത്തിട്ടുണ്ട്. സകലമരിച്ചവരുടെയും സകലവിശുദ്ധരുടെയും തിരുനാളുകൾ ഈശോയുടെ പീഡാനുഭവത്തോടും മരണത്തോടും ഉത്ഥാനത്തോടും ബന്ധിപ്പിക്കാൻ യഥാക്രമം ദനഹാ അവസാനവെള്ളിയാഴ്ചയിലും ഉയിർപ്പ് ഒന്നാം വെള്ളിയാഴ്ചയിലുമാണ് ആചരിക്കുന്നത്.

പരിശുദ്ധകുർബാനയുടെ തിരുനാളും പരിശുദ്ധത്രിത്വത്തിന്റെ തിരുനാളും കർത്താവിന്റെ തിരുനാളുകളുടെ ഗണത്തിൽ വരുന്നതാണ്. പരിശുദ്ധകുർബാനയുടെ തിരുനാളിന് ഏറ്റവും ഉചിതമായ ദിവസം പെസഹാവ്യാഴാഴ്ചയാണ്. ദനഹാത്തിരുനാളിലും ദനഹാക്കാലത്തും പരിശുദ്ധത്രിത്വത്തെ പ്രത്യേകമായി അനുസ്മരിക്കുന്നു. എങ്കിലും, വിവിധ വ്യക്തിസഭകൾ ഇടകലർന്നു ജീവിക്കുന്നതുകൊണ്ടും ഇതര സഭാപാരമ്പര്യങ്ങളിൽപെട്ട സന്ന്യാസ, സമർപ്പിത സമൂഹങ്ങളുടെ സാന്നിധ്യംമൂലവും ആ പാരമ്പര്യങ്ങളിലെ ചില തിരുനാളുകൾ, പ്രത്യേകിച്ച് പാശ്ചാത്യ പാരമ്പര്യത്തിൽനിന്നുള്ളവ, നമ്മുടെ സഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും ചിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. അവയ്ക്കുദാഹരണങ്ങളായ പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ, പരിശുദ്ധകുർബാനയുടെ തിരുനാൾ, തിരുഹൃദയത്തിരുനാൾ, രാജത്വത്തിരുനാൾ, കർമ്മലമാതാവിന്റെ തിരുനാൾ തുടങ്ങി പല വിശുദ്ധരുടെയും തിരുനാളുകൾ നമ്മുടെ സഭയുടെ കലണ്ടറിലും ചേർത്തിരിക്കുന്നു. ദൈവകരുണയെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും ആഴമായി ധ്യാനിക്കാൻ തിരുഹൃദയത്തിരുനാൾ അവസരമൊരുക്കുന്നു. ചില പ്രദേശങ്ങളിൽ സകലവിശുദ്ധരുടെയും സകല മരിച്ചവരുടെയും ഓർമ്മ പാശ്ചാത്യപാരമ്പര്യമനുസരിച്ച് ആചരിച്ചുവരുന്നതിനാൽ ആ തീയതികളും കലണ്ടറിൽ ചേർത്തിട്ടുണ്ട്. എല്ലാ തിരുനാളുകളും എല്ലായിടത്തും പ്രസക്തമായിരിക്കണമെന്നില്ല. പ്രാദേശിക പ്രാധാന്യം മാത്രമുള്ളവ അതാതു സ്ഥലങ്ങളിൽ ആചരിച്ചാൽ മതിയാവും.

സ്വന്തം സഭാപാരമ്പര്യത്തിന്റെ തനിമയും ചൈതന്യവും സംരക്ഷിക്കുക എന്നത് ഓരോ സഭയുടെയും ഗൗരവമേറിയ ചുമതലയാണ്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് തിരുനാൾ കലണ്ടർ തയ്യാറാക്കിയിരിക്കുന്നു. കർത്താവിന്റെ (മാറാനായ) തിരുനാളുകളും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും തിരുനാളുകളും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ വലിയ അക്ഷരങ്ങളിൽ നല്കിയിരിക്കുന്നു. ചെറിയ അക്ഷരങ്ങളിൽ കൊടുത്തിരിക്കുന്നവയും രണ്ടുവായനകൾ മാത്രമുള്ളവയുമാണ് സാധാരണതിരുനാളുകൾ.

## അനുബന്ധം 2

# ആരാധനാവത്സര തിരുനാൾ പട്ടിക

## I. കർത്താവിന്റെ (മാറാനായ) തിരുനാളുകൾ

- **പിറവിത്തിരുനാൾ (ഡിസംബർ 25)**
- **നമ്മുടെ കർത്താവിന്റെ നാമകരണം (ജനുവരി 1)**
- **ദനഹാത്തിരുനാൾ (ജനുവരി 6)**
- നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (ഫെബ്രുവരി 2)
- **ഓശാന ഞായർ**
- **പെസഹാ വ്യാഴം**
- **പീഡാനുഭവ വെള്ളി**
- **ഉയിർപ്പു തിരുനാൾ**
- **സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാം വ്യാഴം)**
- **പന്തക്കുസ്താത്തിരുനാൾ**
- പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (ശ്ലീഹ രണ്ടാം ഞായർ)
- പരിശുദ്ധ കുർബാനയുടെ തിരുനാൾ (ശ്ലീഹ രണ്ടാം വ്യാഴം)
- തിരുഹൃദയത്തിരുനാൾ (ശ്ലീഹ മൂന്നാം വെള്ളി)
- **രൂപാന്തരീകരണം (ആഗസ്റ്റ് 6)**
- **വി. കുരിശിന്റെ പുകഴ്ച (സെപ്തംബർ 14)**
- രാജത്വത്തിരുനാൾ (പള്ളിക്കൂദാശ നാലാം ഞായർ)

## II. പ്രധാനപ്പെട്ട തിരുനാളുകൾ

- തിരുക്കുടുംബം (പിറവി ഒന്നാം ഞായർ)

## പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാളുകൾ

- **കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)**
- **കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തിരുനാൾ (പിറവി അവസാന വെള്ളി)**
- **മംഗളവാർത്തത്തിരുനാൾ (മാർച്ച് 25)**
- വിളവുകളുടെ സംരക്ഷകയായ മാതാവിന്റെ തിരുനാൾ (മെയ് 15)
- കന്യകാമറിയത്തിന്റെ സന്ദർശനം (മെയ് 31)
- കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാൾ (ശ്ലീഹ മൂന്നാം ശനി)
- കർമ്മലമാതാവ് (ജൂലൈ 16)
- **കന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15)**
- **മറിയത്തിന്റെ പിറവിത്തിരുനാൾ (സെപ്തംബർ 8)**
- ജപമാലരാജ്ഞി (ഒക്ടോബർ 7)

## ഓർമത്തിരുനാളുകൾ

- **യോഹന്നാൻ മാംദാന (ദനഹാ ഒന്നാം വെള്ളി)**
- **വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ (ദനഹാ രണ്ടാം വെള്ളി** അഥവാ ജൂൺ 29)

- **വിശുദ്ധ സുവിശേഷകന്മാർ (ദനഹാ മൂന്നാം വെള്ളി)**
- **വി. എസ്തപ്പാനോസ് (ദനഹാ നാലാം വെള്ളി)**
- **സുറിയാനി സഭാപിതാക്കന്മാർ (ദനഹാ ആറാം വെള്ളി)**
- **സകല മരിച്ചവരുടെ ഓർമ്മ**
  **(ദനഹാ അവസാന വെള്ളി** അഥവാ നവംബർ 2**)**
- **സകല വിശുദ്ധരുടെ തിരുനാൾ**
  **(ഉയിർപ്പ് ഒന്നാം വെള്ളി** അഥവാ നവംബർ 1**)**
- പന്ത്രണ്ടു ശ്ലീഹന്മാർ (കൈത്ത ഒന്നാം ഞായർ)
- നിസിബിസിലെ മാർ യാക്കോബ് (കൈത്ത ഒന്നാം വെള്ളി)
- മാർ മാറി (കൈത്ത രണ്ടാം വെള്ളി)
- വി. ശ്മോനിയും ഏഴുമക്കളും (കൈത്ത അഞ്ചാം വെള്ളി)
- വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും
  (കൈത്ത ആറാം വെള്ളി)
- **വി. ചാവറ കുര്യാക്കോസ് ഏലിയാസ് (ജനുവരി 3)**
- **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (മാർച്ച് 19)**
- **വി. ഗീവർഗീസ് (ഏപ്രിൽ 24)**
- **വി. മറിയം ത്രേസ്യ (ജൂൺ 8)**
- **മാർ അപ്രേം (ജൂൺ 9)**
- **മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3)**
- **വി. അൽഫോൻസാ (ജൂലൈ 28)**
- **വി. എവുപ്രാസ്യ (ആഗസ്റ്റ് 29)**

# III. സാധാരണ തിരുനാളുകൾ

**പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ള തിരുനാളുകൾ**

- ഗ്രീക്ക് സഭാപിതാക്കന്മാർ (ദനഹാ അഞ്ചാം വെള്ളി)
- മാർ അദ്ദായി (ഉയിർപ്പ് അഞ്ചാം ഞായർ)
- **സ്വർണ്ണ വെള്ളി (ശ്ലീഹ ഒന്നാം വെള്ളി)**
- ജറുസലെമിലെ വി. സിറിൽ (മാർച്ച് 18)
- വി. അത്തനേഷ്യസ് (മെയ് 2)
- വി. കുര്യാക്കോസ്, വി. ജൂലിറ്റാ (ജൂലൈ 15)
- വി. ജോൺ ക്രിസോസ്തോം (സെപ്റ്റംബർ 13)
- അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (ഒക്ടോബർ 17)
- മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം (നവംബർ 21)
- **മൈലാപ്പൂരിലെ അദ്ഭുതസ്ലീവാ (ഡിസംബർ 18)**

## തീയതിയനുസരിച്ചുള്ള സാർവത്രിക തിരുനാളുകൾ

### ജനുവരി

3. വി. കുര്യാക്കോസ് ഏലിയാസ്
14. വി. ദേവസഹായം
**20. വി. സെബസ്ത്യാനോസ്**
21. വി. ആഗ്നസ്
24. വി. ഫ്രാൻസിസ് സാലസ് മെ. മ.
26. വി. തിമോത്തേയോസ്, വി. തീത്തോസ്

28. വി. തോമസ് അക്വിനാസ്
31. വി. ജോൺ ബോസ്‌കോ

## ഫെബ്രുവരി

4. വി. ജോൺ ബ്രിട്ടോ
11. ലൂർദുമാതാവ്
14. വി. സിറിൽ, വി. മെത്തോഡിയസ്
23. വി. പൊലിക്കാർപ്പ്
25. വാഴ്ത്തപ്പെട്ട സി. റാണി മരിയ

## ഏപ്രിൽ

25. വി. മർക്കോസ് സുവിശേഷകൻ
29. സിയന്നായിലെ വി. കത്രീന

## മെയ്

**1. തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പ്**
2. വി. അത്തനേഷ്യസ്
**3. വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ**
6. വി. ഡൊമിനിക് സാവിയോ
**14. വി. മത്തിയാസ് ശ്ലീഹ**
16. വി. സൈമൺ സ്റ്റോക്ക്
22. വി. റീത്ത

## ജൂൺ

1. വി. ജസ്റ്റിൻ
8. വി. മറിയം ത്രേസ്യ
**11. വി. ബർണബാസ് ശ്ലീഹ**
**13. പാദുവായിലെ വി. അന്തോണീസ്**
19. വി. ഗർവാസിസ്, വി. പ്രൊത്താസിസ്
21. വി. അലോഷ്യസ് ഗൊൺസാഗ
22. വി. ജോൺ ഫിഷർ, വി. തോമസ് മൂർ
24. വി. യോഹന്നാൻ മാംദാനയുടെ ജനനം
28. വി. ഇരണേവൂസ്

## ജൂലൈ

6. വി. മരിയ ഗൊരേറ്റി
11. വി. ബനഡിക്ട്
**25. വി. യാക്കോബ് ശ്ലീഹ**
**26. വി. ജോവാക്കിം, വി. അന്നാ**
29. വി. മർത്താ
**31. വി. ഇഗ്നേഷ്യസ് ലയോള**

## ആഗസ്റ്റ്

1. വി. അൽഫോൻസ് ലിഗോരി
**4. വി. ജോൺ മരിയ വിയാനി**
8. വി. ഡൊമിനിക്
10. വി. ലോറൻസ്

**11. വി. ക്ലാര**
14. വി. മാക്സിമില്യൻ കോൾബേ
20. വി. ബെർനാർദ്
**21. വി. പത്താം പീയൂസ് മാർപാപ്പ**
**24. വി. ബർത്തലോമിയോ ശ്ലീഹ**
27. വി. മോനിക്ക
**28. വി. അഗസ്റ്റിൻ**

## സെപ്തംബർ

3. മഹാനായ വി. ഗ്രിഗരി മാർപാപ്പ
**5. കൊൽക്കൊത്തയിലെ വി. തെരേസ**
**21. വി. മത്തായി ശ്ലീഹ**
**27. വി. വിൻസെന്റ് ഡി പോൾ**
**29. പ്രധാനമാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ**
30. വി. ജെറോം

## ഒക്ടോബർ

**1. വി. കൊച്ചുത്രേസ്യ**
**2. കാവൽമാലാഖ**
**4. വി. ഫ്രാൻസിസ് അസ്സീസി**
7. ജപമാലരാജ്ഞി
**15. ആവിലായിലെ വി. ത്രേസ്യ**
**16. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ**
**18. വി. ലൂക്കാ സുവിശേഷകൻ**
**22. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ**
**28. വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ**

## നവംബർ

3. വി. മാർട്ടിൻ ഡി പോറസ്
**5. വി. സഖറിയ, വി. ഏലീശ്വാ**
10. മഹാനായ വി. ലിയോ മാർപാപ്പ
15. മഹാനായ വി. ആൽബർട്ട്
21. പ. കന്യകാമറിയത്തിന്റെ സമർപ്പണം
26. വി. ജോൺ ബെർക്കുമാൻസ്
**30. വി. അന്ത്രയോസ് ശ്ലീഹ**

## ഡിസംബർ

**3. വി. ഫ്രാൻസിസ് സേവ്യർ**
4. വി. ജോൺ ഡമഷീൻ
5. വി. സാബാ
7. വി. അംബ്രോസ്
14. കുരിശിന്റെ വി. യോഹന്നാൻ
26. വി. എസ്തപ്പാനോസ്
**27. വി. യോഹന്നാൻ ശ്ലീഹ**
28. കുഞ്ഞിപ്പൈതങ്ങൾ

## അനുബന്ധം 3

# വിശുദ്ധരുടെ തിരുനാളുകൾക്കുള്ള ഐച്ഛികവായനകളും മറ്റു പ്രത്യേക സന്ദർഭങ്ങൾക്കുള്ള വായനകളും

## 1. പരിശുദ്ധ കന്യകാമറിയം

### 1.1

| | | |
|---|---|---|
| ഉത്പ | 3:1-19 | നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിൽ ശത്രുതയുളവാക്കും |
| ഉത്പ | 17:15-22 | അവൾ ജനതകളുടെ മാതാവാകും |
| ന്യായ | 13:1-7 | നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| ഏശ | 7:10-16 | കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| ഉത്ത | 2:1-4 | മുള്ളുകൾക്കിടയിലെ ലില്ലിപ്പൂവുപോലെ |
| യൂദി | 15:8-13 | നീ ജറുസലമിന്റെ ഉന്നതിയും ഇസ്രായേലിന്റെ മഹിമയും |

### 1.2

| | | |
|---|---|---|
| ശ്ലീഹ | 1:12-14 | ശ്ലീഹന്മാരോടൊപ്പം പ്രാർഥിക്കുന്ന അമ്മ |
| റോമാ | 8:26-30 | മുൻകൂട്ടി തിരഞ്ഞെടുത്തവരെ വിളിക്കുന്ന ദൈവം |
| ഗലാ | 4:4-7 | അവൻ സ്ത്രീയിൽനിന്നു ജാതനായി |
| എഫേ | 1:3-12 | ലോകാരംഭത്തിനുമുമ്പ് നമ്മെ തിരഞ്ഞെടുത്ത ദൈവം |

### 1.3

| | | |
|---|---|---|
| മത്താ | 1:1-16 | അവളിൽനിന്ന് ഈശോ ജനിച്ചു |
| മത്താ | 1:18-25 | അവൾ ഗർഭം ധരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ് |
| മത്താ | 2:13-23 | ഈജിപ്തിലേക്കുള്ള പലായനം |
| മത്താ | 12:46-50 | ഈശോയുടെ അമ്മയും സഹോദരരും |
| ലൂക്കാ | 1:26-38 | നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| ലൂക്കാ | 1:39-47 | നീ സ്ത്രീകളിൽ അനുഗൃഹീത |
| ലൂക്കാ | 1:46-56 | മറിയത്തിന്റെ സ്തോത്രഗീതം |
| ലൂക്കാ | 2:1-14 | അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു |
| ലൂക്കാ | 2:15b-19 | മറിയം അവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു |
| ലൂക്കാ | 2:25-35 | നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും |
| ലൂക്കാ | 2:41-52 | ഉൽക്കണ്ഠയോടെ ഈശോയെ അന്വേഷിക്കുന്ന അമ്മ |
| ലൂക്കാ | 11:27-28 | നിന്നെ വഹിച്ച ഉദരം ഭാഗ്യമുള്ളത് |
| യോഹ | 2:1-11 | അവിടെ ഈശോയുടെ അമ്മയും ഉണ്ടായിരുന്നു |
| യോഹ | 19:25-27 | ഇതാ, നിന്റെ അമ്മ |

## 2. രക്തസാക്ഷികൾ

### 2.1

| | | |
|---|---|---|
| ഉത്പ | 4:8-16 | ആബേൽ വധിക്കപ്പെടുന്നു |
| ഉത്പ | 22:1-13 | അബ്രാഹത്തിന്റെ ബലി |
| 1 രാജാ | 21:1-21 | നാബോത്ത് കല്ലെറിയപ്പെടുന്നു |
| 2 മക്ക | 7:1-11 | അമ്മയും ഏഴു മക്കളും |

## 2.2

| | | |
|---|---|---|
| ശ്ലീഹ | 7:55-60 | എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം |
| റോമാ | 5:1-5 | നമ്മുടെ കഷ്ടതകളിൽ നമുക്ക് അഭിമാനം |
| 2 കോറി | 4:7-15 | ഈശോയെപ്രതി സദാ മരണത്തിന് ഏല്പിക്കപ്പെടുന്നു |
| 2 കോറി | 6:4-10 | മരിക്കുന്നവരെപ്പോലെയാണെങ്കിലും ഞങ്ങൾ ജീവിക്കുന്നു |
| 2 തിമോ | 2:8-13; 3:10-12 | മിശിഹായ്ക്കുവേണ്ടി ജീവിക്കുന്നവർ സഹിക്കണം |
| 1 പത്രോ | 3:14-17 | നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക |
| 1 പത്രോ | 4:12-19 | മിശിഹായുടെ പീഡകളിൽ പങ്കുകാരാകുക |
| വെളി | 12:10-12 | കുഞ്ഞാടിന്റെ രക്തംകൊണ്ടു വിജയം |

## 2.3

| | | |
|---|---|---|
| മത്താ | 10:16-25 | എന്നെപ്രതി സഹിക്കുക |
| മത്താ | 10:26-33 | നിർഭയം സാക്ഷ്യം വഹിക്കുക |
| ലൂക്കാ | 9:23-26 | മിശിഹായെപ്രതി ജീവൻ നഷ്ടപ്പെടുത്തുക |
| യോഹ | 12:24-26 | ഗോതമ്പുമണി നിലത്തുവീണ് അഴിയണം |
| യോഹ | 15:18-21 | ലോകം നിങ്ങളെ ദ്വേഷിക്കും |
| യോഹ | 17:11-19 | ലോകം അവരെ ദ്വേഷിച്ചു |

# 3. സഭാപിതാക്കന്മാർ

## 3.1

| | | |
|---|---|---|
| നിയ | 6:1-15 | ദൈവത്തിന്റെ കല്പനകൾ |
| സംഖ്യ | 27:15-22 | ജോഷ്വ ഇസ്രായേൽ ജനത്തിന്റെ പിതാവ് |
| പ്രഭാ | 15:1-6 | അറിവുകൊണ്ടും ജ്ഞാനംകൊണ്ടും അവനെ നിറയ്ക്കും |
| ജ്ഞാനം | 7:7-10, 15-16 | ജ്ഞാനം സർവോൽകൃഷ്ടം |

## 3.2

| | | |
|---|---|---|
| 1 കോറി | 2:1-10 | നിഗൂഢമായ ദൈവികജ്ഞാനം |
| എഫേ | 3:8-12 | മിശിഹായുടെ സമ്പന്നതയെക്കുറിച്ചു പ്രസംഗിക്കുന്ന പൗലോസ് |

## 3.3

| | | |
|---|---|---|
| മത്താ | 5:13-19 | നിങ്ങൾ ലോകത്തിന്റെ പ്രകാശം |
| മത്താ | 7:21-29 | ഈശോ അധികാരമുള്ളവനെപ്പോലെ പഠിപ്പിച്ചു |
| മർക്കോ | 4:1-10, 13-20 | വിതക്കാരന്റെ ഉപമ |

# 4. കന്യകകൾ

## 4.1

| | | |
|---|---|---|
| നിയ | 11:10-15 | കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക |
| ഉത്ത | 8:6-7 | സ്നേഹം മരണത്തെപ്പോലെ ശക്തം |

## 4.2

| | | |
|---|---|---|
| 1 കോറി | 7:25-35 | അവിവാഹിത, കർത്താവിന്റെ കാര്യങ്ങളിൽ തല്പര |
| വെളി | 19:5-9 | കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ |
| വെളി | 21:1-5 | കർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടി |

## 4.3

| | | |
|---|---|---|
| മത്താ | 19:3-12 | സ്വർഗ്ഗരാജ്യത്തെപ്രതി |
| മത്താ | 25:1-13 | ബുദ്ധിമതികളായ കന്യകമാർ |
| ലൂക്കാ | 10:38-42 | മറിയം ഏറ്റം ശ്രേഷ്ഠമായതു തിരഞ്ഞെടുത്തു |

## 5. മറ്റു വിശുദ്ധർ

### 5.1

| | | |
|---|---|---|
| ലേവ്യ | 19:1-2, 17-18 | നിങ്ങൾ പരിശുദ്ധരായിരിക്കണം |
| നിയ | 6:3-9 | പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക |
| നിയ | 10:8-9 | എന്റെ അവകാശം കർത്താവാകുന്നു |
| 1 രാജാ | 19:16-21 | എലിസേവൂസ് ഏലിയായുടെ പിന്നാലെ |
| 1 രാജാ | 19:4-15 | ഹൃദയനൈർമ്മല്യത്തോടെ എന്റെ മുമ്പിൽ വരിക |
| തോബി | 12:6-13 | ഉപവാസം, ദാനധർമ്മം, പ്രാർഥന |

### 5.2

| | | |
|---|---|---|
| റോമാ | 8:26-30 | മുൻകൂട്ടി നിശ്ചയിച്ചവരെ വിളിക്കുന്ന ദൈവം |
| 1 കോറി | 1:26-30 | ബലഹീനരെ തിരഞ്ഞെടുക്കുന്ന ദൈവം |
| ഗലാ | 2:19-20 | ഞാൻ മിശിഹായോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു |
| എഫേ | 3:14-19 | മിശിഹായുടെ സ്നേഹത്തിന്റെ ശക്തി എന്നിൽ |
| ഫിലി | 3:8-14 | മിശിഹായെപ്രതി സർവതും നഷ്ടപ്പെടുത്തുക |
| യാക്കോ | 2:14-17 | വിശ്വാസം പ്രവൃത്തിയിലൂടെ |

### 5.3

| | | |
|---|---|---|
| മത്താ | 5:1-12 | സുവിശേഷഭാഗ്യങ്ങൾ |
| മത്താ | 5:13-16 | നിങ്ങൾ ലോകത്തിന്റെ പ്രകാശം |
| മത്താ | 13:44-50 | സ്വർഗ്ഗരാജ്യത്തിലെ നിധി |
| മത്താ | 16:24-27 | മിശിഹായ്ക്കുവേണ്ടി ജീവൻ നഷ്ടപ്പെടുത്തുന്നവർ |
| മത്താ | 19:27-29 | മിശിഹായെപ്രതി സർവ്വതും ഉപേക്ഷിക്കണം |
| ലൂക്കാ | 6:27-38 | ഏവരോടും കരുണകാണിക്കുക |
| ലൂക്കാ | 9:57-62 | കലപ്പയിൽ കൈവച്ചു തിരിഞ്ഞുനോക്കരുത് |
| ലൂക്കാ | 10:38-42 | മറിയം വിശിഷ്ടഭാഗം തിരഞ്ഞെടുത്തു |
| ലൂക്കാ | 14:25-33 | മിശിഹായുടെ ശിഷ്യൻ സ്വജീവൻ ഉപേക്ഷിക്കണം |
| യോഹ | 15:9-17 | നമ്മൾ മിശിഹായുടെ സ്നേഹിതന്മാർ |

## 6. മാമ്മോദീസ

### 6.1

| | | |
|---|---|---|
| ഉത്പ | 12:1-4 | ഞാൻ കാണിച്ചുതരുന്നിടത്തേക്കു പോവുക |
| എസെ | 36:24-28 | നിങ്ങളുടെമേൽ ശുദ്ധജലം തളിക്കും |

### 6.2

| | | |
|---|---|---|
| റോമാ | 6:3-11 | മാമ്മോദീസാവഴി മിശിഹായുടെ മരണത്തിൽ ഐക്യം |
| ഗലാ | 3:26-29 | മാമ്മോദീസാവഴി നാം മിശിഹായെ ധരിച്ചു |

### 6.3

| | | |
|---|---|---|
| മത്താ | 3:13-17 | ഈശോയുടെ മാമ്മോദീസ |
| യോഹ | 3:1-8 | നാം വീണ്ടും ജനിക്കണം |

## 7. കുർബാനസ്വീകരണം

| | | |
|---|---|---|
| ഉത്പ | 14:17-20 (14:1-20) | മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു |
| മലാ | 1:7-12 (1:6-12) | നിരന്തരം അർപ്പിക്കപ്പെടുന്ന ബലി |

| | | |
|---|---|---|
| 1 കോറി | 11:23–30 (10:15–17 + 11:23–30) | നിങ്ങൾക്കുവേണ്ടിയുള്ള ഏകശരീരം |
| യോഹ | 6:51–59 (6:51–64) | സ്വർഗത്തിൽനിന്നിറങ്ങിവന്ന ജീവന്റെ അപ്പം |

## 8. വിവാഹം

### 8.1

| | | |
|---|---|---|
| ഉത്പ | 1:26–28 | സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു |
| ഉത്പ | 2:18–24 | പുരുഷൻ മാതാപിതാക്കന്മാരെ വിട്ടു ഭാര്യയോടു ചേരണം |
| സുഭാ | 31:10–31 | ഉത്തമയായ ഭാര്യ |
| ഏശ | 61:10–11 | കർത്താവിൽ ആനന്ദിക്കും |
| പ്രഭാ | 26:1–4 | വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കും |

### 8.2

| | | |
|---|---|---|
| എഫേ | 5:22–33 | അവർ രണ്ടുപേരും ഒന്നാകും |
| 1 പത്രോ | 3:1–7 | ആന്തരിക വ്യക്തിത്വം ഭാര്യയുടെ അലങ്കാരം |

### 8.3

| | | |
|---|---|---|
| മർക്കോ | 10:2–9 | അവർ ഇനി ഒരു ശരീരം |
| യോഹ | 2:1–11 | കാനായിലെ വിവാഹം |

## 9. കാറോയാപ്പട്ടം

### 9.1

| | | |
|---|---|---|
| നിയ | 6:3–9 | കർത്താവിന്റെ നിയമം നമ്മുടെ ഹൃദയത്തിൽ |
| നിയ | 30:10–14 | കർത്താവിന്റെ പ്രമാണം നമ്മുടെ അധരത്തിൽ |
| ഏശ | 55:10–13 | ഫലരഹിതമാകാത്ത വാക്ക് |
| നെഹ | 8:1–10 | ദൈവത്തിന്റെ നിയമം വായിച്ചു വിശദീകരിക്കുന്നവൻ |

### 9.2

| | | |
|---|---|---|
| 1 കോറി | 2:1–5 | വിജ്ഞാനം ആത്മാവിലൂടെ |
| 2 തിമോ | 3:14–17 | വിശുദ്ധലിഖിതം ദൈവനിവേശിതം |

### 9.3

| | | |
|---|---|---|
| മത്താ | 5:14–19 | നിങ്ങൾ ലോകത്തിന്റെ പ്രകാശം |
| യോഹ | 7:14–18 | ഈശോയുടെ വചനം അവനെ അയച്ചവന്റേതാണ് |

## 10. ഹെവുപ്പദ്യാക്ക്നപട്ടം

### 10.1

| | | |
|---|---|---|
| ഉത്പ | 14:18–20 | മെൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു |
| പുറ | 16:2–15 | ആകാശത്തുനിന്ന് അപ്പം വർഷിക്കപ്പെടുന്നു |
| സുഭാ | 9:1–6 | കർത്താവിന്റെ അപ്പം ഭക്ഷിക്കുക |

### 10.2

| | | |
|---|---|---|
| ശ്ലീഹ | 2:43–47 | ശ്ലീഹന്മാരുടെ പ്രബോധനത്തിൽ പങ്കുചേർന്നവർ |
| 1 കോറി | 10:16–17 | നാം ഏക ശരീരം |

### 10.3

| | | |
|---|---|---|
| ലൂക്കാ | 9:10–17 | അവരെല്ലാം ഭക്ഷിച്ചു തൃപ്തരായി |
| ലൂക്കാ | 24:13–35 | എമ്മാവൂസിലെ ശിഷ്യന്മാർ |

## 11. മ്ശംശാനപ്പട്ടം

### 11.1

| | | |
|---|---|---|
| 1 ദിന | 23:1-2, 28-32 | ദേവാലയശുശ്രൂഷയിൽ സഹായിക്കുന്ന ലേവ്യർ |
| സംഖ്യ | 8:20-26 | ലേവ്യർക്കുള്ള നിയമങ്ങൾ |
| പ്രഭാ | 30:1-11 | കർത്താവിന്റെ ബന്ധനകളിൽ അഭിമാനം കൊള്ളുന്നവർ |
| ഏശ | 6:1-8 | ആരാണു നമുക്കുവേണ്ടി പോവുക? |

### 11.2

| | | |
|---|---|---|
| ശ്ലീഹ | 6:1-7 | ഏഴു ഡീക്കന്മാരുടെ തിരഞ്ഞെടുപ്പ് |
| 2 തിമോ | 3:10-15 | നീ പഠിപ്പിക്കുക |

### 11.3

| | | |
|---|---|---|
| യോഹ | 13:3-17 | ഈശോ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു |
| മർക്കോ | 1:14-20 | മനുഷ്യരെ പിടിക്കുന്നവർ |

## 12. പുരോഹിതപട്ടം

### 12.1

| | | |
|---|---|---|
| പുറ | 3:1-10 | അഹറോനും പുത്രന്മാരും |
| പുറ | 40:1-15 | പുരോഹിതനായ അഹറോൻ |
| ഏശ | 61:1-10 | പീഡിതർക്കു സുവിശേഷം |
| ജറെ | 1:1-10 | ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം |

### 12.2

| | | |
|---|---|---|
| 1 പത്രോ | 5:1-4 | അജഗണങ്ങളുടെ പരിപാലകൻ |
| ഹെബ്രാ | 5:1-10 | മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ |
| എഫേ | 4:1-7, 14-16 | വിളിക്കു യോഗ്യമായവിധം ചരിക്കുക |

### 12.3

| | | |
|---|---|---|
| മത്താ | 10:1-9, 16 | ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ് |
| യോഹ | 10:1-5, 11-18 | ആടുകൾക്കുവേണ്ടി ജീവിക്കുന്ന ഇടയൻ |
| യോഹ | 15:5, 7-10, 13-17 | മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ |
| യോഹ | 17:6-19 | മറ്റുള്ളവർക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്ന ഈശോ |

## 13. മെത്രാഭിഷേകം

| | |
|---|---|
| പുറ | 24:1-11 |
| ജ്ഞാനം | 9:1-12 |
| ഫിലി | 1:12-18 |
| മത്താ | 16:13-18 + യോഹ 21:15-17 + മത്താ 16:19 |

## 14. അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോൻ) കൂദാശ

| | | |
|---|---|---|
| ഉത്പ | 28:10-22 | യാക്കോബ് കല്ലിനെ അഭിഷേകം ചെയ്യുന്നു |
| പുറ | 30:22-38 | വിശുദ്ധമായ അഭിഷേകതൈലം |
| 1 യോഹ | 2:20-29 | നിങ്ങൾ സ്വീകരിച്ച അഭിഷേകം |
| മർക്കോ | 14:1-9 | പാപിനി ഈശോയുടെ ശിരസ്സിൽ സുഗന്ധതൈലം പൂശുന്നു |

## 15. സന്ന്യാസവ്രതവാഗ്ദാനം

### 15.1

| | | |
|---|---|---|
| ഉത്പ | 12:1-4 | ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക |
| 1 സാമു | 3:1-10 | നാഥാ, അരുളിച്ചെയ്താലും |
| ജറെ | 1:4-10 | ജറെമിയായെ വിളിക്കുന്നു |

### 15.2

| | | |
|---|---|---|
| ശ്ലീഹ | 2:37-47 | ആദിമ ക്രൈസ്തവസമൂഹം |

### 15.3

| | | |
|---|---|---|
| മത്താ | 5:1-12 | സുവിശേഷഭാഗ്യങ്ങൾ |
| മത്താ | 25:1-13 | പത്തു കന്യകമാർ |
| മർക്കോ | 10:28-30 | സർവതും ഉപേക്ഷിച്ച ശ്ലീഹന്മാർ |
| യോഹ | 15:9-17 | മിശിഹായിൽ വസിക്കുന്നവർ |

## 16. ദൈവാലയകൂദാശ

| | | |
|---|---|---|
| പുറ | 40:17-38 | കൂടാരപ്രതിഷ്ഠ |
| ഏശ | 6:1-13 | ഏശയ്യായുടെ സ്വർഗീയദർശനം |
| 1 കോറി | 3:10-17 | നിങ്ങൾ ദൈവത്തിന്റെ ആലയം |
| യോഹ | 2:13-17 | ദൈവാലയശുദ്ധീകരണം |

## 17. രോഗികൾ

### 17.1

| | | |
|---|---|---|
| പുറ | 3:7-8 | നമ്മുടെ രോദനം കേൾക്കുന്ന ദൈവം |
| പുറ | 17:1-6 | ദാഹജലം നല്കി ആശ്വസിപ്പിക്കുന്ന കർത്താവ് |
| 1 രാജാ | 19:1-8 | ഏലിയാസിനെ ആശ്വസിപ്പിക്കുന്ന കർത്താവ് |
| ഏശ | 52:13-53:12 | നമ്മുടെ വേദനകൾ വഹിക്കുന്ന കർത്താവ് |

### 17.2

| | | |
|---|---|---|
| ശ്ലീഹ | 3:1-10 | മിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക |
| യാക്കോ | 5:13-16 | സുഖപ്പെടുത്തുന്ന പ്രാർഥന |
| റോമാ | 8:14-18 | മിശിഹായോടൊപ്പം പീഡയനുഭവിക്കണം |
| ശ്ലീഹ | 4:8-14 | മിശിഹായുടെ നാമത്തിൽ അവൻ സുഖപ്പെട്ടു |

### 17.3

| | | |
|---|---|---|
| മത്താ | 15:25-31 | അനേകരെ സുഖപ്പെടുത്തിയ മിശിഹാ |
| മർക്കോ | 2:1-12 | തളർവാതരോഗിയെ സുഖപ്പെടുത്തുന്നു |
| ലൂക്കാ | 7:18b-23 | നിങ്ങൾ കാണുന്നവ യോഹന്നാനെ അറിയിക്കുക |
| യോഹ | 9:1-7 | കുരുടന് കാഴ്ച ലഭിക്കുന്നു |

## 18. കർത്താവിൽ നിദ്ര പ്രാപിച്ചവർ

### 18.1

| | | |
|---|---|---|
| ഉത്പ | 49:29-33 | യാക്കോബിന്റെ മരണം |
| ഉത്പ | 3:14-19 | നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും |
| 2 മക്ക | 12:38-45 | മരിച്ചവർക്കുവേണ്ടി പരിഹാരകർമ്മം |

| | | |
|---|---|---|
| ജ്ഞാനം | 3:1-9 | നീതിമാന്മാരുടെ ആത്മാക്കൾ ദൈവകരങ്ങളിൽ |
| ദാനി | 12:1-3 | ഭൂമിയിലെ പൊടിയിലുറങ്ങുന്നവർ ഉണരും |

### 18.2

| | | |
|---|---|---|
| 1 കോറി | 15:12-19 | മരിച്ചവർക്കു പുനരുത്ഥാനം |
| 1 കോറി | 15:20-28 | മിശിഹായിൽ എല്ലാവരും പുനർജീവിക്കും |
| 1 തെസ | 4:13-18 | മരിച്ചവരുടെ ഉയിർപ്പ് |

### 18.3

| | | |
|---|---|---|
| ലൂക്കാ | 7:11-17 | യുവാവേ, എഴുന്നേല്ക്കുക |
| യോഹ | 5:24-29 | മിശിഹായിൽ ജീവിക്കുന്നവർക്കു നിത്യജീവൻ |
| യോഹ | 6:37-40 | മിശിഹായ്ക്കുള്ളവർ ഉയിർപ്പിക്കപ്പെടും |
| യോഹ | 5:24; 6:47-51a, 53-54 | |
| യോഹ | 6:51-58 | മിശിഹായെ സ്വീകരിക്കുന്നവർക്കു നിത്യജീവൻ |
| യോഹ | 11:32-45 | ലാസറേ, പുറത്തുവരുക |
| യോഹ | 14:1-6 | |

## 19. പൗരോഹിത്യ ജൂബിലി

### 19.1

ലേവ്യ 25:8-13
നിയ 18:1-5
എസെ 44:15-16, 23-24, 27-30
ഏശ 61:1-6

### 19.2

2 തിമോ 4:1-5
ഹെബ്രാ 5:1-6

### 19.3

യോഹ 10:7-11
മർക്കോ 3:13-19
യോഹ 13:4-11
ലൂക്കാ 22:14-20

## 20. സന്ന്യാസവ്രതവാഗ്ദാന ജൂബിലി

### 20.1

ഉത്പ 12:1-4
ലേവ്യ 25:8-13
ജറെ 1:4-10
എസെ 2:1-10

### 20.2

1 കോറി 7:32-35
2 കോറി 4:6-12

### 20.3

മത്താ 5:1-12
മത്താ 19:16-26

ലൂക്കാ 1:46–55
യോഹ 15:9–17

## 21. വിവാഹ ജൂബിലി

### 21.1

ഉത്പ 2:18–24
വേല്യ 25:8–13
സുഭാ 31:10–31
പ്രഭാ 26:1–4, 13–16

### 21.2

എഫേ 5:22–33
1 പത്രോ 3:1–7

### 21.3

മത്താ 19:3–6
യോഹ 2:1–12

## 22. വിദ്യാരംഭം / അദ്ധ്യയനവർഷാരംഭം

നിയ 6:1–9
ജ്ഞാനം 9:9–12
2 തിമോ 3:10–17
1 പത്രോ 5:5–11
ലൂക്കാ 2:41–52

## 23. വർഷാരംഭം

പുറ 23:14–17
ഏശ 52:7–12
എഫേ 4:17–24
മത്താ 6:25–34

## 24. വർഷാവസാനം

ലേവ്യ 6:1–7
ജ്ഞാനം 5:7–10, 14–16
1 തിമോ 6:6–12
ലൂക്കാ 13:6–9

## 25. അനുരഞ്ജനശുശ്രൂഷ

ഉത്പ 4:3–12
2 സാമു 12:1–14
റോമ 6:12–23
ലൂക്കാ 15:11–24

## 26. മാതൃരാജ്യം

1 ദിന 14:8–17
പ്രഭാ 10:1–5
1 തിമോ 2:1–5
ലൂക്കാ 20:20–26

# അനുബന്ധം 4

# സ്മരണീയമായ ചില തീയതികൾ

**A.D 52 നവംബർ 21 -** നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ മാർ തോമാശ്ലീഹാ കേരളത്തിൽ വന്ന് സുവിശേഷപ്രസംഗം നടത്തി ക്രൈസ്തവസഭയ്ക്ക് ബീജാവാപം ചെയ്തു. കേരളത്തിൽ ശ്ലീഹ സ്ഥാപിച്ച പ്രധാന പള്ളികൾ: കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ കോട്ടയ്ക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.

**72** **ജൂലൈ 3 -** മാർ തോമാശ്ലീഹാ മൈലാപ്പൂരിലെ ചിന്നമലയിൽ വച്ചു രക്തസാക്ഷിത്വം വരിച്ചു. മൈലാപ്പൂരിൽ സംസ്കരിക്കപ്പെട്ടു. ഈ ദിവസത്തെ 'ദുക്റാന' എന്നു വിളിക്കുന്നു.

**190** അലക്സാൻഡ്രിയായിൽനിന്ന് വി. പന്തേനോസ് ക്രിസ്ത്യാനികളെ സഹായിക്കാൻ കേരളത്തിൽ വന്നു.

**325** നിഖ്യായിലെ പൊതു സൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തയായ മാർ യോഹന്നാൻ സംബന്ധിച്ചു.

**345** ക്നായി തോമ്മാ കൊടുങ്ങല്ലൂരിൽ വന്നു. ഈ ആണ്ടിനു മലയാളത്തിലെ അക്ഷരക്കണക്കിൽ ശോ വാ ല (3-4-5) എന്നാണു പറയുന്നത്.

**1567** **ആഗസ്റ്റ് 29 -** അങ്കമാലി അതിരൂപതാസ്ഥാപനം.

**1597** അവസാനത്തെ വിദേശ സുറിയാനി മെത്രാപ്പോലീത്തയായ മാർ അബ്രാഹമിന്റെ ചരമം. അങ്കമാലിയിൽ വി. ഉറുമീസിന്റെ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

**1599** **ജൂൺ 20-26 -** ഉദയംപേരൂർ സൂനഹദോസ്. 9 യോഗങ്ങൾ നടന്നു. അതിൽ 153 വൈദികരും 660 ജനപ്രതിനിധികളും സംബന്ധിച്ചു.

**1559** **നവംബർ 5 -** ഫ്രാൻസിസ് റോസ് എസ്.ജെ. സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

**1600** **ആഗസ്റ്റ് 4 -** പാദ്രൊവാദൊ അധികാരം മാർത്തോമ്മാക്രിസ്ത്യാനികളുടെ മേൽ വ്യാപിപ്പിച്ചു.

**1609** **ഡിസംബർ 3 -** അതിരൂപതയുടെ ആസ്ഥാനം അങ്കമാലിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്കു മാറ്റി.

**1610** **ഡിസംബർ 22 -** ഗോവാ മെത്രാപ്പോലീത്താ സുറിയാനി മേലദ്ധ്യക്ഷന്മാർക്ക് ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന അധികാരം മലബാറിന്റെ വടക്കുഭാഗം മുതൽ തെക്കോട്ടായി അതിർത്തി നിശ്ചയിച്ചു ചുരുക്കി.

**1653** **ജനുവരി 3 -** ഗാർസിയ എസ്.ജെ. മെത്രാപ്പോലീത്തയുടെ കാലത്ത് മട്ടാഞ്ചേരിയിൽവച്ച് ഭാരത സുറിയാനി സഭാംഗങ്ങൾ പോർട്ടുഗീസ് ഭരണത്തിനെതിരായി 'കൂനൻകുരിശുസത്യം' നടത്തി.

**1653** **മേയ് 22 -** ആലങ്ങാട്ടുവച്ച് 12 പട്ടക്കാർ തോമസ് അർക്കദിയാക്കോന്റെ മേൽ കൈവച്ച് 'മെത്രാൻസ്ഥാനം' കൊടുത്തു.

**1659** **ഡിസംബർ 15 -** ഇറ്റലിക്കാരനും കർമ്മലീത്താ സഭാംഗവുമായ സെബസ്ത്യാനിയുടെ മെത്രാഭിഷേകം

**1659** **ഡിസംബർ 17 -** സെബാസ്ത്യാനിയെ മലബാറിന്റെ അപ്പസ്തോലിക് കമ്മീസറിയും അഡ്മിനിസ്ട്രേറ്ററുമായി നിയമിച്ചു.

**1659** **ഡിസംബർ 24 –** മലബാറിൽ മെത്രാനെ വാഴിച്ച് അദ്ദേഹത്തെ വികാരി അപ്പസ്തോലിക്കയായി നിയമിക്കുന്നതിനുള്ള അധികാരം ഏഴാം അലക്സാണ്ടർ മാർപാപ്പ Pro Commissa Nobis എന്ന തിരുവെഴുത്തുപ്രകാരം സെബസ്ത്യാനി മെത്രാനു നല്കി.

**1663** **ഫെബ്രുവരി 1 –** മേൽപറഞ്ഞ തിരുവെഴുത്ത് അനുസരിച്ച് പള്ളിവീട്ടിൽ ചാണ്ടി (Alexander de Campo) അച്ചനെ മെഗരോയുടെ സ്ഥാനികമെത്രാനും മലബാറിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയുമായി അഭിഷേചിച്ചു നിയമിച്ചു. ഇതുവരെ പോർട്ടുഗീസുഭരണത്തിനെതിരായി നിന്നവരിൽ ഭൂരിഭാഗവും ചാണ്ടിമെത്രാനെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു.

**1665 - 1671 -** മലബാറിൽ വന്നു താമസിച്ച യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ്, യാക്കോബായ വിശ്വാസവും അതനുസരിച്ചുള്ള ക്രമങ്ങളും നടപ്പാക്കി. ഈ ക്രമങ്ങൾ സ്വീകരിച്ചവർ ആദ്യം 'പുത്തൻകൂറ്റു' കാർ എന്ന് അറിയപ്പെട്ടു. പിന്നീട് 'യാക്കോബായക്കാർ' എന്നു വിളിക്കപ്പെട്ടു. മറ്റു സുറിയാനിക്കാർ 'പഴയ കൂറ്റുകാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

**1674** **മാർച്ച് 3 –** ചാത്യാത്തുപള്ളി ചാണ്ടിമെത്രാൻ exempt ആക്കി കല്പന കൊടുത്തു. മുൻകാലങ്ങളിലെ സുറിയാനി മേലദ്ധ്യക്ഷന്മാരെപ്പോലെ ഇദ്ദേഹവും ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്ത എന്നാണ് ഇതിൽ എഴുതിയിരിക്കുന്നത്. സുറിയാനിക്കത്തോലിക്കരിൽനിന്നു പിരിഞ്ഞ കത്തോലിക്കേതര മേലദ്ധ്യക്ഷന്മാർ ഇപ്പോഴും ഇങ്ങനെ തന്നെയാണ് എഴുതുന്നത്.

**1687** **ജനുവരി 2 –** പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചരമം

**1782** **ജൂലൈ 16 –** ആലങ്ങാട്ട് (മങ്ങാട്ട്) കരിയാറ്റിൽ മാർ യൗസേപ്പ് (Ph.D., DD. Urban University, Rome, 2 August 1766) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

**1782** **ഡിസംബർ 16 –** കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ നിയമനം പരിശുദ്ധ സിംഹാസനം അംഗീകരിച്ചു.

**1783** **ഫെബ്രുവരി 17 –** കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ അഭിഷേകം (ലിസ്ബൺ).

**1785** **സെപ്തംബർ 1 –** കരിയാറ്റിൽ മെത്രാപ്പോലീത്ത ഒരുമിച്ച് റോമിലേക്കും മറ്റും യാത്ര ചെയ്ത പാറേമ്മാക്കൽ തോമ്മാ കത്തനാർ 'വർത്തമാനപ്പുസ്തകം' എഴുതാൻ ആരംഭിച്ചു. രണ്ടു പുസ്തകമുണ്ടെന്നാണ് അറിയുന്നത്.

**1786** **സെപ്തംബർ 10 –** കരിയാറ്റിൽ മെത്രാപ്പോലീത്തയുടെ ചരമം (ഗോവ). പഴയ ഗോവയിലെ കത്തീഡ്രൽ ആയ വി. കത്രീനയുടെ പള്ളിയിൽ അടക്കപ്പെട്ടു. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമാ കത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോരായി (administrator) നിയമിക്കപ്പെട്ടു.

**1799** **മാർച്ച് 20 –** പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ ചരമം.

**1818** C.M.S മിഷനറിമാരുടെ വരവും പ്രൊട്ടസ്റ്റന്റ് വിഭാഗവും.

**1831** **മേയ് 11 –** വൈദികരുടെ കർമ്മലീത്താ മൂന്നാംസഭ (മാന്നാനം).

**1840** **ഏപ്രിൽ 10 –** വരാപ്പുഴയിൽ താമസിച്ചുകൊണ്ടിരുന്ന മലബാറിന്റെ വികാരി അപ്പസ്തോലിക്കമാരിൽ ഫ്രാൻസിസ് സേവ്യർ ഒ.സി.ഡി മെത്രാന് ആദ്യമായി ആർച്ചുബിഷപ്പ് (സർദിയായുടെ) സ്ഥാനം നല്കപ്പെട്ടു.

1861 **സെപ്തംബർ 5 –** റോക്കോസുമെത്രാനെ മഹറോൻ ചൊല്ലാൻ റോമിന്റെ കല്പന

1866 **ഫെബ്രുവരി 13 –** കന്യാസ്ത്രികളുടെ കർമ്മലീത്താ മൂന്നാം സഭ (കൂനമ്മാവ്)

1866 **ആഗസ്റ്റ് 13 –** പുത്തൻപള്ളി പള്ളിവക സ്ഥലത്തു സെമിനാരി ആരംഭം

1866 ആലുവായ്ക്കു സമീപം, ചുറ്റും മതിലും രണ്ടുനില ബംഗ്ലാവും വിലപിടിച്ച വൃക്ഷങ്ങളും മറ്റുമുള്ളതും നാല്പതേക്കറോളം വിസ്താരമുള്ളതുമായ മംഗലപ്പുഴ (Mons Formosa) 1041 കർക്കടകത്തിൽ ഷെട്ട്ലറിൽനിന്ന്, കൊടുങ്ങല്ലൂർ രൂപതയിലായിരുന്ന സുറിയാനിക്കാരുടെ സെമിനാരിക്കായിട്ടും അവരുടെ ഗുണത്തിനായി അവരുടെ മേലദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു കാര്യത്തിനായിട്ടും, അവരുടെ പേർക്ക് പാറായിൽ അവിരാ വർക്കി തരകന്റെ പേരിൽ വിലയ്ക്കുവാങ്ങി. മേല്പടി തീറും ടി വർക്കി തരകൻ ടി സംഗതിക്കായി ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ എഴുതിയ തീറും (കൊച്ചി അരമനയിലുള്ള അസ്സൽ പ്രമാണങ്ങളുടെ പകർപ്പ് 'എറണാകുളം മിസ്സം' മാസികയിൽ vol. vii pp-21-24), ടി സ്ഥലവും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താ, കൊച്ചി മെത്രാനച്ചനു സൂക്ഷത്തിനേല്പിച്ചിരുന്നതാണെന്നാണ് അറിവ്. ഗോവാ മെത്രാപ്പോലീത്തായ്ക്ക് എഴുതിയ തീറിൽ പറയുന്ന ഉദ്ദേശ്യം 1898 ജൂൺ 2-ലെ Prot 8402- കല്പനയനുസരിച്ച് പ്രൊപ്പഗാന്ത തിരുസംഘവും തുടർന്ന് അംഗീകരിച്ചിട്ടുണ്ട്.

1871 **ജനുവരി 3 –** വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമം

1874 **ആഗസ്റ്റ് 1 –** മേലൂസുമെത്രാൻ കേരളത്തിൽ. അദ്ദേഹത്തെ മഹറോൻ ചൊല്ലുവാനുള്ള റോമിന്റെ കല്പന ഒക്ടോബർ 25-ന് പരസ്യംചെയ്തു. തൃശൂരിലുള്ള 'സൂറായികൾ' പ്രസ്തുത ശീശ്മയുമായി ബന്ധപ്പെട്ടതാണ്.

1876 യാക്കോബായ പാത്രിയാർക്കീസ് മുടക്കിയ പാലക്കുന്നത്തു മാർ മാത്യൂസ് അത്തനാസിയോസിന്റെ കാലം മുതൽ നവീകരണസഭ (മാർത്തോമ്മാസഭ) ഉണ്ടായി.

1877 **ഒക്ടോബർ 12 –** മർസലീനോസ് കോ-അദ്യുത്തോർ മെത്രാന്റെ അഭിഷേകം

1877 **നവംബർ 15 –** മർസലീനോസ് മെത്രാനു സുറിയാനിക്കാരുടെമേലുള്ള അംഗീകാരനിർണ്ണയം. 1878 മാർച്ച് 19-ന് അദ്ദേഹം ഭരണം തുടങ്ങി.

1886 **സെപ്തംബർ 1 –** ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപനം (*Humanae Salutis Auctor* of Leo XIII). ഇതോടുകൂടി കർമ്മലീത്താക്കാരായ മുൻഗാമികളെപ്പോലെ വരാപ്പുഴ ആസ്ഥാനമാക്കിയിരുന്ന നിക്കോമേദിയായുടെ മെത്രാപ്പോലീത്തയും മലബാറിന്റെ അവസാനത്തെ വികാരി അപ്പസ്തോലിക്കയുമായ ഡോക്ടർ മെല്ലാനോ വരാപ്പുഴയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

1887 **മെയ് 20 –** വരാപ്പുഴയിലെ കർമ്മലീത്താ മെത്രാപ്പോലീത്തായുടെ കീഴിൽ നിന്നും പദ്രുവാദോക്കീഴിൽനിന്നും പൂർണ്ണമായി വിച്ഛേദിച്ച് പരി. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൻകീഴായി മലബാറിനെ ആലുവാപ്പുഴകൊണ്ട് രണ്ടായി തിരിച്ച് സുറിയാനിക്കാർക്കു തൃശൂർ, കോട്ടയം (വടക്കും ഭാഗരും തെക്കും ഭാഗരും ഉൾപ്പെടുന്നു) എന്നീ വികാരിയത്തുകളുടെ സ്ഥാപനം. *Quod Jam Pridem* of Leo XIII.

1887 **സെപ്തംബർ 13 –** പ്രസ്തുത ബൂളയനുസരിച്ച് ലത്തീൻ റീത്തിൽപ്പെട്ട ഡോ. മെഡ്ലിക്കോട്ട് (തൃശൂർ), ഡോ. ലവീഞ്ഞ് എസ്. ജെ (കോട്ടയം)

എന്നീ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഡിസംബർ 11-നു മെഡ്‌ലിക്കോട്ടു മെത്രാന്റെ അഭിഷേകം.

**1896** **ജൂലൈ 28 –** തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകളുടെ സ്ഥാപനം (*Quae Rei Sacrae* of Leo XIII).

**1896** **ആഗസ്റ്റ് 11 –** ആധുനികകാലത്ത് ഇന്ത്യാ സ്വദേശികളായ ആദ്യത്തെ മെത്രാന്മാരായി മേനാച്ചേരി മാർ യോഹന്നാൻ (തൃശൂർ) പഴേപറമ്പിൽ മാർ ളൂയീസ് (എറണാകുളം), മാക്കിൽ മാർ മത്തായി (ചങ്ങനാശ്ശേരി) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 15-നു പ്രസ്തുത മെത്രാന്മാരുടെ അഭിഷേകം (Kandy, Sri Lanka).

**1911** **ആഗസ്റ്റ് 29 –** തെക്കുംഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം (*In Universi Christiani* of St. Pius X) മാക്കിൽ മാർ മത്തായി മെത്രാനെ അതിന്റെ അദ്ധ്യക്ഷനാക്കി.

**1911** **ആഗസ്റ്റ് 29 –** എറണാകുളത്തെ കോ-അദ്യുത്തോർ മെത്രാനായി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

**1911** **ആഗസ്റ്റ് 30 –** കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്.

**1911** **ഡിസംബർ 3 –** കണ്ടത്തിൽ മാർ ആഗസ്തീനോസ്, കുര്യാളശ്ശേരിൽ മാർ തോമ്മാ എന്നിവരുടെ മെത്രാഭിഷേകം (കാണ്ടി)

**1913** **ജൂലൈ 11 –** ലവീഞ്ഞു മെത്രാന്റെ ചരമം (ഫ്രാൻസ്)

**1914** **ജനുവരി 26 –** മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം

**1914** **ജൂലൈ 14 –** ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ തിരഞ്ഞെടുപ്പ്. നവംബർ 1 അഭിഷേകം.

**1918** **മേയ് 4 –** മെഡ്‌ലിക്കോട്ട് മെത്രാന്റെ ചരമം (ബാംഗ്ലൂർ)

**1919** **ഡിസംബർ 9 –** പഴേപറമ്പിൽ മാർ ളൂയീസ് മെത്രാന്റെ ചരമം

**1919** **ഡിസംബർ 19 –** മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം

**1921** **ഏപ്രിൽ 5 –** വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ തിരഞ്ഞെടുപ്പ്. ജൂലൈ 6-ന് അഭിഷേകം.

**1923** **ഡിസംബർ 21 –** പോർട്ടുഗീസുകാരുടെ ആഗമനംവരെ ഭാരതത്തിലെ കത്തോലിക്കാ സഭയ്ക്കു തങ്ങളുടേതായ സ്വയംഭരണസംവിധാനം ഉണ്ടായിരുന്നു. പദ്രുവാദോ അധികാരം ഭാരതത്തിൽ സ്ഥാപിതമായതോടെ അതു നഷ്ടപ്പെട്ടു. പിന്നീട് അനേകവർഷങ്ങളിലെ അഭ്യർത്ഥനയുടെ ഫലമായി എറണാകുളം അതിരൂപതയായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സാമന്തരൂപതകളായും പ്രഖ്യാപിച്ചുകൊണ്ട് വീണ്ടും സ്വന്തമായ ഭരണസംവിധാനം-ഹയരാർക്കി-സ്ഥാപിതമായി. (*Romani Pontifices* of Pius XI).

**1923** **ഡിസംബർ 21 –** ആധുനികകാലത്ത് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗുസ്തിനോസ് നിയമിച്ചു.

**1924** **നവംബർ 16 –** മലയാള സുറിയാനി ഹയരാർക്കി സ്ഥാപന ബൂള, മാർപാപ്പയാൽ നിയമിക്കപ്പെട്ട ലെപ്പിസിയെ (Lepicier) മെത്രാപ്പോലീത്ത എറണാകുളത്തുവച്ചു പരസ്യംചെയ്തു. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തയെ പാലിയം ധരിപ്പിച്ചു.

**1925** **ജൂൺ 2 –** റോമിൽവച്ചു കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ ചരമം. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യ

ത്തിൽ. സംസ്കാരകർമ്മത്തിൽ കണ്ടത്തിൽ മെത്രാപ്പോലീത്ത പ്രധാന കാർമ്മികനായിരുന്നു.

**1926** **ജൂൺ 8 –** വിശുദ്ധ മറിയം ത്രേസ്യയുടെ ചരമം.

**1927** **ഒക്ടോബർ 29 –** കാളാശ്ശേരിൽ മാർ യാക്കോബു മെത്രാന്റെ തിരഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം.

**1929** **ഫെബ്രുവരി 11 –** വത്തിക്കാനും ഇറ്റലിയും തമ്മിൽ 'ലാറ്ററൻ ഉടമ്പടി'

**1930** **സെപ്തംബർ 20 –** യാക്കോബായ സഭയിൽനിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മാർ തിയോഫിലസ് മെത്രാന്റെയും പുനരൈക്യം.

**1932** **ജൂൺ 1 –** സുറിയാനിക്കാരുടെ വകയായ മംഗലപ്പുഴയിലുള്ള പഴയ സെമിനാരിക്കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻ പള്ളിയിലെ സീറോമലബാർ സെമിനാരിയെപ്പോലെതന്നെ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിൽ Delegate Ap. Internuncioയുടെ നേരിട്ടു ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനമാരംഭം.

**1932** **ജൂൺ 11 –** സീറോ-മലങ്കര ഹയരാർക്കി സ്ഥാപനം

**1933** **നവംബർ 6 –** തിരുവല്ല രൂപത സ്ഥാപനം.

**1936** **ഡിസംബർ 9 –** ഇന്ത്യാസ്വദേശികളിൽ ആദ്യമായി തിരുസിംഹാസന സഹായകൻ (*Pontificis Solio Adstans Praelatus Domesticus et Nobilis Comes*) എന്നുള്ള സ്ഥാനം എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ ആഗസ്തിനോസിനു നല്കപ്പെട്ടു.

**1937** **നവംബർ 29 –** മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം.

**1939** **മാർച്ച് 2 –** പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ സ്ഥാനാരോഹണം.

**1942** **മേയ് 12 –** വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ ചരമം.

**1944** **മാർച്ച് 11 –** ആലപ്പാട്ട് മാർ ജോർജ് മെത്രാന്റെ തിരഞ്ഞെടുപ്പ്. മേയ് 1 അഭിഷേകം.

**1945** **ജൂൺ 9 –** തറയിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 7 അഭിഷേകം.

**1946** **ജൂലൈ 28 –** വിശുദ്ധ അൽഫോൻസാമ്മയുടെ ചരമം.

**1949** **ഒക്ടോബർ 27 –** കാളാശ്ശേരി മാർ യാക്കോബു മെത്രാന്റെ ചരമം.

**1950** **ജനുവരി 6-18 –** ബാംഗ്ലൂരിൽവച്ച് ഇന്ത്യയിലെ ആദ്യത്തെ പൊതുസൂനഹദോസ്. കർദ്ദിനാൾ തോമസ് ഗിൽറോയ് അദ്ധ്യക്ഷൻ. മൂന്നു റീത്തിലുംപെട്ട മേലദ്ധ്യക്ഷന്മാരും പ്രതിനിധികളുമായി 56 ഉം സഹായികളായി വേറെ 52 ഉം പേർ പങ്കെടുത്തു. (16 Sessions) തിരുസിംഹാസനത്തിന്റെ അംഗീകാരം 1951 മാർച്ച് 15.

**1950** **ജൂലൈ 25 –** എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി പാലാ രൂപത സ്ഥാപനം (*Quo Ecclesiarum* of Pius XII); കാവുകാട്ടു മാർ മത്തായി (ചങ്ങനാശ്ശേരി), വയലിൽ മാർ സെബാസ്ത്യൻ (പാലാ) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്.

**1950** **നവംബർ 9 –** കാവുകാട്ടു മാർ മത്തായി, വയലിൽ മാർ സെബാസ്ത്യൻ എന്നീ മെത്രാന്മാരുടെ അഭിഷേകം (റോമാ).

**1951** **ജനുവരി 8 –** ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം.

**1952** **ഡിസംബർ 28–31** എറണാകുളത്തുവച്ച് മാർ തോമാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ശതാബ്ദിയാഘോഷങ്ങളിൽ പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്ത കർദ്ദിനാൾ തോമസ് ഗിൽറോയി അദ്ധ്യക്ഷത വഹിച്ചു. എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ അഗസ്റ്റിൻ സ്വാഗതപ്രസംഗം നടത്തി. സമാപനദിവസം ഇന്ത്യയിലെ നിരവധി മേലദ്ധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. ഇന്ത്യയുടെ ആദ്യത്തെ കർദ്ദിനാളായി ബോംബെ മെത്രാപ്പോലീത്ത വലേരിയൻ ഗ്രേഷ്യസ് തിരഞ്ഞെടുക്കപ്പെട്ട വിവരത്തിനു കമ്പിസന്ദേശം ലഭിച്ചു.

**1953** **ജനുവരി 29 –** തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി മാർ ഗ്രിഗോറിയോസിന്റെ അഭിഷേകം.

**1953** **ജൂലൈ 15 –** മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ ചരമം.

**1953** **ഒക്ടോബർ 28 –** ആരെത്തൂസായുടെ മെത്രാനും എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനുമായി പാറേക്കാട്ടിൽ മാർ യൗസേപ്പു തിരഞ്ഞെടുക്കപ്പെട്ടു.

**1953** **നവംബർ 11 –** പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ സംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ തിസ്സാറാങ്ങ് കേരള സന്ദർശനാർത്ഥം എറണാകുളത്തുവന്നു. എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി പാറേക്കാട്ടിൽ യൗസേപ്പച്ചനെ തിരഞ്ഞെടുത്ത വാർത്ത കർദ്ദിനാൾ പ്രഖ്യാപിച്ചു.

**1953** **നവംബർ 30 –** എറണാകുളത്തുവച്ചു കർദ്ദിനാൾ തിസ്സറാങ്ങ് തിരുമേനി മാർ യൗസേപ്പ് പാറേക്കാട്ടിലിനെ മെത്രാനായി അഭിഷേചിച്ചു.

**1953** **ഡിസംബർ 6 –** മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽ നിന്ന് എദേസ്സായ്ക്കു കൊണ്ടുപോവുകയും അവിടെനിന്ന് പിന്നീട് ഇറ്റലിയിലെ Ortona a Mare എന്ന പട്ടണത്തിൽ കൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്ത ിരുന്നു. അതിൽ നിന്ന് കൈയുടെ ഒരു അസ്ഥി കർദ്ദിനാൾ തിസ്സാറാങ്ങ് തിരുമേനി കൊണ്ടുവന്ന് കൊടുങ്ങല്ലൂരിൽ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിലും പ്രൊനുൺസിയോയുടെ മേൽനോട്ടത്തിലും സ്ഥാപിച്ചിരിക്കുന്ന Pontifical Shrine-ൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു.

**1953** **ഡിസംബർ 31 –** എറണാകുളം അതിരൂപതയുടെ സാമന്ത രൂപതയായി തലശ്ശേരി രൂപതയുടെ സ്ഥാപനം. വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. (*Ad Christi Ecclesiam* of Pius XII).

**1954** **ഏപ്രിൽ 22 –** തിരുവല്ല മെത്രാൻ മാർ തിയോഫിലസ് തിരുമേനിയുടെ സഹായമെത്രാനായി സക്കറിയാസ് മാർ അത്തനാസിയോസിന്റെ അഭിഷേകം.

**1955** **ജനുവരി 18 –** തിരുവല്ല മെത്രാപ്പോലീത്താ മാർ സെവേരിയോസിന്റെ ചരമം.

**1955** **ജനുവരി 27 –** മാർ ഗ്രിഗോറിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്ത.

**1955** **ജനുവരി 27 –** മാർ അത്തനാസിയോസ് തിരുവല്ല മെത്രാൻ.

**1955** **ഏപ്രിൽ 28 –** സീറോമലബാർ ഹയരാർക്കിയുടെ അധികാര പരിധി വികസനം സംബന്ധിച്ചുള്ള പന്ത്രണ്ടാം പീയൂസ് മാർപാപ്പാ തിരുമനസ്സിലെ തീരുമാനം.

**1955** **ഏപ്രിൽ 29 –** തത്സംബന്ധമായി പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രികൾ.

a) *Multorum Fidelibus* - ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ട് കന്യാകുമാരി വരെ വികസിപ്പിച്ചു.

b) *Saepe Fidelium* – തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാ പ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

c) *Pro Fidelium* തലശ്ശേരി രൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതാ പ്രദേശങ്ങൾ ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

d) *Quae Suddistica gens* കോട്ടയം മെത്രാന് വികസിതമായ മലയാള സുറിയാനി പ്രദേശത്തുള്ള തെക്കുംഭാഗരായ സുറിയാനി കത്തോലിക്കരുടെമേൽ അധികാരം (Personal Jurisdiction).

**1955** **ഒക്ടോബർ 16 –** തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി.

**1956** **ജനുവരി 8 –** വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (റോം).

**1956** **ജനുവരി 10 –** കണ്ടത്തിൽ മാർ ആഗസ്തിനോസ് തിരുമേനിയുടെ ചരമം.

**1956** **ജൂൺ 27 –** മാർ തിയോഫിലസ് തിരുമേനിയുടെ ചരമം.

**1956** **ജൂലൈ 20 –** എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ പാറേക്കാട്ടിൽ മാർ യൗസേപ്പ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

**1956** **ജൂലൈ 29 –** ചങ്ങനാശ്ശേരി രൂപത അതിരൂപതയായും കാവുകാട്ട് മാർ മത്തായി മെത്രാൻ അതിന്റെ മെത്രാപ്പോലീത്തയായും ഉയർത്തപ്പെട്ടു.

**1956** **ജൂലൈ 29 –** കോതമംഗലം രൂപതയുടെ സ്ഥാപനവും പോത്തനാമുഴി മാർ മത്തായി മെത്രാന്റെ തിരഞ്ഞെടുപ്പും.

**1956** **നവംബർ 18 –** പോത്തനാമുഴി മാർ മത്തായി മെത്രാന്റെ അഭിഷേകം (റോം).

**1957** **ആഗസ്റ്റ് 24 –** മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് ഭാരതത്തിലെ ഇന്റർനുൺഷിയോ ആയി ചാർജ്ജെടുത്തു.

**1957** **നവംബർ 7 –** ഇന്ത്യയുടെ പ്രഥമ ഇന്റർനുൺഷിയോ ആയിരുന്ന മോസ്റ്റ് റവ. ലിയോ പീറ്റർ കിയർക്കൽസ് സി. പി. റോമിൽവച്ചു നിര്യാതനായി.

**1958** **ആഗസ്റ്റ് 4 –** എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് റോമിൽവച്ചു 12-ാം പീയൂസ് മാർപാപ്പ തിരുമേനിയിൽ നിന്നു പാലിയം സ്വീകരിച്ചു.

**1958** **ഒക്ടോബർ 25 –** ഇന്ത്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന കർദ്ദിനാൾ എഡ്വേർഡ് മൂണി നിര്യാതനായി.

**1959** **നവംബർ 26 –** ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തുന്ന ഡിക്രിയും കാവുകാട്ട് മാർ മത്തായി മെത്രാനെ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിച്ചു കൊണ്ടുള്ള ബൂളയും ഇന്റർനുൺഷിയോ മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് തിരുമേനി ചങ്ങനാശ്ശേരിയിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും മാർ കാവുകാട്ട് തിരുമേനിയെ പാലിയം ധരിപ്പിക്കുകയും ചെയ്തു.

1960 ഇന്ത്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന കർദ്ദിനാൾ പീറ്റർ ഫുമസോണി ബിയോണ്ടി തിരുമേനി നിര്യാതനായി.

1960 **സെപ്തംബർ 27 –** പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്റ്റും സിസിലിയായുടെ പാത്രിയാർക്കീസുമായ കർദ്ദിനാൾ ഗ്രിഗറി പീറ്റർ അഗജിയാനിയൻ കേരളസഭ സന്ദർശിച്ചു.

1961 **ഏപ്രിൽ 11 –** കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തയുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന് ആലങ്ങാട്ടു പള്ളി മദ്ബഹായിൽ പുനഃസംസ്കരിച്ചു.

1962 **മാർച്ച് 19 –** പൗരസ്ത്യതിരുസംഘം സെക്രട്ടറി ഗബ്രിയേൽ കൂസ്സാ കർദ്ദിനാളായി ഉയർത്തപ്പെട്ടു.

1962 **മാർച്ച് 31 –** നാഗപ്പൂർ അതിരൂപതയിൽപ്പെട്ട വാർദ്ധ, ഛന്ദാ, അദിലബാദ് എന്നീ ഡിസ്ട്രിക്റ്റുകൾ ഉൾപ്പെടുത്തി *Ad Lucem Sancti* എന്ന തിരുവെഴുത്തുവഴി ഛന്ദാ മിഷൻ സ്ഥാപനം. മോൺ. ജാനുവാരിയൂസ് സി.എം.ഐ അപ്പസ്തോലിക് എക്സാർക്ക്.

1962 **ജൂലൈ 3 –** പുനരുദ്ധരിക്കപ്പെട്ട റീത്തനുസരിച്ച് മലയാളത്തിലുള്ള കുർബാനയുടെ ഉദ്ഘാടനം.

1962 **ജൂലൈ 3 –** സീറോമലബാർ ഹയരാർക്കിയുടെ കീഴിൽ കോട്ടയത്ത് വടവാതൂരിൽ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ആരംഭിച്ചു.

1962 **ജൂലൈ 19 –** കർദ്ദിനാൾ കൂസ്സാ ദിവംഗതനായി.

1962 **ആഗസ്റ്റ് –** കർദ്ദിനാൾ ഗുസ്താവേ തെസ്താ പൗരസ്ത്യസംഘം സെക്രട്ടറിയായി.

1962 **ഒക്ടോബർ 11 –** രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചു.

1963 **ജൂൺ 3 –** ജോൺ 23-ാം മാർപാപ്പ ദിവംഗതനായി.

1963 **ജൂൺ 21 –** പോൾ ആറാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു.

1963 **ജൂൺ 30 –** പോൾ ആറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

1964 **മാർച്ച് 14 –** മംഗലപ്പുഴ സെമിനാരി പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു – വിളംബരം ജൂൺ 14.

1964 **നവംബർ 28 – ഡിസംബർ 6 –** ബോംബെയിൽവച്ച് 38-ാം അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ് നടത്തപ്പെട്ടു. പരിശുദ്ധ പിതാവ് പോൾ ആറാമൻ അതിൽ സംബന്ധിച്ചു. സീറോമലബാർ റീത്തിൽപ്പെട്ട 130 ശെമ്മാശന്മാർക്ക് കേരള ത്തിലെ മെത്രാന്മാർ ചേർന്ന് അവിടെവച്ച് വൈദികപട്ടം നല്കി.

1964 **ഡിസംബർ 2 –** സെന്റ് തോമസ് സ്മാരകസ്റ്റാമ്പിന്റെ (15 പൈസ) ഉദ്ഘാടനം.

1965 **ഡിസംബർ 8 –** രണ്ടാം വത്തിക്കാൻ സൂനഹദോസ് 4 സെഷനുകൾക്കുശേഷം പര്യവസാനിച്ചു.

1967 **സെപ്തംബർ 29 – ഒക്ടോബർ 28 –** റോമിൽ ആദ്യത്തെ Bishops' Synod നടന്നു. കേരളത്തിലെ നാലു മെത്രാപ്പോലീത്താമാരും അതിൽ സംബന്ധിച്ചു.

1967 **നവംബർ 23 –** മോസ്റ്റ് റവ. ഡോ. ജോസഫ് കാപ്രിയോ ഇന്ത്യയിലെ പ്രൊനുൺഷിയോയായി നിയമിതനായി.

1967 **ഡിസംബർ 9 –** കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോ

സിന്റെ തിരഞ്ഞെടുപ്പ്.

**1968** **ജനുവരി 14 –** കർദ്ദിനാൾ മാക്സിമില്യൻ ഡി ഫുർസ്റ്റൻബർഗ്ഗ് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് ആയി നിയമിക്കപ്പെട്ടു.

**1968** **ഫെബ്രുവരി 17 –** പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ മാക്സിമില്യൻ ഫുർസ്റ്റൻബർഗ്ഗ്, പ്രോനുൺഷിയോ ഡോ. കാപ്രിയോയുമൊരുമിച്ച് കേരളം സന്ദർശിക്കാനായി വന്നു. എറണാകുളത്തു നല്കിയ സ്വീകരണവേളയിൽ മൂന്നു പുതിയ മിഷൻരംഗങ്ങൾകൂടി കേരള സുറിയാനി സഭയ്ക്കു നല്കാൻ പൗരസ്ത്യസിംഹാസനം തീരുമാനിച്ചിരിക്കുന്ന വിവരവും, എറണാകുളം മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ പൗരസ്ത്യ തിരുസംഘത്തിന്റെ അംഗമായി നിയമിക്കപ്പെട്ടിരിക്കുന്ന വിവരവും (1968 ഫെബ്രുവരി 8) പ്രഖ്യാപിച്ചു.

**1968** **ഫെബ്രുവരി 19 –** കേരളസഭയ്ക്കായി ആരംഭിച്ചിരിക്കുന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (ആലുവാ) ഉദ്ഘാടനം കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് നിർവ്വഹിച്ചു.

**1968** **ഫെബ്രുവരി 22 –** സീറോമലബാർ സഭയ്ക്കായി സ്ഥാപിതമായ സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ഔദ്യോഗികമായ ഉദ്ഘാടനം (പാലാ) കർദ്ദിനാൾ ഫുർസ്റ്റൻ ബർഗ്ഗ് നിർവഹിച്ചു.

**1968** **ഫെബ്രുവരി 24 –** കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോസിന്റെ മെത്രാഭിഷേകം. കർദ്ദിനാൾ ഫുർസ്റ്റൻ ബർഗ്ഗായിരുന്നു പ്രധാന കാർമ്മികൻ.

**1968** **ഫെബ്രുവരി 25 –** വടവാതൂർ സെമിനാരിയുടെ ഔപചാരിക ഉദ്ഘാടനവും ചാപ്പലിന്റെ കൂദാശകർമ്മവും കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് തിരുമേനി നിർവഹിച്ചു.

**1968** **ജൂലൈ 3 –** പരിഷ്കരിച്ചതും പരീക്ഷണാർത്ഥം ഉപയോഗിക്കാൻ റോം അംഗീകരിച്ചതുമായ കുർബാനക്രമം നിലവിൽ വന്നു.

**1968** **ജൂലൈ 29 –** സത്നാ, സാഗർ, ഉജ്ജെയിൻ എന്ന മൂന്നു മിഷൻ രൂപതകൾ സീറോമലബാർ സഭയ്ക്കു നല്കിക്കൊണ്ടുള്ള തിരുവെഴുത്തുകൾ പ്രസിദ്ധം ചെയ്തു. ഈ മിഷൻ രൂപതകളുടെ എക്സാർക്കുമാരായി യഥാക്രമം മാർ എബ്രാഹം മറ്റം വി.സി., മാർ ക്ലെമന്റ് തോട്ടുങ്കൽ സി.എം.ഐ., മാർ ജോൺ പെരുമറ്റം എന്നിവർ നിയുക്തരായി.

**1969** **മാർച്ച് 28 –** എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് തിരുമേനിയെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തി. സീറോമലബാർ സഭയിൽ നിന്നുള്ള പ്രഥമ കർദ്ദിനാൾ.

**1969** **ഏപ്രിൽ 30 – മേയ് 1 –** കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ റോമിൽവച്ച് പോൾ ആറാമൻ മാർപാപ്പയിൽനിന്നും കർദ്ദിനാളിനടുത്ത ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

**1969** **ആഗസ്റ്റ് 22 –** മോസ്റ്റ് റവ. ഡോ. ജോസഫ് മരീ ലെമ്യൂ ഇന്ത്യയിലെ പ്രൊനുൺഷ്യോ ആയി ചാർജ്ജെടുത്തു.

**1969** **ഒക്ടോബർ 9 –** ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത കാവുകാട്ട് മാർ മാത്യു തിരുമേനിയുടെ ചരമം.

**1969** **നവംബർ 15 –** എറണാകുളം അതിരൂപതയുടെ സഹായ മെത്രാനായി

ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി നിയമിതനായി.

**1970** **ജനുവരി 6 –** എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മങ്കുഴിക്കരി മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

**1970** **ജനുവരി 7 – 16 –** സി.ബി.സി.ഐ. മീറ്റിംഗ് കേരളത്തിൽ ആദ്യമായി നടന്നു (എറണാകുളം).

**1970** **ജൂൺ 4 –** തൃശൂർ മെത്രാൻ കുണ്ടുകുളം മാർ ജോസഫിന്റെ തിരഞ്ഞെടുപ്പ്

**1970** **ജൂൺ 13 –** ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ പടിയറ മാർ ആന്റണിയുടെ നിയമനപ്രഖ്യാപനം.

**1970** **ആഗസ്റ്റ് 15 –** ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണിയുടെ സ്ഥാനാരോഹണം.

**1970** **ആഗസ്റ്റ് 1ഖ6 –** തൃശൂർ മെത്രാനായി കുണ്ടുകുളം മാർ ജോസഫിന്റെ അഭിഷേകം.

**1970** **ഒക്ടോബർ 3 –** കേരള റീജണൽ വൊക്കേഷൻ സർവ്വീസ് സെന്റർ (ഭരണങ്ങാനം) ആരംഭിച്ചു.

**1970** **നവംബർ 23–29 –** മനിലയിൽവച്ച് ഏഷ്യൻ ബിഷപ്സ് കോൺഫറൻസ്. കേരളത്തിൽനിന്ന് എറണാകുളം, ചങ്ങനാശ്ശേരി, തിരുവനന്തപുരം മെത്രാപ്പോലീത്താമാരും തിരുവല്ല, തലശ്ശേരി, കോഴിക്കോട്ടു മെത്രാന്മാരും സംബന്ധിച്ചു. പോൾ ആറാമൻ മാർപാപ്പ നവംബർ 27–ന് അതിൽ പങ്കെടുത്തു.

**1970** **ഡിസംബർ 12 –** കേരള പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പുതിയ കെട്ടിടത്തിൽ (എറണാകുളം) ആരംഭിച്ചു.

**1971** **നവംബർ 25 –** മോസ്റ്റ് റവ. ഡോ. ജോൺ ഗോർഡൻ ഇന്ത്യയിലെ പ്രൊനുൺഷിയോയായി നിയമിതനായി.

**1972** **ജനുവരി 29 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിയമനം.

**1972** **ഫെബ്രുവരി 13 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ പവ്വത്തിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം)

**1972** **ഫെബ്രുവരി 25 –** കാർഡിനൽ യൂജിൻ തിസ്സരാങ്ങ് തിരുമേനിയുടെ ചരമം.

**1972** **മാർച്ച് 25 –** മാർ തോമാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായി പരിശുദ്ധ പിതാവ് പോൾ ആറാമൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

**1972** **ഏപ്രിൽ 9 –** മദ്രാസിൽവച്ച് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ സി.ബി.സി.ഐ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

**1972** **ഏപ്രിൽ 14–16 –** മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം ശതാബ്ദി ആഘോഷങ്ങൾ മദ്രാസിൽ.

**1972** **ഏപ്രിൽ 29 –** ഉത്തരേന്ത്യയിലെ ബിജ്നോർ, ജഗദൽപൂർ മിഷനുകളുടെ എക്സാർക്കുമാരായി മുണ്ടാടൻ മാർ ഗ്രേഷ്യൻ സി.എം.ഐ., ജീരകത്തിൽ മാർ പൗളീനൂസ് സി.എം.ഐ. എന്നിവർ യഥാക്രമം നിയമിതരായി.

**1972** **ജൂൺ 10 –** കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ Commission for the Revision of the Code of Oriental Canon Law യുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

**1972** **ഡിസംബർ 27 –** മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം

ശതാബ്ദി കേരളത്തിലെ കത്തോലിക്കാ, യാക്കോബായ, മാർത്തോമ്മാ, സി. എസ്. ഐ എന്നീ സഭകളിലെ 34 രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ എറണാകുളത്തുവച്ച് ആഘോഷിച്ചു.

**1973** **ഫെബ്രുവരി 12 –** മംഗലപ്പുഴ സെമിനാരിയിൽ Pontifical Institute of Theology and Philosophy കാർഡിനൽ പാറേക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് പ്രൊനുൺഷ്യോ ആർച്ചുബിഷപ്പ് ജോൺ ഗോർഡൻ തിരുമേനി ഉദ്ഘാടനം ചെയ്തു.

**1973** **മാർച്ച് 1 –** *Quanta Gloria* എന്ന തിരുവെഴുത്തുവഴി മാനന്തവാടി രൂപതയുടെ സ്ഥാപനവും പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴിയുടെ തിരഞ്ഞെടുപ്പും.

**1973** **മാർച്ച് 1 –** പാലാ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫിന്റെ തിരഞ്ഞെടുപ്പ്

**1973** **മാർച്ച് 7 –** കാർഡിനൽ പോൾ ഫിലിപ്പ് പൗരസ്ത്യ തിരു സംഘത്തിന്റെ പ്രീഫെക്ടായി നിയമിക്കപ്പെട്ടു.

**1973** **മേയ് 1 –** മാനന്തവാടി മെത്രാൻ തൂങ്കുഴി മാർ ജേക്കബിന്റെ മെത്രാഭിഷേകവും രൂപതയുടെ ഉദ്ഘാടനവും.

**1973** **ജൂൺ 18 –** വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്ര ഡിഗ്രി കോഴ്സ് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ ഉദ്ഘാടനം ചെയ്തു.

**1973** **ജൂലൈ 3 –** സെന്റ് തോമസ് ചരമ ശതാബ്ദി സ്മാരകമായി ഇന്ത്യാഗവൺമെന്റ് പ്രസിദ്ധീകരിച്ച 20 പൈസയുടെ പോസ്റ്റൽ സ്റ്റാമ്പിന്റെ ഉദ്ഘാടനം.

**1973** **ആഗസ്റ്റ് 15 –** പാലാ രൂപതയുടെ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം.

**1973** **നവംബർ 6 –** ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം.

**1973** **ഡിസംബർ 16 –** പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി, മാർപാപ്പയുടെ സ്റ്റേറ്റുസെക്രട്ടറി തുടങ്ങിയ ഉദ്യോഗങ്ങൾ വഹിച്ചിട്ടുള്ള കാർഡിനൽ ചിക്കൊഞ്ഞാനി നിര്യാതനായി.

**1974** **മാർച്ച് 31 –** എറണാകുളം സെന്റ് മേരീസ് ബസിലിക്കായുടെ പ്രതിഷ്ഠ. ബസിലിക്ക ആക്കിക്കൊണ്ടുള്ള തിരുവെഴുത്ത് പ്രൊനുൺഷ്യോ ഡോ. ജോൺ ഗോർഡൻ തിരുമേനി പ്രഖ്യാപനം ചെയ്തു.

**1974** **മേയ് 5 –** കോട്ടയം രൂപതാദ്ധ്യക്ഷൻ കുന്നശ്ശേരി മാർ കുര്യാക്കോസ് രൂപതാഭരണം ഏറ്റെടുത്തു.

**1974** **ജൂൺ 20 –** *Apostolico Requirente* എന്ന തിരുവെഴുത്തു വഴി പാലക്കാട്ടുരൂപത സ്ഥാപിതമായി. ഇരിമ്പൻ മാർ ജോസഫ് പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു.

**1974** **സെപ്തംബർ 8 –** പാലക്കാട്ട് മെത്രാൻ ഇരിമ്പൻ മാർ ജോസഫിന്റെ അഭിഷേകവും രൂപതയുടെ ഉദ്ഘാടനവും.

**1975** **ജൂലൈ 26 –** കോട്ടയം മെത്രാൻ തറയിൽ മാർ തോമസ് മെത്രാന്റെ ചരമം.

**1976** **ജൂലൈ 23 –** മോസ്റ്റ് റവ. ഡോ. ലൂസിയാനോ സ്റ്റൊറേരോ ഇന്ത്യയിലെ പ്രൊനൂൺസിയോ ആയി ചാർജ്ജെടുത്തു.

**1977** **ഫെബ്രുവരി 26 –** കാഞ്ഞിരപ്പിള്ളി രൂപതയുടെ സ്ഥാപനവും അതിന്റെ

പ്രഥമ മെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിമനവും.

**1977** **ഫെബ്രുവരി 26 –** കോതമംഗലം രൂപതയുടെ പുതിയ മെത്രാനായി പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ തിരഞ്ഞെടുപ്പ്.

**1977** **മാർച്ച് 12 –** അഹമ്മദാബാദ് രൂപതയിൽപ്പെട്ട ഏതാനും ജില്ലകൾ വേർതിരിച്ച് രാജ്കോട്ട് രൂപത സ്ഥാപനവും രൂപതയുടെ പ്രഥമ മെത്രാനായി തളിയത്ത് മാർ ജോനാസിന്റെ തിരഞ്ഞെടുപ്പും. ഛാന്ദാ, ജഗൽപൂർ, സാഗർ, സാത്നാ, ഉജ്ജയിൻ എന്നീ സീറോമലബാർ എക്സാർക്കേറ്റുകളെ രൂപതകളാക്കി ഉയർത്തിക്കൊണ്ടും അവയുടെ മെത്രാന്മാരായി യഥാക്രമം പാലാത്തുരുത്തി മാർ ജാനുവാരിയൂസ്, ജീരകത്തിൽ മാർ പൗളീനോസ്, തോട്ടുങ്കൽ മാർ ക്ലെമന്റ്, മറ്റം മാർ എബ്രാഹം, പെരുമറ്റം മാർ ജോൺ എന്നിവരെ നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം.

**1977** **ഏപ്രിൽ 24 –** കോതമംഗലം രൂപതാദ്ധ്യക്ഷൻ പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

**1977** **ഏപ്രിൽ 25 –** സാഗർ രൂപതാദ്ധ്യക്ഷൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ മെത്രാഭിഷികം.

**1977** **ഏപ്രിൽ 30 –** സാത്നാ രൂപതാദ്ധ്യക്ഷൻ മറ്റം മാർ അബ്രാഹത്തിന്റെ മെത്രാഭിഷേകം.

**1977** **മേയ് 3 –** ഛാന്ദാ രൂപതാദ്ധ്യക്ഷൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസിന്റെ മെത്രാഭിഷേകം.

**1977** **മേയ് 11 –** ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനോസ്, രാജ്കോട്ട് രൂപതാദ്ധ്യക്ഷൻ തളിയത്ത് മാർ ജോനാസ് എന്നിവരുടെ മെത്രാഭിഷേകം.

**1977** **മേയ് 12 –** കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ പവ്വത്തിൽ മാർ ജോസഫിന്റെ സ്ഥാനാരോഹണവും രൂപതയുടെ ഉദ്ഘാടനവും.

**1977** **മേയ് 15 –** ഉജ്ജയിൻ രൂപതാദ്ധ്യക്ഷൻ പെരുമറ്റം മാർ ജോണിന്റെ മെത്രാഭിഷേകം.

**1977** **ജൂലൈ 18 –** ഉത്തരേന്ത്യയിലെ സീറോമലബാർ അപ്പസ്തോലിക് എക്സാർക്കേറ്റായ ബിജ്നോറിനെ രൂപതയാക്കി ഉയർത്തിക്കൊണ്ടും അതിന്റെ പ്രഥമ മെത്രാനായി മുണ്ടാടൻ മാർ ഗ്രേഷ്യനെ നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം.

**1977** **ആഗസ്റ്റ് 28 –** തൊഴിയൂർ യാക്കോബായ സ്വതന്ത്രസഭാദ്ധ്യക്ഷൻ പൗലോസ് മാർ പീലിക്സിനോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

**1977** **നവംബർ 6 –** ബിജ്നോർ രൂപതാദ്ധ്യക്ഷൻ മുണ്ടാടൻ മാർ ഗ്രേഷ്യന്റെ മെത്രാഭിഷേകം.

**1978** **ജൂൺ 22 –** തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജെയിംസ്.

**1978** **ആഗസ്റ്റ് 7 –** പോൾ ആറാമൻ പാപ്പാ ദിവംഗതനായി.

**1978** **ആഗസ്റ്റ് 26 –** ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. ചരിത്രത്തിൽ ആദ്യമായി സീറോമലബാർ സഭയുടെ ഒരു മേലദ്ധ്യക്ഷൻ – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ – മാർപാപ്പയെ തിരഞ്ഞെടുക്കുന്ന

കോൺക്ലേവിൽ പങ്കെടുത്തു.

**1978** **സെപ്തംബർ 3 –** ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

**1978** **സെപ്തംബർ 8 –** ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി കേരളത്തിനു വെളിയിലുള്ള സീറോമലബാർ റീത്തിൽപ്പെട്ടവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് അപ്പസ്തോലിക് വിസിറ്ററായി നിയമിക്കപ്പെട്ടു.

**1978** **സെപ്തംബർ 10 –** ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജയിംസിന്റെ മെത്രാഭിഷേകം.

**1978** **സെപ്തംബർ 11 –** കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ ചരമം.

**1978** **സെപ്തംബർ 29 –** ജോൺ പോൾ ഒന്നാമൻ പാപ്പാ ദിവംഗതനായി.

**1978** **ഒക്ടോബർ 16 –** ജോൺ പോൾ രണ്ടാമൻ പാപ്പായുടെ തിരഞ്ഞെടുപ്പ്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ കോൺക്ലേവിൽ പങ്കെടുത്തു.

**1978** **ഒക്ടോബർ 22 –** ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സ്ഥാനാരോഹണം.

**1978** **ഡിസംബർ 28 –** തിരുവല്ല മെത്രാൻ ഐസക് മാർ യൂഹാ നോൻ, ബത്തേരി മെത്രാൻ സിറിൽ മാർ ബസേലിയോസ് എന്നിവരുടെ അഭിഷേകം.

**1980** **ജൂൺ 30 –** പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ടായി ലദിസ്ലാ കാർഡിനൽ റൂബിൻ നിയമിതനായി.

**1980** **ആഗസ്റ്റ് 29 –** സീറോ–മലബാർ, സീറോ–മലങ്കര സഭകളിലെ 22 മെത്രാന്മാർ റോമിൽചെന്ന് ''ആദ്‌ലിമിന'' സന്ദർശനം നടത്തി.

**1980** **ഡിസംബർ 26–1981 ജനുവരി 18 –** കർദ്ദിനാൾ റൂബിൻ കേരളത്തിലെ സീറോ–മലബാർ–മലങ്കര രൂപതകൾ സന്ദർശിച്ചു.

**1980** **ഡിസംബർ 27–28 –** കോട്ടയത്തുവച്ച് പുനരൈക്യത്തിന്റെ സുവർണ്ണ ജൂബിലി കാർഡിനൽ റൂബിൻ പേപ്പൽ പ്രതിനിധിയായി പങ്കെടുത്തു.

**1981** **മാർച്ച് 25 –** പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാൻ പാലാ രൂപതയുടെ ഭരണമേറ്റു.

**1981** **മേയ് 9 –** മോസ്റ്റ് റവ. ഡോ. അഗൊസ്തീനോ കാച്ചിയവിലൻ ഇന്ത്യയിലെ പ്രൊനുൺഷ്യോയായി നിയമിതനായി.

**1981** **നവംബർ 7 –** രാജ്കോട്ട് മെത്രാൻ തളിയത്ത് മാർ ജോനാസിന്റെ ചരമം.

**1982** **ഫെബ്രുവരി 6 –** പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം.

**1983** **ഏപ്രിൽ 24 –** രാജ്കോട്ട് മെത്രാൻ കരോട്ടെമ്പ്രേൽ മാർ ഗ്രിഗരിയുടെ അഭിഷേകം.

**1983** **ഒക്ടോബർ 26 –** വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പൗരസ്ത്യവിദ്യാപീഠം രാഷ്ട്രപതി സെയിൽസിംഗ് ഉദ്ഘാടനം ചെയ്തു.

**1984** **ഏപ്രിൽ 1 –** കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ എറണാകുളം മെത്രാപ്പോലീത്താ പദത്തിൽനിന്നും വിരമിച്ചു. സഹായ മെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യൻ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് ആയി നിയമിതനായി.

**1984** **ആഗസ്റ്റ് 11 –** പുതിയതായി രൂപീകൃതമായ ഗൊരഖ്പൂർ രൂപതയുടെ മെത്രാനായി കോക്കാട്ട് മാർ ഡോമിനിക് സി.എസ്.ടി. നിയമിതനായി.

**1984** **ഒക്ടോബർ 4 –** കോക്കാട്ട് മാർ ഡോമിനിക്കിന്റെ മെത്രാഭിഷേകം (എറണാകുളം).

**1985** **മേയ് 18 –** എറണാകുളം അതിരൂപതാദ്ധ്യക്ഷനായി പടിയറ മാർ ആന്റണി മെത്രാപ്പോലീത്ത നിയമിതനായി.

**1985** **ജൂലൈ 3 –** പടിയറ മാർ ആന്റണി എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു.

**1985** **ഒക്ടോബർ 30 –** കർദ്ദിനാൾ സൈമൺ ലൂർദുസാമി പൗരസ്ത്യസഭാ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

**1985** **നവംബർ 16 –** കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയായി നിയമിതനായി.

**1986** **ജനുവരി 17 –** കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പൊലീത്തയായി സ്ഥാനാരോഹണം ചെയ്തു.

**1986** **ഫെബ്രുവരി 1 –** പത്തുദിവസം നീണ്ടുനില്ക്കുന്ന ഭാരത സന്ദർശനത്തിനായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഡൽഹിയിലെത്തി. രാഷ്ട്രപതി ഗ്യാനി സെയിൽസിംഗ്, പ്രധാനമന്ത്രി രാജീവ് ഗാന്ധി, സഭാമേലദ്ധ്യക്ഷന്മാർ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു.

**1986** **ഫെബ്രുവരി 7 –** രണ്ടുദിവസത്തെ കേരള സന്ദർശനത്തിനായി പരിശുദ്ധ പിതാവ് കൊച്ചിയിലെത്തി. തൃശൂരിൽ പ്രാർത്ഥനാ പരിപാടികളിൽ സംബന്ധിച്ചു. കളമശ്ശേരി പേപ്പൽ ഗ്രൗണ്ടിൽ ദിവ്യബലി അർപ്പിച്ചു. എറണാകുളം അതിമെത്രാസന മന്ദിരത്തിൽ താമസിച്ചു.

**1986** **ഫെബ്രുവരി 8 –** പരിശുദ്ധ പിതാവ് ദൈവദാസരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയെയും കോട്ടയത്തുവച്ച് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ റാസക്രമം അർപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് പ്രാർഥനാ പരിപാടികളിൽ സംബന്ധിച്ചു. ഫെബ്രുവരി 10-നു റോമിലേക്കു മടങ്ങി.

**1986** **ഏപ്രിൽ 28 –** തലശ്ശേരി രൂപത വിഭജിച്ച് താമരശ്ശേരി രൂപതാസ്ഥാപനം. പുതിയ രൂപതയുടെ പ്രഥമ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യൻ നിയമിതനായി.

**1986** **ജൂലൈ 3 –** താമരശ്ശേരി രൂപതയുടെ ഉദ്ഘാടനവും അതിന്റെ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ സ്ഥാനാരോഹണവും.

**1986** **സെപ്തംബർ 9 –** കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തയുടെ രണ്ടാം ചരമശതാബ്ദിയാഘോഷങ്ങൾ ജന്മദേശമായ ആലങ്ങാട്ടുവച്ച് നടത്തപ്പെട്ടു.

**1986** **നവംബർ 21 –** പാലാ രൂപതയുടെ പ്രഥമ മെത്രാൻ വയലിൽ മാർ സെബാസ്ത്യൻ തിരുമേനിയുടെ ചരമം.

**1987** **ജനുവരി 3 –** വട്ടക്കുഴി മാർ മാത്യു കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായും നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ സാഗർ രൂപതയുടെ മെത്രാനായും നിയമിതരായി.

**1987** **ഫെബ്രുവരി 20 –** എറണാകുളം മെത്രാപ്പോലീത്ത ആയിരുന്ന കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ ചരമം.

**1987** **ഫെബ്രുവരി 22 –** സാഗർ രൂപതാദ്ധ്യക്ഷൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ മെത്രാഭിഷേകം.

**1987** **ഫെബ്രുവരി 26 –** കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ വട്ടക്കുഴി മാർ മാത്യുവിന്റെ മെത്രാഭിഷേകം.

**1987** **മേയ് 28 –** ഭാരതത്തിലെ മൂന്നു റീത്തുകളിലെ മെത്രാന്മാർക്കും സ്വന്തമായ ദേശീയ കോൺഫറൻസുകൾ ഉണ്ടാക്കുന്നതിനുള്ള അവകാശവും, മൂന്നു റീത്തുകാർക്കും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുള്ള തുല്യമായ അവകാശവും കടമയും, കേരളത്തിനു പുറത്തുള്ള പൗരസ്ത്യ സഭാംഗങ്ങൾക്ക് അവരവരുടെ റീത്തിൽ മതകാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശവും അംഗീകരിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഭാരതത്തിലെ മെത്രാന്മാർക്ക് കത്തെഴുതി. ബോംബെ-പൂനാ പ്രദേശത്ത് ഒരു സീറോ-മലബാർ രൂപത സ്ഥാപിക്കുവാൻ പരിശുദ്ധ പിതാവ് അനുമതി നല്കി.

**1987** **ആഗസ്റ്റ് 1 –** പൗരസ്ത്യസംഘാദ്ധ്യക്ഷൻ കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസാമി സീറോ-മലബാർ, മലങ്കര രൂപതകളിൽ നാലാഴ്ച നീണ്ടുനില്ക്കുന്ന ഔദ്യോഗിക സന്ദർശനത്തിനായി എറണാകുളത്തെത്തി.

**1987** **ആഗസ്റ്റ് 13 –** വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയുടെ രജതജൂബിലിയാഘോഷം കർദ്ദി. സൈമൺ ലൂർദുസാമി ഉദ്ഘാടനം ചെയ്തു.

**1987** **ആഗസ്റ്റ് 21 –** തൃശൂർ, കോട്ടയം വികാരിയാത്തുകളുടെ സംയുക്ത ശതാബ്ദിയാഘോഷം എറണാകുളത്തു നടന്നു. കർദ്ദിനാൾ സൈമൺ ലൂർദ്ദുസാമി ആദ്ധ്യക്ഷം വഹിച്ചു. കേരളത്തിലെ പേപ്പൽ പ്രതിനിധിയും സീറോ-മലബാർ സഭയിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും രൂപതാ പ്രതിനിധികളും സംബന്ധിച്ചു.

**1988** **ഏപ്രിൽ 30 –** ബോംബെ, പൂന, നാസിക് പ്രദേശത്തുള്ള സീറോമലബാർ റീത്തിൽപ്പെട്ട വിശ്വാസികൾക്കുവേണ്ടി കല്യാൺ ആസ്ഥാനമായി രൂപതാ സ്ഥാപനവും അതിന്റെ പ്രഥമ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോളിന്റെ നിയമനവും.

**1988** **മേയ് 5 –** സീറോമലബാർ കുർബാനക്രമം (in solemn and simple forms) സംബന്ധിച്ച് പൗരസ്ത്യതിരുസംഘം മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി.

**1988** **മേയ് 29 –** എറണാകുളം മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി തിരുമേനി കർദ്ദിനാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

**1988** **ജൂൺ 28 –** നിയുക്ത കർദ്ദിനാൾ പടിയറ മാർ ആന്റണി റോമിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദ്ദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

**1988** **ആഗസ്റ്റ് 6 –** തിരുവല്ല രൂപതയുടെ മെത്രാൻ ഗീവർഗീസ് മാർ തിമോത്തേയോസിന്റെ അഭിഷേകം

**1988** **ആഗസ്റ്റ് 24 –** കല്യാൺ രൂപതയുടെ ഉദ്ഘാടനവും രൂപതാദ്ധ്യക്ഷൻ ചിറ്റിലപ്പിള്ളി മാർ പോളിന്റെ മെത്രാഭിഷേകവും (ബോംബെ).

**1989** **മേയ് 1 –** തലശ്ശേരി രൂപതാദ്ധ്യക്ഷൻ വലിയമറ്റം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

**1989** **ജൂലൈ 3 –** സീറോമലബാർ സഭയുടെ ആഘോഷപൂർവകമായ കുർബാനയുടെയും സാധാരണ കുർബാനയുടെയും പുതിയ ക്രമം നടപ്പിൽ വന്നു.

1990 **മേയ് 15 –** ഷാന്ദാ രൂപതയുടെ മെത്രാനായി നെടുമ്പുറം മാർ വിജയാനന്ദ് നിയമിതനായി.

1990 **ജൂലൈ 3 –** ഷാന്ദാ രൂപതാദ്ധ്യക്ഷൻ നെടുമ്പുറം മാർ വിജയാനന്ദിന്റെ മെത്രാഭിഷേകം (ഷാന്ദ).

1990 **ആഗസ്റ്റ് 6 –** ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനൂസ് നിര്യാതനായി.

1990 **ആഗസ്റ്റ് 25 –** സീറോമലബാർ, സീറോമലങ്കര സഭകളിലെ മെത്രാന്മാർ റോമിൽ ചെന്ന് ''ആദ്‌ലിമിന'' സന്ദർശനം നടത്തി.

1990 **നവംബർ –** ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി പ്രൊനുൺ ഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ സ്ഥാനമേറ്റു.

1991 **മേയ് 8 –** എറണാകുളം അതിരൂപതാംഗമായ മോൺ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1991 **ജൂലൈ 12 –** കർദ്ദിനാൾ അക്കില്ലെ സിൽവസ്ത്രീനി പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1991 **ആഗസ്റ്റ് 3 –** വത്തിക്കാൻ പ്രൊനുൺഷ്യോയായി സീറോ മലബാർ സഭയിൽ നിന്ന് ആദ്യമായി നിയമിക്കപ്പെട്ട മോൺ. അബ്രാഹം കാട്ടുമനയുടെ മെത്രാഭിഷേകം (എറണാകുളം).

1991 **സെപ്തംബർ 15 –** സാഗർ രൂപതയുടെ പ്രഥമ മെത്രാൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ ചരമം.

1991 **ഒക്ടോബർ 1 –** പുതിയ പൗരസ്ത്യകാനൻ നിയമം പ്രാബല്യത്തിൽ വന്നു.

1992 **സെപ്തംബർ 4 –** സീറോമലബാർ സഭയുടെ കാനോനികഘടന സംബന്ധിച്ചും ലിറ്റർജി നവീകരണം സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് ജോൺ പോൾ രണ്ടാമൻ പാപ്പ നിയമിച്ച പൊന്തിഫിക്കൽകമ്മീഷൻ കേരളത്തിൽ എത്തി. ആർച്ചുബിഷപ്പ് തോമസ് എ. വൈറ്റ് ആയിരുന്നു കമ്മീഷന്റെ അദ്ധ്യക്ഷൻ. ഫാ. റോബർട്ട് ടാഫ്റ്റ് എസ്. ജെ., ഫാ. മൈക്കൾ ഏഞ്ചൽ ബത്തീസ് ഒ.സി.ഡി. എന്നിവർ അംഗങ്ങളും ഫാ. സാർദി സെക്രട്ടറിയുമായിരുന്നു.

1992 **സെപ്തംബർ 6 –** എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി മനത്തോടത്ത് മാർ ജേക്കബ് നിയമിതനായി.

1992 **സെപ്തംബർ 25 –** പൊന്തിഫിക്കൽ കമ്മീഷൻ, കേരളത്തിലെ എല്ലാ സീറോമലബാർ രൂപതകളും സന്ദർശിച്ച് അന്വേഷണം നടത്തിയശേഷം റോമിലേക്കു മടങ്ങി.

1992 **നവംബർ 28 –** എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ മനത്തോടത്ത് മാർ ജേക്കബിന്റെ മെത്രാഭിഷേകം.

1992 **ഡിസംബർ 16 –** സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും കർദ്ദിനാൾ മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുംകൊണ്ടുള്ള പേപ്പൽ ബൂളകളിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു.

1993 **ജനുവരി 28 –** ജഗദൽപൂർ രൂപതയുടെ മെത്രാനായി പാലാത്തറ മാർ സൈമൺ സ്റ്റോക്ക് സി.എം.ഐ. നിയമിതനായി.

1993 **ജനുവരി 29 –** സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ

സഭയായി ഉയർത്തിക്കൊണ്ടുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തീരുമാനം (*Que Majori Christifidelium*) ഇന്ത്യയിലെ അപ്പസ്തോലിക് പ്രൊനുൺഷ്യോ ആർച്ചു ബിഷപ്പ് ജോർജ്ജ് സൂർ എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് പ്രഖ്യാപിച്ചു. Major Archbishopricന്റെ പേര് എറണാകുളം-അങ്കമാലി എന്നായിരിക്കുമെന്നും അതിന്റെ ആസ്ഥാനം എറണാകുളം ആണെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം മെത്രാപ്പോലീത്ത കർദ്ദിനാൾ മാർ ആന്റണി പടിയറയെ സീറോമലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി മാർപാപ്പ നിയമിച്ചതായും പ്രഖ്യാപനമുണ്ടായി. - സെബറാദസിന്റെ സ്ഥാനിക മെത്രാപ്പോലീത്തയും പ്രൊനുൺഷ്യോയുമായ ആർച്ച്ബിഷപ്പ് അബ്രാഹം കാട്ടുമനയെ സീറോമലബാർ സഭയുടെ പൊന്തിഫിക്കൽ ഡലഗേറ്റായി മാർപാപ്പ നിയമിച്ചിരിക്കുന്ന വിവരവും ആർച്ചു ബിഷപ് ജോർജ്ജ് സൂർ പ്രഖ്യാപിച്ചു. കൂടാതെ, സീറോമലബാർ സഭയുടെ ഭൂപരിധി എറണാകുളം, ചങ്ങനാശ്ശേരി പ്രോവിൻസുകളുടെ അതിർത്തിക്കുള്ളിലായിരിക്കുമെന്നും, സിനഡ് വിളിച്ചുകൂട്ടുക, സീറോമലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കുക, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുക തുടങ്ങിയ കാര്യങ്ങൾ പൊന്തിഫിക്കൽ ഡലഗേറ്റിന്റെ ചുമതലയായിരിക്കുമെന്നും വ്യക്തമാക്കപ്പെട്ടു. അതേസമയം, പുതിയ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്, ലിറ്റർജി സംബന്ധമായ കാര്യങ്ങൾ എന്നിവ തത്ക്കാലത്തേക്ക് മാർപാപ്പായുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമായിരിക്കും.

**1993** **മാർച്ച് 19 –** ജഗദൽപൂർ രൂപതയുടെ മെത്രാൻ പാലാത്തറ മാർ സൈമൺ സ്റ്റോക്കിന്റെ മെത്രാഭിഷേകം.

**1993** **മേയ് 20 –** എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വച്ചു നടന്ന ചടങ്ങിൽ കർദ്ദിനാൾ പടിയറ മാർ ആന്റണി സീറോമലബാർ സഭയിലെ മേജർ ആർച്ചു ബിഷപ്പായി സ്ഥാനമേറ്റു. ചടങ്ങുകൾക്ക് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രഹാം കാട്ടുമന നേതൃത്വം നല്കി.

**1993** **മേയ് 20 –** എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് സീറോമലബാർ സഭയിലെ പ്രഥമ സിനഡ് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് അബ്രാഹം കാട്ടുമന ഉദ്ഘാടനം ചെയ്തു. പ്രോനുൺഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. കൂടാതെ, സീറോമലബാർ രൂപതകളിലെ വൈദിക-സന്യാസ-അല്മായ പ്രതിനിധികളും.

**1993** **മേയ് 20–26 –** പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമനയുടെ അദ്ധ്യക്ഷതയിൽ സീറോമലബാർ സഭയിലെ പ്രഥമ സിനഡ് എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽ സമ്മേളിച്ചു. സ്ഥിരം സിനഡ്, ട്രൈബ്യൂണൽ, കമ്മീഷനുകൾ എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തി. സിനഡിന്റെ നിയമാവലി, പ്രത്യേക നിയമങ്ങളുടെ ക്രോഡീകരണം തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു.

**1993** **നവംബർ 22 – ഡിസംബർ 4 –** രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ പ്രഥമ സമ്മേളനം. സിനഡിന്റെ ഭരണഘടനയും, മാമ്മോദീസ, സൈഥര്യലേപനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. വൈദികരെയും വിവാഹത്തിന്റെ കാനോനിക വശങ്ങളെയും സംബന്ധിച്ചുള്ള പ്രത്യേക നിയമങ്ങളെപ്പറ്റിയും പ്രാഥമിക ചർച്ചകൾ നടത്തി.

1994 **ഫെബ്രുവരി 28 –** സി.ബി.സി.ഐ. പ്രസിഡന്റായി പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്ത തിരഞ്ഞെടുക്കപ്പെട്ടു.

1994 **മാർച്ച് 7–23 –** രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ രണ്ടാം സമ്മേളനം. പൗരസ്ത്യ വിദ്യാപീഠത്തിന്റെ നിയമാവലിയും, വിവാഹം, രോഗീലേപനം, അനുരഞ്ജനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. കുർബാന പരിഷ്കരണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പൗരസ്ത്യസഭാ കാര്യാലയത്തിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

1994 **ജൂൺ 11 –** താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ ചരമം.

1994 **ജൂൺ 14 –** മോൺ. ഫ്രാൻസീസ് ആറുപറയിൽ താമരശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1994 **ഒക്ടോബർ 10 –** സീറോമലങ്കരസഭയുടെ തലവനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് നിര്യാതനായി.

1994 **നവംബർ 7–23 –** രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ മൂന്നാംസമ്മേളനം. മംഗളവാർത്ത, ദനഹാക്കാലങ്ങളുടെ പ്രോപ്രിയാ പ്രാർഥനകൾ അംഗീകരിച്ചു.

1994 **ഡിസംബർ 1 –** പാലക്കാടു രൂപതയുടെ പ്രഥമമെത്രാൻ ഇരിമ്പൻ മാർ ജോസഫ് രൂപതാഭരണത്തിൽനിന്നു വിരമിച്ചു.

-1994 **ഡിസംബർ 2 –** മോൺ. ജോസഫ് വെളിയത്തിൽ പാലക്കാടു രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1995 **മാർച്ച് 6–10 –** രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ നാലാം സമ്മേളനം.

1995 **മാർച്ച് 28 –** ചാന്ദാരൂപതയുടെ പ്രഥമമെത്രാൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം.

1995 **ഏപ്രിൽ 4 –** സീറോമലബാർ സഭയ്ക്കായി മാർപാപ്പ നിയമിച്ച പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്ത റോമിൽവച്ച് നിര്യാതനായി.

-1995 **ഏപ്രിൽ 8 –** റോമിൽവച്ചു ദിവംഗതനായ പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തയുടെ മൃതദേഹം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സംസ്കരിച്ചു. മേജർ ആർച്ചുബിഷപ് കർദിനാൾ പടിയറ മാർ ആന്റണി പ്രധാന കാർമ്മികത്വം വഹിച്ചു. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ് ജോർജ്ജ് സൂർ, റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിലെ അണ്ടർസെക്രട്ടറി ഫാ. മാർക്കോ ബ്രോജി എന്നിവർ സംസ്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു.

1995 **മേയ് 9–13 –** സീറോമലബാർ സഭയുടെ സ്ഥിരം സിനഡ് റോമിൽ പൗരസ്ത്യസഭാകാര്യാലയത്തിൽവച്ചു നടന്നു.

1995 **മേയ് 18 –** തൃശൂർ, തലശ്ശേരി രൂപതകളെ അതിരൂപതകളായും കുണ്ടുകുളം മാർ ജോസഫ്, വലിയമറ്റം മാർ ജോർജ്ജ് എന്നിവരെ മെത്രാപ്പോലീത്തമാരായും ഉയർത്തി. പാലക്കാട്, ഇരിങ്ങാലക്കുട രൂപതകൾ തൃശൂരിന്റെയും മാനന്തവാടി, താമരശ്ശേരി രൂപതകൾ തലശ്ശേരിയുടെയും സാമന്തരൂപതകളായിരിക്കും. ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ പഴയാറ്റിൽ മാർ ജെയിംസിനെ മേജർ ആർച്ചുബിഷപ്പിന്റെ സഹായിയായി മാർപാപ്പ നിയമിച്ചു. മാനന്ത

വാടി രൂപതയുടെ മെത്രാൻ തൂങ്കുഴി മാർ ജേക്കബിനെ താമരശ്ശേരി രൂപതയുടെ മെത്രാനായി മാർപാപ്പ നിയമിച്ചു.

**1995** **മേയ് 27 –** മേജർ ആർക്കി എപ്പിസ്കോപ്പൽ സഭാകാര്യാലയം കാക്കനാടുള്ള Mount St. Thomas-ൽ മേജർ ആർച്ചു ബിഷപ് കർദ്ദിനാൾ പടിയറ മാർ ആന്റണി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

**-1995** **ജൂൺ 7 – മേയ് 18-ാം** തീയതിയിലെ മാർപാപ്പയുടെ തീരുമാനങ്ങൾ ഔദ്യോഗികമായി പരസ്യമാക്കപ്പെട്ടു.

**1995** **ആഗസ്റ്റ് 24 –** തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി വലിയമറ്റം മാർ ജോർജ്ജ് സ്ഥാനമേറ്റു.

**1995** **ആഗസ്റ്റ് 27 –** തൃശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി കുണ്ടുകുളം മാർ ജോസഫ് സ്ഥാനമേറ്റു.

**1995** **ആഗസ്റ്റ് 27 –** മോൺ. ജോസഫ് കണിയാമറ്റം മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

**1995** **ആഗസ്റ്റ് 28 –** താമരശ്ശേരി രൂപതയുടെ മെത്രാനായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു.

**1995** **ഡിസംബർ 15 –** സീറോമലങ്കരസഭയുടെ തലവനായി സിറിൽ മാർ ബസിലിയോസ് മെത്രാപ്പോലീത്ത നിയമിതനായി.

**1996** **ജനുവരി 8-16 –** സീറോമലബാർ സിനഡ് റോമിൽ സമ്മേളിച്ചു. 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ സിനഡു സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സമ്മേളനങ്ങളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നു.

**1996** **ജനുവരി 18 –** ആദ് ലീമിന സന്ദർശനം നടത്തിയ സീറോ മലബാർ, സീറോ മലങ്കര മെത്രാന്മാരെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അഭിസംബോധന ചെയ്തു.

**1996** **ഫെബ്രുവരി 10 –** എറണാകുളം അതിരൂപതയുടെ ശതാബ്ദി, മേജർ ആർച്ച് ബിഷപ്പ് കർദിനാൾ പടിയറ മാർ ആന്റണിയുടെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങളിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ അക്കില്ലെ സിൽവെസ്ത്രീനി സംബന്ധിച്ചു (എറണാകുളം). കർദിനാൾ വിവിധ സീറോമലബാർ രൂപതകളും സന്ദർശിച്ചു.

**1996** **ഡിസംബർ 18 –** ഡിസംബർ 11-ാം തീയതി മാർപാപ്പ അംഗീകരിച്ച തീരുമാനങ്ങളെപ്പറ്റി ഔദ്യോഗികമായ അറിയിപ്പുണ്ടായി. സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ആന്റണി പടിയറയുടെയും തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫിന്റെയും രാജി സ്വീകരിച്ചു. എറണാകുളം-അങ്കമാലി മേജർ ആർക്കിഎപ്പിസ്കോപ്പൽ അതിരൂപതയുടെയും സീറോമലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി ഫാ. വർക്കി വിതയത്തിൽ C.Ss.R.നെയും മാനന്തവാടി രൂപതയുടെ മെത്രാനായി ഫാ. എമ്മാനുവേൽ പോത്തനാമുഴി C.M.I.യെയുംകല്യാൺ രൂപതയുടെ മെത്രാനായി ഫാ. തോമസ് ഇലവനാൽ M.C.B.S.നെയും തക്കല രൂപതയുടെ പ്രഥമ മെത്രാനായി ഫാ. ജോർജ്ജ് ആലഞ്ചേരിയെയും പാലക്കാട് രൂപതയുടെ മെത്രാനായി എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മനത്തോടത്തിനെയും താമരശ്ശേരി രൂപതയുടെ മെത്രാനായി കല്യാൺ രൂപതയുടെ

മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയെയും തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താമരശ്ശേരി മെത്രാൻ തൂങ്കുഴി മാർ ജേക്കബി നെയും നിയമിച്ചു.

**1997** **ജനുവരി 6 –** എറണാകുളം-അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ അതി രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും അക്രീദയുടെ സ്ഥാനിക മെത്രാപ്പോലീത്തയുമായ ഫാ. വർക്കി വിതയത്തിലിനെ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ മെത്രാ പ്പോലീത്തയായി അഭിഷേകം ചെയ്തു.

**1997** **ജനുവരി 18 –** സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദിനാൾ ആന്റണി പടിയറ തൽസ്ഥാനത്തു നിന്നു വിരമിച്ചു. വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത എറണാകുളം-അങ്കമാലി അതിരൂപതയുടെ യും സീറോ മലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റ റായി സ്ഥാനമേറ്റു.

**1997** **ജനുവരി 26 –** മാനന്തവാടി രൂപതയുടെ മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവേലിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**1997** **ഫെബ്രുവരി 1 –** പാലക്കാടു രൂപതയുടെ മെത്രാനായി മനത്തോടത്ത് മാർ ജേക്കബ് സ്ഥാനമേറ്റു.

**1997** **ഫെബ്രുവരി 2 –** തക്കല രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാ ൻ ആലഞ്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**1997** **ഫെബ്രുവരി 8 –** കല്യാൺ രൂപതയുടെ മെത്രാൻ ഇലവനാൽ മാർ തോമ സിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

**1997** **ഫെബ്രുവരി 13 –** താമരശ്ശേരി രൂപതയുടെ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോൾ സ്ഥാനമേറ്റു.

**1997** **ഫെബ്രുവരി 15 –** തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടു കുളം മാർ ജോസഫ് അതിരൂപതാഭരണത്തിൽ നിന്നു വിരമിച്ചു.

**1997** **ഫെബ്രുവരി 15 –** തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു.

**1997** **ഏപ്രിൽ 19 –** അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത, അക്രീദയ്ക്കു പകരം അന്തീനോയുടെ സ്ഥാ നിക മെത്രാപ്പോലീത്ത ആയിരിക്കുമെന്ന് റോമിൽനിന്ന് അറിയിച്ചു.

**1997** **ആഗസ്റ്റ് 23 –** പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ ഇരിമ്പൻ മാർ ജോസഫ് നിര്യാതനായി.

**1998** **ജനുവരി 19 –** ആരാധനക്രമം സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്ന തിന് സിനഡിന് അധികാരം നല്കിക്കൊണ്ടുള്ള മാർപാപ്പയുടെ തീരുമാനം ഔദ്യോഗികമായി പരസ്യപ്പെടുത്തി.

**1998** **ജനുവരി 26 –** സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറയെ ഭാരത ഗവൺമെന്റ് "പത്മശ്രീ" നല്കി ആദരിച്ചു.

**1998** **ഫെബ്രുവരി 17 –** എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ചക്യത്ത് നിയമിതനായി.

1998 **മാർച്ച് 19–20 –** സീറോമലബാർ മെത്രാന്മാരുടെ സിനഡു സമ്മേളനം VI (1998) (രണ്ടാം സമ്മേളനം)

1998 **മാർച്ച് 27 –** സീറോമലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ വിതയത്തിൽ മാർ വർക്കി സി.ബി.സി.ഐ.യുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

1998 **ഏപ്രിൽ 14 –** എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ ചക്യത്ത് മാർ തോമസിന്റെ മെത്രാഭിഷേകം.

1998 **ഏപ്രിൽ 19–മേയ് 14 –** റോമിൽവച്ചു നടന്ന ഏഷ്യൻ സിനഡിൽ വിതയത്തിൽ മാർ വർക്കി, പവ്വത്തിൽ മാർ ജോസഫ്, കുന്നശ്ശേരി മാർ കുര്യാക്കോസ്, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, മുണ്ടാടൻ മാർ ഗ്രേഷ്യൻ, മനത്തോടത്ത് മാർ ജേക്കബ് എന്നീ മെത്രാന്മാർ സംബന്ധിച്ചു.

1998 **ഏപ്രിൽ 26 –** തൃശൂർ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫ് നിര്യാതനായി.

1998 **ജൂൺ 5 –** ഉജ്ജെയിൻ രൂപതയുടെ മെത്രാനായി ഫാ. സെബാസ്റ്റ്യൻ വടക്കേൽ MST നിയമിതനായി.

1998 **ജൂലൈ 3 –** കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതുതായി നിർമ്മിച്ച മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും.

1998 **സെപ്തംബർ 8 –** ഉജ്ജെയിൻ രൂപതയുടെ മെത്രാൻ വടക്കേൽ മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

1998 **നവംബർ 3–14 –** സീറോമലബാർ മെത്രാന്മാരുടെ സിനഡു സമ്മേളനം VI (1998) (മൂന്നാം സമ്മേളനം)

1998 **നവംബർ 9–12 –** സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

1998 **ഡിസംബർ 8 –** ഫാ. മാത്യു മൂലക്കാട്ട് കോട്ടയം രൂപതയുടെ സഹായ മെത്രാനായി നിയമിതനായി.

1999 **ജനുവരി 6 –** കോട്ടയം രൂപതയുടെ സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം. (റോം)

1999 **മേയ് 26 –** പുതുതായി സ്ഥാപിച്ച ബെൽത്തങ്ങാടി രൂപതയുടെ മെത്രാനായി ഫാ. ലോറൻസ് മുക്കുഴി നിയമിതനായി.

1999 **ജൂൺ 19 –** ആർച്ചുബിഷപ്പ് ലൊറെൻസോ ബാൽദിസ്സേരി ഇന്ത്യയിലെ വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായി.

1999 **ജൂലൈ 16 –** പുതുതായി സ്ഥാപിച്ച അദിലാബാദ് രൂപതയുടെ മെത്രാനായി ഫാ. ജോസഫ് കുന്നത്ത് സി.എം.ഐ. നിയമിതനായി.

1999 **ആഗസ്റ്റ് 4 –** ബെൽത്തങ്ങാടി രൂപതയുടെ ഉദ്ഘാടനവും പ്രഥമ മെത്രാൻ മുക്കുഴി മാർ ലോറൻസിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1999 **ആഗസ്റ്റ് 24 –** എറണാകുളം അതിരൂപതാംഗമായ മോൺ. ജോസഫ് ചേന്നോത്ത് മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 **ഒക്ടോബർ 6 –** അദിലാബാദ് രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ കുന്നത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1999 **ഒക്ടോബർ 30 –** വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ ചേന്നോത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം).

1999 **നവംബർ 5-8 –** ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ രണ്ടാമത്തെ ഭാരതസന്ദർശനം. ഡൽഹി സന്ദർശിച്ച മാർപാപ്പ റോമിൽവച്ചുനടന്ന ഏഷ്യയ്ക്കുവേണ്ടിയുള്ള സിനഡിന്റെ പ്രബോധനരേഖ (*Ecclesia in Asia*) ഔദ്യോഗികമായി പ്രസിദ്ധം ചെയ്തു.

1999 **നവംബർ 12-14 –** മൗണ്ട് സെന്റ് തോമസിൽവച്ച് സീറോ മലബാർ സഭയുടെ മിഷൻ അസംബ്ലി സമ്മേളിച്ചു.

1999 **ഡിസംബർ 4 –** ഇരിങ്ങാലക്കുട രൂപതാംഗമായ മോൺ ജോർജ്ജ് പാനികുളം മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 **ഡിസംബർ 23 –** വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയെ സീറോ മലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്തയായും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായും നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ ഡിസംബർ 18-ാം തിയതിയിലെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

1999 **ഡിസംബർ 23 –** സത്ന രൂപതയുടെ മെത്രാനായി ഫാ. മാത്യു വാണിയക്കിഴക്കേൽ V.C. നിയമിതനായി.

2000 **ജനുവരി 6 –** വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ പാനികുളം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം (റോം)

2000 **ജനുവരി 26 –** സീറോമലബാർ സഭയുടെ രണ്ടാമത്ത മേജർ ആർച്ചുബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണം.

2000 **മാർച്ച് 19 –** മഹാജൂബിലി പ്രമാണിച്ചുള്ള സീറോമലബാർ സഭാദിനം റോമിൽ ആചരിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയ്ക്ക് ആശംസകൾ നേർന്നു.

2000 **മാർച്ച് 23 –** സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദിനാൾ പടിയറ മാർ ആന്റണി ദിവംഗതനായി.

2000 **ഏപ്രിൽ 9 –** തിരുക്കുടുംബ സന്യാസിനി സഭാസ്ഥാപകയായ മദർ മറിയം ത്രേസ്യയെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2000 **ഏപ്രിൽ 12 –** സാത്ന രൂപതയുടെ മെത്രാൻ വാണിയക്കിഴക്കേൽ മാർ മാത്യുവിന്റെ അഭിഷേകം.

2000 **ജൂൺ 10 –** ചങ്ങനാശ്ശേരി അതിരൂപതാംഗമായ മോൺ. ജോർജ്ജ് കോച്ചേരി മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

2000 **ആഗസ്റ്റ് 21 –** വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ കോച്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

2000 **നവംബർ 10-12 –** മഹാജൂബിലിയുടെ കേരളതല സമാപനം മൂന്നു റീത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ ദിവ്യകാരുണ്യ കോൺഗ്രസ്സോടെ നടന്നു (എറണാകുളം)

**2000** **നവംബർ 25 –** റോമിലെ പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്റ്റായി അന്ത്യോക്യ കത്തോലിക്ക പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ പ്രഥമൻ ദാവൂദിനെ മാർപാപ്പ നിയമിച്ചു.

**2001** **ജനുവരി 19 –** കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ വട്ടക്കുഴി മാർ മാത്യു രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2001** **ജനുവരി 19 –** കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായി ഫാ. മാത്യു അറയ്ക്കൽ നിയമിതനായി.

**2001** **ജനുവരി 21 –** മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി കർദിനാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

**2001** **ഫെബ്രുവരി 9 –** കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ അറയ്ക്കൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

**2001** **ഫെബ്രുവരി 21 –** മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി റോമിൽ വച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

**2001** **മാർച്ച് 13 –** അമേരിക്കയിൽ ചിക്കാഗോ ആസ്ഥാനമാക്കി സെന്റ് തോമസ് സീറോമലബാർ രൂപതയുടെ സ്ഥാപനം. രൂപതയുടെ പ്രഥമമെത്രാനായി ഫാ. ജേക്കബ് അങ്ങാടിയത്ത് നിയമിതനായി. കാനഡയിലെ സീറോമലബാർ കത്തോലിക്കരുടെ സ്ഥിരം അപ്പസ്തോലികസന്ദർശകനായും മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു.

**2001** **ജൂലൈ 1 –** അമേരിക്കയിലെ സെന്റ് തോമസ് രൂപതയുടെ പ്രഥമ മെത്രാൻ അങ്ങാടിയത്ത് മാർ ജേക്കബിന്റെ അഭിഷേകം (ചിക്കാഗോ).

**2002** **ഫെബ്രുവരി 4 –** എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായി ഫാ. സെബാസ്റ്റ്യൻ എടയന്ത്രത്ത് നിയമിതനായി.

**2002** **ഏപ്രിൽ 20 –** എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ എടയന്ത്രത്ത് മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

**2002** **ഏപ്രിൽ 24 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായ മെത്രാനായി ഫാ. ജോസഫ് പെരുന്തോട്ടം നിയമിതനായി.

**2002** **മേയ് 20 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ പെരുന്തോട്ടം മാർ ജോസഫിന്റെ മെത്രാഭിഷേകം.

**2002** **നവംബർ 15-17 –** മാർ തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950-ാം വാർഷികവും വി. ഫ്രാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ 450-ാം വാർഷികവും സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ എറണാകുളത്തു വച്ച് നടന്നു. സമാപനസമ്മേളനത്തിൽ രാഷ്ട്രപതി ശ്രീ അബ്ദുൾ കലാം സംബന്ധിച്ചു.

**2002** **ഡിസംബർ 19 –** കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപതയുടെ സ്ഥാപനം. പ്രഥമ മെത്രാനായി ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ നിയമിതനായി.

**2003** **ഫെബ്രുവരി 8 –** ആർച്ചുബിഷപ്പ് പേദ്രോ ലോപ്പസ് കിന്താനാ ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ ആയി നിയമിതനായി.

**2003** **മാർച്ച് 2 –** ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവിന്റെ അഭിഷേകം.

**2003** **ഏപ്രിൽ 6 –** മാനന്തവാടി മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവലിന്റെ

ചരമം.

2003 **ഏപ്രിൽ 21 –** മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. ജോർജ്ജ് ഞരളക്കാട്ട് നിയമിതനായി.

2003 **മേയ് 1–15 –** സീറോമലബാർ മെത്രാന്മാരുടെ 'ആദ് ലീമിന' സന്ദർശനം

2003 **ആഗസ്റ്റ് 29 –** സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു കോട്ടയം രൂപതയുടെ 'കോഅഡ്ജുത്തൂർ' ആയി നിയമിതനായി.

2003 **ഒക്ടോബർ 19 –** മിഷനറീസ് ഓഫ് ചാരിറ്റീസ് സന്യാസ സമൂഹത്തിന്റെ സ്ഥാപക മദർ തെരേസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2004 **ജനുവരി 3 –** മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതു സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം സിനഡിനു നല്കിക്കൊണ്ടുള്ള മാർ പാപ്പയുടെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

2004 **ജനുവരി 7 –** റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫെക്ട് പാത്രിയാർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ കാർഡിനൽ ദാവൂദ് ഇന്ത്യയിലെ കത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. (തൃശൂർ)

2004 **ഫെബ്രുവരി 11 –** മലയാറ്റൂർ മാർത്തോമാ കുരിശുമുടി അന്താരാഷ്ട്ര തീർത്ഥാടനകേന്ദ്രമായി മാർപാപ്പ പ്രഖ്യാപിച്ചു.

2004 **മാർച്ച് 18 –** പാലാ രൂപതാദ്ധ്യക്ഷനായി ഫാ. ജോസഫ് കല്ലറങ്ങാട്ടിനെയും മാനന്തവാടി രൂപതാദ്ധ്യക്ഷനായി ഫാ. ജോസ് പൊരുന്നേടത്തിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി മോൺ. ആൻഡ്രൂസ് താഴത്തിനെയും മാർപാപ്പ നിയമിച്ചു. പാലാ രൂപതയുടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് രൂപതാഭരണത്തിൽ നിന്നു വിരമിച്ചു

2004 **മേയ് 1 –** തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ താഴത്ത് മാർ ആൻഡ്രൂസിന്റെ അഭിഷേകം.

2004 **മേയ് 2 –** പാലാ രൂപതയുടെ മെത്രാൻ കല്ലറങ്ങാട്ട് മാർ ജോസഫിന്റെ മെത്രാഭിഷേകം.

2004 **മേയ് 15 –** മാനന്തവാടി രൂപതയുടെ മെത്രാൻ പൊരുന്നേടം മാർ ജോസിന്റെ മെത്രാഭിഷേകം.

2004 **നവം. 25 –** സീറോമലബാർ സഭയുടെ ദ്വിതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

2004 **ഡിസംബർ 1 –** സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത ശിശുക്കളുടെ മാമ്മോദീസയും തൈലാഭിഷേകവും (സ്ഥൈര്യലേപനവും), മുതിർന്നവരുടെ മാമ്മോദീസയും തൈലാഭിഷേകവും (സ്ഥൈര്യലേപനവും), അനുരഞ്ജനകൂദാശ, വിവാഹം, രോഗിലേപനം എന്നിവയുടെ ക്രമങ്ങളും മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തി.

2005 **ജനുവരി 6 – 2004 ഡിസംബർ 1–ാം** തീയതി പ്രസിദ്ധപ്പെടുത്തിയ കൂദാശകളുടെ പുതിയ ക്രമം പ്രാബല്യത്തിൽ വന്നു.

2005 **ജനുവരി 10 –** സീറോമലങ്കരസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. ആർച്ചുബിഷപ് സിറിൽ മാർ ബസേലിയൂസിനെ പ്രഥമ മേജർ ആർച്ചു ബിഷപ്പായി നിയമിച്ചു.

2005 **ഏപ്രിൽ 2 –** ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദിവംഗതനായി.

**2005** **ഏപ്രിൽ 19 –** ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. മേജർ ആർച്ചുബിഷപ്പ് കർദിനാൾ വർക്കി വിതയത്തിൽ കോൺക്ലേവിൽ പങ്കെടുത്തു.

**2005** **ഏപ്രിൽ 24 –** ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

**2005** **മേയ് 9 –** കോട്ടയം രൂപതയെ അതിരൂപതയായും ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയെ അതിരൂപതാദ്ധ്യക്ഷനായും മേജർ ആർച്ചുബിഷപ്പ് കർദിനാൾ വർക്കി വിതയത്തിൽ ഉയർത്തി.

**2005** **ജൂൺ 3 –** കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി മാർ കുര്യാക്കോസ് കുന്നശ്ശേരി സ്ഥാനമേറ്റു.

**2005** **നവംബർ 1 –** സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത പ്രോപ്രിയ (വിശുദ്ധ കുർബാനയിലെ മാറിവരുന്ന പ്രാർത്ഥനകൾ) മേജർ ആർച്ചുബിഷപ്പ് *ad experimentum* പ്രസിദ്ധപ്പെടുത്തി.

**2005** **ഡിസംബർ 5 –** കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരി അതിരൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

**2005** **ഡിസംബർ 5 –** കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്തയായി മൂലക്കാട്ട് മാർ മാത്യു നിയമിതനായി.

**2006** **ജനുവരി 14 –** കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മൂലക്കാട്ട് മാർ മാത്യുവിന്റെ സ്ഥാനാരോഹണം.

**2006** **ഫെബ്രുവരി 2 –** സാഗർ രൂപതയുടെ മെത്രാൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2006** **ഫെബ്രുവരി 2 –** സാഗർ രൂപതയുടെ മെത്രാനായി മോൺ. ആന്റണി ചിറയത്ത് നിയമിതനായി.

**2006** **മാർച്ച് 25 –** സാഗർ രൂപതയുടെ മെത്രാൻ ചിറയത്ത് മാർ ആന്റണിയുടെ അഭിഷേകം.

**2006** **മാർച്ച് 19 –** സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

**2006** **ഏപ്രിൽ 4 –** തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ചരമം.

**2006** **ഏപ്രിൽ 30 –** ദൈവദാസൻ കുഞ്ഞച്ചൻ തേവർപറമ്പിലിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

**2006** **ജൂൺ 1 –** സീറോമലബാർ സഭയുടെ മതബോധന പാഠാവലി 1–9 ക്ലാസ്സുകൾ പ്രസിദ്ധീകരിച്ചു.

**2006** **ജൂലൈ 15 –** ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ കോക്കാട്ട് മാർ ഡൊമിനിക്ക് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2006** **ജൂലൈ 15 –** ഗൊരഖ്പൂർ രൂപതയുടെ മെത്രാനായി ഫാ. തോമസ് തുരുത്തിമറ്റം നിയമിതനായി.

**2006** **ആഗസ്റ്റ് 18–21 –** സീറോമലബാർ പ്രവാസി സമ്മേളനം.

**2006** **സെപ്തംബർ 21 –** ഫാ. ജോസ് പണ്ടാരശ്ശേരി കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായി.

2006 **ഒക്ടോബർ 1 –** ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ തുരുത്തിമറ്റം മാർ തോമസിന്റെ അഭിഷേകം.

2006 **ഒക്ടോബർ 28 –** കോട്ടയം അതിരൂപതയുടെ സഹായ മെത്രാൻ പണ്ടാരശ്ശേരി മാർ ജോസ് മെത്രാന്റെ അഭിഷേകം.

2006 **ഡിസംബർ 3 –** ദൈവദാസി സി. എവുപ്രാസിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

2007 **ജനുവരി 26 –** തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത തൂങ്കുഴി മാർ ജേക്കബ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പവ്വത്തിൽ മാർ ജോസഫ് എന്നിവർ അതിരൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2007 **ജനുവരി 26 –** തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താഴത്ത് മാർ ആൻഡ്രൂസ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പെരുന്തോട്ടം മാർ ജോസഫ് എന്നിവർ നിയമിതരായി.

2007 **ഫെബ്രുവരി 2 –** സീറോമലബാർസഭയുടെ അനുതാപ ശുശ്രൂഷാക്രമം പ്രസിദ്ധീകരിച്ചു.

2007 **മാർച്ച് 18 –** തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത താഴത്ത് മാർ ആൻഡ്രൂസിന്റെ സ്ഥാനാരോഹണം.

2007 **മാർച്ച് 19 –** ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പെരുന്തോട്ടം മാർ ജോസഫിന്റെ സ്ഥാനാരോഹണം.

2007 **ജൂൺ 1 –** സീറോമലബാർ സഭയുടെ മതബോധന പാഠാവലി X പ്രസിദ്ധീകരിച്ചു.

2007 **ആഗസ്റ്റ് 15 –** സീറോമലബാർ സഭയുടെ വൈദീകപരിശീലന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

2007 **ആഗസ്റ്റ് 15 –** സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന, എന്നീ പട്ടങ്ങൾ, പുരോഹിതപട്ടം, മെത്രാഭിഷേകം, മെത്രാന്റെ/മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം, അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം എന്നിവ മേജർ ആർച്ചുബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

2007 **ആഗസ്റ്റ് 21 –** മാനന്തവാടി രൂപതയെ വിഭജിച്ച് ഭദ്രാവതി രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷനായി ഫാ. അരുമച്ചാടത്ത് ജോസഫിനെ നിയമിച്ചു.

2007 **ഒക്ടോബർ 25 –** ഭദ്രാവതി രൂപതയുടെ മെത്രാൻ അരുമച്ചാടത്ത് മാർ ജോസഫിന്റെ അഭിഷേകം.

2008 **ഫെബ്രുവരി 20 –** സി.ബി.സി.ഐ.യുടെ പ്രസിഡന്റായി മേജർ ആർച്ച്ബിഷപ്പ് വർക്കി കർദിനാൾ വിതയത്തിലിനെ തിരഞ്ഞെടുത്തു.

2008 **ജൂൺ 1 –** സീറോമലബാർ സഭയുടെ മതബോധന പാഠാവലി XI- പ്രസിദ്ധീകരിച്ചു.

2008 **ഒക്ടോബർ 12 –** വാഴ്ത്തപ്പെട്ട സി. അൽഫോൻസായെ വിശുദ്ധയായി പ്രഖ്യാപിച്ചു. (റോം)

2008 **നവംബർ 6–9 –** റോമിലെ പൗരസ്ത്യസഭകൾക്കായുള്ള പൊന്തിഫിക്കൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കർദിനാൾ ലെയൊനാർദോ സാന്ദ്രി കേരളത്തിലെ സീറോമലബാർ സഭയിലെ വിവിധ രൂപതകളും സ്ഥാപനങ്ങളും

സന്ദർശിക്കുകയും തുടർന്ന് ഭരണങ്ങാനത്ത് വി. അൽഫോൻസായുടെ നാമകരണത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും കബറിടം വണങ്ങുകയും ചെയ്തു.

**2009** **ജൂൺ 1 –** സീറോമലബാർ സഭയുടെ മതബോധന പാഠാവലി XII പ്രസിദ്ധീകരിച്ചു.

**2009** **ജൂൺ 24 –** അങ്കമാലി സെന്റ് ജോർജ്ജ് ഇടവകദേവാലയം മൈനർ ബസലിക്കയായി മാർപാപ്പ പ്രഖ്യാപിച്ചു.

**2009** **ആഗസ്റ്റ് 6 –** സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത സീറോമലബാർസഭയുടെ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പു തിരുനാൾ എന്നീ ദിവസങ്ങളിലെ പ്രത്യേകക്രമങ്ങൾ മേജർ ആർച്ച്ബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

**2009** **ആഗസ്റ്റ് 13–15 –** സീറോമലബാർ അല്മായ അസംബ്ലി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്നു.

**2009** **ആഗസ്റ്റ് 14 –** ബിജ്നോർ രൂപതയുടെ മെത്രാൻ മുണ്ടാടൻ മാർ ഗ്രേഷ്യൻ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2009** **ആഗസ്റ്റ് 14 –** ബിജ്നോർ രൂപതയുടെ പുതിയ മെത്രാനായി ഫാ. ജോൺ വടക്കേൽ സി.എം.ഐ. യെ നിയമിച്ചു.

**2009** **ആഗസ്റ്റ് 23 –** വി. അൽഫോൻസായുടെ ചിത്രം ആലേഖനം ചെയ്ത നാണയം പുറത്തിറക്കി.

**2009** **ഒക്ടോബർ 14–18 –** ആദ്യത്തെ മിഷൻ കോൺഗ്രസ്സ് ബോംബയിൽവച്ച് നടന്നു.

**2009** **ഒക്ടോബർ 22 –** ബിജ്നോർ രൂപതയുടെ മെത്രാൻ ഫാ. ജോൺ വടക്കേൽ സി.എം.ഐ. യുടെ സ്ഥാനാരോഹണം.

**2010** **ജനുവരി 18 –** സീറോമലബാർ മേജർആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രഥമ മെത്രാനായി പുത്തൂർ മാർ ബോസ്കോയെയും മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി ഞരളക്കാട്ട് മാർ ജോർജ്ജിനെയും താമരശ്ശേരി രൂപതയുടെ മെത്രാനായി ഇഞ്ചനാനിയിൽ മാർ റെമീജിയൂസിനെയും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാനായി കണ്ണൂക്കാടൻ മാർ പോളിയെയും രാമനാഥപുരം രൂപതയുടെ പ്രഥമ മെത്രാനായി ആലപ്പാട്ട് മാർ പോളിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി തട്ടിൽ മാർ റാഫേലിനെയും നിയമിച്ചു.

**2010** **ഫെബ്രുവരി 13 –** കൂരിയ മെത്രാൻ പുത്തൂർ മാർ ബോസ്കോയുടെ അഭിഷേകം.

**2010** **ഏപ്രിൽ 7 –** പുതുതായി സ്ഥാപിച്ച മണ്ഡ്യ രൂപതയുടെ മെത്രാൻ ഞരളക്കാട്ട് മാർ ജോർജ്ജിന്റെ അഭിഷേകം.

**2010** **ഏപ്രിൽ 8 –** താമരശ്ശേരി രൂപതയുടെ മെത്രാൻ ചിറ്റിലപ്പിള്ളി മാർ പോൾ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2010** **ഏപ്രിൽ 8 –** താമരശ്ശേരി രൂപതയുടെ മെത്രാൻ ഇഞ്ചനാനിയിൽ മാർ റെമീജിയൂസിന്റെ അഭിഷേകം.

**2010** **ഏപ്രിൽ 10 –** തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ തട്ടിൽ മാർ റാഫേലിന്റെ അഭിഷേകം.

2010 **ഏപ്രിൽ 11 –** പുതുതായി സ്ഥാപിച്ച രാമനാഥപുരം രൂപതയുടെ മെത്രാൻ ആലപ്പാട്ട് മാർ പോളിന്റെ അഭിഷേകം.

2010 **ഏപ്രിൽ 18 –** ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ പഴയാറ്റിൽ മാർ ജെയിംസ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2010 **ഏപ്രിൽ 18 –** ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ കണ്ണൂക്കാടൻ മാർ പോളിയുടെ അഭിഷേകം.

2010 **ജൂലൈ 16 –** രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ കരോട്ടെമ്പ്രേയിൽ മാർ ഗ്രിഗറി രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2010 **ആഗസ്റ്റ് 19–22 –** തൃതീയ സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

2010 **സെപ്തംബർ 11 –** രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ചിറ്റൂപ്പറമ്പിൽ മാർ ജോസിന്റെ അഭിഷേകം.

2011 **ഏപ്രിൽ 1 –** മേജർ ആർച്ച്ബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്താ ദിവംഗതനായി.

2011 **മെയ് 26 –** സീറോമലബാർ സഭാസിനഡ് തെരഞ്ഞെടുത്ത തക്കല രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ആലഞ്ചേരിയെ മേജർആർച്ചുബിഷപ്പായി വത്തിക്കാനിലും മൗണ്ട് സെന്റ് തോമസിലും പ്രഖ്യാപിച്ചു.

2011 **മെയ് 29 –** മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം.

2011 **ജൂൺ 18 –** ഉജ്ജയിൻ രൂപതയുടെ പ്രഥമമെത്രാൻ പെരുമറ്റം മാർ ജോൺ നിര്യാതനായി.

2011 **ആഗസ്റ്റ് 15 –** സീറോമലബാർ സഭയുടെ പ്രേഷിതവർഷോദ്ഘാടനം.

2011 **ആഗസ്റ്റ് 21–** പ്രേഷിതവർഷാചരണത്തിന്റെ ഔപചാരിക ഉദ്ഘാടനം സിനഡു പിതാക്കന്മാരുടെ സാന്നിധ്യത്തിൽ മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ കൊടുങ്ങല്ലൂരിൽ നിർവഹിച്ചു.

2012 **ജനുവരി 6 –** മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ കർദിനാളായി നാമനിർദേശം ചെയ്യപ്പെട്ടു.

2012 **ഫെബ്രുവരി 18 –** മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ റോമിൽ വച്ച് ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പയിൽ നിന്ന് കർദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

2012 **മാർച്ച് 6 –** ഡൽഹിയിലെ ഫരീദബാദ് ആസ്ഥാനമാക്കി സീറോമലബാർ രൂപതയുടെ സ്ഥാപനം. രൂപതയുടെ പ്രഥമ മെത്രാനായി ഭരണികുളങ്ങര മാർ കുര്യാക്കോസ് നിയമിതനായി.

2012 **മെയ് 26 –** ഫരീദബാദ് രൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ അഭിഷേകം.

2012 **ആഗസ്റ്റ് 20 സെപ്തംബർ 1 –** സീറോമലബാർ മെത്രാന്മാരുടെ സിനഡു സമ്മേളനം XX. മാർ തെയദോറിന്റെ കൂദാശക്രമത്തിന് സിനഡ് അംഗീകാരം നല്കി.

2012 **ആഗസ്റ്റ് 15 –** സീറോമലബാർ പ്രേഷിതവർഷ സമാപനം.

2012 **ആഗസ്റ്റ് 23 –** പാലാ രൂപതയുടെ സഹായമെത്രാനായി ഫാ. ജേക്കബ് മുരിക്കനെ നിയമിച്ചു.

**2012** **ആഗസ്റ്റ് 23 –** തക്കല രൂപതയുടെ മെത്രാനായി ഫാ. ജോർജ്ജ് രാജേന്ദ്രനെ നിയമിച്ചു.

**2012** **സെപ്തംബർ 10 –** എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായ മെത്രാൻ ചക്യത്ത് മാർ തോമസ് രൂപതാ ഭരണത്തിൽനിന്ന് വിരമിച്ചു.

**2012** **സെപ്തംബർ 16 –** തക്കല രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് രാജേന്ദ്രന്റെ അഭിഷേകം

**2012** **ഒക്ടോബർ 1 –** പാലാ രൂപതയുടെ സഹായമെത്രാനായ മുരിക്കൻ മാർ ജേക്കബിന്റെ അഭിഷേകം.

**2012** **ഒക്ടോബർ 11 –** ബനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിശ്വാസ വർഷം ഉദ്ഘാടനം ചെയ്തു.

**2012** **ഡിസംബർ 15 –** മാർ തെയദോറിന്റെ കൂദാശ (അനാഫൊറ) സീറോ മലബാർ കുർബാനയിൽ പരീക്ഷണാർത്ഥം ഉപയോഗിക്കുവാൻ പരിശുദ്ധ സിംഹാസനം അംഗീകാരം നൽകി.

**2013** **ജനുവരി 9 –** കോതമംഗലം രൂപതയുടെ മെത്രാനായി ഫാ. മഠത്തിക്കണ്ടത്തിൽ ജോർജ്ജിനെ നിയമിച്ചു.

**2013** **ജനുവരി 10 –** കോതമംഗലം രൂപതയുടെ മെത്രാൻ പുന്നക്കോട്ടിൽ മാർ ജോർജ്ജ് രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

**2013** **ഫെബ്രുവരി 9 –** കോതമംഗലം രൂപതയുടെ മെത്രാൻ മഠത്തിക്കണ്ടത്തിൽ മാർ ജോർജ്ജിന്റെ അഭിഷേകം

**2013** **ഫെബ്രുവരി 28 –** ബനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനമൊഴിഞ്ഞു.

**2013** **മാർച്ച് 13 –** കർദിനാൾ ജോർജ്ജ് മാരിയോ ബർഗോളിയോ പുതിയ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. ഫ്രാൻസിസ് എന്ന നാമധേയം സ്വീകരിച്ചു.

**2013** **ജൂലൈ 16 –** ജഗദൽപൂർ രൂപതയുടെ മെത്രാനായി ഫാ. കൊല്ലംപറമ്പിൽ ജോസഫ് സി. എം. ഐ നിയമിതനായി

**2013** **ജൂലൈ 16 –** ജഗദൽപൂർ രൂപതയുടെ മെത്രാൻ പാലാത്തറ മാർ സൈമൺ സ്റ്റോക്ക് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2013** **ജൂലൈ 27 –** സീറോമലബാർ സഭയുടെ ദേവാലയകൂദാശ, ദപ്പയുടെ കൂദാശ, ദേവാലയ പുനഃകൂദാശ എന്നീ ആരാധനക്രമങ്ങൾക്ക് പരിശുദ്ധ സിംഹാസനം പരീക്ഷണാർത്ഥം അംഗീകാരം നൽകി.

**2013** **ഓഗസ്റ്റ് 29 –** സീറോമലബാർ ആരാധനക്രമത്തിന്റെ പ്രഘോഷണഗ്രന്ഥങ്ങൾക്ക് (Lectionaries) സീറോമലബാർ സിനഡ് അംഗീകാരം നൽകി.

**2013** **ഓഗസ്റ്റ് 29 –** മെത്രാന്റെയും മെത്രാപ്പോലീത്തായുടെയും സ്ഥാനാരോഹണത്തിന്റെ നവീകരിച്ച ക്രമത്തിന് സീറോമലബാർ സിനഡ് അംഗീകാരം നൽകി.

**2013** **ഓഗസ്റ്റ് 30 –** എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായി പുത്തൻവീട്ടിൽ ഫാ. ജോസിനെ നിയമിച്ചു.

**2013** **സെപ്റ്റംബർ 17 –** ജഗദൽപൂർ രൂപതയുടെ മെത്രാൻ കൊല്ലംപറമ്പിലിൽ മാർ ജോസഫ് സി.എം.ഐ യുടെ അഭിഷേകം.

**2013** **സെപ്റ്റംബർ 21 –** എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായ പുത്തൻവീട്ടിൽ മാർ ജോസിന്റെ അഭിഷേകം.

**2014** **ഫെബ്രുവരി 26 –** തട്ടിൽ മാർ റാഫേൽ മെത്രാൻ അപ്പസ്തോലിക് വിസിറ്റേറ്ററുടെ ശുശ്രൂഷ ഏറ്റെടുത്തു.

**2014** **ജനുവരി 11 –** ആസ്ട്രേലിയയിലെ സീറോമലബാർ മെൽബൺ രൂപതാ മെത്രാനായി പുത്തൂർ മാർ ബോസ്കോ നിയമിതനായി.

**2014** **മാർച്ച് 25 –** പുത്തൂർ മാർ ബോസ്കോ മെത്രാൻ ആസ്ട്രേലിയയിലെ സീറോമലബാർ മെൽബൺ രൂപതാഭരണ ശുശ്രൂഷയും ന്യൂസ്‌ലണ്ടിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ ശുശ്രൂഷയും ഏറ്റെടുത്തു.

**2014** **ജൂലൈ 31 –** ഷാന്ദാ രൂപതയുടെ മെത്രാനായി നരികുളം ഫാ. എഫ്രേം നിയമിതനായി.

**2014** **ജൂലൈ 31 –** ഷാന്ദാ രൂപതയുടെ മെത്രാൻ നെടുമ്പുറം മാർ വിജയാനന്ദ് രൂപതാ ഭരണത്തിൽനിന്ന് വിരമിച്ചു.

**2014** **ഓഗസ്റ്റ് 27 –** സാത്ന രൂപതയുടെ മെത്രാൻ വാണിയകിഴക്കേൽ മാർ മാത്യു രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2014** **ജൂൺ 24 –** ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി ആലപ്പാട്ട് ഫാ. ജോയിയെ നിയമിച്ചു.

**2014** **ആഗസ്റ്റ് 29 –** ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാനെ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയമിച്ചു.

**2014** **സെപ്റ്റംബർ 27 –** ചിക്കാഗോ രൂപതയുടെ സഹായ മെത്രാൻ ആലപ്പാട്ട് മാർ ജോയിയുടെ അഭിഷേകം.

**2014** **ഒക്ടോബർ 24 –** ഷാന്ദാ രൂപതയുടെ മെത്രാൻ നരികുളം മാർ എഫ്രേമിന്റെ അഭിഷേകം.

**2014** **ഒക്ടോബർ 30 –** ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാൻ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായി ശുശ്രൂഷ ഏറ്റെടുത്തു.

**2014** **ഒക്ടോബർ 30 –** വലിയമറ്റം മാർ ജോർജ്ജ് മെത്രാപ്പോലീത്താ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

**2014** **നവംബർ 23 –** വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയേയും ഫ്രാൻസിസ് മാർപാപ്പ റോമിൽ വച്ച് വിശുദ്ധരായി നാമകരണം ചെയ്തു.

**2015** **ജൂലൈ 22 –** സത്ന രൂപതയുടെ മെത്രാനായി കൊടകല്ലിൽ ഫാ. ജോസഫിനെ നിയമിച്ചു.

**2015** **ആഗസ്റ്റ് 6 –** അദിലാബാദ് രൂപതയുടെ മെത്രാൻ കുന്നത്ത് മാർ ജോസഫ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു. അദിലാബാദ് രൂപതയുടെ മെത്രാനായി പാണേങ്ങാടൻ ഫാ. പ്രിൻസിനെയും, കാനഡായിലെ 'മിസ്സിസാഗ' എക്സാർക്കിയുടെ എക്സാർക്കായി കല്ലുവേലിൽ ഫാ. ജോസിനെയും നിയമിച്ചു.

**2015** **ആഗസ്റ്റ് 26 –** മണ്ഡ്യരൂപതയുടെ മെത്രാനായി കരിയിൽ ഫാ. ആന്റണിയുടെ നിയമനം. സീറോമലബാർ സഭയുടെ അധികാരപരിധി മണ്ഡ്യ രൂപതയോട് പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ബാംഗ്ലൂർ അർബൻ, ബാംഗ്ലൂർ റൂറൽ, ചിക്ബല്ലബൂർ, കോളാർ, റാംലഗർ, തുംകൂർ എന്നി ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കപ്പെട്ടു.

**2015** **സെപ്റ്റംബർ 15 –** സാത്ന രൂപതയുടെ മെത്രാനായി കൊടകല്ലിൽ മാർ

ജോസഫിന്റെ അഭിഷേകം.

**2015** **സെപ്റ്റംബർ 19 –** കാനഡയിലെ 'മിസ്സിസാഗ' എക്സാർക്കിയുടെ എക്സാർക്കായി കല്ലുവേലിൽ മാർ ജോസിന്റെ അഭിഷേകം.

**2015** **ഒക്ടോബർ 18 –** മണ്ഡ്യ രൂപതയുടെ മെത്രാനായി കരിയിൽ മാർ ആന്റണിയുടെ അഭിഷേകം.

**2015** **ഒക്ടോബർ 29 –** അദിലാബാദ് രൂപതയുടെ മെത്രാനായി പാണേങ്ങാടൻ മാർ പ്രിൻസിന്റെ അഭിഷേകം.

**2016** **ജനുവരി 12 –** കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമ സഹായമെത്രാനായി പുളിക്കൽ ഫാ. ജോസിനെ നിയമിച്ചു.

**2016** **ഫെബ്രുവരി 4 –** കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാൻ പുളിക്കൽ മാർ ജോസിന്റെ അഭിഷേകം.

**2016** **ജൂലൈ 10 –** പഴയാറ്റിൽ മാർ ജയിംസ് മെത്രാന്റെ ചരമം.

**2016** **ജൂലൈ 25 –** വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ വയലുങ്കൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

**2016** **ജൂലൈ 28 –** ഗ്രേറ്റ് ബ്രിട്ടണിലെ സീറോമലബാർ വിശ്വാസികൾക്കായി പ്രസ്റ്റൺ ആസ്ഥാനമായി സ്ഥാപിതമായ രൂപതയുടെ മെത്രാനായി സ്രാമ്പിക്കൽ ഫാ. ജോസഫും, യൂറോപ്പിലുള്ള സീറോമലബാർ വിശ്വാസികൾക്കുവേണ്ടി അപ്പസ്തോലിക് വിസിറ്റേറ്ററായി ചിറപ്പണത്ത് ഫാ. സ്റ്റീഫനും നിയമിതരായി.

**2016** **ആഗസ്റ്റ് 25–28 –** സീറോമലബാർസഭയുടെ 4-ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി, ഇരിങ്ങാലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽവച്ച് നടന്നു.

**2016** **സെപ്തംബർ 5 –** മിഷനറീസ് ഓഫ് ചാരിറ്റീസ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപക മദർ തെരേസയെ ഫ്രാൻസിസ് മാർപാപ്പ റോമിൽ വച്ച് വിശുദ്ധയായി പ്രഖ്യാപിച്ചു.

**2016** **ഒക്ടോബർ 9 –** സ്രാമ്പിക്കൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം.

**2016** **നവംബർ 1 –** ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ അഭിഷേകം.

**2016** **നവംബർ 22 –** വട്ടക്കുഴി മാർ മാത്യു മെത്രാന്റെ ചരമം.

**2017** **ജനുവരി 6 –** സീറോ മലബാർസഭയുടെ 4-ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെ അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി 'ഒന്നായി മുന്നോട്ട്' എന്ന അജപാലന പ്രബോധന രേഖ പുറപ്പെടുവിച്ചു.

**2017** **ജനുവരി 14 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി തറയിൽ ഫാ. തോമസിനെ നിയമിച്ചു.

**2017** **ഏപ്രിൽ 23 –** ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ തറയിൽ മാർ തോമസിന്റെ അഭിഷേകം.

**2017** **ജൂൺ 14 –** കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ ചരമം.

**2017** **ആഗസ്റ്റ് 31 –** സീറോമലബാർ കുർബാനയുടെ (റാസ) സുറിയാനി ഭാഷയിലുള്ള ആധികാരികപതിപ്പ് (*Editio Typica*) മേജർ ആർച്ചുബിഷപ്പ്

മാർ ജോർജ്ജ് ആലഞ്ചേരി സിനഡുസമ്മേളനത്തിൽ പ്രകാശനം ചെയ്തു.

**2017** **സെപ്റ്റംബർ 1 –** സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയാ മെത്രാനായി വാണിയപ്പുരയ്ക്കൽ ഫാ. സെബാസ്റ്റ്യനെയും തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പാംപ്ലാനി ഫാ. ജോസഫിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി നീലങ്കാവിൽ ഫാ. ടോണിയെയും നിയമിച്ചു.

**2017** **ഒക്ടോബർ 10 –** ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധസിംഹാസനം സീറോമലബാർ സഭയ്ക്ക് നല്കി.

**2017** **ഒക്ടോബർ 10 –** സീറോമലബാർ വിശ്വാസികൾക്കായി തെലുങ്കാന കേന്ദ്രമാക്കി സ്ഥാപിതമായ ഷംഷാബാദ് രൂപതയുടെ പ്രഥമമെത്രാനായി തട്ടിൽ മാർ റാഫേൽ മെത്രാനെയും തമിഴ്നാട്ടിലെ ഹൊസൂർ കേന്ദ്രമാക്കി സ്ഥാപിതമായ രൂപതയുടെ പ്രഥമ മെത്രാനായി ഫാ. പൊഴലിപറമ്പിൽ സെബാസ്റ്റ്യനെയും നിയമിച്ചു.

**2017** **നവംബർ 4 –** ഭാരത കത്തോലിക്കാസഭയിലെ പ്രഥമവനിതാ രക്തസാക്ഷിയായ ക്ലാരസഭാംഗം സിസ്റ്റർ റാണി മരിയയെ ഇൻഡോറിൽവച്ച് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

**2017** **നവംബർ 8 –** തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പാംപ്ലാനി മാർ ജോസഫിന്റെ അഭിഷേകം.

**2017** **നവംബർ 12 –** സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയാ മെത്രാനായി വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

**2017** **നവംബർ 18 –** തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി നീലങ്കാവിൽ മാർ ടോണിയുടെ അഭിഷേകം.

**2017** **നവംബർ 22 –** ഹൊസൂർ രൂപതയുടെ പ്രഥമ മെത്രാനായി പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

**2018** **ജനുവരി 7 –** ഷംഷാബാദ് രൂപതയുടെ ഉദ്ഘാടനവും പ്രഥമ മെത്രാനായി തട്ടിൽ മാർ റാഫേൽ മെത്രാന്റെ സ്ഥാനാരോഹണവും.

**2018** **ജനുവരി 12 –** ഇടുക്കി രൂപതയുടെ മെത്രാനായി ഫാ. നെല്ലിക്കുന്നേൽ ജോണിനെയും സാഗർ രൂപതയുടെ മെത്രാനായി ഫാ. അത്തിക്കളം ജയിംസിനെയും നിയമിച്ചു. ഇടുക്കി രൂപത മെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവും സാഗർ രൂപത മെത്രാൻ ചിറയത്ത് മാർ ആന്റണിയും രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു. സീറോമലബാർ സഭയുടെ സുവിശേഷപ്രഘോഷണ മാർഗരേഖയും വിവാഹവാഗ്ദാനക്രമത്തിന്റെ ഇംഗ്ലീഷ്, മലയാളം പതിപ്പുകളും മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പ്രകാശനം ചെയ്തു.

**2018** **ജനുവരി 13 –** സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്നു.

**2018** **ഏപ്രിൽ 4 –** ഇടുക്കി രൂപതയുടെ മെത്രാനായി നെല്ലിക്കുന്നേൽ മാർ ജോണിന്റെ അഭിഷേകം.

**2018** **ഏപ്രിൽ 17 –** സാഗർ രൂപതയുടെ മെത്രാനായി അത്തിക്കളം മാർ ജയിംസിന്റെ അഭിഷേകം.

**2018** **ജൂൺ 22** – എറണാകുളം-അങ്കമാലി അതിരൂപതയിലെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി പാലക്കാട് രൂപത മെത്രാനായ മനത്തോടത്ത് മാർ ജേക്കബ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.

**2018** **ജൂൺ 23** – എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കായിൽ വച്ച് ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജംബത്തിസ്താ ദികാത്രോയുടെ സാന്നിദ്ധ്യത്തിൽ മനത്തോടത്ത് മാർ ജേക്കബ് എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി സ്ഥാനം ഏറ്റെടുത്തു.

**2018** **ഡിസംബർ 22** – കാനഡായിലെ സീറോമലബാർ മിസ്സിസാഗ എക്സാർക്കേറ്റിനെ, രൂപതയായി ഉയർത്തുകയും, എക്സാർക്കായിരുന്ന കല്ലുവേലി മാർ ജോസിനെ പ്രഥമ രൂപത അദ്ധ്യക്ഷനായി നിയമിക്കുകയും ചെയ്തു.

**2019** **ജനുവരി 7** – സീറോമലബാർ കുർബാനയിൽ പരീക്ഷണാർത്ഥം ഉപയോഗിക്കുവാൻ പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയ മാർ നെസ്തോറിയസ് കൂദാശക്രമവും (അനാഫൊറ) പരിശുദ്ധസിംഹാസനം അന്തിമമായ അംഗീകാരം നൽകിയ മാർ തെയദോറിന്റെ കൂദാശകൂദാശ ക്രമവും അവയുടെ ഇംഗ്ലീഷ് പതിപ്പുകളും മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ് പ്രകാശനം ചെയ്തു.

**2019** **ഏപ്രിൽ 16** – സാത്ന രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ മാർ എബ്രാഹം മറ്റം വി.സി.യുടെ ചരമം.

**2019** **ഓഗസ്റ്റ് 30** – എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരിയായി മണ്ഡ്യരൂപതാദ്ധ്യക്ഷനായിരുന്ന മാർ ആന്റണി കരിയിൽ സി.എം.ഐ നിയമിതനായി.

- മണ്ഡ്യ രൂപതയുടെ മെത്രാനായി എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായിരുന്ന എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ നിയമിതനായി.
- ഫരീദബാദ് രൂപതയുടെ സഹായമെത്രാനായി എറണാകുളം – അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായിരുന്ന പുത്തൻവീട്ടിൽ മാർ ജോസ് നിയമിതനായി.
- ബിജ്നോർ രൂപതയുടെ മെത്രാൻ വടക്കേൽ മാർ ജോൺ രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.
- ബിജ്നോർ രൂപതയുടെ മെത്രാനായി നെല്ലായിപറമ്പിൽ ഫാ. വിൻസെന്റ് നിയമിതനായി.

**2019** **സെപ്തംബർ 7** – ആർച്ച്ബിഷപ്പ് മാർ ആന്റണി കരിയിൽ സി.എം.ഐ എറണാകുളം – അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരിയായി സ്ഥാനമേറ്റെടുത്തു.

**2019** **സെപ്തംബർ 8** – മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മണ്ഡ്യ രൂപതയുടെ മെത്രാനായി ശുശ്രൂഷ ഏറ്റെടുത്തു.

**2019** **ഒക്ടോബർ 13** – ഹോളിഫാമിലി സഭാംഗമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായെ ഫ്രാൻസിസ് മാർപ്പാപ്പ റോമിൽ വച്ച് വിശുദ്ധയായി നാമകരണം ചെയ്തു.

**2019** **നവംബർ 1** – ബിജ്നോർ രൂപതയുടെ മെത്രാനായി നെല്ലായിപറമ്പിൽ മാർ

വിൻസെന്റിന്റെ അഭിഷേകം.

**2020** **ജനുവരി 15 –** പാലക്കാട് രൂപതയുടെ സഹായമെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ നിയമിതനായി.

**2020** **ഫെബ്രുവരി 3 –** കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായി പുളിക്കൽ മാർ ജോസിന്റെ സ്ഥാനാരോഹണം. പ്രസ്തുത രൂപതയുടെ മെത്രാനായിരുന്ന അറയ്ക്കൽ മാർ മാത്യു രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

**2020** **മെയ് 1 –** ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവിന്റെ ചരമം.

**2020** **ജൂൺ 18 –** പാലക്കാട് രൂപതയുടെ പ്രഥമ സഹായമെത്രാനായി കൊച്ചു പുരയ്ക്കൽ മാർ പീറ്ററിന്റെ അഭിഷേകം.

**2020** **ആഗസ്റ്റ് 29 –** കോട്ടയം അതിരൂപതാ സഹായമെത്രാനായി ഫാ. ജോർജ് കുരിശുംമൂട്ടിൽ നിയമിതനായി.

**2020** **സെപ്റ്റംബർ 06 –** താമരശ്ശേരി മെത്രാൻ ചിറ്റിലപ്പിള്ളി മാർ പോളിന്റെ ചരമം.

**2020** **നവംബർ 14–** കോട്ടയം അതിരൂപതാ സഹായമെത്രാനായി കുരിശുംമൂട്ടിൽ ഗീവർഗ്ഗീസ് മാർ അപ്രേമിന്റെ അഭിഷേകം.

**2021** **ഫെബ്രുവരി 17 –** സാഗർ രൂപതയുടെ മെത്രാനായിരുന്ന നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ ചരമം.

**2021** **മാർച്ച് 29 –** ആസ്ട്രേലിയായിലെ സെന്റ് തോമസ് സീറോ മലബാർ മെൽ ബൺ രൂപതയുടെ അധികാരപരിധി ന്യൂസിലാണ്ടിലേക്കും ഓഷ്യാനാ മുഴു വനിലേക്കും വ്യാപിപ്പിച്ചു.

**2021** **ജൂൺ 9 –** സീറോമലബാർ സഭയുടെ മലയാളത്തിലുള്ള നവീകരിച്ച കുർബാ നക്രമം (*Editio Typica*) പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയം അംഗീകരിച്ചു.

**2021** **ജൂലൈ 3 –** വിശുദ്ധ കുർബാന ഏകീകൃതരൂപത്തിൽ അർപ്പിക്കാനുള്ള 1999 – ലെ സിനഡുതീരുമാനം എല്ലാവരും സ്വീകരിക്കണമെന്നും നവീകരിച്ച കുർബാനക്രമം നടപ്പിലാക്കണമെന്നും ഫ്രാൻസിസ് മാർപാപ്പ സീറോ മലബാർ സഭാസമൂഹത്തോടു ആഹ്വാനം ചെയ്തുകൊണ്ടു കത്തയച്ചു.

**2021** **ആഗസ്റ്റ് 26 –** നവീകരിച്ച കുർബാനക്രമവും വിശുദ്ധ കുർബാനയുടെ ഏകീ കൃതരൂപത്തിലുള്ള അർപ്പണവും 2021 നവംബർ 28 (മംഗളവാർത്തക്കാലം ആരംഭം) മുതൽ നടപ്പിലാക്കാൻ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ നടന്ന XXIX-ാം സിനഡിന്റെ രണ്ടാം സെഷനിൽ തീരുമാനിച്ചു.

**2021** **നവംബർ 28 –** നവീകരിച്ചകുർബാനക്രമവും വി.കുർബാനയുടെ ഏകീ കൃത രൂപത്തിലുള്ള അർപ്പണവും നിലവിൽ വന്നു.

**2022** **ജനുവരി 15 –** തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ ഞറളക്കാട്ട് മാർ ജോർജ്, പാലക്കാട് രൂപതയുടെ മെത്രാൻ മനത്തോടത്ത് മാർ ജേക്കബ് എന്നിവർ വിരമിച്ചു.

**2022** **ജനുവരി 15 –** തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പാംപ്ലാനി മാർ ജോസഫ്, പാലക്കാട് രൂപതയുടെ മെത്രാനായി കൊച്ചുപുരയ്ക്കൽ മാർ പീറ്റർ എന്നിവർ നിയമിതരായി.

**2022** **ഏപ്രിൽ 20 –** തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പാംപ്ലാനി മാർ ജോസഫിന്റെ സ്ഥാനാരോഹണം.

**2022** **ഏപ്രിൽ 23 –** പാലക്കാട് രൂപതയുടെ മെത്രാനായി കൊച്ചു പുരയ്ക്കൽ മാർ പീറ്ററിന്റെ സ്ഥാനാരോഹണം.

**2022** **മെയ് 15 –** വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധനായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചു.

**2022** **ജൂലൈ 3 –** ചിക്കാഗോ രൂപതയുടെ മെത്രാൻ അങ്ങാടിയത്ത് മാർ ജേക്കബ് രൂപതാ ഭരണത്തിൽ നിന്ന് വിരമിച്ചു.

**2022** **ജൂലൈ 3 –** ചിക്കാഗോ രൂപതയുടെ മെത്രാനായി ആലപ്പാട്ട് മാർ ജോയി നിയമിതനായി.

**2022** **ജൂലൈ 30 –** എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്ന് കരിയിൽ മാർ ആന്റണി സി.എം.ഐ. വിരമിച്ചു.

**2022** **ജൂലൈ 30 –** എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (*Sede Plena*) ആയി തൃശൂർ അതിരൂപതാ മെത്രാപ്പോലീത്താ താഴത്ത് മാർ ആൻഡ്രൂസിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു.

**2022** **ആഗസ്റ്റ് 25 –** ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി കൊല്ലംപറമ്പിൽ ഫാ. ജോസഫ്, പാടിയത്ത് ഫാ. തോമസ് എന്നിവരെയും മാനന്തവാടി രൂപതയുടെ സഹായമെത്രാനായി താരാമംഗലത്ത് ഫാ. അലക്സിനെയും നിയമിച്ചു.

**2022** **ആഗസ്റ്റ് 25 –** പാലാ രൂപതയുടെ സഹായമെത്രാൻ സ്ഥാനത്തുനിന്ന് മുരിക്കൻ മാർ ജേക്കബ് വിരമിച്ചു. നവീകരിച്ച യാമപ്രാർഥനാ പുസ്തകത്തിനു സിനഡ് അംഗീകാരം നൽകി.

**2022** **ഒക്ടോബർ 9 –** ഷംഷാബാദ് സഹായമെത്രന്മാരായി കൊല്ലംപറമ്പിൽ മാർ ജോസഫ്, പാടിയത്ത് മാർ തോമസ് എന്നിവരുടെ അഭിഷേകം.

**2022** **നവംബർ 1 –** മാനന്തവാടി രൂപതയുടെ പ്രഥമ സഹായ മെത്രാനായി താരാമംഗലത്ത് മാർ അലക്സിന്റെ അഭിഷേകം.

**2022** **നവംബർ 11 –** ആർച്ച്ബിഷപ്പ് താഴത്ത് മാർ ആൻഡ്രൂസ് സി.ബി.സി.ഐ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**2022** **നവംബർ 19 –** പാലാത്തറ മാർ സൈമൺ സ്റ്റോക്ക് മെത്രാന്റെ ചരമം.

**2022** **ഡിസംബർ 25 –** സീറോമലബാർ സഭയുടെ മലയാളത്തിലുള്ള നവീകരിച്ച യാമപ്രാർത്ഥനകൾ മേജർ ആർച്ചു ബിഷപ്പ് ആലഞ്ചേരി മാർ ജോർജിന്റെ പ്രഖ്യാപനത്താൽ (Prot. No. 1182/2022) പ്രസിദ്ധീകരിച്ചു.

**2023** **ജനുവരി 14 –** മെൽബൺ രൂപതയുടെ രണ്ടാമത്തെ മെത്രാനായി ഫാ. ജോൺ പനന്തോട്ടത്തിൽ സി.എം.ഐ. നിയമിതനായി.

**2023** **മാർച്ച് 18 –** പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തയുടെ ചരമം.

**2023** **മെയ് 31 –** മെൽബൺ രൂപതയുടെ പ്രഥമ മെത്രാൻ പുത്തൂർ മാർ ബോസ്കോ വിരമിച്ചു. മെൽബൺ രൂപതയുടെ ദ്വിതീയ മെത്രാനായി പനന്തോട്ടത്തിൽ മാർ ജോണിന്റെ അഭിഷേകം

**2023** **ജൂൺ 16 –** സീറോമലബാർ സഭയുടെ "ആരാധനക്രമ പഞ്ചാംഗത്തിന്റെ രണ്ടാം ഗണം" 2023 ജൂൺ 12 മുതൽ 16 വരെ നടന്ന XXXI-ാം സിനഡിന്റെ രണ്ടാം സെഷൻ അംഗീകരിച്ചു.

**2023** **ജൂലൈ 5 –** എറണാകുളം-അങ്കമാലി അതിരൂപതയുടെ പൊന്തിഫിക്കൽ ഡെലഗേറ്റായി ആർച്ച്ബിഷപ്പ് സിറിൽ വാസിൽ നിയമിതനായി

**2023** **ആഗസ്റ്റ് 4-22 –** എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ച്ബിഷപ്പ് സിറിൽ വാസിലിന്റെ സന്ദർശനം

**2023** **ആഗസ്റ്റ് 26 –** ഗോരഖ്പൂർ രൂപതയുടെ മൂന്നാമത് മെത്രാനായി ഫാ. മാത്യു നെല്ലിക്കുന്നേൽ സി.എസ്.ടി. നിയമിതനായി.

**2023** **നവംബർ 5 –** ഗോരഖ്പൂർ രൂപതയുടെ ദ്വിതിയമെത്രാൻ മാർ തോമസ് തുരുത്തിമറ്റം സി.എസ്.ടി. വിരമിച്ചു. ഗോരഖ്പൂർ രൂപതയുടെ തൃതീയ മെത്രാനായി മാർ മാത്യു നെല്ലിക്കുന്നേൽ സി.എസ്.ടി. അഭിഷിക്തനായി.

**2023** **ഡിസംബർ 7 –** മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു.

കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റു.

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്തിന്റെ രാജി മാർപാപ്പ സ്വീകരിച്ചു.

മെൽബൺ രൂപതയുടെ ബിഷപ്പ് എമെരിത്തൂസ് മാർ ബോസ്കോ പുത്തൂർ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായി.

ഏകീകൃതരീതിയിൽ വിശുദ്ധ കുർബാനയർപ്പിക്കാനുള്ള സിനഡുതീരുമാനം നടപ്പിലാക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് പ. പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണകുളം-അങ്കമാലി അതിരൂപതാംഗങ്ങൾക്കു വീഡിയോ സന്ദേശം നല്കി.

ഡിസംബർ 13-22 – എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചു ബിഷപ്പ് സിറിൽ വാസിൽ എസ്.ജെ. യുടെ രണ്ടാമതു സന്ദർശനം.

**2024** **ജനുവരി 8-9 –** മുപ്പത്തിരണ്ടാമതു മെത്രാൻ സിനഡിന്റെ ഒന്നാമതു സമ്മേളനം സഭയുടെ നാലാമതു മേജർ ആർച്ചുബിഷപ്പായി ഷംഷാബാദ് രൂപതാമെത്രാൻ മാർ റാഫേൽ തട്ടിലിനെ തെരഞ്ഞെടുത്തു.

**2024** **ജനുവരി 9 –** മാർ റാഫേൽ തട്ടിലിനെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുത്തതിനു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അംഗീകാരം നല്കി.

**2024** **ജനുവരി 10 –** മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു വിവരം സഭാകാര്യാലയത്തിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

**2024** **ജനുവരി 11 –** അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ കാർമികത്വത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന തിരുക്കർമങ്ങളിൽ മാർ റാഫേൽ തട്ടിൽ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഏറ്റെടുത്തു.

**-2024** **മെയ് 13 –** തെരഞ്ഞെടുപ്പിനുശേഷം മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മാർപാപ്പയെ ഔദ്യോഗികമായി സന്ദർശിച്ചു. ഈ അവസരത്തിൽ നടത്തിയ പ്രസംഗത്തിൽ ഫ്രാൻസിസ് മാർപാപ്പ ഗൾഫുരാജ്യങ്ങളിലെ

സീറോമലബാർ വിശ്വാസികളുടെ അജപാലനം നിർവഹിക്കുന്നതിനുള്ള അധികാരം സീറോമലബാർസഭയ്ക്കു നല്കി.

**2024** **ആഗസ്റ്റ് 30 –** ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായ ബിഷപ്പ് മാർ തോമസ് തറയിൽ അതിരൂപതയുടെ മെത്രാപ്പോലിത്തയായി നിയമിതനായി.

അദിലാബാദ് മെത്രാനായ ബിഷപ്പ് മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ ഷംഷാബാദ് രൂപതയുടെ മെത്രാനായി നിയമിതനായി.

**2024** **ഒക്ടോബർ 6 –** വത്തിക്കാൻ നയതന്ത്രവിഭാഗത്തിൽ അംഗവും ചങ്ങനാശ്ശേരി അതിരൂപതാ വൈദികനുമായ ഫാ. ജോർജ് ജേക്കബ് കൂവക്കാടിനെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുന്നതായുള്ള അറിയിപ്പ് ഫ്രാൻസിസ് മാർപാപ്പ നൽകി.

**2024** **ഒക്ടോബർ 29 –** ഗൾഫുമേഖലയിലെ സീറോമലബാർ വിശ്വാസികളുടെ അജപാലനത്തിനായി കാനോനിക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചു ചർച്ചചെയ്യാൻ വത്തിക്കാനിൽ ഉന്നതതലയോഗം നടന്നു. സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദിനാൾ പിയാത്രോ പരോളിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കർദിനാൾ ലുയിജി താഗ്ളേ, കർദിനാൾ ക്ലൗദിയോ ഗുജറോത്തി, മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ഗൾഫിലെ അപ്പസ്തോലിക് വികാരിമാർ തുടങ്ങിയവർ പങ്കെടുത്തു.

**2024** **ഒക്ടോബർ 31 –** ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലിത്ത മാർ ജോസഫ് പെരുന്തോട്ടം വിരമിച്ചു.

ചങ്ങനാശ്ശേരി മെത്രാപ്പോലിത്തയായി മാർ തോമസ് തറയിൽ സ്ഥാനമേറ്റു.

**2024** **നവംബർ 10 –** ഷംഷാബാദ് രൂപതയുടെ മെത്രാനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ സ്ഥാനമേറ്റു.

അദിലാബാദ് രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നിയമിതനായി.

**2024** **നവംബർ 24 –** ജോർജ് ജേക്കബ് കൂവക്കാടിന്റെ മെത്രാഭിഷേകം.

**2024** **ഡിസംബർ 7 –** മാർ ജോർജ് ജേക്കബ് കൂവക്കാട് കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

**2025** **ജനുവരി 11 –** എറണാകുളം അങ്കമാലി രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരിന്റെ രാജി സ്വീകരിക്കുകയും അതിരൂപതയുടെ ഭരണനിർവഹണം മേജർ ആർച്ചുബിഷപ്പ് ഏറ്റെടുക്കുകയും ചെയ്തു. അതിരൂപതയ്ക്ക് വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തീരുമാനപ്രകാരം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ മേജർ ആർച്ചുബിഷപ്പ് നിയമിച്ചു.

**2025** **ഓഗസ്റ്റ് 28 –** ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് എന്നീ രൂപതകളെ അതിരൂപതകളായി ഉയർത്തി.

**2025** **ഓഗസ്റ്റ് 28 –** ഷംഷാബാദ് രൂപതയുടെ വിശാലമായ ഭൂപ്രദേശത്തിന്റെ ചിലഭാഗങ്ങൾ ഉൾപ്പെടുത്തി അദിലാബാദ്, ബിജ്നോർ, ചാന്ദാ, ഗോരക്പൂർ, കല്യാൺ, ജഗദൽപൂർ, രാജ്കോട്ട് സാഗർ എന്നീ രൂപതകളുടെ അതിർത്തി

പുനർനിർണയിച്ചു.

**2025** **ഓഗസ്റ്റ് 28** – മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ കല്യാൺ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായി.

**2025** **ഓഗസ്റ്റ് 28** – ഫാദർ ജോസഫ് തച്ചാപറമ്പത്തു സി. എം. ഐ. അദിലാബാദ് രൂപതയുടെ മെത്രാനായി നിയമിതനായി.

**2025** **ഓഗസ്റ്റ് 28** – ഫാദർ ജെയിംസ് പട്ടേരിൽ സി. എം. എഫ്. ബൽത്തങ്ങാടി രൂപതയുടെ മെത്രാനായി നിയമിതനായി.

**2025** **സെപ്റ്റംബർ 17** – തൂങ്കുഴി മാർ ജേക്കബ് മെത്രപ്പോലീത്തയുടെ ചരമം.

**2025** **ഒക്ടോബർ 8** – സാഗർ, സത്നാ, ജഗൽപൂർ രൂപതകൾ സാമന്തരൂപതകൾ ആയി, ഉജ്ജയിൻ അതിരൂപത നിലവിൽവന്നു. മാർ സെബാസ്റ്റ്യൻ വടക്കേൽ എം. എസ്. ടി. പ്രഥമ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു.

**2025** **ഒക്ടോബർ 19** – ചാന്ദാ, രാജ്കോട്ട് രൂപതകൾ സാമന്തരൂപതകൾ ആയി, കല്യാൺ അതിരൂപത നിലവിൽ വന്നു. മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പ്രഥമ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു. മാർ തോമസ് എലവനാൽ എം. സി. ബി. എസ്. വിരമിച്ചു.

**2025** **ഒക്ടോബർ 25** – ഫാദർ ജോസഫ് തച്ചാപറമ്പത്ത് സി. എം. ഐ അദിലാബാദ് രൂപതയുടെ മെത്രാനായി അഭിഷിക്തനായി.

**2025** **ഒക്ടോബർ 26** – അദിലാബാദ് സാമന്തരൂപതയായി, ഷംഷാബാദ് അതിരൂപത നിലവിൽ വന്നു. മാർ പ്രിൻസ് ആന്റണി പാണങ്ങാടൻ പ്രഥമ മെത്രാപ്പോലീത്തയായി സ്ഥാനം ഏറ്റു.

**2025** **നവംബർ 2** – ഖോരക്പൂർ, ബിജിനോർ രൂപതകൾ സാമന്തരൂപതകൾ ആയി, ഫരീദാബാദ് അതിരൂപത നിലവിൽ വന്നു. മാർ കുരിയാക്കോസ് ഭരണികുളങ്ങര പ്രഥമ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു.

**2025** **നവംബർ 5** – ഫാദർ ജെയിംസ് പട്ടേരിൽ സി. എം. എഫ്. ബൽത്തങ്ങാടി രൂപതയുടെ മെത്രാനായി അഭിഷിക്തനായി. മാർ ലോറൻസ് മുക്കുഴി വിരമിച്ചു.